


ബി.മനോജ്

# കർമനിരതമായ 2008

അനാദിയായ കാലപ്രവാഹത്തിൽ നിന്നും ഒരേടു കൂടി ചരിത്രത്തിന്റെ താളുകളിലെത്തുകയാണ്. സാമൂഹികരംഗത്തെ നവോത്ഥാനത്തിനും ക്ഷേമത്തിനും രാജ്യത്തിനുതന്നെ മാതൃക സൃഷ്ടിച്ച കേരളം 2008 ൽ ക്ഷേമപ്രവർത്തനങ്ങളിലെന്നപോലെ വികസനരംഗത്തും ഒട്ടേറെ നേട്ടങ്ങൾക്ക് സാക്ഷ്യം വഹിച്ചു. മാനവ വികസനത്തിലും അടിസ്ഥാന സൗകര്യവികസനത്തിലും കേരളം മുന്നിലെന്ന് അന്താരാഷ്ട്ര പ്രശസ്തമായ ഒരു മാധ്യമ സ്ഥാപനത്തിന്റെ സർവെ വെളിപ്പെടുത്തിയത് ഈ അവസരത്തിൽ സ്മരണീയം.

ഭൂമാഫിയകളെ അമർച്ചചെയ്യാനും നിലംനികത്തലിനെതിരെയും കൈക്കൊണ്ട നടപടികൾ ഫലം കണ്ടുതുടങ്ങിയതും വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി സാക്ഷാത്കാരത്തിന്റെ പാതയിലെത്തിയതും ഐ.ടി. സോഫ്റ്റ്‌വെയർ കയറ്റുമതിയിൽ 60 ശതമാനത്തിലധികം വർധനയുണ്ടായതും ഭക്ഷ്യസുരക്ഷാ പദ്ധതിയും കണ്ണൂർ വിമാനത്താവളത്തിന് അനുമതി ലഭിച്ചതും പൊതുമേഖലയിൽ വൻ വളർച്ച നേടാനായതും 2008 ലെ പ്രധാന നേട്ടങ്ങളിൽ ചിലതാണ്. ക്ഷേമപെൻഷനുകളെല്ലാം കുടിശ്ശിക തീർത്തുനൽകുകയും പെൻഷൻ തുക വർധിപ്പിക്കുകയും ചെയ്തു. വിലക്കയറ്റം പിടിച്ചുനിർത്തുക, എല്ലാ വിഭാഗത്തിനും ക്ഷേമം കൈവരുത്തുക, കാർഷിക വ്യാവസായിക മേഖലകളിൽ ഉത്പാദനം വർധിപ്പിക്കുക, പൊതുമേഖലയെ ലാഭത്തിലേക്ക് നയിക്കുക എന്നിങ്ങനെ കേരളത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള 2008 ലെ കേരള ബഡ്ജറ്റ് രാജ്യശ്രദ്ധ പിടിച്ചുപറ്റി. സംസ്ഥാന താത്പര്യം സംരക്ഷിച്ചുകൊണ്ട് കാതലായ മേഖലകളിൽ ഗവൺമെന്റിന്റെ വ്യക്തമായ നയരൂപീകരണം 2008 ലെ പ്രത്യേകതകളിലൊന്നാണ്. സംസ്ഥാനത്തിന്റെ ബൗദ്ധിക സ്വത്തവകാശനയം, ജലനയം, വനിതാനയം, ജൈവകൃഷിനയം എന്നിവ ഉദാഹരണങ്ങൾ.

കാലവർഷം പ്രതീക്ഷിച്ചപോലെ ലഭ്യമല്ലാത്തതുകാരണം ജലസംഭരണികളിൽ നീരൊഴുക്കുകുറയുകയും ജലവൈദ്യുതി ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്തതും വിലകൂടിയ താപവൈദ്യുതിയെ കൂടുതലായി ആശ്രയിക്കാനാവാത്തതുകൊണ്ട് വൈദ്യുതി ഉപയോഗത്തിൽ നിയന്ത്രണമേർപ്പെടുത്തേണ്ടിവന്നതും 2008 നാം നേരിടേണ്ടി വന്ന പ്രശ്നങ്ങളിലൊന്നാണ് .

പ്രകൃതി ദുരന്തം വിതച്ചുകൊണ്ട് രാപകലന്യേ ഏഴുദിവസത്തിലധികം തുടർച്ചയായി പെയ്ത വേനൽമഴ വമ്പിച്ച കൃഷിനാശമുണ്ടാക്കിയതും കാലവർഷം കനിയാതിരുന്നതും സംസ്ഥാനത്തിനുള്ള റേഷൻ വിഹിതം കേന്ദ്രം ഗണ്യമായി വെട്ടിക്കുറച്ചതും 2008 ൽ കേരളത്തിന്റെ പ്രധാന നഷ്ടങ്ങളാണ്. തലസ്ഥാനത്തിന്റെ പൈതൃകങ്ങളിലൊന്നായി അറിയപ്പെട്ട ബ്രിട്ടീഷ് ലൈബ്രറി പൂട്ടിയതും നഷ്ടങ്ങളുടെ പട്ടികയിൽ അപ്രധാനമല്ല.

ദേശീയ രാഷ്ട്രീയത്തിലെന്നപോലെ പതിവുമലക്കം മറിച്ചിലുകളും തർക്കവിതർക്കങ്ങളും കേരള രാഷ്ട്രീയത്തിലും മിന്നിമറഞ്ഞു.കെ.കരുണാകരൻ കോൺഗ്രസ് പാർട്ടിയിൽ തിരിച്ചെത്തി. പ്രതിപക്ഷത്തെ കേരള കോൺഗ്രസ് പാർട്ടികളുടെ ലയന പ്രഖ്യാപനവും പോയ വർഷം കേരള രാഷ്ട്രീയത്തിലെ ശ്രദ്ധേയമായ സംഭവങ്ങളായി. അങ്ങിങ്ങുണ്ടായ ഏതാനും രാഷ്ട്രീയാതിക്രമങ്ങളും കൊലപാതകങ്ങളും കേരള ലാഷ്ട്രീയത്തിലെ കറുത്ത പൊട്ടായി മാറിയെങ്കിലും അവയെ അമർച്ച ചെയ്യാൻ സർക്കാർ ശക്തമായ നടപടി സ്വീകരിച്ചത് ഏറെ ആശ്വാസകരമായി.

ആഗോള സാമ്പത്തികമാന്ദ്യവും അനുബന്ധമായി ഐ.ടി- ടൂറിസം വ്യവസായത്തിലുണ്ടായ മാന്ദ്യവും കേരളത്തിലും പ്രതിദ്ധ്വനികളുണ്ടാക്കി. രാജ്യത്ത് ഭീകരപ്രവർത്തക സംഘങ്ങളുമായി ഏതാനും മലയാളിയുവാക്കൾകക്കുള്ള ബന്ധം നാം ഞെട്ടലോടെയാണ് കേട്ടത്. എങ്കിലും അതിനെ കേരളം ഒറ്റക്കെട്ടായി അപലപിച്ചതും

അത്തരക്കാർക്കെതിരെ സർക്കാർ ശക്തമായ നടപടികളെടുത്തതും ആശ്വാസമായി. ദേശവ്യാപകമായുണ്ടായ അവശ്യസാധന വിലവർധന കേരളത്തെ ബാധിച്ചതും 2008 ൽ മലയാളികൾ ഏറെ അശങ്കയോടെയാണ് വീക്ഷിച്ചത്.

ജനങ്ങളുടെ വിശ്വാസത്തെ ചൂഷണം ചെയ്യാനും അന്ധവിശ്വാസങ്ങളിൽ തളച്ചിയാനും ശ്രമിച്ചു കൊണ്ട് ആത്മീയതയെ വ്യാപാരമാക്കുകയും അതിന്റെ മറവിൽ അനാശ്യാസ നടപടികളും സമുഹവിരുദ്ധ പ്രവർത്തങ്ങളും നിർബാധം നടത്തുന്ന വ്യാജസ്വാമിമാരെ തുറന്നുകാട്ടാനും കുടുക്കാനും കഴിഞ്ഞത് 2008 ലെ കേരളീയ സാമൂഹിക ജീവിതത്തിലെ വലിയൊരു സംഭവമായി.

വിവാദങ്ങൾക്ക് 2008-ലും ശമനമുണ്ടായില്ല. H.M.T ഭൂമി വില്പന, കേരളത്തിലെ ചില വ്യവസായങ്ങൾക്ക് സെസ് പദവി നൽകുന്നത്, വ്യാജ സ്വാമിമാർക്കെതിരെ നടത്തിയ അന്വേഷണങ്ങൾ, ഗോൾഫ് ക്ലബ്ബ് ഭൂമി സർക്കാർ ഏറ്റെടുക്കുന്നത്, കേരള യൂണിവേഴ്സിറ്റി അസിസ്റ്റന്റ് നിയമനം, ഭക്ഷ്യ സുരക്ഷാ പദ്ധതി നടത്തിപ്പ്, അഭയ കേസ് അന്വേഷണം പുതിയ വഴിത്തിരിവിലെത്തിയത്, ഏഴാം ക്ലാസ്സിലെ സാമൂഹികശാസ്ത്രത്തിലെ ചില പാഠഭാഗങ്ങൾ എന്നിവ സംബന്ധിച്ച് കത്തിക്കയറിയ വാദകോലാഹലങ്ങൾ കേരളത്തെ വിവാദ കലുഷിതമാക്കി. അവയിൽ ഭൂരിപക്ഷവും വിവാദങ്ങൾക്കുവേണ്ടി സൃഷ്ടിച്ച വെറും വിവാദങ്ങളായി മാറുകയും സംസ്ഥാന താത്പര്യത്തിന് ഒന്നും തന്നെ സംഭവാന ചെയ്യാതെ കെട്ടടങ്ങുകയും ചെയ്തു.

ടൂറിസം കേന്ദ്രങ്ങളിലെല്ലാം സമാനതകളില്ലാത്ത അടിസ്ഥാന സൗകര്യവികസനം നടപ്പാക്കുകയും ഉത്തരവാദിത്ത ടൂറിസം എന്ന നവീന ആശയം ഫലപ്രദമായി നടപ്പിലാക്കുകയും കൂടി ചെയ്തതോടെ 2008 ൽ കേരള ടൂറിസം ലോകത്തിന് തന്നെ മാതൃകയായി.

പൊതുമേഖലയിലെ വൻവളർച്ച, കേന്ദ്ര പൊതുമേഖലയുമായി ആരംഭിച്ച സംയുക്ത സംരംഭങ്ങൾ, സ്വകാര്യമേഖലയിലെ നൂതന സംരംഭങ്ങൾ, വൻതോതിലെ വ്യവസായ നിക്ഷേപം, പരമ്പരാഗത വ്യവസായത്തിനുണ്ടായ പുത്തനുണർവ് എന്നിവ വ്യവസായ രംഗത്ത് 2008 ൽ കേരളത്തിനു പ്രതീക്ഷകളുയയർത്തി.

കാർഷിക മേഖലയിൽ നടപ്പാക്കിയ വിവധ പദ്ധതികൾ നെൽക്കൃഷിമേഖലയിൽ ചലനമുണ്ടാക്കി. ഉത്പാദനക്ഷമതയിൽ മുൻ വർഷത്തേതിൽ നിന്നും പത്തു ശതമാനത്തിലധികം വർധനയുണ്ടായി. കാർഷികകടാശ്വാസ നടപടികൾ, സംഭരണം കാര്യക്ഷമമാക്കിയത്, സംഭരണവില ഗണ്യമായി വർധിപ്പിച്ചത്, പലിശ കുറച്ചത് തുടങ്ങിയ നടപടികൾ കൃഷിക്കാരിൽ കൂടുതൽ ആത്മവിശ്വാസമുണ്ടാക്കി.

ജനകീയാസൂത്രണവും സമ്പൂർണ സാക്ഷരതാപ്രസ്ഥാനവും പോലെ ജനങ്ങളുടെ കർമശേഷിയാകെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഭക്ഷ്യോത്പാദനവർധനക്കായി ഒരു മഹാപ്രസ്ഥാനത്തിന് ഈ സർക്കാർ 2008 ൽ തുടക്കമിട്ടു. ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും ഈ രംഗത്തെ പ്രവർത്തനങ്ങൾ കൂട്ടിയോജിപ്പിച്ചു കൊണ്ട് പുതിയൊരു ഹരിത വിപ്ലവത്തിനാണ് സംസ്ഥാനം തുടക്കം കുറിച്ചിരിക്കുന്നത്.

കാർഷിക-വ്യവസായ-ഐ.ടി മേഖലകളിൽ അത്ഭുതപൂർവമായ മുന്നേറ്റത്തിന് പശ്ചാത്തലമൊരുക്കി ജനക്ഷേമപ്രവർത്തനങ്ങളിലും വികസനരംഗത്തും വലിയ കുതിച്ചുച്ചാട്ടമുണ്ടാക്കാൻ 2008 ൽ കേരളത്തിനു കഴിഞ്ഞു. കേരളത്തിന്റെ സർവതോൻമുഖമായ വികസനത്തിന് ഇത്രമാത്രം ഗതിവേഗമുണ്ടായ ഒരു കാലം വേറെയുണ്ടായിട്ടില്ല.■

# കേരളം 2008 : നാൾ വഴി

## പ്രധാനപ്പെട്ട സംഭവങ്ങൾ

പൊതു ആരോഗ്യത്തിലും ദാരിദ്ര്യലഘൂകരണത്തിലും സാമ്പത്തിക സാമൂഹിക വികസനത്തിലും പരിസ്ഥിതിയിലും ശുചീകരണത്തിനുള്ള നിർണ്ണായക പങ്ക് മനസ്സിലാക്കി 2008 അന്താരാഷ്ട്ര ശുചീകരണ വർഷമായി ഐക്യരാഷ്ട്ര സംഘടന പ്രഖ്യാപിച്ചു.

**ജനുവരി 1 :** ആറു വർഷമായി പൂട്ടിക്കിടന്ന ബാലരാമപുരം സ്പിന്നിങ് മിൽ സർക്കാർ ഏറ്റെടുത്തു.

കലിക്കറ്റ് സർവകലാശാല മുൻ പ്രോ വൈസ് ചാൻസലറും കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുമായിരുന്ന പ്രൊഫ. കെ. മാധവമേനോൻ നിര്യാതനായി.

**ജനുവരി 2 :** കേരളീയ പ്രവാസി സംഗമം കൊച്ചിയിൽ.

വൈ.എം.സി.എ. മുൻദേശീയപ്രസിഡന്റ് ബാരിസ്റ്റർ പി.കെ. കുര്യൻ (77) അന്തരിച്ചു.

കൊച്ചി മെട്രോ റെയിൽ കോർപ്പറേഷൻ നടപ്പിലാക്കുന്നതിനു തീരുമാനിച്ചു.

നോർക്ക-റൂട്ട്സ് എന്ന കമ്പനികളുടെ സർക്കാർ ഓഹരി 53 ശതമാനമായി വർദ്ധിപ്പിച്ച് സർക്കാർ കമ്പനിയാക്കാൻ തീരുമാനിച്ചു.

**ജനുവരി 5 :** മുൻമന്ത്രി പി.പി. ജോർജ് അന്തരിച്ചു.

**ജനുവരി 7 :** ജസ്റ്റിസ് കെ.എസ്. രാധാകൃഷ്ണൻ ജമ്മു കശ്മീർ ചീഫ് ജസ്റ്റിസായി.

**ജനുവരി 8 :** ആർ.എസ്.പി. സംസ്ഥാന സെക്രട്ടറിയായി വി.പി. രാമകൃഷ്ണപിള്ള തിരഞ്ഞെടുക്കപ്പെട്ടു.

**ജനുവരി 11 :** തിരുവനന്തപുരം ജില്ലയിൽ ടെക്നോ സിറ്റിക്കുവേണ്ടി 507 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിൽ 204 ഏക്കർ ഭൂമിയ്ക്കു നിശ്ചയിച്ച വില മന്ത്രിസഭ അംഗീകരിച്ചു.

അങ്കമാലി-അഴുത ശബരി റെയിൽപ്പാത നിർമാണത്തിന് ആവശ്യമായ ഭൂമി അതിവേഗ പദ്ധതിയിൽപ്പെടുത്തി ഏറ്റെടുക്കാൻ നിശ്ചയിച്ചു.

**ജനുവരി 13 :** സ്വാതന്ത്ര്യ സമരസേനാനിയും കെ.പി.സി.സി. അംഗവുമായ ടി. അസനാരുകുട്ടി (94) അന്തരിച്ചു.

**ജനുവരി 14 :** സിനിമാ മേക്കപ്പ്മാൻ എം.ഒ. ദേവസ്യ അന്തരിച്ചു.

**ജനുവരി 15 :** സുനാമി ബാധിത പ്രദേശങ്ങളിൽ അംഗൻവാടി കെട്ടിടനിർമാണം ഉദ്ഘാടനം ചിറ്റുമല ബ്ലോക്കിൽ മന്ത്രി പി.കെ. ശ്രീമതി ടീച്ചർ നിർവഹിച്ചു.

രാജ്യത്ത് ആദ്യമായി ട്രഷറി പൗരാവകാശരേഖയുടെ പ്രകാശനം ആലപ്പുഴ ജില്ലാ ട്രഷറിയിൽ ധനമന്ത്രി ടി.എം. തോമസ് ഐസക് നിർവഹിച്ചു.

**ജനുവരി 16 :** ജല അതോറിറ്റിയിലെ പ്രോജക്ട് മോണിറ്ററിങ് സിസ്റ്റം ഇ-ടെൻഡറിങ് സംരംഭങ്ങൾ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു.

**ജനുവരി 17 :** കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിന് കേന്ദ്രാനുമതി.

**ജനുവരി 21 :** കണ്ണൂർ തലായി മത്സ്യബന്ധനതുറമുഖത്തിന്റെ നിർമാണോദ്ഘാടനം.

**ജനുവരി 23 :** വയനാട് ജില്ലയിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് നൽകിയ 25000 രൂപ വരെയുള്ള കാർഷിക കടങ്ങൾ സർക്കാർ ഏറ്റെടുക്കാൻ നിശ്ചയിച്ചു.

**ജനുവരി 25 :** മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ പത്നി ഉഷാ നാരായണൻ (മാ ടിന്റ് ട്രിന്റ്) 86 നിര്യാതയായി.

**ജനുവരി 27 :** മദ്ദളവിദ്വാൻ കലാമണ്ഡലം അപ്പുക്കുട്ടി പൊതുവാൾ (84) അന്തരിച്ചു

**ജനുവരി 28 :** തീരദേശവാസികൾക്കായുള്ള കടലാക്രമണ പുനരധിവാസ ഭവന നിർമ്മാണപദ്ധതി പൂന്തുറയിൽ ഉദ്ഘാടനം ചെയ്തു.

മുൻമന്ത്രിയും ആർഎസ്പി നേതാവുമായ ബേബി ജോൺ അന്തരിച്ചു.

**ജനുവരി 29 :** സ്വതന്ത്ര്യസമരസേനാനിയും ഐ.എൻ.ടി.യു.സി സ്ഥാപകനേതാവുമായ വർഗീസ് തുണ്ടിയിൽ നിര്യാതനായി. ഭരത് ഗോപി അന്തരിച്ചു.

**ജനുവരി 31 :** പട്ടികജാതി പട്ടിക വർഗ വിഭാഗ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസാനുകൂല്യം 50 ശതമാനം വർദ്ധിപ്പാക്കാൻ തീരുമാനിച്ചു.

**ഫെബ്രുവരി 3 :**കഥകളി നടൻ ഗൗരീശപട്ടം ഗിരീശൻ (46) വേദിയിൽ വീണ് മരിച്ചു.

**ഫെബ്രുവരി 14 :** പിണറായി വിജയൻ വീണ്ടും സി.പി.എംസംസ്ഥാന സെക്രട്ടറി.

**ഫെബ്രുവരി 15 :** എറണാകുളം ജില്ലയിലെ കുട്ടമ്പുഴയിൽ കെ.എസ്.ഇ.ബിയുടെ ആദ്യ ട്രൈബൽ പ്രീ മെട്രിക് ഹോസ്റ്റൽ തുറന്നു.

**ഫെബ്രുവരി 17 :** സി.പി.ഐ സംസ്ഥാന കൗൺസിൽ അംഗം കെ. ഗോവിന്ദപ്പിള്ള (83) അന്തരിച്ചു.

**ഫെബ്രുവരി 18 :** കൊൽക്കത്തയിലും മൈസൂറിലും ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസ് തുറക്കാൻ തീരുമാനിച്ചു.

ചവറ ഗവൺമെന്റ് കോളേജിന് ബേബി ജോൺ മെമ്മോറിയൽ കോളേജ് എന്ന് നാമകരണം ചെയ്യാൻ തീരുമാനം.

**ഫെബ്രുവരി 20 :** കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻജിനീയറിങ് സയൻസ് ആന്റ് ടെക്നോളജി ആക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിന് കൈമാറുന്നതിന് തീരുമാനിച്ചു.

**ഫെബ്രുവരി 24 :** പ്രൊഫ. ടി. ജെ. ചന്ദ്രചൂഢൻ ആർ.എസ്.പി. ദേശീയ ജനറൽ സെക്രട്ടറിയായി.

**ഫെബ്രുവരി 28 :** ബ്രിട്ടീഷ് ലൈബ്രറി പൂട്ടി.

**മാർച്ച് 3 :** ഫാ. തോമസ് വിരുത്തിയിൽ (വഴിയച്ചൻ, 79) അന്തരിച്ചു.

സി.പി.ഐ. സംസ്ഥാന ജനറൽ സെക്രട്ടറിയായി വെളിയം ഭാർഗ്ഗവൻ തിരഞ്ഞെടുക്കപ്പെട്ടു.

സംസ്ഥാന ബജറ്റ് നിയമസഭയിൽ അവതരിപ്പിച്ചു.

ചലച്ചിത്ര എഡിറ്ററും സിനിമാ നിർമ്മാതാവുമായ എൻ. ഗോപാലകൃഷ്ണൻ (75) അന്തരിച്ചു.

**മാർച്ച് 11 :** മലയാളിയായ ആർ. പ്രേംസുതനെ നാവികസേനാ വൈസ് ചീഫ് ഓഫ് സ്റ്റാഫ് ആയി നിയമിച്ചു.

**മാർച്ച് 12 :** ദീപാ ഗോപാലനെ ഖത്തർ സ്ഥാപനതിയായി നിയമിച്ചു.

**മാർച്ച് 16 :** മൂന്നാറിൽ ഹൈ ആൾറ്റിറ്റ്യൂഡ് കായിക പരിശീലനകേന്ദ്രം ഉദ്ഘാടനം ചെയ്തു.

ദക്ഷിണമേഖലാ സീനിയർ വോളിബാൾ വനിതാ വിഭാഗത്തിൽ കേരളം ജേതാക്കളായി.

**മാർച്ച് 17 :** ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ തദ്ദേശസ്വയംഭരണ സ്ഥാപന ഓംബുഡ്സ്മാൻ.

**മാർച്ച് 18 :** നീനു ഇട്ടിയവിര ദക്ഷിണ റെയിൽവേ ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറായി .

പ്രവാസി കേരളീയ ക്ഷേമനിധി ബിൽ 2008 മന്ത്രിസഭ അംഗീകരിച്ചു

**മാർച്ച് 26 :** ലക്ഷംവീട് നവീകരണപദ്ധതി എം.എൻ. ലക്ഷം വീട് പദ്ധതി എന്ന് നാമകരണം ചെയ്യാൻ തീരുമാനിച്ചു.

കിസാൻ ശ്രീ ഇൻഷ്വറൻസ് പദ്ധതിക്കു തുടക്കം.

**മാർച്ച് 27 :** മലയാളിയായ രഘുമേനോൻ എയർ ഇന്ത്യയുടെ ചെയർമാനും എം.ഡിയുമായി.

**ഏപ്രിൽ 1 :** ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും.

**ഏപ്രിൽ 16 :** സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ ജി.എ.ഡിക്കു കീഴിൽ ന്യൂനപക്ഷ സെൽ രൂപീകരിക്കാൻ നിശ്ചയിച്ചു.

സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള സംസ്ഥാന പെൻഷൻ 2500 രൂപ വർദ്ധിപ്പിച്ചു.

കേരള ഹൈക്കോടതി അഡീഷണൽ ജഡ്ജിയായി എം.സി. ഹരിറാണിയെ നിയമിച്ചു.

**ഏപ്രിൽ 21 :** 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിരോധിച്ചു.

**ഏപ്രിൽ 22 :** ഋഷിരാജ് സിങ്ങിനെ സി.ബി.ഐ. ജോയിന്റ് ഡയറക്ടറായി നിയമിച്ചു.

**ഏപ്രിൽ 23 :** എസ്. ആർ. ശക്തിധരനെ പ്രസ് അക്കാദമി ചെയർമാനായി നിയമിച്ചു.

**ഏപ്രിൽ 24 :** പി.ജെ. കുര്യനെ രാജ്യസഭയിൽ കോൺഗ്രസ് ചീഫ് വിപ്പായി നിയമിച്ചു.

**ഏപ്രിൽ 25 :** കെ.കരുണാകരനെ കോൺഗ്രസ് പ്രവർത്തക സമിതി സ്ഥിരം ക്ഷണിതാവാക്കി.

**ഏപ്രിൽ 26 :** ബഹദൂർ പുരസ്കാരം ശ്രീനിവാസന്.

**ഏപ്രിൽ 27 :** രാമക്കൽമേട് കാറ്റാടി വൈദ്യുത പദ്ധതി മുഖ്യമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചു.

**ഏപ്രിൽ 28 :** ആർ.എസ്.എസ്. നാലാം ഗ്രേഡ് റബർ വില 118 – 119 രൂപയിൽ റിക്കോർഡിട്ടു.

**ഏപ്രിൽ 30 :** നിയമസഭാ സുവർണ്ണ ജൂബിലി സമാപന സമ്മേളനം രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

**ഏപ്രിൽ 31 :** സച്ചാർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച പാലോളി കമ്മിറ്റി റിപ്പോർട്ട് മന്ത്രിസഭ അംഗീകരിച്ചു.

**മേയ് 1 :** ആർ. ശങ്കർ ജന്മശതാബ്ദി ആഘോഷച്ചടങ്ങ് രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

**മേയ് 5 :** ഇ. മാധവൻ കേരളത്തിലെയും ലക്ഷദ്വീപിലേയും ബാങ്കിങ് ഓംബുഡ്സ്മൻ. (മഹാകവി ഇടശ്ശേരിയുടെ പുത്രനാണ്)

**മേയ് 6 :** മൂർക്കോത്ത് രാമുണ്ണിക്ക് കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഡി–ലിറ്റ്.

പിറവം നിയോജക മണ്ഡലത്തിലെ എൽ.ഡി.എഫ്. സ്ഥാനാർത്ഥി എം.ജെ. ജേക്കബിന്റെ നിയമസഭാംഗത്വം ഹൈക്കോടതി അസാധുവാക്കി. **മേയ് 7 :** വയനാട് ജില്ലയിൽ 41000–ൽ പരം കൃഷിക്കാരുടെ 25000 രൂപ വരെയുള്ള കടങ്ങൾ എഴുതി തള്ളുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചു.

**മേയ് 8 :** ഇടുക്കി ജില്ലയിലെ പരിസ്ഥിതി കാർഷിക പ്രതിസന്ധിക്ക് പരിഹാരം തേടുന്ന 1,161 കോടി രൂപയുടെ പാക്കേജ് ഡോ. സ്വാമിനാഥൻ കമ്മീഷൻ കേന്ദ്ര കൃഷിമന്ത്രാലയത്തിൽ സമർപ്പിച്ചു.

**മേയ് 9 :** ശിവഗിരി മുൻ ജനറൽ സെക്രട്ടറി സ്വാമി സമ്പൂർണ്ണാനന്ദ (97) സമാധിയായി.

പ്രതിരോധ രംഗത്ത് ഇന്ത്യയ്ക്ക് സ്വയം പര്യാപ്തത നേടിക്കൊടുത്ത സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തതിന് എൻ.പി.ഒ.എൽ (നേവൽ ഫിസിക്കൽ ആന്റ് ഓഷനോഗ്രാഫിക് ലബോറട്ടറിക്ക്) ഡി.ആർ.ഡി.ഒ. (ഡിഫൻസ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് ഓർഗനൈസേഷൻ) യുടെ അഗ്നി അവാർഡ് ലഭിച്ചു.

**മേയ് 12 :** സംസ്ഥാന ബോഡി ബിൽഡിങ് ചാമ്പ്യൻ ഷിപ്പിൽ എം.ആർ. സന്തോഷ് (എറണാകുളം) അഞ്ചാം തവണ മിസ്റ്റർ കേരളയായി.

സി.ജെ. കുട്ടപ്പനെ കേരള ഫോക്‌ലോർ അക്കാദമി ചെയർമാനായി നിയമിച്ചു.

ഗൈഡഡ് മിസൈൽ പദ്ധതികളുടെ പ്രോജക്ട് ഡയറക്ടറായി ടെസി തോമസ് ചുമതലയേറ്റു.

**മേയ് 15 :** സംസ്ഥാന ഹയർ സെക്കണ്ടറി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു 81.05% വിജയം.

കേന്ദ്ര മന്ത്രിയും പോർച്ചുഗൽ അംബാസഡറും ആയിരുന്ന ഡോ. ഹെൻറി ഓസ്റ്റിൻ അന്തരിച്ചു.

**മേയ് 16 :** മൂഴിയാർ പവർഹൗസിൽ ജനറേറ്റർ പൊട്ടിത്തെറിച്ച് രണ്ടു പേർ മരിച്ചു.

**മേയ് 17 :** കണിച്ചുകുളങ്ങര കൂട്ടക്കൊലക്കേസിലെ ഒന്നാം പ്രതി ഉണ്ണിക്ക് വധശിക്ഷയും അഞ്ചു പ്രതികൾക്ക് ജീവപര്യന്തവും.

**മേയ് 18 :** കായംകുളം മത്സ്യബന്ധന തുറമുഖം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**മേയ് 25 :** നേര്യമംഗലം വിപുലീകരണ പദ്ധതി മുഖ്യമന്ത്രി രാഷ്ട്രത്തിന് സമർപ്പിച്ചു.

**മേയ് 27 :** കെ.എം. രാഘവൻ നമ്പ്യാർ സംഗീത നാടക അക്കാദമി വൈസ് ചെയർമാനായി.

**മേയ് 31 :** ആലപ്പുഴ, തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചു.

ബൗദ്ധിക സ്വത്തവകാശ നയം മന്ത്രിസഭ

അംഗീകരിച്ചു. നയം ആവിഷ്കരിക്കുന്ന ആദ്യ സംസ്ഥാനമാണ് കേരളം.

എറണാകുളം ജില്ലയിൽ കടങ്ങല്ലൂരിൽ ഒരു അക്വാ എക്കണോളജി അലങ്കാര മത്സ്യകൃഷി പാർക്ക് രൂപവത്കരിക്കുന്നതിന് അനുമതി.

**ജൂൺ 2 :** സ്കൂൾ പ്രവേശനോത്സവവും സൗജന്യ പാഠപുസ്തക വിതരണവും സംസ്ഥാനതല ഉദ്ഘാടനം മലമ്പുഴയിൽ നടന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംസ്ഥാന ഓഫീസുകൾ ഒരു കുടക്കീഴിലാക്കുന്ന സ്വരാജ് ഭവൻ കെട്ടിട സമുച്ചയ ശിലാസ്ഥാപനം തിരുവനന്തപുരത്ത് നന്തൻകോട് നടന്നു.

**ജൂൺ 3 :** ആകാശവാണിയുടെ ഡെപ്യൂട്ടി ഡയറക്ടർ ജനറലായി ജി. ജയലാൽ സ്ഥാനമേറ്റു.

സ്വാതന്ത്ര്യസമര സേനാനിയും കടയ്ക്കൽ സമരത്തിൽ പങ്കാളിയുമായ കമ്പനിമല വിശ്വനാഥൻ അന്തരിച്ചു.

**ജൂൺ 4 :** ആക്കുളം ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ കോംപ്ലക്സിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവ്വഹിച്ചു.

**ജൂൺ 7 :** തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലേക്ക് ചാക്കയിൽ നിന്നുള്ള ഓവർബ്രിഡ്ജിന്റെയും സമീപ റോഡിന്റെയും നിർമാണോദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു.

**ജൂൺ 10 :** കേരള സ്റ്റേറ്റ് മെഡിക്കൽ സർവീസസ് കോർപ്പറേഷൻ മുഖ്യമന്ത്രി ഉദ്ഘ്ടാനം ചെയ്തു.

മലയാളത്തിന് 9 അവാർഡുകളുമായി ദേശീയ ചലച്ചിത്ര അവാർഡുകൾ പ്രഖ്യാപിച്ചു.

**ജൂൺ 13 :** കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**ജൂൺ 14 :** നാടകകൃത്തും ഹാസസാഹിത്യകാരനും ലോട്ടറി വകുപ്പ് മുൻ ഡയറക്ടറുമായ കെ.എസ്. കൃഷ്ണൻ അന്തരിച്ചു.

**ജൂൺ 15 :** കൺസ്യൂമർ ഫെഡ് പ്രസിഡന്റ് വി. കരുണൻ ട്രെയിൻതട്ടി മരിച്ചു.

**ജൂൺ 17 :** എം.എൻ. ലക്ഷംവീട് നവീകരണ പദ്ധതി ചിതറയിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**ജൂൺ 18 :** 3000 നിർധന രോഗികൾക്ക് ധനസഹായ വിതരണം - സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു.

മറുനാടൻ മലയാളികൾക്ക് മലയാളം പഠിക്കുന്നതിലും കേരള സംസ്കാരം പരിചയിക്കുന്നതിനുമായി മലയാളം മിഷൻ എന്ന സ്വയം ഭരണ സ്ഥാപനം ആരംഭിക്കുന്നതിന് തീരുമാനം.

**ജൂൺ 20 :** അർത്തുങ്കൽ, ചെത്തി, മിനി ഫിഷിങ് ഹാർബറുകളുടെ ശിലാസ്ഥാപനം.

**ജൂൺ 27 :** പി. രാജീവൻ, പി.സി. രഞ്ജിത്ത് എന്നിവർക്ക് ടേബിൾ ടെന്നീസ് ഫെഡറേഷന്റെ രാജ്യാന്തര അംപയർ പദവി ലഭിച്ചു.

**ജൂൺ 27 :** ജസ്റ്റിസ് സിറിയക് ജോസഫിനെ സുപ്രീംകോടതി ജഡ്ജിയായി നിയമിച്ചു.

**ജൂൺ 30 :** പുരോഗമന കലാ സാഹിത്യ സംഘം പ്രസിഡന്റായി യു.എ. ഖാദർ തിരഞ്ഞെടുക്കപ്പെട്ടു.

**ജൂലൈ 2 :** ജനകീയ ഭക്ഷ്യോത്പാദന കർമ പരിപാടിക്ക് മന്ത്രിസഭയുടെ അംഗീകാരം.

30 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള അച്ചൻകോവിൽ ജലവൈദ്യുതപദ്ധതിക്ക് ഭരണാനുമതി.

അസംഘടിത തൊഴിലാളികൾക്കും കുടുംബാംഗങ്ങൾക്കും സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

**ജൂലൈ 10 :** ആർ.എസ്. ഗവായ് ഗവർണറായി ചുമതലയേറ്റു.

സംസ്ഥാനത്ത് ബസ് യാത്രാ നിരക്ക് കൂട്ടി.

**ജൂലൈ 13 :** 1000 പച്ചക്കറി ഗ്രാമ പദ്ധതി ഉദ്ഘാടനം മുഖ്യമന്ത്രി നിർവ്വഹിച്ചു.

**ജൂലൈ 15 :** തിരുവനന്തപുരം സിവിൽ സ്റ്റേഷൻ മന്ദിരം കുടപ്പനക്കുന്നിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**ജൂലൈ 21 :** ഇടതുപക്ഷ ചിന്തകനും എഴുത്തുകാരനും അദ്ധ്യാപകനുമായിരുന്ന ഡോ. ടി.കെ. രാമചന്ദ്രൻ അന്തരിച്ചു.

**ജൂലൈ 25 :** സഹകരണ മേഖലയിലൂടെ നെൽകൃഷിക്ക് പലിശ രഹിത വായ്പ നൽകുന്ന പദ്ധതിമുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**ജൂലൈ 26 :** പ്രവാസി തിരിച്ചറിയൽ കാർഡ് സംസ്ഥാനതല വിതരണോദ്ഘാടനം മലപ്പുറത്ത് നിർവ്വഹിച്ചു.

**ജൂലൈ 27 :** ആം ആം ആത്മീ ഭീമായോചന എന്ന ഗ്രാമീണ ഭൂരഹിതകുടുംബങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ നിശ്ചയിച്ചു.

എല്ലാ സർക്കാർ വകുപ്പുകളിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലും ഐ.ടി. ഡിവിഷൻ ആരംഭിക്കുന്നതിന് നിശ്ചയിച്ചു.

**ജൂലായ് 28 :** തൃശ്ശൂർ ആസ്ഥാനമായി കേരള മെഡിക്കൽ യൂണിവേഴ്സിറ്റിക്ക് അനുമതി.

പബ്ലിക് റിലേഷൻസ് വകുപ്പിൽ ഇലക്ട്രോണിക് മീഡിയ ഡിവിഷൻ ആരംഭിക്കാൻ നിശ്ചയിച്ചു.

**ആഗസ്റ്റ് 5 :** വിഴിഞ്ഞം രാജ്യാന്തര ആഴക്കടൽ തുറമുഖത്തിനും കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിനും കേന്ദ്ര പ്രതിരോധ മന്ത്രാലയം അനുമതി നൽകി.

**ആഗസ്റ്റ് 16 :** കഥകളി രംഗത്ത് സജീവ സാന്നിദ്ധ്യമായിരുന്ന ഓയൂർ കൊച്ചു ഗോവിന്ദപ്പിള്ള അരങ്ങൊഴിഞ്ഞു.

**ആഗസ്റ്റ് 22 :** വേൾഡ് മലയാളി കൗൺസിലിന്റെ ഗ്ലോബൽ ചെയർമാനായി സോമൻ ബേബി തിരഞ്ഞെടുക്കപ്പെട്ടു.

**ആഗസ്റ്റ് 26 :** വഖഫ് ബോർഡ് ചെയർമാനായി ടി.കെ. സെയ്താലിക്കുട്ടിയെ തിരഞ്ഞെടുത്തു.

**ആഗസ്റ്റ് 30 :** നോവലിസ്റ്റും തിരക്കഥാകൃത്തും സംവിധായകനുമായ എൻ.എൻ. പിഷാരടി അന്തരിച്ചു.

**ആഗസ്റ്റ് 31 :** നാടൻ പാട്ടുകാരി മറിയമ്മ ചേടത്തി നിര്യാതയായി.

**സെപ്റ്റംബർ 3 :** സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്ക സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് കോളേജുകളിൽ 10 ശതമാനവും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിൽ 7.5 ശതമാനവും ഡിഗ്രി, പി.ജി. കോഴ്സുകളിലേക്ക് പ്രവേശനം നൽകുന്നതിന് സംവരണം അനുവദിക്കുവാൻ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു.

സംസ്ഥാനമന്ത്രിമാർക്കെല്ലാം വെബ്സൈറ്റ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**സെപ്തംബർ 4 :** അഭയകേസ് അന്വേഷണം സി.ബി.ഐ.യുടെ കേരള ഘടകം ഏറ്റെടുക്കാൻ ഹൈക്കോടതി ഉത്തരവിട്ടു.

**സെപ്തംബർ 8 :** തകഴിപ്പാലം മുഖ്യമന്ത്രി നാടിനു സമർപ്പിച്ചു.

**സെപ്റ്റംബർ 9 :** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് ആന്റ് ടെക്നോളജി (ഐ.ഐ.എസ്.ടി.) ചാൻസലറായി മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൽകലാമിനെ നിയമിച്ചു.

സർക്കാരിന്റെ പ്രഥമ പല്ലാവൂർ പുരസ്കാരം ലഭിച്ച മേളാചാര്യൻ ചക്കംകുളം അപ്പുമാരാർ അന്തരിച്ചു.

കേരളകാർഷിക കടാശ്വാസ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൽപ്പറ്റയിൽ മുഖ്യ

മന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു.

**സെപ്തംബർ 10 :** സി-ഡിറ്റിനെ ദേശീയ ഔദ്യോഗിക വെബ്പോർട്ടലിലേക്ക് കേരളത്തെ ക്കുറിച്ചുള്ള ഉള്ളടക്കം നൽകുന്ന ഏജൻസി യായി പ്രഖ്യാപിച്ചു.

**സെപ്തംബർ 14 :** എം. മാധവൻ നായർ പുതിയ സിവിൽ വ്യോമയാന സെക്രട്ടറിയായി നിയമിതനായി.

ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് ദേശീയ പ്രസി ഡന്റായി വിദേശകാര്യസഹമന്ത്രി ഇ. അഹമ്മദ് തെരഞ്ഞെടുക്കപ്പെട്ടു. കെ.എം. കാദർ മൊഹി യുദ്ദീനാണ് പുതിയ ജനറൽ സെക്രട്ടറി. എ.പി. അബ്ദുസമദ് സമദാനി സെക്രട്ടറി.

പ്രശസ്ത ശാസ്ത്രസാഹിത്യകാരനും ആകാ ശവാണി ചെന്നൈകേന്ദ്രം മുൻ ഡയറക്ടറു മായ കോന്നിയൂർ നരേന്ദ്രനാഥ് അന്തരിച്ചു.

**സെപ്തംബർ 25 :** കേരള സംസ്ഥാന കശു മാവ് കൃഷി വികസന ഏജൻസിയുടെ ജൈവ രീതിയിൽ കശുമാവ് കൃഷി പദ്ധതിയുടെ ഉദ്ഘാ ടനം പത്തനാപുരത്ത് നടന്നു.

**സെപ്തംബർ 30 :** കേണൽ ഗോദവർമ്മ രാജ യുടെ ജന്മദിനമായ ഒക്ടോബർ 13 എല്ലാ വർഷവും സംസ്ഥാന കായികദിനമായി ആച രിക്കാൻ തീരുമാനിച്ചു.

കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തുടക്കം.

**ഒക്ടോബർ 2 :** മലബാർ ദേവസ്വം ബോർഡ് അംഗങ്ങളുടെ സത്യപ്രതിജ്ഞ കോഴിക്കോട് ടാഗോർ സെന്റിനറി ഹാളിൽ നടന്നു.

**ഒക്ടോബർ 3 :** ഡോ. ബി. ഇക്ബാലിനെ മലി നീകരണ നിയന്ത്രണബോർഡ് ചെയർമാനായി നിയമിച്ചു.

ഇന്ത്യൻ സർക്കസ് രംഗത്ത് മലയാളി സാന്നിദ്ധ്യം ശക്തമാക്കിയ സർക്കസ് പ്രതിഭാ ജോസഫ് വാലയിൽ നിര്യാതനായി.

**ഒക്ടോബർ 5 :** ഭൂവിതരണമേളയുടെ സംസ്ഥാ നതല ഉദ്ഘാടനം കണ്ണൂരിൽ മുഖ്യമന്ത്രി നിർവ്വ ഹിച്ചു.

**ഒക്ടോബർ 7 :** കുട്ടനാട് പാക്കേജ് നടപ്പിലാ ക്കുന്നതിന് കുട്ടനാട് പ്രോസ്പിരിറ്റി കൗൺസിൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**ഒക്ടോബർ 12 :** വാഴ്ത്തപ്പെട്ട അൽഫോൻസാ മ്മയെ വത്തിക്കാനിൽ വിശുദ്ധയായി പ്രഖ്യാപി ച്ചു.

**ഒക്ടോബർ 15 :** സംസ്ഥാന ജൈവകൃഷി നയ ത്തിന് ക്യാബിനറ്റ് അംഗീകാരം.

**ഒക്ടോബർ 16 :** ഭക്ഷ്യസുരക്ഷാപരിപാടിയുടെ ഉദ്ഘാടനം തൃശൂരിൽ മുഖ്യമന്ത്രി നിർവ്വഹിച്ചു.

**ഒക്ടോബർ 22 :** ചന്ദ്രയാൻ - 1 വിജയകരമായി വിക്ഷേപിച്ചു. ഡോ. ജി. മാധവൻ നായർ, കെ. രാധാകൃഷ്ണൻ, എം.കെ.ജി. നായർ എന്നിവർ ഉൾപ്പെടെയുള്ള മലയാളി ശാസ്ത്രജ്ഞരുടെ പങ്ക് ശ്രദ്ധേയം.

**ഒക്ടോബർ 29 :** കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് മന്ത്രിസഭ അംഗീകാരം നൽകി.

**ഒക്ടോബർ 30 :** അഡീഷണൽ അഡ്വക്കേറ്റ് ജനറൽ വെങ്ങാനൂർ കെ. ചന്ദ്രശേഖരൻ നായർ അന്തരിച്ചു.

**നവംബർ 5 :** കേരളത്തിൽ 2010 ദേശീയ ഗെയിംസ് നടത്തുന്നതിനു മുന്നോടിയായി 1000 കോടിരൂപയുടെ അടിസ്ഥാന സൗകര്യവിക സന പദ്ധതികൾക്ക് രൂപം നൽകാൻ മന്ത്രിസഭ തീരുമാനിച്ചു.

**നവംബർ 19 :** സി.എം.പി. ജനറൽ സെക്രട്ടറി യായി എം.വി. രാഘവനെ വീണ്ടും തിരഞ്ഞെ ടുത്തു.

വിവാദമായ സിസ്റ്റർ അഭയ കേസിൽ രണ്ടു വൈദികരേയും ഒരു കന്യാസ്ത്രീയേയും സി.ബി.ഐ. അറസ്റ്റു ചെയ്തു.

തിരുവനന്തപുരത്ത് വെയിലൂർ വില്ലേജിൽ ഒരു ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നതി നുവേണ്ടി 260 ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്ക് പദ്ധതി പ്രകാരം ഏറ്റെടുക്കുന്നതിന് അനുമതി നൽകുവാൻ തീരുമാനിച്ചു.

**നവംബർ 20 :** ഇടുക്കി ജില്ലയിലെ കാർഷിക മേഖലയുടെ ദുരിതാശ്വാസത്തിന് എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ നിർദ്ദേ ശിച്ച വിവിധ നടപടികൾക്കായി കേന്ദ്രസർക്കാർ 764.45 കോടി രൂപയുടെ സാമ്പത്തിക സഹായ പദ്ധതി അംഗീകരിച്ചു.

**നവംബർ 22 :** മുസ്ലീംലീഗ് സംസ്ഥാന പ്രസി ഡന്റായി പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളെയും ജനറൽ സെക്രട്ടറിയായി പി.കെ. കുഞ്ഞാലികുട്ടിയേയും തിരഞ്ഞെടുത്തു.

യു.ഡി..എഫിലെ നാലു കേരള കോൺഗ്രസ്സു കൾ ലഭിച്ച് ഒറ്റ പാർട്ടിയാകാൻ കോട്ടയത്തു നടന്ന സംയുക്തയോഗം തീരുമാനിച്ചു.

**നവംബർ 23 :** പിന്നാക്കവിഭാഗ സംവരണത്തി നുള്ള വരുമാനപരിധി നാലരലക്ഷമാക്കാൻ ജസ്റ്റീസ് രാജേന്ദ്രബാബു അധ്യക്ഷനായ കമ്മീ ഷൻ കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്തു.

**നവംബർ 26 :** കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ മാതൃകയിൽ സംസ്ഥാ നത്തും ഒരു അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിക്കണമെന്ന് തീരുമാനിച്ചു.

**നവംബർ 28 :** ദേശസുരക്ഷാസേനയിലെ മല യാളി മേജർ സന്ദീപ് ഉണ്ണികൃഷ്ണൻ മുബൈ ഭീകരാക്രമണകാരികളുമായുള്ള ഏറ്റുമുട്ടലിൽ വീരമൃത്യുവരിച്ചു. മുംബൈ റയിൽവേ സ്റ്റേഷ നിലുണ്ടായ സ്ഫോടനത്തിൽ തിരുവനന്തപുരം സ്വദേശികളായ അച്ഛനും മകനും - മുരുകൻ, അനീഷ് പ്രഭു എന്നിവർ മരിച്ചു.

**നവംബർ 30 :** ജ്യോതിഷ പണ്ഡിതൻ വി.പി. കെ. പൊതുവാൾ നിര്യാതനായി

**ഡിസംബർ 1 :** ഗ്രാന്റ് കേരളാ ഷോപ്പിങ് ഫെസ്റ്റിവലിന് തുടക്കം

ക്രമസമാധാന ചുമതലയുള്ള ഡി.ജി.പി. ആയി ജേക്കബ് പുന്നൂസ് സ്ഥാനമേറ്റു.

**ഡിസംബർ 4 :** കണ്ണൂരിലെ ഇരിക്കൂറിൽ സ്ക്കൂൾ വിട്ട് വീട്ടിലേക്ക് പോകുകയായിരുന്ന വിദ്യാർത്ഥികൾക്കിടയിലേക്ക് ജീപ്പു പാഞ്ഞുക യറി 9 കുട്ടികൾ മരിച്ചു.

മുൻ എം.പി. ആയ പി.എസ്. വിജയരാഘവൻ കയർ ബോർഡ് ചെയർമാനായി നിയമിക്ക പ്പെട്ടു.

**ഡിസംബർ 5 :** ഈജിപ്തിലെ ഇന്ത്യൻ അംബാസിഡറായ മലയാളി എ. ഗോപിനാ ഥനെ ഐക്യരാഷ്ട്ര ലംഘടനയുടെ ജനീവ ഓഫീസിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനി ധിയും സ്ഥാനപതിയുമായി നിയമിച്ചു.

**ഡിസംബർ 8 :** ഒളിംപിക് സ്വർണ്ണമെഡൽതാരം അഭിനവ് ബിന്ദ്ര തിരുവനന്തപുരത്തെത്തി

ചീഫ് ജസ്റ്റീസ് എച്ച്.എൽ. ദത്തുവിനെ സുപ്രീം കോടതി ജഡ്ജിയായി നിയമിച്ചു.

**ഡിസംബർ 9 :** സ്വതന്ത്ര സോഫ്റ്റ് വെയർ രാജ്യാന്തര സമ്മേളനത്തിന് തിരുവനന്തപുരത്ത് തുടക്കം.

ഡോ: ജെ. പ്രസാദ് സംസ്കൃത സർവ്വകലാ ശാല വൈസ് ചാൻസലറായി ചുമതലയേറ്റു.

**ഡിസംബർ 12 :** 13 -ാമത് രാജ്യാന്തര ചലചി ത്രോത്സവത്തിന് തിരുവനന്തപുരത്ത് തുടക്കം.

സംസ്ഥാന സ്ക്കൂൾ കായികമേളയിൽ ഗെയിംസ് കിരീടം പാലക്കാട് ജില്ല കരസ്ഥമാ ക്കി.

**ഡിസംബർ 15 :** സാഹിത്യനിരൂപകൻ കെ.പി. അപ്പൻ അന്തരിച്ചു.

**ഡിസംബർ 30 :** 49-ാമത് സ്കൂൾ കലോത്സവം തിരുവന്തപുരത്ത് ആരംഭിച്ചു. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി, ഹൈസ്കൂൾ മത്സരങ്ങൾ ഒന്നിക്കുന്ന ആദ്യ കലോത്സവമാണിത്.




# അംഗീകാരത്തിന്റെ നിറവിൽ

സർഗധനരും തനതു മേഖലകളിൽ കഴിവു തെളിയിച്ചവരുമായ ഒട്ടേറെ കേരളീയർ പുരസ്കാരങ്ങൾ കൊണ്ടും അംഗീകാരങ്ങൾകൊണ്ടും 2008 ൽ കൂടുതൽ ശ്രദ്ധേയരായി. മലയാള സാഹിത്യത്തിലെ സമഗ്ര സംഭാവനയ്ക്കുള്ള സംസ്ഥാന സർക്കാരിന്റെ 2008 ലെ എഴുത്തച്ഛൻ പുരസ്കാരം മഹാകവി അക്കിത്തത്തിനാണ് ലഭിച്ചത്. സിനിമാരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ജെ.സി. ഡാനിയേൽ അവാർഡ് പി. രാമദാസിനു ലഭിച്ചു.

ഡൽഹി മെട്രോ റെയിൽ പദ്ധതി വിജയത്തിലെത്തിച്ച ഇ. ശ്രീധരന് പത്മവിഭൂഷൺ പുരസ്കാരം ലഭിച്ചു. ആസൂത്രണ വിദഗ്ദ്ധനും മുൻ ചീഫ് സെക്രട്ടറിയുമായ വി. രാമചന്ദ്രൻ, സാമൂഹ്യ ശാസ്ത്രജ്ഞൻ പ്രൊഫ. ടി.കെ. ഉമ്മൻ എന്നിവർക്ക് പത്മവിഭൂഷൺ പുരസ്കാരവും, സാഹിത്യനിരൂപക ഡോ. എം. ലീലാവതി, വ്യവസായി എം.എ. യൂസഫലി, അദ്ധ്യാപകനും സാഹിത്യകാരനുമായ ഡോ. വെള്ളായണി അർജ്ജുനൻ, നേത്രചികിത്സാ വിദഗ്ദ്ധൻ ഡോ. ടോണി ഫെർണാണ്ടസ്, ചലച്ചിത്ര സംവിധായകൻ മനോജ് നൈറ്റ് ശ്യാമളൻ, കൂടിയാട്ടം കലാകാരൻ മൂഴിക്കുളം കൊച്ചുകുട്ടൻ ചാക്യാർ, മിഴാവ് വിദഗ്ദ്ധൻ പി.കെ. നാരായണൻ നമ്പ്യാർ എന്നിവർക്ക് പത്മശ്രീ പുരസ്കാരവും ലഭിച്ചു.

സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ സ്വാതി സംഗീത പുരസ്കാരം ഹിന്ദുസ്ഥാനി സംഗീതജ്ഞൻ പണ്ഡിറ്റ് ജസ് രാജിനും, താളവാദ്യ വിദഗ്ദ്ധർക്കുള്ള പല്ലാവൂർ അപ്പു മാരാർ പുരസ്കാരം തൃക്കാമ്പുറം കൃഷ്ണൻകുട്ടി മാരാർ, വെള്ളൂർ മഠം നാരായണ മാരാർ എന്നിവർക്കും ലഭിച്ചു. സംസ്ഥാന കഥകളി പുരസ്കാരത്തിന് കലാമണ്ഡലം ഗോപിയും നാട്യ പുരസ്കാരത്തിന് കൃഷ്ണനാട്ട കലാകാരനായ കെ. വേലായുധൻ നായരും അർഹരായി.

വയലാർ അവാർഡ് എം.പി. വീരേന്ദ്രകുമാറിനും ഗുരുവായൂരപ്പൻ ട്രസ്റ്റിന്റെ 2007 ലെ ഓടക്കുഴൽ അവാർഡ് എൻ.കെ. ദേശത്തിന്റെ മുദ്ര എന്ന കവിതാ സമാഹാരത്തിന് ലഭിച്ചു. .

കാക്കനാടനും പി.ഗോവിന്ദപ്പിള്ളയ്ക്കും കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വവും പി.വത്സലയ്ക്കും യു.എ. ഖാദറിനും സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരവും ലഭിച്ചു.

ചിത്രകാരനായ യൂസഫ് അറയ്ക്കലിനും ശില്പി കെ.പി. സോമനും കേരള ലളിതകലാ അക്കാദമി വിശിഷ്ടാംഗത്വം നൽകി. അക്കാദമിയുടെ കേസരി പുരസ്കാരത്തിന് വിജയകുമാർ മേനോൻ അർഹനായി. കെ.സി.എസ്. പണിക്കർ അവാർഡിന് പാരീസ് വിശ്വനാഥൻ അർഹനായി.

പ്രമുഖ വ്യവസായികളായ രവി പിള്ള, എ.പി.എസ്. മണി, യു.എസ്സിലെ ജെ. ചെറിയാൻ കൺസൾട്ടന്റ്സ് ചെയർമാൻ ജോയ് ചെറിയാൻ, ഇന്ത്യൻ വംശജരുടെ ആഗോള സംഘടനയുടെ (ഗോപ്പിയോ) ചെയർമാൻ തോമസ് എബ്രഹാം എന്നീ മലയാളികൾക്ക് പ്രവാസി ഭാരതീയ സമ്മാൻ പുരസ്കാരം ലഭിച്ചു.



ഇ ശ്രീധരൻ

മികച്ച സാമൂഹ്യപ്രവർത്തകർക്കായുള്ള പ്രഥമ സിറിൾ മാർബസേലിയോസ് കതോലിക്കോസ് ദേശീയ അവാർഡിന് മേധാ പാട്കർ അർഹയായി.

കെ. മോഹനൻ, തെരുവത്ത് രാമൻ, ടി.ഒ. ചെറുവത്തൂർ, പി. ശ്രീധരൻ, എം. റഷീദ് എന്നീ സീനിയർ പത്രപ്രവർത്തകർക്ക് സമഗ്രസംഭാവനയ്ക്കുള്ള കേരള പ്രസ് അക്കാദമി പുരസ്കാരം ലഭിച്ചു.

പരിസ്ഥിതി സംരക്ഷണത്തിന് സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ഏർപ്പെടുത്തിയ ഗ്രീൻ അവാർഡിൽ സമഗ്രസംഭാവനയ്ക്കുള്ള വ്യക്തിഗത അവാർഡ് ഡോ. ജോൺ. സി. ജേക്കബ്ബിന് ലഭിച്ചു. സംസ്ഥാനത്തെ മികച്ച പരിസ്ഥിതി പ്രവർത്തകന് ജയ്ജി പീറ്റർ ഫൗണ്ടേഷൻ നൽകുന്ന സ്വർണ്ണമെഡലിന് പെരിയാർ മലിനീകരണ വിരുദ്ധസമിതി ഗവേഷണ വിഭാഗം കോ-ഓർഡിനേറ്റർ പുരുഷൻ ഏലൂർ അർഹനായി.

കെ. രഘുനാഥന്റെ പാതിരാ വൻകരയ്ക്ക് സാഹിത്യ അക്കാദമി നോവൽ പുരസ്കാരം ലഭിച്ചു. കവിതയ്ക്ക് ചെറിയാൻ കെ. ചെറിയാനും(തെരഞ്ഞെടുത്ത കവിതകൾ), നാടകത്തിന് ഫ്രാൻസിസ് ടി. മാവേലിക്കരയ്ക്കും( ദ്രാവിഡവൃത്തം), ചെറുകഥയ്ക്ക് ഷിഹാബുദ്ദീൻ പൊയ്ത്തുംകടവിനും (തെരഞ്ഞെടുത്ത കഥകൾ), വൈജ്ഞാനിക സാഹിത്യത്തിന് പ്രൊഫ. എസ്.കെ. വസന്തനും, ജീവചരിത്രത്തിന് പാർവതി പവനനും അക്കാദമി അവാർഡുകൾ നേടി.

സമഗ്രസംഭാവനയ്ക്ക് സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തി സി.ജി. ശാന്തകുമാർ അവാർഡ് ഇക്കുറി സുഗതകുമാരിക്കായിരുന്നു.

സാഹിത്യകാരനും ഭാഷാ പണ്ഡിതനുമായ അകവൂർ നാരായണൻ, ചെണ്ടവാദ്യ കലാകാരൻ സദനം

വാസുദേവനാശാൻ എന്നിവർക്ക് കേന്ദ്ര സംസ്കാരിക മന്ത്രാലയത്തിന്റെ സീനിയർ ഫെല്ലോഷിപ്പ് ലഭിച്ചു.

കാൻഫെഡ് ഏർപ്പെടുത്തിയ പി.എൻ. പണിക്കർ പുരസ്കാരം കലവൂർ ഗോപി നാഥന് ലഭിച്ചു. കേരള സംഗീത നാടക അക്കാദമിയുടെ 2007-ലെ മികച്ച പ്രൊഫഷണൽ നാടകത്തിനുള്ള അവാർഡ് കോഴിക്കോട് രംഗഭാഷ തിയറ്റേഴ്സിന്റെ കടത്തനാട്ടമ്മയ്ക്ക് ലഭിച്ചു. സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം അടൂർ പങ്കജം, അടൂർ ഭവാനി സഹോദരിമാർക്ക് ലഭിച്ചു.

സാമൂഹിക-സാംസ്കാരിക രംഗത്തെ സമഗ്രവ്യക്തിത്വത്തിനുള്ള സംസ്ഥാന ഗ്രന്ഥശാലാ സംഘം അവാർഡിന് പി. ഗോവിന്ദപ്പിള്ളയും, മികച്ച ഗ്രന്ഥശാലാ പ്രവർത്തനത്തിനുള്ള പി.എൻ. പണിക്കർ അവാർഡിന് സി.ആർ. അച്യുതൻ നായരും അർഹരായി. സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണത്തിന്റെ ഭാഗമായി സർക്കാർ ഏർപ്പെടുത്തിയ ഡോ. അംബേദ്കർ മാധ്യമ അവാർഡ് ജയൻ കോമത്തിന് ലഭിച്ചു.


അക്കിത്തം


ഡോ. എം ലീലാവതി


മനോജ് നൈറ്റ് ശ്യാമളൻ


എം പി വീരേന്ദ്രകുമാർ

2008-ലെ മാതൃഭൂമി പുരസ്കാരവും മഹാകവി അക്കിത്തത്തിനാണ് ലഭിച്ചത്. പത്മപ്രഭാ പുരസ്കാരം യു.എ. ഖാദറിനും.

കോഴിക്കോട് അബ്ദുൾ ഖാദർ ഫൗണ്ടേഷന്റെ അബ്ദുൾ ഖാദർ പുരസ്കാരത്തിന് സംഗീതജ്ഞൻ കെ.പി. ഉദയഭാനു അർഹനായി. പന്തളം കേരള വർമ്മ കവിതാ പുരസ്കാരം സുഗതകുമാരിയുടെ മണലെഴുത്ത് എന്ന കാവ്യ സമാഹാരത്തിനു ലഭിച്ചു. പ്രൊഫ. എസ്. ഗുപ്തൻ നായർ പുരസ്കാരം അമ്പലപ്പുഴ രാമവർമ്മയ്ക്ക്. എസ്.കെ. പൊറ്റക്കാട് സാഹിത്യ അവാർഡിന് പാണക്കാട് സയിദ് മുഹമ്മദാലി ശിഹാബ് തങ്ങൾ അർഹനായി. മതം, സമൂഹം, സംസ്കാരം എന്ന കൃതിക്കാണ് പുരസ്കാരം. കൊച്ചിൻ ദേവസ്വം ബോർഡിന്റെ നാരായണ പിഷാരടി പുരസ്കാരം ഡോ. സുകുമാർ അഴീക്കോടിന് ലഭിച്ചു. ഗുരുവായൂർ ദേവസ്വത്തിന്റെ ജ്ഞാനപ്പാന പുരസ്കാരം ഡോ. എം. ലീലാവതിക്കാണ് ലഭിച്ചത്.

അപ്പൻ തമ്പുരാൻ പുരസ്കാരം

വിഷ്ണു നാരായണൻ നമ്പൂതിരിക്കും പി.എൻ. പണിക്കർ ജന്മശതാബ്ദി അവാർഡ് ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർക്കും ലഭിച്ചു. സി.വി. കുഞ്ഞുരാമൻ ഫൗണ്ടേഷൻ സാഹിത്യ പുരസ്കാരവും മലയാള പാഠശാലയുടെ ഒ. ചന്തുമേനോൻ അവാർഡും എം. മുകുന്ദന് ലഭിച്ചു.

ബാലസാഹിതി പ്രകാശിന്റെ കുഞ്ഞുണ്ണി പുരസ്കാരം സിപ്പി പള്ളിപ്പുറത്തിനും, ബഹദൂർ സ്മാരക സമിതിയുടെ ബഹദൂർ പുരസ്കാരം നടനും സംവിധായകനുമായ ശ്രീനിവാസനും, മുട്ടത്തു വർക്കി സാഹിത്യ പുരസ്കാരം കഥാകൃത്ത് എം. സുകുമാരനും കെ. വിജയ രാഘവൻ നായർ മാധ്യമ പുരസ്കാരം കേരള കൗമുദി പ്രത്യേക ലേഖകനായിരുന്ന കെ.ജി. പരമേശ്വരൻ നായർക്കും ലഭിച്ചു.

മികച്ച ഗായികയ്ക്കുള്ള സ്വരലയ-കെ.പി.എ.സി. സുലോചന അവാർഡിന് പി. സുശീല അർഹയായി. പി. കുഞ്ഞിരാമൻ നായർ കവിതാ പുരസ്കാരത്തിന് കവി കെ.ജി. ശങ്കര പിള്ളയും കമുകറ പുരസ്കാരത്തിന് ഗായകൻ പി.ബി. ശ്രീനിവാസനും മലയാറ്റൂർ പുരസ്കാരത്തിന് കെ.പി. രാമനുണ്ണിയും, ആശാൻ കവിതാ പുരസ്കാരത്തിന് പുതുശ്ശേരി രാമചന്ദ്രനും അർഹരായി.

ബി.എസ്.എൻ.എല്ലിന്റെ പരമോന്നത പുരസ്കാരമായ ഗുൽസാരി ലാൽ നന്ദ പുരസ്കാരം മേഘാലയ മുൻ ഗവർണർ എം.എം. ജേക്കബ്ബിന് ലഭിച്ചു. കവിതയ്ക്കുള്ള 2007 ലെ ഉള്ളൂർ അവാർഡ് യൂസഫലി കേച്ചേരിക്കും ഇടശ്ശേരി സ്മാരക സമിതി ഏർപ്പെടുത്തിയ ഇടശ്ശേരി അവാർഡ് ബി. സന്ധ്യ രചിച്ച നീലക്കൊടുവേലിയുടെ കാവൽക്കാരി എന്ന നോവലിനും ലഭിച്ചു.

ജോസഫ് കൈമാപ്പറമ്പൻ കഥാപ്രസംഗ അവാർഡ് വി. ഹർഷകുമാർ നേടി. കലാ സാഹിത്യ സാംസ്കാരിക രംഗത്തെ സമഗ്രസംഭാവനയ്ക്ക് ടി.കെ. രാമകൃഷ്ണൻ സ്മാരക സാംസ്കാരിക പഠനകേന്ദ്രത്തിന്റെ അവാർഡ് പ്രശസ്ത ചരിത്രകാരൻ ഡോ. കെ.എൻ. പണിക്കർക്ക് ലഭിച്ചു.

മികച്ച നിയമസഭാ സാമാജികനുള്ള ഫൈക്കാന അവാർഡ് വി.ഡി. സതീശന് ലഭിച്ചു. നാടക രംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള എസ്.എൽ. പുരം പുരസ്കാരം നിലമ്പൂർ ആയിഷയ്ക്ക് ലഭിച്ചു. രാമു കാര്യാട്ട് അവാർഡ് കരകുളം ചന്ദ്രന് ലഭിച്ചു.


ക്ഷേത്രകലകളെ പ്രോത്സാഹിപ്പിക്കുന്നതിന് ദേവസ്വം ബോർഡ് ഏർപ്പെടുത്തിയ ഗുരുവായൂരപ്പൻ പുരസ്കാരം മോഹിനിയാട്ടം കലാകാരി കലാമണ്ഡലം സത്യഭാമയ്ക്ക് ലഭിച്ചു. കുവൈറ്റിലെ കലാസംഘടനയുടെ സാംബശിവൻ പുരസ്കാരം കവി പ്രഭാ വർമ്മയ്ക്ക് ലഭിച്ചു. ആർ. ശങ്കരനാരായണൻ തമ്പി അവാർഡ് മുൻ പാർലമെന്റംഗം പി. വിശ്വംഭരനു ലഭിച്ചു.

2008 ലെ സ്വരലയ - കൈരളി - യേശുദാസ് അവാർഡ് ബോളിവുഡ് ഗായിക കവിതാ കൃഷ്ണമൂർത്തിക്കും, സമഗ്രസംഭാവനയ്ക്കുള്ള അവാർഡ് വിഖ്യാത സംഗീത സംവിധായകൻ എം.എസ്. വിശ്വനാഥനും ലഭിച്ചു. കെ.ആർ. നാരായണൻ പുരസ്കാരം ഐ.എസ്.ആർ.ഒ. ചെയർമാൻ ജി. മാധവൻ നായർക്ക് ലഭിച്ചു. രാജ്യാന്തര പുസ്തകോത്സവ സമിതിയുടെ ബാലാമണിയമ്മ പുരസ്കാരം കാക്കനാടന് ലഭിച്ചു.

കർണ്ണാടക സംഗീത രംഗത്തെ പ്രതിഭകൾക്കായി ദേവസ്വം ബോർഡ് ഏർപ്പെടുത്തിയ ശ്രീ ഗുരുവായൂരപ്പൻ - ചെമ്പൈ പുരസ്കാരം പ്രശസ്ത മൃദംഗ വിദ്വാൻ പ്രൊഫ. മാവേലിക്കര കെ. വേലുക്കുട്ടി നായർക്ക് ലഭിച്ചു. തുളസീവന സംഗീത പുരസ്കാരം കർണ്ണാടക സംഗീതജ്ഞയും ഗായികയുമായ ഡോ. ബി. അരുന്ധതിക്ക് ലഭിച്ചു.

**ബി. മനോജ്**

# കായിക കേരളം 2008 : പ്രധാന സംഭവങ്ങൾ




2010 ൽ സംസ്ഥാനത്തു നടക്കുന്ന ദേശീയ ഗെയിംസിന്റെ മുന്നൊരുക്കത്തിലാണ് കേരളമിപ്പോൾ. ഇതിന്റെ ഭാഗമായി 1000 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് തുടക്കമായി. കായിക കേരളത്തിന്റെ പ്രധാന ചാലകശക്തിയായിരുന്ന കേണൽ ഗോദവർമ്മ രാജയുടെ ജന്മദിനമായ ഒക്ടോബർ 13 എല്ലാ വർഷവും സംസ്ഥാന കായിക ദിനമായി ആചരിക്കാൻ സർക്കാർ തീരുമാനിച്ചു.

സംസ്ഥാനത്തെ മികച്ച കായിക താരത്തിനുള്ള ജിമ്മി ജോർജ്ജ് ഫൗണ്ടേഷന്റെ ജിമ്മി ജോർജ്ജ് അവാർഡിന് ഒളിമ്പ്യൻ ചിത്ര കെ. സോമൻ അർഹയായി. മികച്ച സ്പോർട്സ് സ്കൂളിനുള്ള സംസ്ഥാന സ്പോർട്സ് കൗൺസിൽ ഏർപ്പെടുത്തിയ അവാർഡ് കോതമംഗലം സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂളിന് ലഭിച്ചു. മികച്ച കായികാധ്യാപകനുള്ള അവാർഡ് ഇതേ സ്കൂളിലെ രാജു പോളിന് ലഭിച്ചു. 2008 ഒളിമ്പിക്സ് ഉൾപ്പെടെ നിരവധി ദേശീയ അന്തർദേശീയ കായിക മത്സരങ്ങളിലെ ശക്തമായ മലയാളി സാന്നിദ്ധ്യം ഇക്കുറി ഏറെ ശ്രദ്ധിക്കപ്പെട്ടു.

കായിക രംഗത്ത് അടിസ്ഥാന പുരോഗതിക്കാണ് സർക്കാർ ലക്ഷ്യമിടുന്നത്. സംസ്ഥാന സ്പോർട്സ് കൗൺസിൽ 2008 ൽ മൂന്നാറിൽ ആരംഭിച്ച ഹൈ ആൾറ്റിറ്റ്യൂഡ് കായിക പരിശീലന കേന്ദ്രം ഇതിന് മകുടോദാഹരണമാണ്. കായിക വിദ്യാഭ്യാസം പാഠ്യവിഷയമാക്കാനുള്ള തീരുമാനത്തിന്റെ ഭാഗമായുള്ള കരിക്കുലം കമ്മിറ്റികളുടെ ചർച്ചകൾ പൂർത്തിയായി വരുന്നു. ഇന്ത്യൻ പ്രസിഡന്റ് പ്രഖ്യാപിച്ച കായിക ക്ഷമതാ പദ്ധതി സംസ്ഥാനത്ത് ആരംഭിച്ചു കഴിഞ്ഞു.

**ഫെബ്രുവരി 17 :** ഏഷ്യൻ ഇൻഡോർ അത്‌ലറ്റിക്സിൽ ഇന്ത്യയുടെ മലയാളി താരം സിനിമോൾ പൗലോസിന് റെക്കോർഡോടെ സ്വർണ്ണം. ഒളിമ്പ്യൻ ചിത്ര കെ. സോമനും സിനിജോസുമുൾപ്പെട്ട വനിതാ ടീം 4 x 400 മീറ്റർ റിലേയിലും റെക്കോർഡോടെ സ്വർണ്ണം നേടി. ഹെപ്റ്റാത്തലണിൽ കോഴിക്കോടുകാരനായ പി.ജെ. വിനോദും സ്വർണ്ണം നേടി.

**മാർച്ച് 7 :** സംസ്ഥാന സീനിയർ ഫുട്ബോൾ ടൂർണമെന്റിൽ മലപ്പുറം ജില്ലാ ടീം ജേതാക്കളായി.

**മാർച്ച് 16 :** സംസ്ഥാന സ്പോർട്സ് കൗൺസിൽ മൂന്നാറിൽ ആരംഭിച്ച ഹൈ ആൾട്ടിറ്റ്യൂഡ് കായിക പരിശീലനകേന്ദ്രത്തിന്റെ ഉദ്ഘാടനം മന്ത്രി വിജയകുമാർ നിർവ്വഹിച്ചു.

ദക്ഷിണമേഖലാ സീനിയർ വോളിബാളിൽ വനിതാവിഭാഗത്തിൽ കേരളം ജേതാക്കളായി.

**ഏപ്രിൽ 30 :** നായനാർ സ്മാരക രാജ്യാന്തര ഫുട്ബോൾ സ്വർണ്ണകപ്പ് മുംബൈ എയർ ഇന്ത്യ കരസ്ഥമാക്കി.

**മേയ് 13 :** സംസ്ഥാന ബോഡി ബിൽഡിങ് ചാമ്പ്യൻ ഷിപ്പിൽ തുടർച്ചയായി അഞ്ചാം തവണയും എറണാകുളത്തെ എം.ആർ. സന്തോഷ് മിസ്റ്റർ കേരളയായി.

**ജൂലൈ 26 :** സംസ്ഥാന സീനിയർ ഗുസ്തി ചാംപ്യൻഷിപ്പിൽ എറണാകുളം ജില്ല ജേതാക്കളായി.

**ആഗസ്റ്റ് 9 :** കാരിച്ചാൽ ചുണ്ടന് നെഹ്റു ട്രോഫി

**സെപ്തംബർ 28 :** സംസ്ഥാന സീനിയർ നീന്തലിൽ 291 പോയിന്റുമായി തിരുവനന്തപുരം ഓവറോൾ കിരീടം നേടി.

**ഒക്ടോബർ 20 :** 2008-ലെ മികച്ച വനിതാഫുട്ബോളർക്കുള്ള കേരള ഫുട്ബോൾ അസോസിയേഷന്റെ സ്വർണ്ണമെഡൽ ഗീതയ്ക്ക് ലഭിച്ചു.

**നവംബർ 16 :** 24 - ാമത് ദേശീയജൂനിയർ അത്‌ലറ്റിക്സ് മീറ്റിൽ 35 സ്വർണ്ണം, 31 വെള്ളി, 21 വെങ്കലം ഉൾപ്പെടെ 87 മെഡലുകൾ നേടി തുടർച്ചയായി 12-ാം വർഷവും കേരളം ഓവറോൾ ചാമ്പ്യൻമാരായി.

**നവംബർ 28 :** സംസ്ഥാനത്തെ മികച്ച കായികതാരത്തിനുള്ള ജിമ്മി ജോർജ്ജ് ഫൗണ്ടേഷന്റെ ജിമ്മി ജോർജ്ജ് അവാർഡിന് ഒളിംപ്യൻ ചിത്ര കെ. സോമൻ അർഹയായി.


സംസ്ഥാനത്തെ മികച്ച സ്പോർട്സ് സ്കൂളിന് ഏർപ്പെടുത്തിയ അവാർഡ് കോതമംഗലം സെന്റ് ജോർജ്ജ് ഹയർ സെക്കണ്ടറി സ്കൂളിന് ലഭിച്ചു. മികച്ച കായികാധ്യാപകനുള്ള അവാർഡ് ഇതേ സ്കൂളിലെ രാജുപോളിന് ലഭിച്ചു.





**ഡിസംബർ 14 :** സംസ്ഥാനസ്കൂൾ കായികമേളയിൽ ഗെയിംസ് കിരീടം പാലക്കാട് ജില്ല കരസ്ഥമാക്കി.




വിയോഗങ്ങളിലൂടെ കേരളമണ്ണിനെ വേദനിപ്പിച്ചവർ നിരവധിയാണ്. കലാ-സാഹിത്യ-രാഷ്ട്രീയ-സാംസ്കാരിക മേഖലകളിൽ മലയാളി സ്നേഹിച്ച പലരും വിട്ടുപിരിഞ്ഞുപോയ വർഷം കൂടിയാണ് 2008.

# കാലയവനികയ്ക്കുള്ളിലേക്ക്...




മലയാള മണ്ണിന് ദു:ഖം മാത്രം നൽകിയ വിയോഗങ്ങൾ 2008 ലും ഏറെയുണ്ടായി. കലാ സാഹിത്യ സാംസ്കാരിക രംഗത്ത് തനത് വ്യക്തിമുദ്ര പതിപ്പിച്ചവരായിരുന്നു ഇവരിൽ കൂടുതലും. ഒട്ടനവധി പേർ 2008 ൽ ഓർമ്മയായി. മലയാളത്തിന്റെ പ്രിയ മഹാകവി പാലാ നാരായണൻ നായർ, കവിതയിലെ പരുക്കൻ താളക്കാരനായ കവി കടമ്മനിട്ട രാമകൃഷ്ണൻ, അഭിനയകലയ്ക്ക് മലയാള സിനിമയിൽ പുതിയ മാനങ്ങൾ നൽകിയ നടൻ ഭരത് ഗോപി, നാടകാചാര്യൻ കെ.ടി. മുഹമ്മദ്, കൂടിയാട്ടത്തിന്റെ കുലപതി അമ്മന്നൂർ മാധവചാക്യാർ, ചമയമികവുകൊണ്ട് ദക്ഷിണേന്ത്യൻ സിനിമയിൽ വിസ്മയം തീർത്ത പ്രശസ്ത മേക്കപ്പ്മാൻ എം.ഒ. ദേവസ്യ, കഥകളി മേളത്തിൽ പ്രശസ്തമായ തിരുവില്വാമല ശൈലി രൂപപ്പെടുത്തിയ മദ്ദള വിദ്വാൻ കലാമണ്ഡലം അപ്പുക്കുട്ടി പൊതുവാൾ, കഥകളി നടൻ ഗൗരീശപട്ടം ഗിരീശൻ, ചലച്ചിത്ര നടന്മാരായ രഘുവരൻ, രവി മേനോൻ, മോനിലാൽ, സാഹിത്യകാരനും ദളിത് നേതാവുമായിരുന്ന പോൾ ചിറക്കരോട്, ശുദ്ധ സംഗീതത്തിന്റെ ഉപാസകരും വക്താക്കളുമായിരുന്ന നെയ്യാറ്റിൻകര വാസുദേവൻ, മാവേലിക്കര പ്രഭാകരൻ, പ്രശസ്ത സംവിധായകൻ പി.എൻ മേനോൻ, ശ്രദ്ധേയനായ സാഹിത്യ നിരൂപകൻ കെ.പി. അപ്പൻ, തായമ്പക വിദ്വാൻ പൂക്കാട്ടിരി ദിവാകര പൊതുവാൾ, കഥാപ്രസംഗം ജനകീയ കലയാക്കിയവരിൽ പ്രമുഖനായ കെടാമംഗലം സദാനന്ദൻ, ചിത്രകാരൻ പി.കെ. രാജൻ, പ്രശസ്ത നാടകകൃത്തും സാഹിത്യകാരനുമായ കെ.എസ്. കൃഷ്ണൻ, പ്രശസ്ത നോവലിസ്റ്റ് പി. അയ്യനേത്ത്, നാഴിയുരിപ്പാലുകൊണ്ട് മലയാളക്കരയ്ക്ക് വിരുന്നൊരുക്കിയ ഗായിക ശാന്താ പി. നായർ, മലയാള സാഹിത്യം മാസികയുടെ പത്രാധിപർ പി. കുമാർ, ലാളിത്യത്തിന്റെ ഭാവമുദ്രയുമായി കഥകളി രംഗത്ത് സജീവ സാന്നിദ്ധ്യമായിരുന്ന ഓയൂർ കൊച്ചു ഗോവിന്ദപ്പിള്ള, നിരവധി നാടൻ പാട്ടുകൾ ഹൃദിസ്ഥമാക്കി ആലപിക്കുമായിരുന്ന മറിയാമ്മ ചേട്ടത്തി, നോവലിസ്റ്റും തിരക്കഥാകൃത്തും സംവിധായകനുമായ എൻ.എൻ. പിഷാരടി, അനുഷ്ഠാന കലാ ഗവേഷകൻ എൽ.എസ്. രാജഗോപാൽ, സംസ്ഥാന സർക്കാരിന്റെ പ്രഥമ പല്ലാവൂർ പുരസ്കാര ജേതാവ് മേളാചാര്യൻ ചക്കക്കുളം അപ്പുമാരാർ, ശാസ്ത്രസാഹിത്യകാരൻ കോയിന്നൂർ ആർ. നരേന്ദ്രനാഥ്, വയലിൻ വാദനത്തിലെ വിസ്മയം കുന്നക്കുടി വൈദ്യനാഥൻ, സർക്കസ് പ്രതിഭാ ജോസഫ് വാലയിൽ, ശില്പി എം.വി. രാധാകൃഷ്ണൻ, നോവലിസ്റ്റ് ചാലിൽ ജേക്കബ്, ചലച്ചിത്ര സംവിധായകൻ പി.കെ. ജോസഫ് എന്നിവർ അവരിൽ പ്രമുഖരാണ്.

രാഷ്ട്രീയരംഗത്തും മരണം തീരാനഷ്ടമുണ്ടാക്കി. മുൻമന്ത്രിമാരായ ബേബി ജോൺ, പി.പി. ജോർജ്ജ്, സി.എം. സുന്ദരം, ജെ. ചിത്തരഞ്ജൻ, എൻ.സി. മമ്മൂട്ടി, പി. ശ്രീധരൻ, സി.പി.ഐ. നേതാക്കളായ കെ. ഗോവിന്ദപ്പിള്ള, തോപ്പിൽ ഗോപാലകൃഷ്ണൻ, സി.പി.എം. നേതാക്കളായ നെടുവത്തൂർ മുൻ എം.എൽ.എ. സി.കെ. തങ്കപ്പൻ, സി.പി. ബാലൻ വൈദ്യർ, കൺസ്യൂമർ ഫെഡ് ചെയർമാൻ വി. കരുണൻ മാസ്റ്റർ, കേന്ദ്രമന്ത്രിയും പോർച്ചുഗലിലെ അംബാസഡറുമായിരുന്ന വി. കരുണൻ, വഖഫ് ബോർഡ് ചെയർമാൻ പണക്കാട് സയ്യിദ് ഉമറലി ശിഹാബ് തങ്ങൾ, മുൻ എം.എൽ.എ.യും മുസ്ലീംലീഗ് നേതാവുമായ സയ്യിദ് ഉമ്മർ ബാഫഖി തങ്ങൾ, മുൻ എം.എൽ.എ.യും പ്രമുഖ കോൺഗ്രസ് നേതാവുമായ ബി. വിജയകുമാർ എന്നിവരുടെ വേർപാട് കേരള രാഷ്ട്രീയത്തിന് നികത്താനാവാത്ത നഷ്ടമുണ്ടാക്കി.

കാലിക്കറ്റ് സർവകലാശാല മുൻ പ്രോവൈസ് ചാൻസലറും വിദ്യാഭ്യാസ വിചക്ഷണനുമായ പ്രൊഫ. കെ. മാധവമേനോൻ, പ്രമുഖ അഭിഭാഷകൻ ബാരിസ്റ്റർ പി.കെ. കുര്യൻ, മുൻ രാഷ്ട്രപതി അന്തരിച്ച കെ.ആർ. നാരായണന്റെ പത്നി ഉഷാ നാരായണൻ, സംസ്ഥാനത്ത് വഴി









സൗകര്യമില്ലാതിരുന്ന പലയിടങ്ങളിലായി 1000 ലധികം കിലോമീറ്റർ റോഡ് നിർമ്മാണത്തിന് ചുക്കാൻ പിടിച്ച വഴിയച്ചൻ എന്നറിയപ്പെടുന്ന ഫാ. തോമസ് വിരുത്തിയിൽ, ചലച്ചിത്ര നിർമ്മാതാവും എഡിറ്ററുമായ എൻ ഗോപാലകൃഷ്ണൻ, സാമൂഹിക പരിഷ്കരണത്തിന്റെയും സാമുദായിക നവോത്ഥാനത്തിന്റെയും വിപ്ലവപാതയിൽ സജീവ സാന്നിദ്ധ്യമായിരുന്ന പ്രിയ ദത്ത കല്ലാട്ട്, ശിവഗിരി മുൻ ജനറൽ സെക്രട്ടറി സ്വാമി സമ്പൂർണ്ണാനന്ദ, തിരുവിതാംകൂർ രാജകുടുംബത്തിലെ ഏറ്റവും മുതിർന്ന അംഗവും പരേതനായ കേണൽ ജി.വി. രാജയുടെ പത്നിയുമായ കാർത്തിക തിരുനാൾ ലക്ഷ്മി ഭായിത്തമ്പുരാട്ടി, മുൻ അഡീഷണൽ ചീഫ് സെക്രട്ടറി തോമസ്. സി. ജോർജ്, പ്രശസ്ത ജ്യോതിഷ പണ്ഡിതൻ എടപ്പാൾ ശൂലപാണി വാര്യർ, പ്രശസ്ത മതപണ്ഡിതനും സാമൂതിരി – ഖാസി സൗഹൃദത്തിന്റെ ഒടുവിലത്തെ കണ്ണിയുമായ കോഴിക്കോട് മുഖ്യ ഖാസി നാലകത്ത് മുഹമ്മദ് കോയ ബാഖവി, ഗാന്ധിജിയുടെ ചെറുമകന്റെ ഭാര്യ സരസ്വതി ഗാന്ധി എന്നിവരെയും 2008 കാലം നമ്മിൽ നിന്നും എന്നെന്നേക്കുമായി വേർപെടുത്തി.

സ്വാതന്ത്ര്യ സമര സേനാനികളായിരുന്ന ടി. അസനാരുകുട്ടി, വർഗീസ് തുണ്ടിയിൽ, എച്ച്. കെ. ചക്രപാണി, കമ്പനിമല വിശ്വനാഥൻ, മാധവൻ എറിയാട്ട് എന്നിവരും 2008 ൽ നമ്മോടു വിട പറഞ്ഞു.

# ലോകം - 2008
# സാമ്പത്തിക പ്രതിസന്ധി, ഒബാമ, ഭീകരത

ബാരക് ഒബാമ അമേരിക്കയുടെ നയങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങളോ വ്യത്യസ്ത നിലപാടുകളോ കൈക്കൊള്ളുമെന്നൊന്നും ഞാൻ പ്രതീക്ഷിക്കുന്നില്ല. എന്നാൽ അദ്ദേഹം കറുത്തവർഗക്കാരുടെ പ്രശ്നങ്ങൾക്ക് അനുഭാവപൂർണമായ പരിഗണന നൽകുന്ന ഒരാളായിരിക്കും. ഇറാക്കിലും മറ്റു രാജ്യങ്ങളിലുമുള്ള സൈനിക ഇടപെടലുകളിൽ കൂടുതൽ നീതിപൂർവകവും പ്രായോഗികവുമായ സമീപനമായിരിക്കും അദ്ദേഹം കൈക്കൊള്ളുക. റിച്ചാർഡ് സ്റ്റാൾമാനൊപ്പം സ്വതന്ത്ര സോഫ്റ്റ് വെയറിന്റെ നിയമപരിരക്ഷക്കുവേണ്ടി പ്രവർത്തിക്കുന്ന അമേരിക്കൻ പൗരൻ എബൻ മോഗ്ളൻ തിരുവനന്തപുരത്തെ സമ്മേളനത്തിനിടെ ഒരു ചോദ്യത്തോട് പ്രതികരിച്ചതാണിത്. അടിസ്ഥാനനിലപാടുകളിൽ മാറ്റമുണ്ടാകില്ലെങ്കിലും ഒബാമ മാനസികമൂല്യങ്ങൾക്കു കൂടുതൽ പരിഗണന നൽകുന്ന പ്രസിഡൻരായിരിക്കുമെന്ന പ്രതീക്ഷ പുരോഗമനപക്ഷത്തു നിൽക്കുന്ന അമേരിക്കക്കാരോടൊപ്പം ലോകജനതയും പങ്കിടുന്നു. 2008 ലെ സവിശേഷ ശ്രദ്ധയർഹിക്കുന്ന വ്യക്തിയും അതുകൊണ്ടുതന്നെ നിയുക്ത അമേരിക്കൻ പ്രസിഡന്റ് ബാരക് ഒബാമയാണ്.

2009 ജനുവരി 20 ന് അമേരിക്കയുടെ 44-ാം പ്രസിഡന്റായി ചുമതലയേൽക്കുന്ന ബാരക് ഹുസൈൻ ഒബാമ അമേരിക്കയുടെ കറുത്ത വംശജനായ ആദ്യ പ്രസിഡന്റാണ്. എന്നാൽ 2008-ലെ സവിശേഷമായ ആഗോള സംഭവവികാസം അമേരിക്കൻ പ്രസിഡന്റ് തെരഞ്ഞെടുപ്പിലും മറിച്ച് അതിനുമുൻപുതന്നെ ലോകത്തെ പിടിച്ചുകുലുക്കിയ സാമ്പത്തിക പ്രതിസന്ധി തന്നെ. അമേരിക്കയിലെ ലീമാൻ ബാങ്കിന്റെയും എ.ഐ.ജി ഇൻഷുറൻസിന്റെയും തകർച്ചയിൽ തുടങ്ങി ബാങ്കിങ് ഇൻഷുറൻസ് മേഖലകളിലാകെ പടർന്ന് അവിടെ നിന്ന് ഓഹരി കമ്പോളത്തിലേക്കും പിന്നീട് ഐ.ടി ടൂറിസം മേഖലകളിലേക്കും മുന്നേറിയ പ്രതിസന്ധിയും മാന്ദ്യവും മറ്റു മേഖലകളിലേക്കു വ്യാപിക്കുന്ന കാഴ്ചയാണ് 2009 പിറക്കുമ്പോൾ ദൃശ്യമാകുന്നത്. സാമൂഹിക നിയന്ത്രണമില്ലാത്ത സ്വകാര്യമേഖലയും അതിരുകളില്ലാത്ത ഊഹക്കച്ചവടവും എങ്ങനെയാണ് ലോകത്തെ നശിപ്പിക്കുകയെന്നതിനുള്ള ശക്തമായ ഉദാഹരണം കൂടിയാണ് ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി എൺപതുകളിൽ തുടങ്ങി തൊണ്ണൂറുകളിൽ ശക്തമായ നവലിബറൽ നയങ്ങൾക്കേറ്റ ഏറ്റവും ശക്തമായ ഈ തിരിച്ചടിയിൽനിന്ന് ലോകം കരകയറാൻ രണ്ടു മൂന്നു വർഷമെങ്കിലുമെടുത്തേക്കാം. പക്ഷേ ആ നയങ്ങളിൽ നിന്നു വ്യത്യസ്തമായി സമ്പദ്‌വ്യവസ്ഥയിൽ സാമൂഹിക നിയന്ത്രണം ഉറപ്പാക്കുകയും മാനസികമായ വികസനശ്രമം പിന്തുടരുകയും ചെയ്യാത്ത രാജ്യങ്ങളെ കൂടുതൽ തിരിച്ചടികളാവും കാത്തിരിക്കുക.



**ലാർജ് ഹാഡ്രൺ കൊളൈഡർ പരീക്ഷണം**



**ഒബാമ**

ഭീകരവാദം ശക്തമായ സാന്നിധ്യം തുടരുകയായിരുന്നു 2008 ലും. പാകിസ്ഥാനിൽ ബേനസീർ ഭൂട്ടോ ഭീകരവാദികളുടെ വെടിയുണ്ടകൾക്കിരയാവുന്നതു കണ്ടുകൊണ്ടാണ് 2008 പിറന്നത്. സിയോണിസത്തിന്റെ കൊടും ക്രൂരതകൾ പാലസ്തീൻ ജനതയുടെ ജീവിത സ്വപ്നങ്ങളെ തകർത്തെറിയുന്ന കാഴ്ച, ഇസ്രായേലിന്റെ ഗാസാ ആക്രമണത്തിലൂടെ കണ്ടുകൊണ്ടാണ് 2009 തുടങ്ങുന്നത്. ഒന്ന് മത ഭീകരതയെങ്കിൽ മറ്റൊന്ന് ഭരണകൂട ഭീകരത. മുംബൈയിലെ താജ്-ഒബ്‌റോയി ഹോട്ടലുകളിലും സി.എസ്.ടി. റെയിൽവേ സ്റ്റേഷനിലും നരിമാൻ പോയിന്റിലുമായി ഭീകരർ നടത്തിയ ആക്രമണത്തിൽ മലയാളിയായ സൈനികൻ സന്ദീപ് ഉണ്ണികൃഷ്ണനടക്കം ജീവൻ പൊലിയേണ്ടിവരികയും രാജ്യത്തെ കൂടുതൽ സംഘർഷപൂർണമായ അന്തരീക്ഷത്തിലേക്കു നയിക്കുകയും ചെയ്തു.

നിശ്ചയ ദാർഢ്യവും ഒത്തിണക്കവും ബീജിങ് ഒളിപിക്സിന്റെ സംഘാടന മികവിലൂടെ ചൈന തെളിയിച്ചതും ഈ വർഷം തന്നെ.

2008-ലെ ഏറ്റവും വലിയ വിജയങ്ങൾ ശാസ്ത്രമേഖലയിലാണ്. ജനീവയിൽ പാറ തുരന്ന് നിർമിച്ച് 27 കി.മി വ്യാസമുള്ള ചേംബറിൽ നടക്കുന്ന ലാർജ് ഹാഡ്രൺ കൊളൈഡർ പരീക്ഷണം, ഇന്ത്യയുടെ അഭിമാനമായി മാറിയ ചന്ദ്രയാൻ വിക്ഷേപണം തുടങ്ങിയവ പ്രത്യേകം പരാമർശമർഹിക്കുന്നു.






## എന്റെ വകുപ്പിൽ

**വി.എസ്. അച്യുതാനന്ദൻ**
മുഖ്യമന്ത്രി

# വികസനത്തിന് ഗതിവേഗം

വികസന-ക്ഷേമപദ്ധതികളുടെ കാര്യത്തിൽ അഭൂതപൂർവ്വമായ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞ വർഷമാണ് 2008. കാർഷികരംഗത്തെ പ്രതിസന്ധിക്ക് വലിയൊരളവോളം പരിഹാരം കാണാനും അതുവഴി കർഷക ആത്മഹത്യ ഏറെക്കുറെ ഇല്ലായ്മചെയ്യാനും കഴിഞ്ഞുവെന്നതാണ് ആദ്യമായി എടുത്തുപറയേണ്ട കാര്യം. കാർഷിക രംഗത്ത് പുത്തനുണർവ് ദൃശ്യമായി. കാർഷികോത്പാദനത്തിൽ വർഷങ്ങൾുശേഷം ഗണ്യമായ വർധന രേഖപ്പെടുത്തിയ വർഷവുമാണ് 2008. അതോടൊപ്പം കാർഷികോത്പാദനം, പ്രത്യേകിച്ച് ഭക്ഷ്യധാന്യങ്ങൾ, മുട്ട, പാൽ, ഇറച്ചി, പച്ചക്കറി എന്നിവയുടെ ഉത്പാദനം ഗണ്യമായി വർധിപ്പിക്കുന്നതിന് സമഗ്രമായ ഒരു കർമ പദ്ധതിക്ക് തുടക്കം കുറിക്കാനും കഴിഞ്ഞു.


അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തി സംസ്ഥാനത്തിന്റെ സമഗ്രവികസനം ത്വരിതപ്പെടുത്തുന്നതിൽ വമ്പിച്ച കുതിച്ചുചാട്ടമാണുണ്ടായത്. അനിശ്ചിതത്വത്തിലായിരുന്ന വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ ട്രാൻസ്ഷിപ്പ്മെന്റ് പദ്ധതി നിർമാണ ക്ഷമമാക്കി. പദ്ധതിപ്രദേശത്തെ നൂറുകണക്കിന് താമസക്കാർക്ക് ഭൂമി ഏറ്റെടുത്ത് നൽകി ഏറ്റവും മാതൃകാപരമായ പുനരധിവാസ പദ്ധതി നടപ്പാക്കി. ലോകത്തിലെ തന്നെ ഏറ്റവും മികച്ച സ്വാഭാവിക തുറമുഖമായ വിഴിഞ്ഞത്ത് ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ സ്ഥാപിക്കുന്നതിന് നടപടികളെല്ലാം പൂർത്തിയാക്കി. കണ്ണൂർ വിമാനത്താവളത്തിനായി പ്രാഥമിക നടപടികൾ പൂർത്തീകരിക്കുകയും അനുമതികൾ നേടുകയും ആവശ്യമായ 2200 ഏക്കർ ഭൂമി ഏറ്റെടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. വിഴിഞ്ഞം പദ്ധതിയുടെയും കണ്ണൂർ വിമാനത്താവളത്തിന്റെയും നിർമാണപ്രവൃത്തി 2009 ൽ ആരംഭിക്കും. പാലക്കാട് റെയിൽവെ ഡിവിഷൻ വിഭജനസമയത്ത് സംസ്ഥാന ഗവൺമെന്റ് നടത്തിയ ശക്തമായ സമ്മർദത്തെ തുടർന്ന് പാലക്കാട്ട് കോച്ച് ഫാക്ടറി അനുവദിക്കാൻ കേന്ദ്രഗവൺമെന്റ് നിർബന്ധിതമായി. കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള ആയിരത്തോളം ഏക്കർ സ്ഥലം ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ഏറ്റെടുക്കാൻ നടപടി ആരംഭിച്ചു. കോച്ച് ഫാക്ടറിയുടെ പ്രവൃത്തിയും 2009 ൽ ആരംഭിക്കും. ദേശീയപാതകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ആരംഭംകുറിക്കാൻ കഴിഞ്ഞു. ആദ്യപടിയായി കുറ്റിപ്പുറം - ഇടപ്പള്ളി പാത നാലുവരിയാക്കുന്നതിനുള്ള പ്രവൃത്തിക്ക് ആസൂത്രണ കമ്മീഷന്റെ അനുമതി ലഭിച്ചുകഴിഞ്ഞു. കൊച്ചിയിൽ മെട്രോ റെയിൽ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ പ്രാഥമിക നടപടികൾ ഏറെ മുന്നോട്ടു നീക്കാൻ കഴിഞ്ഞു. അടുത്ത വർഷം പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തുടക്കം കുറിക്കാനാകുമെന്ന് പ്രതീക്ഷിക്കാം.

ആഗോള സാമ്പത്തിക മാന്ദ്യം ഐ.ടി-ടൂറിസം മേഖലകളിൽ കരിനിഴൽ പരത്തിയിട്ടുണ്ടെങ്കിലും രണ്ട് മേഖലയിലും പുതിയ സംരംഭങ്ങളുമായി മുന്നോട്ടു പോകാൻ കഴിഞ്ഞു. സ്മാർട്സിറ്റി പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി തുടങ്ങുന്നതിനുള്ള തടസ്സങ്ങൾ നീങ്ങി. ജില്ലാതലത്തിൽ അഞ്ച് ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനും ടെക്നോ പാർക്കും ഇൻഫോ പാർക്കും പോലെ ഉത്തര കേരളത്തിൽ ഐ.ടി. സംരംഭങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കോഴിക്കോട്ട് സൈബർപാർക്ക് രൂപീകരിക്കാൻ നടപടിയെടുത്തു.



**സ്പെയിസ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള സ്ഥലം കൈമാറ്റം സംബന്ധിച്ച രേഖകൾ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ഐ.എസ്.ആർ.ഒ ചെയർമാൻ ജി. മാധവൻ നായർക്ക് കൈമാറുന്നു.**

എല്ലാവർക്കും ഭൂമി, എല്ലാവർക്കും വീട് എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. അടുത്ത രണ്ട് കൊല്ലത്തിനകം മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുക, ഭവനരഹിത കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് ലഭ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. 2008 ൽ അതിന് തുടക്കം കുറിക്കാൻ കഴിഞ്ഞു. എല്ലാ ജില്ലയിലും ഭൂവിതരണമേള നടത്തി ആയിരക്കണക്കിനു കുടുംബങ്ങൾക്ക് സ്ഥലം നൽകി. സമ്പൂർണ ഭവനപദ്ധതി ആവിഷ്കരിക്കുകയും ആരംഭിക്കുകയും ചെയ്തു. അന്യാധീനപ്പെട്ട സർക്കാർ ഭൂമി വീണ്ടെടുക്കുന്നതിൽ ഏറെ മുന്നോട്ടുപോയി. മൂന്നാറിൽ മാത്രം പതിനാറായിരത്തോളം ഏക്കർ ഭൂമി വീണ്ടെടുത്തതിൽ 1662 ഏക്കർ ഭൂരഹിതർക്ക് വിതരണം ചെയ്യുകയാണ്. ജനുവരിയിൽ അത് യാഥാർത്ഥ്യമാകും. മൂന്നാറിൽ പ്രകൃതി സൗഹൃദ



**സ്വതന്ത്ര സോഫ്റ്റ്‌വെയർ സെമിനാർ തിരുവനന്തപുരത്ത് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.**



ടൂറിസം വികസനപദ്ധതി നടപ്പാക്കാൻ നാനൂറോളം ഏക്കർ ഭൂമി നൽകാൻ തീരുമാനിച്ചു.

പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്ന കാര്യത്തിലും അഭൂതപൂർവ്വമായ മുന്നേറ്റമുണ്ടായി. ഉന്നതവിദ്യാഭ്യാസ രംഗത്ത് ദീർഘകാലമായി കേരളത്തെ അവഗണിക്കുകയായിരുന്ന കേന്ദ്രനിലപാട് സംസ്ഥാനത്തിന്റെ സമ്മർദ്ദം കാരണം മാറ്റാൻ നിർബദ്ധമായി. സ്പേസ് സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്, ഐസർ, കേന്ദ്രസർവകലാശാല എന്നിവ അനുവദിക്കപ്പെട്ടു. അപ്പോഴും സംസ്ഥാനത്തിന് അവകാശപ്പെട്ട ഐ.ടി.ഐ. അനുവദിച്ചിട്ടില്ല. സംസ്ഥാനത്ത് പൊതുമേഖലയിൽ 13 ഐ.ടി.ഐ.കൾ തുടങ്ങിയത് 2008 ലാണ്. ഐ.എച്ച്.ആർ.ഡി. യുടെയും സഹകരണ അക്കാദമിയുടെയും നേതൃത്വത്തിൽ നിരവധി സാങ്കേതിക വിദ്യാഭ്യാസകേന്ദ്രങ്ങൾ ആരംഭിച്ചു. പൊതുമേഖലയിൽ രണ്ട് നഴ്സിങ് കോളേജുകൾ തുടങ്ങി.

അസംഘടിതമേഖലയിലെ പത്തുലക്ഷത്തോളം പേർക്ക് ബാധകമായ ക്ഷേമനിധി പ്രവർത്തനക്ഷമമായതും കർഷകത്തൊഴിലാളി പെൻഷനുൾപ്പെടെ എല്ലാ ക്ഷേമപെൻഷനുകളും ഇരുന്നൂറ് രൂപയാക്കി ഒറ്റയടിക്ക് വർധിപ്പിച്ച് നൽകാൻ തുടങ്ങിയതും ഇക്കഴിഞ്ഞ വർഷം തന്നെ.

സംസ്ഥാനത്തിന്റെ സാമ്പത്തിക - സാമൂഹിക മുന്നേറ്റത്തിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്നവരാണ് പ്രവാസി മലയാളികൾ. മുപ്പത് ലക്ഷത്തോളം വരുന്ന പ്രവാസി മലയാളികൾക്ക് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള പ്രവർത്തനം 2008 ലാണ് തുടങ്ങിയത്. വർഷാന്ത്യത്തിലാവട്ടെ, രാജ്യത്താദ്യമായി പ്രവാസി ക്ഷേമനിധി നിയമം കൊണ്ടുവരാനും കഴിഞ്ഞു. പെൻഷനും ചികിത്സാ ആനുകൂല്യങ്ങളുമെല്ലാമുള്ള ഏറ്റവും ബൃഹത്തായ ഒരു ക്ഷേമനിധിയാണിത്. ക്ഷേമനടപടികളിൽ ഒരു കുതിച്ചുചാട്ടമാകുന്ന ഈ പദ്ധതി 2009 ലെ ഏറ്റവും സുപ്രധാനമായ മുന്നേറ്റമാകും.■






## എന്റെ വകുപ്പിൽ

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**
ആഭ്യന്തര-ടൂറിസം വകുപ്പുമന്ത്രി

# സ്വൈരജീവിതത്തിന്റെ ഒരാണ്ടുകൂടി

വളരെ സംതൃപ്തമായ ഒരു വർഷമായിരുന്നു 2008. അതിനു കാരണം, കേരളത്തിലെ ക്രമസമാധാനനില മുൻവർഷത്തെപ്പോലെ കഴിഞ്ഞ വർഷവും ഭദ്രമായിരുന്നു എന്നതാണ്. വർഗീയ ലഹളകളോ കാര്യമായ അസ്വസ്ഥതകളോ ഇല്ലാതെ ജനങ്ങൾക്ക് സ്വൈരജീവിതം ഉറപ്പാക്കാൻ കഴിഞ്ഞത് ആഭ്യന്തരവകുപ്പിന്റെ നേട്ടമായി ഞാൻ കരുതുകയാണ്.

അതുപോലെ ജനങ്ങളും പൊലീസുമായുള്ള സഹകരണം എന്ന ഏറെക്കാലത്തെ സ്വപ്നം യാഥാർഥ്യമായതും കഴിഞ്ഞ വർഷമാണ്. ജനമൈത്രി പദ്ധതി ഫലം കണ്ടതിലൂടെയാണത്. ഈ പദ്ധതി നടപ്പാക്കിയ പ്രദേശങ്ങളിൽ മോഷണനിരക്ക് ഗണ്യമായി കുറഞ്ഞതായാണ് കാണുന്നത്. കോഴിക്കോട് ജില്ലയിലെ ചെമ്മങ്ങാട് പോലുള്ള സ്റ്റേഷനുകളിൽ മോഷണക്കേസുകൾ പൂർണമായും ഇല്ലാതായി. **ജനങ്ങളും പൊലീസുമായുള്ള സഹകരണം സദ്ഫലങ്ങൾ സൃഷ്ടിച്ചത് കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാമെന്നുള്ള ആത്മവിശ്വാസത്തിലാണ് സർക്കാർ.**

കുറ്റാന്വേഷണം ശാസ്ത്രീയമാക്കുന്നതിനു സ്വീകരിച്ച നടപടികളാണ് എടുത്തുപറയേണ്ട മറ്റൊരു മേഖല. വിവരങ്ങൾ അപ്പപ്പോൾ ക്രോഡീകരിക്കുന്നതിനും വേഗത്തിൽ കൈമാറുന്നതിനും കേന്ദ്രീകൃത കൺട്രോൾറൂം ആരംഭിച്ചു; ഫോറൻസിക് ലാബ് ശക്തിപ്പെടുത്തി. ഇതോടെ മുൻപ് ഹൈദരാബാദിലും മറ്റും നടത്തിവന്ന പരിശോധനകൾ ഇവിടെത്തന്നെ ചെയ്യാമെന്നായി.

പോയവർഷം ദേശീയ തലത്തിൽ ഏറ്റവും വലിയ ആശങ്ക ഉളവാക്കിയത് ഭീകരതയുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ്. അതുമായി ബന്ധപ്പെട്ട് കേരളം ചെറുതായെങ്കിലും പരാമർശിക്കപ്പെട്ടു. ദേശീയ സുരക്ഷാ ഏജൻസികൾ തയ്യാറാക്കിയ ഭീകരപ്പട്ടികയിൽ കേരളം ഉൾപ്പെടുന്നില്ലെങ്കിലും സുരക്ഷയ്ക്ക് കൂടുതൽ പ്രാധാന്യം കൊടുക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാർ കൈക്കൊണ്ടത്. താരതമ്യേന അപ്രധാനമെന്നു കരുതാവുന്ന സംഭവങ്ങളിൽപ്പോലും കേസെടുക്കാനും തുടരന്വേഷണം നടത്താനും കേരളം തയാറായത് ദേശീയ തലത്തിൽത്തന്നെ ശ്രദ്ധേയമായി. ഭീകരവാദപ്രവർത്തനങ്ങളുമായി നേർത്ത ബന്ധമെങ്കിലും സംശയിക്കപ്പെട്ടവരെ കസ്റ്റഡിയിലെടുക്കുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്. അതുപോലെ, നഗരങ്ങളിലും കൂടുതൽ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തി. ക്യാമറകൾ സ്ഥാപിച്ച് കാഴ്ചാപരിധി വർധിപ്പിച്ചത് ഉദാഹരണം. ചുരുക്കത്തിൽ, കേരളത്തിൽ ഭീകരാക്രമണങ്ങൾ ഉണ്ടാകാത്തത് കേവലം ആകസ്മികതയല്ല എന്നാണ് എനിക്കു പറയാനുള്ളത്.

ടൂറിസത്തിന്റെ കാര്യത്തിൽ, പോയ വർഷം യഥാർഥത്തിൽ പ്രശ്നസാദ്ധ്യതയുള്ളതായിരുന്നു. **ഭീകരവാദവും ആഗോള സാമ്പത്തികപ്രതിസന്ധിയും ടൂറിസത്തിന്റെ നിറംകെടുത്തുമെന്ന് ആശങ്കപ്പെട്ടിരുന്നു. ഒരളവുവരെ അതു സത്യമായിരുന്നു. എന്നാൽ മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് കേരളത്തെ ഇവ തുലോം കുറവായാണു ബാധിച്ചത്. അതിനുകാരണം, സർക്കാർ സ്വീകരിച്ച മുൻകരുതലുകളാണ്.** ഒരു വ്യവസായമെന്നനിലയിൽ ടൂറിസവുമായി ബന്ധപ്പെട്ടവരുടെയും വിദഗ്ദ്ധരുടെയും അഭിപ്രായങ്ങളും നിർദേശങ്ങളും മനസ്സിലാക്കാൻ ഒരു സമ്പൂർണസമ്മേളനം വിളിച്ചുകൂട്ടി. അതിന്റെ അടിസ്ഥാനത്തിൽ വിദഗ്ധരും സർക്കാർപ്രതിനിധികളും ഉൾപ്പെട്ട കർമസംഘം രൂപീകരിച്ചതും നിർദേശങ്ങൾ പ്രാവർത്തികമാക്കിയതും നിർണായകമായി.

2009 ഇതിന്റെയെല്ലാം തുടർച്ചയാണ്. ഏറ്റവും പ്രധാനം, കാലോചിതമായി പരിഷ്കരിച്ച പൊലീസ് ആക്ടും ജയിൽ ആക്ടും നടപ്പാക്കാൻ പോകുന്നതാണ്. പൊലീസിന്റെ ജാഗ്രത ഒന്നുമാത്രമാണ് കേരളത്തിന്റെ സമാധാനഭദ്രതയ്ക്ക് കാരണമെന്ന് ഞാൻ കരുതുന്നില്ല. നിയമബോധമുള്ള ജനങ്ങളുടെ ഇടപെടൽ അതിൽ വളരെ വലിയ പങ്കുവഹിക്കുന്നുണ്ട്. സങ്കുചിത താത്പര്യങ്ങൾക്കുപരിയായി കേരളത്തിന്റെ വളർച്ചയ്ക്ക് നമുക്ക് ഒത്തൊരുമയോടെ പ്രവർത്തിക്കാം.■



തിരുവനന്തപുരം തൈക്കാട് നവീകരിച്ച യാത്രിനിവാസിന്റെ ഉദ്ഘാടനം ആഭ്യന്തര-ടൂറിസം മന്ത്രി കോടിയേരി ബാലകൃഷ്ണൻ നിർവഹിക്കുന്നു.





എന്റെ വകുപ്പിൽ

**മാത്യൂ ടി.തോമസ്**
ഗതാഗത- സ്റ്റേഷനറി
വകുപ്പു മന്ത്രി

# കെ.എസ്.ആർ.ടി.സിക്ക് നവോൻമേഷം

ഗതാഗതവകുപ്പിൽ ശ്രദ്ധേയമായ മാറ്റങ്ങൾക്കും മുന്നേറ്റങ്ങൾക്കും സാക്ഷ്യം വഹിച്ച വർഷമാണ് 2008. പൊതുഗതാഗതസംവിധാനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് കെ.എസ്.ആർ.ടി.സി മുന്തിയ പരിഗണന നൽകിയപ്പോൾ അഴിമതിരഹിത നടപടികൾക്കും റോഡ് സുരക്ഷാ പദ്ധതികൾക്കുമായിരുന്നു മോട്ടോർ വാഹന വകുപ്പിന്റെ മുൻഗണന. പ്രിന്റിങ്, സ്റ്റേഷനറി ഡിപ്പാർട്ട്മെന്റുകളും മാറ്റത്തിന്റെയും നവീകരണത്തിന്റെയും പാതയിലൂടെ മുന്നോട്ടുപോയി.

ഗതാഗതവകുപ്പിനെ സംബന്ധിച്ചിടത്തോളം 1025 പുതിയ ബസുകൾ ട്രാൻസ്പോർട്ട് കോർപറേഷന്റെ സ്വന്തം വർക്ക്ഷോപ്പുകളിൽ ബോഡി നിർമിച്ച് നിരത്തിലിറക്കാൻ കഴിഞ്ഞത് പ്രധാന നേട്ടങ്ങളിലൊന്നായി ഞാൻ കരുതുന്നു. അഞ്ഞൂറോളം പുതിയ ഷെഡ്യൂളുകൾ തുടങ്ങാനും ശരാശരി പ്രതിദിന വരുമാനം മൂന്നു കോടിക്കുമുകളിലെത്തിക്കാനും ഇത് സഹായകരമായി. ചരിത്രത്തിലാദ്യമായി ഓപ്പൺ ടെൻഡർവഴി ബസ്ഷാസികൾ വാങ്ങി, കോർപറേഷന്റെ വർക്ക്ഷോപ്പിൽ ബോഡി നിർമിച്ചതുവഴി 25 കോടി രൂപയുടെ ചെലവ് ചുരുക്കാനും നമുക്ക് സാധിച്ചു.

കൂടാതെ 20 എ.സി ബസുകൾ, 30 എയർ ഡീലക്സ് ബസുകൾ, ഏറ്റവുമൊടുവിൽ മൂന്ന് വോൾവോ ബസുകൾ... സാമ്പത്തിക



**കെ.എസ്.ആർ.ടി.സിയുടെ പുതിയ വോൾവൊ ബസിൽ ഗതാഗത മന്ത്രി മാത്യു.ടി.തോമസ്**

പരാധീനതകൾക്കിടയിലും സംസ്ഥാന, അന്തർസംസ്ഥാന യാത്രക്കാർക്ക് മികച്ച ഗതാഗതസൗകര്യം പ്രദാനം ചെയ്യുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ കോർപറേഷൻ സ്വീകരിച്ച നടപടികൾ നിരവധിയാണ്. ഇതോടൊപ്പം തന്നെ സാമ്പത്തിക പ്രതിസന്ധി ഉയർത്തിയ വെല്ലുവിളി തരണംചെയ്യാനുള്ള പ്രവർത്തനങ്ങളും സജീവമായിരുന്നു. ഇതിന്റെ ഭാഗമായി ബിഒടി അടിസ്ഥാനത്തിൽ അങ്കമാലി, കാസർഗോഡ്, കൊട്ടാരക്കര എന്നീ ബസ് സ്റ്റാൻഡുകളിൽ അത്യാധുനിക ഷോപ്പിങ് കോംപ്ലക്സുകളുടെ നിർമാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ഗതാഗതേതര വരുമാനം വർധിപ്പിക്കുകയാണ് ലക്ഷ്യം. കർണാടകയുമായുള്ള അന്തർ സംസ്ഥാന കരാർ ഒപ്പുവച്ചതും കോർപറേഷനിലെ വിവിധ തസ്തികകളിലായി അയ്യായിരത്തോളം സ്ഥിരം നിയമനങ്ങൾ നടത്തിയതും 2008ന്റെ നേട്ടങ്ങളാണ്.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ഫലപ്രദമായ



**തിരുവനന്തപുരം ആർ.ടി. ഓഫീസ് കംപ്യൂട്ടർവത്കൃത കൗണ്ടർ മന്ത്രി മാത്യു ടി. തോമസ് സന്ദർശിച്ചപ്പോൾ.**

നടപടികളാണ് കൈകൊണ്ടത്. കഴിഞ്ഞ ജനുവരി ഒന്നിന് സംസ്ഥാനത്ത് റോഡ് സുരക്ഷാ അതോറിട്ടി നിലവിൽവന്നശേഷം നിരവധി റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയുണ്ടായി. അമിതവേഗതയിലും മദ്യപിച്ചും വാഹനമോടിക്കുന്നവരെ പിടികൂടാൻ അഞ്ച് ഇന്റർസെപ്റ്ററുകൾ പുറത്തിറക്കി.

മോട്ടോർ വാഹന വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സജീവമായിരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ആർടി ഓഫീസുകളും ജോയിന്റ് ആർ.ടി.ഓഫീസുകളും കംപ്യൂട്ടർവൽക്കരിക്കുകയും എനി സിസ്റ്റം എനി കൗണ്ടർ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു. പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ എളുപ്പത്തിൽ അറിയുന്നതിനും മനസിലാക്കുന്നതിനും മോട്ടോർവാഹന വകുപ്പ് പുതിയൊരു വെബ്സൈറ്റിനു രൂപം നല്കിയതും പൗരാവകാശ രേഖ പുറത്തിറക്കിയതും പരക്കെ സ്വാഗതം ചെയ്യപ്പെട്ടു. കൂടാതെ മോട്ടോർ വാഹന വകുപ്പിൽനിന്നും വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ് ലൈസൻസ് തുടങ്ങിയ രേഖകൾ തപാൽ വകുപ്പ് നേരിട്ട് ശേഖരിച്ച് അപേക്ഷകർക്ക് സ്പീഡ് പോസ്റ്റ് വഴി എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതി കുറയ്ക്കാനും സേവനങ്ങളിലെ കാലതാമസം ഒഴിവാക്കാനും ഈ നടപടികൾ നല്ലൊരു പരിധിവരെ സഹായകരമായിട്ടുണ്ട്.

പ്രിന്റിങ് ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചിടത്തോളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കു മാതൃകയായി കേരള ഗസറ്റ് ഓൺലൈനായി പ്രസിദ്ധീകരിച്ചതും മുഴുവൻ പാഠപുസ്തകങ്ങളും സമയബന്ധിതമായി അച്ചടിച്ചുനല്കാൻ കഴിഞ്ഞതും പോയ വർഷത്തെ നേട്ടങ്ങൾതന്നെ.■






എന്റെ വകുപ്പിൽ

**മാത്യൂ ടി.തോമസ്**
ഗതാഗത- സ്റ്റേഷനറി
വകുപ്പു മന്ത്രി

# കെ.എസ്.ആർ.ടി.സിക്ക് നവോൻമേഷം

ഗതാഗതവകുപ്പിൽ ശ്രദ്ധേയമായ മാറ്റങ്ങൾക്കും മുന്നേറ്റങ്ങൾക്കും സാക്ഷ്യം വഹിച്ച വർഷമാണ് 2008. പൊതുഗതാഗതസംവിധാനം കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കുന്നതിന് കെ.എസ്.ആർ.ടി.സി മുന്തിയ പരിഗണന നൽകിയപ്പോൾ അഴിമതിരഹിത നടപടികൾക്കും റോഡ് സുരക്ഷാ പദ്ധതികൾക്കുമായിരുന്നു മോട്ടോർ വാഹന വകുപ്പിന്റെ മുൻഗണന. പ്രിന്റിങ്, സ്റ്റേഷനറി ഡിപ്പാർട്ട്മെന്റുകളും മാറ്റത്തിന്റെയും നവീകരണത്തിന്റെയും പാതയിലൂടെ മുന്നോട്ടുപോയി.

ഗതാഗതവകുപ്പിനെ സംബന്ധിച്ചിടത്തോളം 1025 പുതിയ ബസുകൾ ട്രാൻസ്പോർട്ട് കോർപറേഷന്റെ സ്വന്തം വർക്ക്ഷോപ്പുകളിൽ ബോഡി നിർമിച്ച് നിരത്തിലിറക്കാൻ കഴിഞ്ഞത് പ്രധാന നേട്ടങ്ങളിലൊന്നായി ഞാൻ കരുതുന്നു. അഞ്ഞൂറോളം പുതിയ ഷെഡ്യൂളുകൾ തുടങ്ങാനും ശരാശരി പ്രതിദിന വരുമാനം മൂന്നു കോടിക്കുമുകളിലെത്തിക്കാനും ഇത് സഹായകരമായി. ചരിത്രത്തിലാദ്യമായി ഓപ്പൺ ടെൻഡർവഴി ബസ് ഷാസികൾ വാങ്ങി, കോർപറേഷന്റെ വർക്ക്ഷോപ്പിൽ ബോഡി നിർമിച്ചതുവഴി 25 കോടി രൂപയുടെ ചെലവ് ചുരുക്കാനും നമുക്ക് സാധിച്ചു.

കൂടാതെ 20 എ.സി ബസുകൾ, 30 എയർ ഡീലക്സ് ബസുകൾ, ഏറ്റവുമൊടുവിൽ മൂന്ന് വോൾവോ ബസുകൾ... സാമ്പത്തിക




**കെ.എസ്.ആർ.ടി.സിയുടെ പുതിയ വോൾവൊ ബസിൽ ഗതാഗത മന്ത്രി മാത്യു.ടി.തോമസ്**

പരാധീനതകൾക്കിടയിലും സംസ്ഥാന, അന്തർസംസ്ഥാന യാത്രക്കാർക്ക് മികച്ച ഗതാഗതസൗകര്യം പ്രദാനം ചെയ്യുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കാൻ കോർപറേഷൻ സ്വീകരിച്ച നടപടികൾ നിരവധിയാണ്. ഇതോടൊപ്പം തന്നെ സാമ്പത്തിക പ്രതിസന്ധി ഉയർത്തിയ വെല്ലുവിളി തരണംചെയ്യാനുള്ള പ്രവർത്തനങ്ങളും സജീവമായിരുന്നു. ഇതിന്റെ ഭാഗമായി ബിഒടി അടിസ്ഥാനത്തിൽ അങ്കമാലി, കാസർഗോഡ്, കൊട്ടാരക്കര എന്നീ ബസ് സ്റ്റാൻഡുകളിൽ അത്യാധുനിക ഷോപ്പിങ് കോംപ്ലക്സുകളുടെ നിർമാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ഗതാഗതേതര വരുമാനം വർധിപ്പിക്കുകയാണ് ലക്ഷ്യം. കർണാടകയുമായുള്ള അന്തർ സംസ്ഥാന കരാർ ഒപ്പുവച്ചതും കോർപറേഷനിലെ വിവിധ തസ്തികകളിലായി അയ്യായിരത്തോളം സ്ഥിരം നിയമനങ്ങൾ നടത്തിയതും 2008ന്റെ നേട്ടങ്ങളാണ്.

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ഫലപ്രദമായ



**തിരുവനന്തപുരം ആർ.ടി. ഓഫീസ് കംപ്യൂട്ടർവത്കൃത കൗണ്ടർ മന്ത്രി മാത്യു ടി. തോമസ് സന്ദർശിച്ചപ്പോൾ.**

നടപടികളാണ് കൈകൊണ്ടത്. കഴിഞ്ഞ ജനുവരി ഒന്നിന് സംസ്ഥാനത്ത് റോഡ് സുരക്ഷാ അതോറിട്ടി നിലവിൽവന്നശേഷം നിരവധി റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടികൾ നടപ്പാക്കുകയുണ്ടായി. അമിതവേഗതയിലും മദ്യപിച്ചും വാഹനമോടിക്കുന്നവരെ പിടികൂടാൻ അഞ്ച് ഇന്റർസെപ്റ്ററുകൾ പുറത്തിറക്കി.

മോട്ടോർ വാഹന വകുപ്പിനെ അഴിമതി വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും സജീവമായിരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ആർടിഓഫീസുകളും ജോയിന്റ് ആർ.ടി.ഓഫീസുകളും കംപ്യൂട്ടർവൽക്കരിക്കുകയും എനി സിസ്റ്റം എനി കൗണ്ടർ സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തു. പൊതുജനങ്ങൾക്ക് വിവിധ സേവനങ്ങൾ എളുപ്പത്തിൽ അറിയുന്നതിനും മനസിലാക്കുന്നതിനും മോട്ടോർവാഹന വകുപ്പ് പുതിയൊരു വെബ്സൈറ്റിനു രൂപം നല്കിയതും പൗരാവകാശ രേഖ പുറത്തിറക്കിയതും പരക്കെ സ്വാഗതം ചെയ്യപ്പെട്ടു. കൂടാതെ മോട്ടോർ വാഹന വകുപ്പിൽനിന്നും വാഹന രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഡ്രൈവിങ് ലൈസൻസ് തുടങ്ങിയ രേഖകൾ തപാൽ വകുപ്പ് നേരിട്ട് ശേഖരിച്ച് അപേക്ഷകർക്ക് സ്പീഡ് പോസ്റ്റ് വഴി എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. ഇടനിലക്കാരെ ഒഴിവാക്കാനും അഴിമതി കുറയ്ക്കാനും സേവനങ്ങളിലെ കാലതാമസം ഒഴിവാക്കാനും ഈ നടപടികൾ നല്ലൊരു പരിധിവരെ സഹായകരമായിട്ടുണ്ട്.

പ്രിന്റിങ് ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചിടത്തോളം ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കു മാതൃകയായി കേരള ഗസറ്റ് ഓൺലൈനായി പ്രസിദ്ധീകരിച്ചതും മുഴുവൻ പാഠപുസ്തകങ്ങളും സമയബന്ധിതമായി അച്ചടിച്ചുനല്കാൻ കഴിഞ്ഞതും പോയ വർഷത്തെ നേട്ടങ്ങൾതന്നെ.■






എന്റെ വകുപ്പിൽ

**എൻ.കെ.പ്രേമചന്ദ്രൻ**
ജലവിഭവമന്ത്രി

# ശുദ്ധജലലഭ്യതയ്ക്കും ജലസംരക്ഷണത്തിനും ഉറച്ച ചുവടുവയ്പ്പ്

സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കും അവരുടെ ന്യായമായ ആവശ്യകതയനുസരിച്ച് ജലലഭ്യത ഉറപ്പുവരുത്തുന്നതോടൊപ്പം ജലസ്രോതസ്സുകളുടെ പരിരക്ഷണത്തിനുമുള്ള സുപ്രധാന നടപടികളാണ് ജലവിഭവവകുപ്പ് 2008-ൽ സ്വീകരിച്ചത്. 2008 ജൂലായിൽ പ്രഖ്യാപിച്ച സമഗ്ര ജലനയം സംസ്ഥാന ചരിത്രത്തിൽ തന്നെ നൂതനമായൊരു കാൽവയ്പ്പാണ്. ജലനയത്തിന്റെ ചുവട്പിടിച്ച് നദീതടസംരക്ഷണ അതോറിറ്റികളും ബോർഡുകളും രൂപീകരിക്കുന്നതിനുള്ള ബില്ലിന്റെ കരട് രൂപം തയ്യാറാക്കിക്കഴിഞ്ഞു. കുടിവെള്ള വിതരണ രംഗത്ത് സംസ്ഥാനത്തെ പ്രധാന സ്ഥാപനമായ കേരള ജല അതോറിറ്റിയുടെ സേവനങ്ങളിൽ കൂടുതൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സമഗ്ര കമ്പ്യൂട്ടറൈസേഷൻ പദ്ധതി ആരംഭിച്ചു. ഇതിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരത്ത് തുടങ്ങിക്കഴിഞ്ഞു. അപേക്ഷിച്ച് ഏഴു ദിവസത്തിനുള്ളിൽ കുടിവെള്ളകണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പുതിയ സ്കീം 2008-ൽ തുടങ്ങിയ മറ്റൊരു എടുത്തുപറയേണ്ടനേട്ടമാണ്. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് നടപ്പാക്കിയിട്ടുള്ള ഈ സേവനം താമസിയാതെ മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കും. ജല അതോറിറ്റി ഉപഭോക്താക്കളുടെ പരാതികളിൽ വേഗ




**കേരള വാട്ടർ അതോറിറ്റിയുടെ കൺസൾട്ടൻസി വിഭാഗമായ വാസ്കോണിന്റെ ഉദ്ഘാടനം ഗവർണർ ആർ.എൽ.ഭാട്യ നിർവഹിക്കുന്നു.**

ത്തിൽ തീർപ്പുകൽപ്പിക്കാനായി അദാലത്തുകൾ ജില്ലകൾതോറും നടത്താൻ തീരുമാനിച്ചതും 2008-ൽ തന്നെ.

ആക്സിലറേറ്റഡ് റൂറൽ വാട്ടർ സപ്ളൈ, സുനാമി റിഹാബിലിറ്റേഷൻ പ്രോജക്റ്റ്, ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിവ്യുവൽ മിഷൻ എന്നീ വാട്ടർ അതോറിറ്റി നടപ്പാക്കുന്ന പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. കുടിവെള്ളം കുപ്പിയിലാക്കി വിതരണം ചെയ്യുന്നതിനുള്ള ഉൽപ്പാദന സംവിധാനങ്ങളുടെ ഒരുക്കം പൂർത്തിയായിക്കഴിഞ്ഞു. ഫണ്ടുകളുടെ അപര്യാപ്തതമൂലം നിറുത്തിവച്ചിരുന്ന വാട്ടർ അതോറിറ്റിയുടെ 32 സ്കീമുകളും 7670 കോടിരൂപയുടെ കുടിവെള്ളപദ്ധതികളും നബാർഡിന്റെ(സ്പാൻ)ന്റെ സ്പെഷ്യൽ പാക്കേജിന്റെ സഹായത്തോടെ രണ്ടു വർഷത്തിനുള്ളിൽ പൂർത്തിയാക്കും. ജപ്പാൻബാങ്ക് ഫോർ ഇന്റർനാഷണൽ കോർപ്പറേഷന്റെ (ജെ.സി.ഐ.സി) സഹായത്തോടെ നടപ്പാക്കുന്ന ജലവിതരണ പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞതാണ് പ്രധാനപ്പെട്ട മറ്റൊരുനേട്ടം. സംസ്ഥാനത്തെ 40 ലക്ഷത്തോളം പേർക്ക് ഉപയോഗപ്രദമാകുന്ന ഈ ബൃഹദ് പദ്ധതിയുടെ പരിപാടികൾ ത്വരിതഗതിയിൽ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്.

കുടിവെള്ളം പാഴാക്കുന്നതും, നിയമവിധേയമല്ലാത്തതുമായ ശുദ്ധജലകണക്ഷനുകൾ തടയുന്നതിനുമായി സംസ്ഥാന വാട്ടർ സപ്ളൈ ആന്റ് സ്വീവറേജ് ആക്ട് ഭേദഗതി ചെയ്തതും മറ്റൊരു പ്രധാനപ്പെട്ട നേട്ടമാണ്. കേരളവാട്ടർ അതോറിറ്റിയുടെ കീഴിൽ സ്വതന്ത്രമായ കൺസൾട്ടൻസി വിങ് - വാസ്കോൺ - ആരംഭിച്ചതും 2008-ലാണ്.

ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി 110 പഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണത്തിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്. സംസ്ഥാനത്ത് തന്നെ സജീവ ചർച്ചാവിഷയമായ മുല്ലപ്പെരിയാർ അണക്കെട്ട് സംബന്ധിച്ചുള്ള ആശങ്കകൾ ഫലപ്രദമായി കേന്ദ്ര സർക്കാരിനെ അറിയിക്കാനും വകുപ്പിന് കഴിഞ്ഞു. സംസ്ഥാനത്തിന്റെ ആവശ്യമായ പുതിയ ഡാം നിർമിക്കുന്നതിനോട് അനുബന്ധിച്ചുള്ള പരിസ്ഥിതി, ഭൂകമ്പ സാധ്യതാ പഠനങ്ങളും നടത്തിക്കഴിഞ്ഞു. മഴവെള്ള സംരക്ഷണത്തിന്റെ ഭാഗമായി കഴിഞ്ഞ വർഷങ്ങളിലായി സ്കൂളുകൾ, ആശുപത്രികൾ, സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് മഴവെള്ള ശേഖരണത്തിനായി ആയിരത്തോളം യൂണിറ്റുകൾ സ്ഥാപിക്കുകയും ബോധവൽക്കരണത്തിനായി ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും ചെയ്തു.■






## എന്റെ വകുപ്പിൽ

**മോൻസ് ജോസഫ്**
പൊതു മരാമത്ത് വകുപ്പ് മന്ത്രി

# ഭാവിറോഡുകൾക്ക് രൂപരേഖയാകുന്നു

സമഗ്രമായ റോഡു വികസന നയം രുപീകരിച്ചത് കഴിഞ്ഞ വർഷത്തെ പ്രധാനപ്പെട്ട ഒരു ചുവടുവയ്പയായി ഞാൻ വിലയിരുത്തുകയാണ്. കാരണം, കേരളത്തിന്റെ വികസന സാദ്ധ്യതയും പ്രധാന പട്ടണങ്ങളിലെ ഗതാഗതക്കുരുക്കും വാഹനങ്ങളുടെ പതിന്മടങ്ങായ വർദ്ധനവും പരിഗണിച്ച് ഭാവിയിലേക്ക് ആവശ്യമായ റോഡുകളെ മുന്നിൽക്കണ്ടുള്ള സമഗ്രമായ റോഡ് വികസന നയമാണത്. മൂവായിരം കോടി രൂപയുടെ മൂലധന നിക്ഷേപമുള്ള വിവിധ പദ്ധതികളാണ് ഇതിലൂടെ ആവിഷ്കരിക്കുക. ഇതിനു വേണ്ടി അന്താരാഷ്ട്ര നിലവാരമുള്ള ദേശീയ ഏജൻസിയുടെ നേതൃത്വത്തിൽ റോഡ് നെറ്റ്‌വർക്ക് സംബന്ധിച്ച് സമഗ്ര സാദ്ധ്യതാ പഠനം നടത്തും.

നിലവിലുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കി മാറ്റാനാണ് സർക്കാർ പ്രഥമ പരിഗണന നല്കിയത്. മുടങ്ങിക്കിടന്ന റോഡുകൾ, പാലങ്ങൾ, കെട്ടിട നിർമ്മാണം എന്നിവ പരമാവധി പുനരാരംഭിച്ചു. തലസ്ഥാന നഗര വികസന പദ്ധതികൾക്ക് ആവശ്യമായതിന്റെ 98 ശതമാനം ഭൂമി ഏറ്റെടുക്കാനും നിർമാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനും നടപടി സ്വീകരിച്ചു. മന്ത്രിസഭാ വാർഷികത്തോടനുബന്ധിച്ച് നിരവധി പാലങ്ങൾ നിർമാണം പൂർത്തിയാക്കി. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി വിവിധ പാലങ്ങൾ പൂർത്തിയായി വരുന്നു. ദേശീയ പാതകളുടെ വികസനത്തിനു കേന്ദ്രസർക്കാരുമായി ചർച്ച നടത്തി പുതിയ പദ്ധതികൾക്ക് രൂപം നൽകി.


പുനലൂർ-കോട്ടവാസൽ റോഡ് നിർമാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പുമന്ത്രി മോൻസ് ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം.

കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന് അന്തിമരൂപം നൽകിക്കഴിഞ്ഞു. ഭൂമി ഏറ്റെടുക്കൽ ത്വരിതഗതിയിൽ നടന്നു വരുന്നതും പൂർത്തീകരിച്ചതുമായ 327 കിലോമീറ്റർ റോഡാണ് രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒന്നാംഘട്ട നിർമാണം പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിച്ചിട്ടുണ്ട്.

മലയോര ഹൈവേ യാഥാർത്ഥ്യമാക്കുന്നതിന് അലൈൻമെന്റിന് അന്തിമരൂപം നൽകാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തി. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള പുതിയ പ്രോജക്ട് ഈ വർഷം നിർമാണം ആരംഭിക്കാനാണ് തീരുമാനിച്ചത്. ഏകദേശം 2500 കോടി രൂപയുടെ പദ്ധതിയാണിത്.

റെയിൽവെ ഓവർ ബ്രിഡ്ജുകളുടെ നിർമാണം പൂർത്തിയാക്കാൻ 200 കോടി രൂപയുടെ സ്പെഷ്യൽ പ്രോജക്ടിന് രൂപം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെ ചുമതലപ്പെടുത്തി. മുടങ്ങിക്കിടക്കുന്നതും ഏറ്റെടുക്കാനുള്ളതുമായ റെയിൽവെ മേൽപ്പാലങ്ങൾ ഈ പ്രോജക്ടിൽ ഉൾപ്പെടുത്തും.

പ്രധാന പട്ടണങ്ങളിൽ പുതിയ ബൈപാസുകളുടെ വികസനത്തിന് പുതിയ പദ്ധതിക്കും തുടക്കമായിട്ടുണ്ട്. ദേശീയ പാത വികസനത്തിന്റെ ഭാഗമായിട്ടാണ് വിവിധ ബൈപാസുകൾ നിർമിക്കുന്നത്. സംസ്ഥാന-ജില്ലാ റോഡുകളിൽ ബൈപാസ് നിർമാണത്തിന് പ്രത്യേക പരിഗണനയാണ് നൽകുന്നത്.

തലസ്ഥാന നഗരം കൂടാതെ കോഴിക്കോട് നഗര വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. എൻ.എച്ച്.ഡി.പി യുമായി ബന്ധപ്പെട്ട് കൊച്ചി നഗരത്തിലെ വികസനത്തിന് പുതിയ പ്രോജക്ട് കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. ഇതു നടപ്പാക്കുന്നത് സംബന്ധിച്ച ചർച്ചകൾ നടന്നു വരുന്നു.

പ്രതിസന്ധി നിലനിൽക്കുന്ന ജില്ലാ റോഡുകളുടെയും മറ്റു റോഡുകളുടെയും പ്രശ്നം ഉടൻ പരിഹരിക്കും. ഓരോ മണ്ഡലത്തിലും എം.എൽ.എ.മാർ നിർദ്ദേശിക്കുന്ന രണ്ട് കോടി രൂപയുടെ പദ്ധതി സമയബന്ധിതമായി നടപ്പാക്കാൻ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തി. വിഷൻ 2010 വികസന പദ്ധതി ഒരു വർഷം കൊണ്ട് പൂർത്തിയാക്കും.

ഈ ധനകാര്യ വർഷം തന്നെ ഹെവി മെയിന്റനൻസ് പദ്ധതിക്ക് തുടക്കം കുറിക്കും. ആദ്യ പ്രോജക്ട് ശബരിമല റോഡ് വികസന പദ്ധതിയാണ്. സംസ്ഥാന വികസനരംഗത്ത് ഏറ്റവും വലിയ പ്രതിസന്ധിക്ക് ഇടവരുത്തിയ കരാറുകാരുടെ കുടിശിക കൊടുത്തു തീർക്കുന്നതിൽ സംസ്ഥാന സർക്കാർ കൈക്കൊണ്ട നടപടി ഏറ്റവും ശ്രദ്ധേയമാണ്.

കൺസ്ട്രക്ഷൻ കോർപ്പറേഷൻ, ആർ.ബി.ഡി.സി. എന്നിവ പുനഃസംവിധാനം ചെയ്യാനും കേരളാ ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തിന് ഉപകരിക്കുന്ന നിലയിൽ നവീകരിക്കാനും നടപടി സ്വീകരിച്ചു. നിർമാണ പ്രവർത്തനത്തിലെ ഗുണനിലവാരം ഉറപ്പുവരുത്താൻ എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ഓഫീസുകൾ തുടങ്ങാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.■






എന്റെ വകുപ്പിൽ

**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

# ഉണരുന്ന ഗ്രാമങ്ങൾ, വികേന്ദ്രീകരണം മുന്നോട്ട്

സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് 2008-ൽ സാധിച്ചു. ഇന്ത്യൻ പ്രസിഡന്റ് ഉദ്ഘാടനം ചെയ്ത മാലിന്യമുക്തകേരളം കർമപരിപാടി വിജയത്തിലേക്ക് നീങ്ങുകയാണ്. 83 ശതമാനം ഗ്രാമപഞ്ചായത്തുകൾക്കും ശുചിത്വത്തിലെ മികവിനുള്ള നിർമൽ പുരസ്കാരം നേടാൻ കഴിഞ്ഞു. കഴിഞ്ഞ വർഷം കാര്യമായി പകർച്ചവ്യാധികൾ പടരാത്തത് ഈ മികവുകൊണ്ടു കൂടിയാണ്. പ്ലാസ്റ്റിക് നിരോധനം കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടികളും കഴിഞ്ഞ വർഷത്തെ പ്രത്യേകതയാണ്. കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിൽ റിക്കോഡ് നേട്ടം കൈവരിച്ചു. നേടിയെടുത്ത പദ്ധതികൾ കാലവിളംബം കൂടാതെ നടപ്പിലാക്കാൻ ഗവൺമെന്റ് തീവ്രശ്രമം നടത്തും. തൊഴിലുറപ്പു പദ്ധതിനടത്തിപ്പിൽ കേരളത്തിലെ മാതൃക അഖിലേന്ത്യാതലത്തിൽ അംഗീകരിക്കപ്പെടുകയും ഒരു പൈലറ്റ് മാതൃകയായി കേന്ദ്രഗവൺമെന്റ് തെരഞ്ഞെടുക്കുകയും ചെയ്തു. **അധികാരവികേന്ദ്രീകരണം സ്ഥായിയാക്കുന്നതിനുള്ള പല നടപടികളും ഗവൺമെന്റ് സ്വീകരിച്ചു. ഉദ്യോഗസ്ഥ പുനർവിന്യാസം ഫലപ്രദമാകാത്തത് അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ വലിയ തടസമായിരുന്നു. ഒരു ദശകകാലത്തിലേറെയായി പൂർത്തിയാകാത്ത ഈ നടപടി അന്തിമഘട്ടത്തിലെത്തിക്കാൻ കഴിഞ്ഞതാണ് ഈ രംഗത്ത് 2008-ലെ വലിയ നേട്ടം.**

അന്തിയുറങ്ങാൻ സ്വന്തമായി ഒരു കൂര എന്ന സ്വപ്നവുമായി ജീവിക്കുന്ന പാവപ്പെട്ടവർക്ക് വേണ്ടി ആവിഷ്കരിച്ച ഇ.എം.എസ്. ഭവനപദ്ധതിയാണ് തദ്ദേശസ്വയംഭരണ വകുപ്പിന്റെ മുന്നിലെ അടുത്ത പ്രധാന കർമ പരിപാടി. നമ്മുടെ സംസ്ഥാനത്തെ പൂർണമായും മാലിന്യമുക്തമാക്കുക എന്നത് മറ്റൊരു ലക്ഷ്യം.

ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ പാവപ്പെട്ടവർക്ക് പരമാവധി ക്ഷേമപ്രവർത്തനം നടത്താനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. തൊഴിലുറപ്പു പദ്ധതിയിലൂടെയും നഗരവികസന പദ്ധതികളിലൂടെയും ഇ.എം.എസ് ഭവന പദ്ധതിയിലൂടെയും മാലിന്യമുക്ത കേരളം പദ്ധതിയിലൂടെയും ഐശ്വര്യപൂർണമായ ഒരു കേരള സൃഷ്ടിക്ക് അടിസ്ഥാനമിടാൻ 2009-ൽ തദ്ദേശസ്വംഭരണ വകുപ്പിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിയും എന്നാണ് എന്റെ പ്രതീ

ക്ഷ. ഉത്പാദന മേഖലയിലെ വികസന മുരടിപ്പ് മാറ്റി കാർഷികരംഗത്തും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അതിന്റേതായ കഴിവും ശക്തിയും പ്രകടിപ്പിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. കുടുംബശ്രീ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാൻ കഴിഞ്ഞതാണ് കഴിഞ്ഞ വർഷത്തെ മറ്റൊരു പ്രധാന നേട്ടം. നിരവധി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും കുടുംബശ്രീയിൽ ജനാധിപത്യപരമായി തെരഞ്ഞെടുപ്പ് പൂർത്തിയാക്കാനും സാധിച്ചു. 100 കോടി രൂപ ചെറുനിക്ഷേപത്തിലൂടെ സ്വരൂപിക്കാനും കഴിഞ്ഞു. ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായി കുടുംബശ്രീയെ മാറ്റാനാണ് വരും വർഷങ്ങളിലെ ശ്രമം. അധികാരവികേന്ദ്രീകരണത്തിന്റെയും വികേന്ദ്രീകൃത ആസൂത്രണത്തിന്റെയും സദ്ഫലങ്ങൾ സമൂഹത്തിന് കൂടുതൽ ലഭിക്കാൻ തുടങ്ങുന്നു എന്നത് സന്തോഷകരമാണ്.




**നഗര-ശുചിത്വ നയം ശിൽപ്പശാല തദ്ദേശസ്വയംഭരണ മന്ത്രി പാലോളി മുഹമ്മദ്കുട്ടി ഉദ്ഘാടനം ചെയ്യുന്നു.**

ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹ്യ പദവിയും ജീവിത സാഹചര്യങ്ങളും ഉയർത്തുന്നതിന് മുഖ്യ പരിഗണനയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നൽകിവരുന്നത്. ഈ നയത്തിന്റെ ഭാഗമായാണ് ജസ്റ്റിസ്. രജീന്ദർ സച്ചാർ കമ്മീഷൻ കേന്ദ്രത്തിന് നൽകിയ റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിലെ സാഹചര്യങ്ങൾക്കനുസരിച്ച് നടപ്പാക്കുന്നതിന് ഞാൻ ചെയർമാനായ കമ്മിറ്റി നിർദേശങ്ങൾ സമർപ്പിച്ചത്. പ്രസ്തുത നിർദേശങ്ങൾ അതേപടി സർക്കാർ അംഗീകരിക്കുകയും നിർവഹണ നടപടികൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. കേരളമാണ് ഇക്കാര്യത്തിൽ മുന്നോട്ടു വന്ന ആദ്യ സംസ്ഥാനം. ഇതിന്റെ ഭാഗമായി നടപ്പ് വർഷം മുസ്ലീം പെൺകുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്, ഹോസ്റ്റൽ സ്റ്റൈപ്പന്റ്, മത്സരപ്പരീക്ഷകൾക്ക് സന്നദ്ധരാക്കുന്ന പരിശീലനങ്ങൾ, മദ്രസ്സാദ്ധ്യാപകർക്ക് ക്ഷേമനിധി-പെൻഷൻ എന്നിവ നടപ്പിലാക്കുന്നു. പത്ത് കോടി രൂപ ഈ ഇനത്തിൽ ഈ വർഷം ചെലവഴിക്കുന്നു. ന്യൂനപക്ഷ ക്ഷേമ കാര്യങ്ങൾക്കായി പ്രത്യേക വകുപ്പു രൂപീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.■






## എന്റെ വകുപ്പിൽ

**പി.കെ.ഗുരുദാസൻ**
തൊഴിൽ എക്സൈസ് വകുപ്പു മന്ത്രി

# പോയവർഷം നേട്ടങ്ങളുടേത്

തൊഴിൽ എക്സൈസ് വകുപ്പുകളെ സംബന്ധിച്ചിടത്തോളം പ്രവർത്തന നിരതമായ ഒരു വർഷമാണ് പിന്നിട്ടിരിക്കുന്നത്. **അധികാരമേൽക്കുമ്പോൾ നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചിരുന്ന കാര്യങ്ങളിൽ ഒട്ടു മിക്കതും നടപ്പിലാക്കാൻ കഴിഞ്ഞു എന്നുമാത്രമല്ല പുതിയതായി പല നേട്ടങ്ങളും കൈവരിക്കുവാനും കഴിഞ്ഞു എന്ന ചാരിതാർഥ്യം എനിക്കുണ്ട്.**

തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കാനും തൊഴിൽ രംഗത്ത് മുൻപെങ്ങുമില്ലാത്തവിധം സമാധാനം കൈവരിക്കാനും ഉത്പാദനക്ഷമത മെച്ചപ്പെടുത്താനും ഉത്പന്നഗുണമേൻമ ഉയർത്തുവാനും കഴിഞ്ഞിട്ടുണ്ട്.

എല്ലാ വിഭാഗം തൊഴിലാളികളെയും ഏതെങ്കിലും ഒരു ക്ഷേമനിധിയുടെ കീഴിൽ കൊണ്ടുവരുക എന്ന ലക്ഷ്യത്തോടെ രണ്ടു ലക്ഷത്തോളം വരുന്ന ചെറുകിട തോട്ടം മേഖലയിലെ തൊഴിലാളികൾക്കുവേണ്ടി ക്ഷേമനിധി ബില്ലും 30 ലക്ഷത്തോളം വരുന്ന പ്രവാസികൾക്കുവേണ്ടി മറ്റൊരു ക്ഷേമനിധി ബില്ലും 2008-ൽ പാസ്സാക്കാൻ കഴിഞ്ഞു. ആഭരണത്തൊഴിലാളികൾക്കുള്ള ക്ഷേമനിധിനിയമം അടുത്ത നിയമസഭാസമ്മേളനത്തിൽ പാസ്സാക്കും. പണിമുടക്കുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നതിനും അതുവഴി പൊതുമേഖലയിലെ നിരവധി വ്യവസായങ്ങൾ ലാഭകരമാക്കാനും കഴിഞ്ഞിട്ടുണ്ട്. തോട്ടം മേഖല ഉൾപ്പെടെ പരമ്പരാഗത മേഖലയിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള വ്യവസായ ബന്ധ സമിതികൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. മിനിമം വേജസ് പ്രഖ്യാപിച്ചിട്ടില്ലാത്ത മേഖലകളിൽ അത് പ്രഖ്യാപിക്കുവാനും നേരത്തെ പ്രഖ്യാപിച്ചിരുന്ന മേഖലകളിൽ പുതുക്കുവാനും നടപടിയെടുത്തിട്ടുണ്ട്.

ബി.പി.എൽ, എ.പി.എൽ. കുടുംബങ്ങളുടെ സുരക്ഷയ്ക്കായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച "രാഷ്ട്രീയ സ്വാസ്ഥ്യ ഭീമാ യോജന", കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷുറൻസ് സ്കീം (സി.എച്ച്.ഐ.എസ്) എന്നീ പദ്ധതികളും ഭൂരഹിതരായ പാവപ്പെട്ടവർക്കുവേണ്ടി ആവിഷ്കരിച്ച "ആം ആദ്മി ഭീമാ യോജന" എന്ന ഇൻഷുറൻസ് പദ്ധതിയും ഈ വർഷം സംസ്ഥാനത്ത് നടപ്പാക്കി.

സാങ്കേതികവിദ്യാവളർച്ചയ്ക്കനുഗുണമായി വ്യവസായപരിശീലന വകുപ്പിനെ ആധുനികവത്കരിക്കേണ്ടതും തൊഴിൽ സാധ്യതയുള്ള ട്രേഡുകളുടെ എണ്ണം വർധിപ്പിക്കേണ്ടതും ആവശ്യമാണ്. നിലവിലുള്ള 34 ഐ.റ്റി.ഐകൾക്കു പുറമെ 2008 ൽ മാത്രം 13 പുതിയ ഐ.റ്റി.ഐ.കൾ കൂടി സ്ഥാപിക്കാൻ കഴിഞ്ഞു. ഒരു ചരിത്രനേട്ടമാണിത്. കൂടുതൽ ഐ.റ്റി.ഐ കൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ട് പോവുകയാണ്. ഈ വർഷം 5 ഐ.റ്റി.ഐകളെ മികവിന്റെ കേന്ദ്രങ്ങളാക്കി (സെന്റേഴ്സ് ഓഫ് എക്സലൻസ്) മാറ്റിയിട്ടുണ്ട്.

തോട്ടണ്ടിയുടെ ദൗർലഭ്യവും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് 3 ലക്ഷത്തിൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്ന കശുവണ്ടി വ്യവസായം നേരിടുന്ന മുഖ്യ പ്രശ്നങ്ങൾ. ഇത് പരിഹരിക്കുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങ




**അലക്ക് ബാർബർ തൊഴിലാളി ക്ഷേമപദ്ധതി പെൻഷൻ വിതരണോദ്ഘാടനം തൊഴിൽമന്ത്രി പി.കെ.ഗുരുദാസൻ നിർവഹിക്കുന്നു.**

ളായ KSCDCക്കും കാപ്പെക്സിനും പ്രവർത്തനമൂലധനമായി മാത്രം യഥാക്രമം 27 കോടി രൂപയും 13 കോടി രൂപയും ഇതിനകം നൽകി. കശുവണ്ടി ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ആസ്ഥാനമായി കേരള സ്റ്റേറ്റ് ഏജൻസി ഫോർ എക്സ്പാൻഷൻ ഓഫ് കാഷ്യൂ കൾട്ടിവേഷൻ (KSACC)ന് രൂപം നൽകി. കശുമാവ് കൃഷിക്കുവേണ്ടി ഏജൻസിക്ക് ഈ വർഷം സർക്കാർ ഒന്നരകോടി രൂപ നൽകി. ഏജൻസി പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷനുമായി ചേർന്ന് 229 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി നടത്തുന്നതിന് ധാരണാപത്രം ഒപ്പുവെക്കുകയും കൃഷി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമെ കർഷകർക്ക് 30,000 കശുമാവിൻ തൈകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

ഇന്ത്യയിലെ ഏറ്റവും വലിയ സാമൂഹ്യ സുരക്ഷാ പദ്ധതിയായ ഇ.എസ്.ഐ പദ്ധതി കൂടുതൽ മേഖലകളിൽ വ്യാപിപ്പിച്ചതിന്റെ ഫലമായി ഒന്നരലക്ഷത്തി അറുപതിനായിരത്തിൽപ്പരം ആളുകളെ പുതിയതായി സ്കീമിൽ കൊണ്ടുവരാൻ കഴിഞ്ഞു. തൊഴിൽവകുപ്പിന്റെ അഭ്യർഥന മാനിച്ചാണ് ഇ.എസ്.ഐ. കോർപ്പറേഷൻ കേരളത്തിൽ ആദ്യമായി പാരിപ്പള്ളിയിൽ ഒരു മെഡിക്കൽ കോളേജും എഴുകോണിൽ ഒരു ഡെന്റൽ കോളേജും സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തത്. അംഗങ്ങളുടെ ബന്ധുക്കളുടെ ചികിത്സാസഹായപരിധി 1 ലക്ഷമായി നിജപ്പെടുത്തിയിരുന്നത് ഈ വർഷം എടുത്തുകളഞ്ഞത് ഇ.എസ്.ഐ ഗുണഭോക്താക്കൾക്ക് വളരെയേറെ ആശ്വാസം നൽകിയിട്ടുണ്ട്.

എക്സൈസ് വകുപ്പിനെ സംബന്ധിച്ചിടത്തോളം കാര്യക്ഷമതയുടെയും നേട്ടങ്ങളുടെയും വർഷമാണ് പിന്നിട്ടത്. പരമ്പരാഗതവും തൊഴിലധിഷ്ഠിതവുമായ കള്ളുവ്യവസായത്തെ സംരക്ഷിക്കുന്നതോടൊപ്പം സംസ്ഥാനത്തെ വ്യാജമദ്യ വിമുക്തമാക്കാനും മദ്യാസക്തിക്കെതിരെ വിവിധ ബോധവത്കരണപരിപാടികൾ പൊതു ജന പങ്കാളിത്തത്തോടും രാഷ്ട്രീയ പാർട്ടികൾ, ട്രേഡ് യൂണിയൻ സംഘടനകൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായ സഹകരണത്തോടെ ഫലപ്രദമായി നടപ്പിലാക്കാനുമുള്ള ഒരു യത്നത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്. വ്യാജമദ്യത്തിന്റെ ഉത്പാദനം, വിതരണം, സ്പിരിറ്റ്കടത്ത് എന്നിവയിൽ ഗണ്യമായ കുറവ് ഉണ്ടാവുകയും എക്സൈസ് വരുമാനത്തിൽ വർധന രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വകുപ്പിന്റെ ജില്ലാതല ഭരണ സംവിധാനം പുനഃസംഘടിപ്പിച്ച് ഡെപ്യൂട്ടി കമ്മീഷണർമാരുടെ നിയന്ത്രണത്തിലാക്കുകയും എൻഫോഴ്സ്മെന്റിനു മാത്രമായി അസിസ്റ്റന്റ് കമ്മീഷണറെ നിയോഗിക്കുകയും ചെയ്തത് വലിയ നേട്ടമാണ്. 107 വർഷം പഴക്കമുള്ള അബ്കാരി ആക്ടിലും ബന്ധപ്പെട്ട നിയമങ്ങളിലും കാലാനുസൃതമായ പരിഷകരണം വരുത്തി വകുപ്പിനെ കൂടുതൽ ഊർജസ്വലമാക്കുന്നതിനും ജനകീയ കമ്മിറ്റികളുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ വ്യാജമദ്യ വിമുക്തമാക്കി മദ്യവർജനം എന്ന സാമൂഹ്യലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമുള്ള യത്നത്തിലാണ് സർക്കാർ ഏർപ്പെട്ടിരിക്കുന്നത്.■








**എം.എ. ബേബി**
വിദ്യാഭ്യാസ- സാംസ്കാരിക വകുപ്പ്മന്ത്രി

# ചലനാത്മകവും ചൈതന്യവത്തുമായ വർഷം

സംസ്ഥാനത്തെ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളെ സംബന്ധിച്ച് ചലനാത്മകവും ചൈതന്യവത്തുമായ ഒരു വർഷമാണു കടന്നുപോയത്. വിലകൊടുത്തുവാങ്ങേണ്ട ഒരു സേവനമാണ് വിദ്യാഭ്യാസം എന്നകാഴ്ചപ്പാട് ലോകമെങ്ങും പ്രബലമായിക്കൊണ്ടിരിക്കുന്നു. ഇതിൽ നിന്നു വ്യത്യസ്തമായി തുല്യതയും സാമൂഹികനീതിയും സംരക്ഷിച്ചുകൊണ്ട് വിദ്യാഭ്യാസത്തെ ഒരു സാമൂഹിക പ്രക്രിയയാക്കി നിലനിർത്താനാണ് ഈ സർക്കാരിന്റെ ശ്രമം. ഒപ്പം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും ഞങ്ങൾ ലക്ഷ്യമിടുന്നു. ഈ രണ്ടു ലക്ഷ്യങ്ങളും നേടുന്നതിനുള്ള നടപടികൾ കാര്യമായി മുന്നോട്ടുകൊണ്ടുപോകാൻ 2008-ൽ കഴിഞ്ഞിട്ടുണ്ട്. ഹയർസെക്കൻഡറിയിൽ ഏകജാലകം സംസ്ഥാനത്ത് മുഴുവനും വ്യാപിപ്പിക്കാൻ കഴിഞ്ഞത് നേട്ടമായി. മെറിറ്റും സംവരണതത്വവും ഇതുവഴി എല്ലാ സ്ഥാപനങ്ങളിലും പാലിക്കാനായി. പട്ടികജാതി-വർഗ വിഭാഗങ്ങൾ 2005-ൽ 7.81, 2006-ൽ 8.14, 2007-ൽ 9.31 ശതമാനം വീതം പ്രവേശനം നേടിയിരുന്നിടത്ത് 2008 ൽ 15 ശതമാനം കുട്ടികൾക്ക് പ്രവേശനം ലഭിച്ചു. അപേക്ഷിച്ച മുഴുവൻ പട്ടികജാതി-പട്ടികവർഗ വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാൻ കഴിഞ്ഞു. പിന്നാക്ക വിഭാഗങ്ങളുടെ പ്രവേശനം 2005-ൽ 30.46, 2006-ൽ 40.98, 2007 -ൽ 42.14 ശതമാനം വീതം ആയിരുന്നെങ്കിൽ 2008 ൽ 54.44 ശതമാനമായി മാറി. അവസരതുല്യതയ്ക്ക് ഉള്ള വലിയ ഒരു മുന്നേറ്റമായിരുന്നു ഇത് എന്നു വ്യക്തം. 2005-06ൽ 50,085 സീറ്റുകൾ ഒഴിഞ്ഞു കിടന്നിരുന്നു. ഈ വർഷം (2008 -09) ഇത് 9,609 മാത്രമാണ്. **സർവശിക്ഷാ അഭിയാനിലൂടെയും മറ്റു ഏജൻസികളിലൂടെയും വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും അക്കാദമിക് നിലവാരവും ഉയർത്താൻ വലിയ തോതിൽ കഴിഞ്ഞു. അധ്യാപക രക്ഷാകർതൃസമിതി, വിദ്യാഭ്യാസ തത്പരർ എന്നിവരുടെ കൂട്ടായ്മ ഓരോ സ്ഥാപനവും കേന്ദ്രീകരിച്ച് വികസിച്ചു വരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തനങ്ങൾ മാതൃകാപരമായി ഏകോപിപ്പിക്കുന്നുണ്ട്. ഇതിന്റെയെല്ലാം ഫലം ഇക്കഴിഞ്ഞ മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ കണ്ടുവല്ലോ- 93.7 ശതമാനം എന്ന ചരിത്രവിജയം.** 2006 മാർച്ച് എസ്.എസ്.എൽ.സി പരീക്ഷയിൽ 33 ശതമാനത്തിൽ താഴെ വിജയം ലഭിച്ച 104 വിദ്യാലയങ്ങളിൽ *ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം* എന്ന ഗുണമേന്മാവർധനവിനായുള്ള പ്രത്യേക പദ്ധതി നടപ്പിലാക്കി. 2007 മാർച്ചിലെ എസ്.എസ്.എൽ.സി ഫലം പ്രതീക്ഷകളെയെല്ലാം കവച്ചുവയ്ക്കുന്നതായിരുന്നു. നാലു സ്കൂളുകളിൽ 100 ശതമാനം കുട്ടികളും ഉപരിപഠനയോഗ്യത നേടി. 37 സ്കൂളുകളിൽ 76 ശതമാനത്തിലധികവും 46 സ്കൂളുകളിൽ 50 നും 75 നും ശതമാനത്തിനിടയിലുമായിരുന്നു റിസൽട്ട്. 2007-ൽ 50 ശതമാനത്തിൽ കുറവ് റിസൽട്ടുണ്ടായ മൂന്ന് സ്കൂളുകളെക്കൂടി ഉൾപ്പെടുത്തി 107 സ്കൂളുകളാക്കി മാറ്റി. 2008 മാർച്ചിൽ ഫലം വന്നപ്പോൾ 24 സ്കൂളുകളിൽ 100 ശതമാനം കുട്ടികളും 61 വിദ്യാലയങ്ങളിൽ 77 നും 99 ശതമാനത്തിനിടയിൽ കുട്ടികളും ഉപരിപഠനയോഗ്യത നേടി. ഇതുകൂടാതെ ഹയർ സെക്കൻഡറി തലത്തിൽ പാവപ്പെട്ട പതിനായിരം കുട്ടികൾക്ക് സ്കോളർഷിപ്പ്, എട്ടാം ക്ലാസിലെ കുട്ടികൾക്കെല്ലാം സൗജന്യപാഠപുസ്തകം, ഇരുന്നൂറ് സാധ്യായ ദിവസങ്ങൾ ഉറപ്പാക്കാനുള്ള നടപടി, അധ്യാപകർക്കായുള്ള ചിട്ടയായ പരിശീലന പരിപാടികൾ എന്നിവ ഗുണമേന്മയും കാര്യക്ഷമതയും ഏറെ വർധിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട മറ്റു വകുപ്പുകളുമായിച്ചേർന്ന് *എന്റെ മരം* പദ്ധതി, *ഖാദി കൈത്തറി യൂണിഫോം* പദ്ധതി, *സമ്പൂർണ കായികക്ഷമതാ* പദ്ധതി, കുട്ടികൾക്കുള്ള ഹെൽത്ത് കാർഡ് പദ്ധതി. വിദ്യാലയകൃഷി, ചൈൽഡ് സെൻസസ്, സ്കൂൾ ശുചിത്വ പദ്ധതി തുടങ്ങിയ നിരവധി പദ്ധതികൾ മുന്നോട്ട് കൊണ്ടുപോകാൻ ആയിട്ടുണ്ട്. പ്രൊഫഷണൽ മേഖലയിൽ കൂടുതൽ സർക്കാർ നിയന്ത്രണം കൊണ്ടുവരുവാനും ചൂഷണം കുറയ്ക്കുവാനും കഴിയുന്നതരത്തിൽ പ്രവേശന നടപടികൾ ക്രമീകരിച്ചു. വലിയ ഒരു മുന്നേറ്റം നടത്താനായത് ഉന്നതവിദ്യാഭ്യാസമേഖലയിലാണ്. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ നിർദേശങ്ങൾ നടപ്പാക്കാൻ ആരംഭിച്ചു. കോളേജുകളിലെ അധ്യാപകനിയമനം വർഷങ്ങൾക്കുശേഷം വീണ്ടും തുടങ്ങി. സെമസ്റ്റർ സമ്പ്രദായം ആരംഭിച്ചു. ഉന്നതവിദ്യാഭ്യാസരംഗത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് തുടങ്ങി നിരവധി സ്ഥാപനങ്ങൾ പ്രവർത്തനമാരംഭിച്ചത് ഈ വർഷമാണ്.

സാംസ്കാരികമേഖലയിൽ ഏകോപിതമായ പ്രവർത്തനമാണ് നടക്കുന്നത്. എല്ലാ സാംസ്കാരികസ്ഥാപനങ്ങളും ഇന്ന് സജീവമാണ്. കലാകാരൻമാർക്കും സാംസ്കാരികപ്രവർത്തകർക്കും ക്ഷേമനിധി ആദ്യമായി ഏർപ്പെടുത്തി.

2008-ലെ വലിയ ഒരു സംഭവമാണല്ലോ പാഠപുസ്തകവിവാദം. വിവാദം ഉയർത്തിയവരുടെ ലക്ഷ്യം പരാജയപ്പെടുത്തിക്കൊണ്ട് പൊതുസമൂഹം സർക്കാരിനൊപ്പം നിന്നത് ചാരിതാർഥ്യ ജനകമാണ്. വിവാദം തള്ളിക്കളയാനല്ല, ഒരു വിദഗ്ധ സമതിയെകൊണ്ട് അന്വേഷിപ്പിച്ച് നിർദേശങ്ങൾ സ്വീകരിക്കുവാനും പാഠ്യപദ്ധതി പരിഷ്കരണ പ്രക്രിയെ ആ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുവാനുമാണ് സർക്കാർ ശ്രമിച്ചത്.

ഈ ചാരിതാർഥ്യത്തിനിടയിലും പ്രതിലോമശക്തികളുടെ ആക്രമത്തിന് ഇരയായി ജീവൻ വെടിയേണ്ടിവന്ന ജയിംസ് അഗസ്റ്റിൻ ഒരു വേദനയായി മനസ്സിൽ ഉയരുന്നു. ആ ഓർമകൾക്കുമുന്നിൽ ഞാൻ നമ്രശിരസ്കനാകുന്നു.■

# ധനസ്ഥിതി മെച്ചപ്പെട്ടു, ഇനി വളരാനായി വ്യയം ചെയ്യാം





## എന്റെ വകുപ്പിൽ

**ഡോ. ടി. എം. തോമസ് ഐസക്**
ധനകാര്യ വകുപ്പ് മന്ത്രി

സംസ്ഥാന ധനസ്ഥിതിയിലും ധനമാനേജ്മെന്റിലും ഇടതുമുന്നണി സർക്കാർ കൈവരിച്ച നേട്ടങ്ങൾ പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. വരുമാനം വർധിപ്പിച്ചും ചെലവുചെയ്യലിന്റെ കാര്യക്ഷമത ഉയർത്തിയും ധനസ്ഥിതി മെച്ചപ്പെടുത്തുക എന്നതായിരുന്നു സർക്കാരിന്റെ ധനകാര്യ നയം. റവന്യൂ കമ്മി ഇല്ലാതാക്കുന്നത് ചെലവുകൾ വെട്ടിക്കുറച്ചുകൊണ്ടല്ല, മറിച്ച് വരുമാനം വർധിപ്പിച്ചുകൊണ്ടായിരിക്കണം എന്നായിരുന്നു സമീപനം. എന്നാൽ മൂലധനച്ചെലവുകൾക്ക് പരിധി ഏർപ്പെടുത്തില്ല എന്ന സമീപനവും സ്വീകരിച്ചു. രണ്ടു വർഷത്തിനിപ്പുറം പരിശോധിക്കുമ്പോൾ ഒരു കാര്യം വ്യക്തമാണ്. **വ്യക്തമായ ദിശാബോധം ആശാസ്യമായ ഫലങ്ങളുണ്ടാക്കിത്തുടങ്ങി. തനതു നികുതി വരുമാനം മുൻകാലങ്ങളിലെ 10–11 ശതമാനത്തിന്റെ സ്ഥാനത്ത് 20 ശതമാനം വളർച്ച കൈവരിക്കാനായി.**

വാണിജ്യനികുതി വകുപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ നികുതി പിരിവിന്



**ഭാഗ്യക്കുറിവകുപ്പ് പുറത്തിറക്കിയ 20–50 ലോട്ടറിടിക്കറ്റ് വിൽപ്പന ധനകാര്യമന്ത്രി ഡോ.ടി.എം.തോമസ് ഐസക് ഉദ്ഘാടനം ചെയ്യുന്നു.**

ആക്കംകൂട്ടി. വകുപ്പിൽ കൂടുതൽ പരിഷ്കാരങ്ങൾ ഉടൻ ഉണ്ടാവും. വാളയാറിൽ ഏകീകൃത ചെക്ക്പോസ്റ്റ് കൊണ്ടുവരുന്നതിന്റെ ഭാഗമായി വേബ്രിഡ്ജുകളുടെ നിർമാണം, അഴിമതിരഹിത വാളയാർ പദ്ധതിയുടെ മാതൃകയിൽ മഞ്ചേശ്വരം, മുത്തങ്ങ, ആര്യങ്കാവ് ചെക്ക്പോസ്റ്റുകളുടെ പരിഷ്കരണം എന്നിവ ഈ വർഷം പൂർത്തിയാക്കും.

ഭാഗ്യക്കുറി വകുപ്പ് കഴിഞ്ഞവർഷം 46 ശതമാനം വളർച്ചയാണ് കൈവരിച്ചതെങ്കിൽ നടപ്പുവർഷം ഇതുവരെ ഉള്ള വളർച്ച 59 ശതമാനമാണ്. വകുപ്പിന് കൂടുതൽ സ്വയംഭരണവും അധികാരവും നൽകി. നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കംപ്യൂട്ടർവത്കരണം പൂർത്തിയായി. വില്പനയിലുണ്ടായ വർധന ഈ നവീകരണത്തിന്റെ കൂടി ഫലമാണ്. ലോട്ടറി വിൽപ്പനക്കാർക്കും ഏജന്റുമാർക്കും

ക്ഷേമനിധി ഈ വർഷം നിലവിൽ വന്നു.

അനിവാര്യ ചെലവുകളിൽ ഒരു നിയന്ത്രണവും വരുത്താതെ റവന്യൂകമ്മി പൂജ്യമാക്കുന്നതിനുള്ള മാർഗരേഖ ബഡ്ജറ്റിനോടൊപ്പം അവതരിപ്പിച്ചു. **സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ക്ഷാമബത്ത കുടിശ്ശിക, കരാറുകാരുടെ കുടിശ്ശിക എന്നിവ തീർത്തു. വിവിധ ക്ഷേമപെൻഷൻ തുക വർദ്ധിപ്പിക്കുകയും കുടിശിക തീർക്കുകയും ചെയ്തു. അടച്ചുപൂട്ടാനിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പുനരുദ്ധരിച്ചു പ്രവൃത്തിക്കാൻ ബഡ്ജറ്റ് സഹായം നൽകി.** പരമ്പരാഗത വ്യവസായങ്ങൾക്ക് ചരിത്രത്തിലെ ഏറ്റവും ഉയർന്ന ബഡ്ജറ്റ് വിഹിതം ഈ രണ്ടുവർക്കാലത്തിനിടയിൽ ഉണ്ടായി. കാർഷിക മേഖലയ്ക്കും പൊതുവിതരണ ശൃംഖലയ്ക്കും ഏറ്റവുമുയർന്ന ബഡ്ജറ്റ് സഹായം നൽകി. സ്കൂളുകളിലും കോളേജുകളിലും സ്ഥിരം അധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ചു. യൂണിവേഴ്സിറ്റികളുടെ പദ്ധതിവിഹിതത്തിൽ ഗണ്യമായ വർധനവ് വരുത്തി. വിലക്കയറ്റം തടയുവാൻ മാർക്കറ്റിൽ ഇടപെടുന്നതിന് വിഭവ പരിമിതി തടസ്സമായില്ല.

ധനസ്ഥിതി മെച്ചപ്പെടുന്ന പശ്ചാത്തലത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തതിനേക്കാൾ കൂടുതൽ മൂലധനച്ചെലവ് ഏറ്റെടുക്കാൻ സർക്കാർ തയ്യാറെടുക്കുകയാണ്. ഇതിന് നബാർഡിന്റെയും മറ്റും പ്രത്യേക പാക്കേജിന് അംഗീകാരം നേടി. ഗ്രാമീണ കുടിവെള്ള പദ്ധതികൾ, ഹാർബറുകൾ, മേൽപ്പാലങ്ങൾ, പ്രധാന റോഡുകൾ എന്നിവയ്ക്കെല്ലാമായി വലിയൊരു തുക നടപ്പുവർഷംതന്നെ വിനിയോഗിക്കും. പ്രവർത്തന മൂലധനത്തിനും വിപുലീകരണത്തിനും ലോൺ എടുക്കുതിന് കെ.എസ്.ആർ.ടി.സി, ജല അതോറ്റി എന്നിവയുടെ കടം എഴുതിതള്ളി.

വിവിധ വകുപ്പുകളുടേയും വകുപ്പധ്യക്ഷന്മാരുടേയും ധനപരമായ അധികാരം ഉയർത്തിക്കൊണ്ട് ഭരണപരിഷ്കാര പ്രക്രിയയ്ക്ക് ധനവകുപ്പ് നടപടികൾ ഈ വർഷം തുടക്കമിട്ടു..

കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ സംസ്ഥാനങ്ങൾക്ക് അനുകൂലമായ അടിസ്ഥാനപരമായ പൊളിച്ചെഴുത്ത് ഉണ്ടാകണമെന്ന കേരളത്തിന്റെ നിലപാട് ദേശവ്യാപകമായി ശ്രദ്ധിക്കപ്പെടുകയും പരിഗണിക്കപ്പെടുകയും ചെയ്യുന്നു.

നിശ്ചിത സമയപരിധിക്കുള്ളിൽ കാര്യക്ഷമമായ സേവനം ഉറപ്പുനൽകുന്ന പൗരാവകാശ രേഖ സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും പ്രസിദ്ധപ്പെടുത്തി. ഇതിന്റെ പ്രവർത്തനക്ഷമത ജനകീയ വിലയിരുത്തലിന് വിധേയമാക്കാൻ സംസ്ഥാനത്തുടനീളം നടത്തിയ സോഷ്യൽ ഓഡിറ്റ് ഈ മാസം കൊണ്ടു പൂർത്തിയാകും.

ചരിത്രത്തിലെ ഏറ്റവും വലിയ വളർച്ചയുടെ പാതയിലാണ് കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്. തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ഈ പൊതുമേഖലാ ധനകാര്യ സ്ഥാപനത്തിന് പൂർണമായ പ്രവർത്തന സ്വാതന്ത്ര്യം അനുവദിച്ചുനൽകി. വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഇ മാനേജ്മെന്റിനെ പ്രൊഫഷണലൈസ് ചെയ്യുന്നതിനുള്ള അംഗീകാരവും സർക്കാർ നൽകിക്കഴിഞ്ഞു. ഈ കമ്പനിയുടെ അറുപത് ബ്രാഞ്ചുകൾ പൂർണമായും കംപ്യൂട്ടർവത്കരിച്ചുകഴിഞ്ഞു. 250 ബ്രാഞ്ചുകളുടേയും കമ്പ്യൂട്ടർവത്കരണം ഈ സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തിയാകും. കെ.എഫ്.സി.യുടെയും മുഖം മാറുകയാണ്. മുൻകാലങ്ങളിൽ വരുത്തിവച്ച ജഡഭാരങ്ങൾ ഒഴിവാക്കി കേരളത്തിലെ ചെറുകിട - ഇടത്തരം വ്യവസായങ്ങളുടെ അത്താണിയാക്കി ഈ സ്ഥാപനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ഫലംകണ്ടുതുടങ്ങി.

ആധുനികവത്കരിക്കുതിനും കാര്യക്ഷമത കൈവരിക്കുന്നതിനും ഉതകുന്ന ദീർഘകാല പ്രവർത്തനങ്ങൾ ചിട്ടയായി തുടർന്നും സംഘടിപ്പിക്കുകയെന്നതാണ് ലക്ഷ്യം.■

# വീണ്ടെടുപ്പിന്റെ വർഷം

സർക്കാർ ആശുപത്രികളിൽ മരുന്ന് ക്ഷാമം എന്ന പല്ലവിക്ക് വിരാമമിടുവാൻ കഴിഞ്ഞുവെന്നത് തന്നെയാണ് 2008-ൽ ആരോഗ്യ വകുപ്പിൽ നടപ്പാക്കിയ ഏറ്റവും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൊന്ന്. സുതാര്യവും കാര്യക്ഷമവുമായി മരുന്ന് വിതരണം നടത്തുന്നതിന് രൂപീകരിച്ച കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ജനങ്ങളുടെ അംഗീകാരം പിടിച്ചുപറ്റിക്കഴിഞ്ഞു. പൊതുവിപണിയിൽ 30-40 ശതമാനം മരുന്ന് വില വർധിച്ചിട്ടും മൂന്ന് വർഷം മുമ്പത്തെക്കാൾ 11.68 ശതമാനം കുറഞ്ഞനിരക്കിൽ മരുന്ന് വാങ്ങുന്നു. അവശ്യ മരുന്നുകളുടെ ലിസ്റ്റിൽപ്പെട്ട മുഴുവൻ മരുന്നുകളും സർക്കാർ ആശുപത്രികളിൽ ഇന്ന് ലഭ്യമാണ്.

115 സാമൂഹ്യാരോഗ കേന്ദ്രങ്ങളെ ദേശീയ പൊതു ജനാരോഗ്യ നിലവാരത്തിലേക്ക് ഉയർത്തുന്ന പദ്ധതിക്ക് തുടക്കം കുറിച്ചതും ഈവർഷമാണ്. പകുതിയോളം സി.എച്ച്.സി-കളുടെ പദവി ഉയർത്തൽ പൂർത്തിയാവുന്നു. അവശേഷിക്കുന്നവയും ഉടൻ പൂർത്തിയാക്കും. സുനാമി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി തീരദേശത്തെ ആശുപത്രികൾ നവീകരിക്കുന്ന പ്രവൃത്തികൾക്കും ഈ വർഷം തുടക്കം കുറിച്ചു. തിരുവനന്തപുരം മെഡിക്കൽകോളേജിൽ 120 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ തുടങ്ങി. അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിലും അത്യാധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചു.

2006 മെയ് 18-ന് ശേഷം ഇതുവരെയായി 9755 പേർക്ക് ആരോഗ്യ വകുപ്പിൽ സ്ഥിര നിയമനം നൽകി. തസ്തികകൾ ഒഴിവു വരുന്ന മുറയ്ക്ക് തന്നെ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത് നിയമനം നടത്തുവാൻ






# എന്റെ വകുപ്പിൽ

**പി.കെ.ശ്രീമതി ടീച്ചർ**
ആരോഗ്യ-സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി

നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഇത്രയും പേർക്ക് സ്ഥിരം നിയമനം നൽകുവാൻ കഴിഞ്ഞത്.

പുതിയ പി.എസ്.സി ലിസ്റ്റിൽ നിന്നും ആയിരത്തോളം ഡോക്ടർമാരെ പോസ്റ്റ് ചെയ്തു. അവരിൽ എല്ലാവരും ജോലിക്ക് ചേരാത്തതിനാൽ ചെയ്യാത്തതിനാൽ ഇപ്പോൾ 486 അസി.സർജൻമാരുടെയും 122 സിവിൽ സർജൻമാരുടേയും ഒഴിവുണ്ട്. ഇത് ആരോഗ്യമേഖലയെ ബാധിക്കാതിരിക്കുവാൻ നിർബന്ധിത ഗ്രാമീണ സേവനം, താത്കാലികനിയമനം എന്നിങ്ങനെയായി 919 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കി. രണ്ട് വർഷത്തിനകം 4688 പേർക്ക് പ്രമോഷൻ നൽകി.

ഡോക്ടർമാർ, നഴ്സുമാർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് ഉൾപ്പെടെ 2,773 ജീവനക്കാർ വിവിധ ആശുപത്രികളിലായി എൻ.ആർ.എച്ച്.എം മുഖേന കരാർ അടിസ്ഥാനത്തിൽ തസ്തികക്ക് പുറമെ ജോലി ചെയ്യുന്നു.



**പൂജപ്പുര സെൻട്രൽ ജയിലിലെ ജ്യോതിഷ് കൗൺസലിങ് ആന്റ് ടെസ്റ്റിങ് കേന്ദ്രത്തിന്റെ ഉദ്ഘാടനം ആരോഗ്യമന്ത്രി പി.കെ.ശ്രീമതി ടീച്ചർ നിർവഹിക്കുന്നു.**

സ്കൂൾ വിദ്യാർഥികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യ പരിരക്ഷ ലക്ഷ്യമിട്ട് ആരോഗ്യ, വിദ്യാഭ്യാസ വകുപ്പുകൾ സംയുക്തമായി വിദ്യാലയ ആരോഗ്യ പരിപാടിക്ക് ഈ വർഷം തുടക്കം കുറിച്ചു. സംസ്ഥാനത്ത് ഓരോ പഞ്ചായത്തിലേയും തെരഞ്ഞെടുക്കപ്പെട്ട ഒരു വിദ്യാലയം എന്ന തോതിലും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി പരിധിയിലുള്ള വിദ്യാലയങ്ങളിലുമായി 1100 സ്കൂളുകളിൽ ആദ്യഘട്ടത്തിൽ പദ്ധതി നടപ്പാക്കും. മൈനസ്-2 ടു പ്ലസ്-2 എന്നറിയപ്പെടുന്ന പദ്ധതിയിൽ പ്രീപ്രൈമറി തൊട്ട് പ്ലസ്ടു വരെയുള്ള വിദ്യാർഥികളെയാണ് ഉൾപ്പെടുത്തുന്നത്. കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ ആരോഗ്യത്തെക്കുറിച്ചുള്ള സമ്പൂർണമായ ഒരു റെക്കോർഡ് എന്നതിലുപരി ആധികാരികമായ വിടുതൽ സർട്ടിഫിക്കറ്റ് കൂടിയായി ഇത് ഉപയോഗിക്കും.

## സാമൂഹ്യക്ഷേമ വകുപ്പ്

സാമൂഹ്യക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള സാമൂഹ്യ സുരക്ഷാ മിഷൻ രൂപീകരിച്ചു. 18 വയസിന് താഴെയുള്ള പാവപ്പെട്ട ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സ ഉൾപ്പെടെയുള്ള പദ്ധതികൾ തുടങ്ങി. മാറാരോഗം വന്ന് കഷ്ടപ്പെടുന്ന പാവപ്പെട്ട രോഗികളെ സംരക്ഷിക്കുന്നതിന് ലോകത്തിനാകെ മാതൃകയായി സാന്ത്വന പരിചരണ നയം പ്രഖ്യാപിക്കുകയും അതനുസരിച്ചുള്ള സാന്ത്വന പരിചരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. ക്ഷേമപദ്ധതികളുടെ ഗുണഫലം വനിതകൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താനും കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുവാനും ജെൻഡർ അഡ്വൈസറി ബോർഡ് രൂപീകരിച്ചു. സ്ത്രീകൾക്കായി ഒരു വെബ് പോർട്ടൽ തുടങ്ങി. ക്ഷേമപെൻഷനുകൾ വർധിപ്പിച്ചു. വയോജന നയം പ്രഖ്യാപിച്ചു. വയോജനങ്ങൾക്കായി പകൽ പരിപാലന കേന്ദ്രങ്ങൾ തുടങ്ങി. ഗാർഹികാതിക്രമം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി 14 പ്രൊട്ടക്ഷൻ ഓഫീസർമാരെ നിയോഗിച്ചു. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ക്ഷേമത്തിനായി കിശോരി ശക്തി യോജന നടപ്പാക്കി.■






എന്റെ വകുപ്പിൽ

**എ.കെ. ബാലൻ**
**പട്ടിക-പിന്നോക്ക വിഭാഗ ക്ഷേമ / വൈദ്യുതി വകുപ്പ് മന്ത്രി**

# വികസനത്തിന് പുതിയ വെളിച്ചം

**പിന്നോക്ക-പട്ടികസമുദായ ക്ഷേമം**

പൊതുസമൂഹത്തിൽനിന്നും പാർശ്വവൽക്കരിക്കപ്പെട്ട പട്ടിക സമുദായ വിഭാഗങ്ങളുടെ വികസനം യാഥാർത്ഥ്യമാക്കുവാനായുള്ള പദ്ധതി പ്രവർത്തനങ്ങളിൽ ത്വരിതവും ഗുണപ്രദവുമായ മാറ്റങ്ങൾ വരുത്തുവാൻ കഴിഞ്ഞു എന്നതാണ് 2008 ന്റെ പ്രത്യേകത. ഇവരുടെ പാരമ്പര്യവും തനത് സംസ്കാരവും സംരക്ഷിച്ചുകൊണ്ട് വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ മേഖലകളിൽ വികസനം സാദ്ധ്യമാക്കാനും പാർപ്പിട- ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനുമാണ് 2008 ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ പ്രാമുഖ്യം നൽകിയത്.

**വികസനഫണ്ട് യഥാസമയം ചെലവഴിക്കാതെ പാഴാക്കുന്ന പ്രവണത ഇല്ലതാക്കി. പട്ടികജാതി വികസന ഫണ്ട് 97% വും പട്ടികവർക്ഷ വികസന ഫണ്ട് 93% വും ചെലവഴിച്ചു പദ്ധതി നിർവ്വഹണത്തിൽ 2008 മാതൃകയായി.** പട്ടിക-പിന്നാക്ക വിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം തുറക്കുക എന്നതാണ് ഇവരുടെ പിന്നോക്കാവസ്ഥക്കുള്ള പരിഹാര മാർഗം. സാർവ്വത്രിക വിദ്യാഭ്യാസവും വിദ്യാഭ്യാസത്തിനുള്ള അവസരവും ലഭ്യ മാക്കുക എന്ന സമീപനമാണ് എസ്.സി/എസ്.ടി വകുപ്പ് കൈക്കൊ ള്ളുന്നത്. വിദ്യാഭ്യാസാനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കുകയും കുടിശിക ഇല്ലാതെ നൽകുകയും ഹോസ്റ്റൽ അന്തേവാസികൾക്കുള്ള ഭക്ഷണ ചെലവിനുള്ള തുക വർദ്ധിപ്പിച്ചു നൽകുകയും ചെയ്തു. ഹോസ്റ്റലുകളുടെ നവീകരണത്തിനായി 13 കോടി രൂപ 2008 ൽ ചെലവഴിച്ചു. ഒട്ടേറെ പുതിയ പ്രൊഫഷണൽ/സ്വാശ്രയ കോഴ്സുകൾക്ക് ആനുകൂല്യം നൽകി. സംസ്ഥാന പട്ടികജാതി പട്ടികവർഗ കമ്മിഷൻ രൂപീകരിച്ചു. നവോത്ഥാന നായകനായ അയ്യൻ കാളിക്ക് ശാശ്വതമായ ഒരു സ്മാരകം സ്ഥാപിച്ചു. 5 കോടി രൂപ ചെലവിൽ നിർമിച്ച പട്ടികജാതി വികസന ഓഫീസ് സമുച്ചയത്തിന് അയ്യൻകാളി ഭവൻ എന്ന് നാമകരണം ചെയ്തു. ഇന്ത്യയിലാദ്യമായി കേരളത്തിൽ മുഴുവൻ പട്ടികവർഗ വിഭാഗങ്ങൾക്കുംവേണ്ടി സമ്പൂർണ്ണ സൗജന്യ ചികിത്സാ പദ്ധതിയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയും ആരംഭിച്ചു.

ഭവന നിർമ്മാണധനസഹായ തുക വർദ്ധിപ്പിച്ചു. പട്ടികജാതി പട്ടിക വർഗ വിഭാഗത്തിലെ 23,010 കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധന സഹായം അനുവദിച്ചു. വരുന്ന 2 വർഷങ്ങൾക്കുള്ളിൽ മുഴുവൻ ഭൂരഹി



ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ പൗരാവകാശരേഖ പട്ടിക-പിന്നോക്ക വിഭാഗ ക്ഷേമ-വൈദ്യുതിമന്ത്രി എ.കെ.ബാലൻ പ്രകാശനം ചെയ്യുന്നു.

തർക്കും ഭൂമിയും ഭവനരഹിതർക്ക് ഭവനവും നൽകുന്നതിന് 1400 കോടി രൂപയുടെ ബൃഹത് പദ്ധതിക്ക് രൂപം നൽകി. ആദിവാസി ഭൂപ്രശ്നം പരിഹരിക്കുന്നതിനായി വനാവകാശ നിയമം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുകയും വനാവകാശ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. പട്ടിക-പിന്നാക്ക വിഭാഗങ്ങളുടെ മനസ്സിൽ വികസനത്തിന്റെ പുതിയ ദിശാബോധവും പ്രതീക്ഷയും പകരുവാൻ 2008 ൽ കഴിഞ്ഞു എന്നത് ചാരിതാർത്ഥ്യജനകം തന്നെ.

### വൈദ്യുതി രംഗം

ജീവന് പ്രാണവായു എന്ന പോലെയാണ് ആധുനിക സമൂഹത്തിന്റെ നിലനിൽപ്പിന് വൈദ്യുതി. 2008 ൽ ലോകത്താകെ ഏറ്റവുമധികം ചർച്ച ചെയ്യപ്പെടുന്നതും വൈദ്യുതി പ്രതിസന്ധിതന്നെ. ആഗോള നിബന്ധനകൾക്കുവഴങ്ങി ഊർജ്ജ മേഖലയെ പൂർണ്ണമായും സ്വകാര്യവത്കരിക്കുന്നതിനുള്ള നയങ്ങളാണ് കേന്ദ്രസർക്കാർ നിർബന്ധപൂർവ്വം നടപ്പിലാക്കുന്നത്. എന്നാൽ വൈദ്യുതി ബോർഡിനെ വിഭജിച്ച് കമ്പനികളാക്കണമെന്ന കേന്ദ്രസർക്കാർ നിബന്ധനയോട് ചെറുത്തുനിന്ന് വൈദ്യുതി ബോർഡിനെ ഒന്നിച്ചു നിർത്തി പൊതുമേഖലയിൽ സംരക്ഷിക്കാനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചു. **10 വർഷത്തിനുള്ളിൽ 3000 മെഗാവാട്ട് ഉത്പാദന വർദ്ധനവിന് നടപടികൾ സ്വീകരിച്ചു. ഒറീസ്സയിൽ 1000 മെഗാവാട്ടിന്റെ താപവൈദ്യുതി നിലയത്തിന് കമ്പനി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കാറ്റാടി നിലയങ്ങളിൽ നിന്ന് 25 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിച്ചു.** 100 മെഗാവാട്ടായി വർദ്ധിപ്പിക്കാനുള്ള നടപടികളും ആരംഭിച്ചു. വൈദ്യുതി വിതരണ രംഗത്ത് റെക്കോഡ് വളർച്ചയാണ് 2008 ൽ കൈവരിച്ചത്. 23 സബ്സ്റ്റേഷനുകൾ, 3300 കി.മി. 11 കെ.വി ലൈൻ, 2800 ട്രാൻസ്ഫോർമറുകൾ എന്നിവ സ്ഥാപിച്ചു. വൈദ്യുതി ഓഫീസുകളിലെ കമ്പ്യൂട്ടർവത്കരണ നടപടികൾ മൈക്രോസോഫ്റ്റ് പ്ലാറ്റ്ഫോമിൽ നിന്ന് സ്വതന്ത്ര സാങ്കേതികവിദ്യയിലേക്ക് മാറ്റി. രാജ്യത്തിനാകെ മാതൃകയാവുന്ന ഒരു ഉപഭോക്തൃസൗഹൃദസ്ഥാപനമായി വൈദ്യുതി വകുപ്പിനെ മാറ്റാനുള്ള നടപടികൾക്ക് തുടക്കം കുറിച്ചതും 2008-ൽ തന്നെ.■



## എന്റെ വകുപ്പിൽ

**എസ്.ശർമ, ഫിഷറീസ് വകുപ്പ് മന്ത്രി**

# മത്സ്യോത്പാദനത്തിന് മുൻഗണന

മുതലാളിത്തലോകം വൻ സാമ്പത്തിക പ്രതിസന്ധിയിലേക്ക് മുതലക്കൂപ്പ് നടത്തിയ വർഷമാണ് 2008. ആഗോളവത്കരണ നടപടികളുടെ ഭാഗമായി ഏറെ പ്രയാസങ്ങൾ മത്സ്യമേഖലയ്ക്ക് അഭിമുഖീകരിക്കേണ്ടി വന്നു. വിദേശ ആഴക്കടൽ മത്സ്യബന്ധന കപ്പലുകളുടെ കടന്നുകയറ്റം, വിദേശ മത്സ്യങ്ങളുടെ ഇറക്കുമതി, സബ്സിഡി നിയന്ത്രണങ്ങൾ, തീരദേശ മാനേജ്മെന്റ് നിയമത്തിന്റെ മറവിൽ മത്സ്യത്തൊഴിലാളികളുടെ മീൻപിടിച്ച് ഉപജീവനം നടത്താനുള്ള പരമ്പരാഗത അവകാശങ്ങൾ കവർന്നെടുക്കൽ എന്നിങ്ങനെ ആഗോളതലത്തിലും ദേശീയ തലത്തിലുമുള്ള കടന്നാക്രമണങ്ങളെ പ്രതിരോധിച്ചുകൊണ്ട് മത്സ്യമേഖലയേയും മത്സ്യത്തൊഴിലാളി സമൂഹത്തേയും സംരക്ഷിക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകാനാണ് 2008 ൽ മുഖ്യമായും ശ്രമിച്ചത്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മത്സ്യത്പാദനം വർധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളിക്ഷേമം ഉറപ്പുവരുത്തുന്നതിനും അവരുടെ ജീവിത നിലവാരം ഉയർത്താനും ഒട്ടേറെ നടപടികൾക്ക് തുടക്കം കുറിച്ചു. മൂന്ന് പുതിയ നിയമങ്ങൾ പ്രാബല്യത്തിലാക്കി. കടക്കെണിയിൽ അകപ്പെട്ട് കഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമായി കടാശ്വാസ നിയമം, ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കാനായി



**മത്സ്യബന്ധനയാനങ്ങൾക്ക് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന ചടങ്ങ് ഫിഷറീസ് വകുപ്പ് മന്ത്രി എസ്.ശർമ ഉദ്ഘാടനം ചെയ്യുന്നു.**

മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശരഹിത വായ്പ, പീലിങ് തൊഴിലാളികൾക്ക് റിവോൾവിങ് ഫണ്ട്, മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ, സമഗ്ര തീരദേശ വികസന പരിപാടി നടപ്പിലാക്കുന്നതിന് തീരദേശ വികസന കോർപ്പറേഷൻ, ഉൾനാടൻ മത്സ്യോത്പാദനം വർധിപ്പിക്കുന്നതിനായി 700 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പാക്കുന്ന 'മത്സ്യകേരളം' പദ്ധതി ഇതെല്ലാം 2008 ലെ നേട്ടങ്ങളായി ഞാൻ കരുതുന്നു. മത്സ്യോത്പാദന രംഗത്ത് വർഷങ്ങളായി കേരളം നേരിടുന്ന മുരടിപ്പ് മാറ്റിയെടുക്കുന്നതിന് വിപുലമായ ഒരു ഉൾനാടൻ മത്സ്യോത്പാദന പരിപാടിക്ക് രൂപം നൽകാൻ കഴിഞ്ഞത് 2008 ലെ ഏറ്റവും പ്രധാന നേട്ടമാണ്. ഉൾനാടൻ മത്സ്യോത്പാദനം 0.75 ടണ്ണിൽ നിന്നും രണ്ടു ലക്ഷം ടൺ ആയി ഉയർത്തുകയാണ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. ആവശ്യക്കാരായ ഏവർക്കും ഗുണമേന്മയുള്ള മത്സ്യം നിർലോഭം ലഭ്യമാക്കാൻ പദ്ധതി ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന് മുന്തിയ പരിഗണനയാണ് നൽകുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൊയിലാണ്ടി, ചെല്ലാനം, ചെത്തി, അർത്തുങ്കൽ എന്നിവിടങ്ങളിൽ പുതിയ ഫിഷിങ് ഹാർബറുകളുടെ നിർമാണം ആരംഭിക്കുകയും കൂടാതെ പുതുതായി 10 ഫിഷിങ് ഹാർബറുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

ദാരിദ്ര്യത്തിന്റെ തുരുത്തുകളിൽ കഴിയുന്നവരും പാർശ്വവത്കരിക്കപ്പെട്ടവരുമായ മത്സ്യത്തൊഴിലാളി സമൂഹത്തെ പടിപടിയായി സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ധീരമായ നടപടികളുമായി മുന്നോട്ട് പോകുകയാണ്.






# എന്റെ വകുപ്പിൽ

**ജി. സുധാകരൻ**
സഹകരണം, കയർ, ദേവസ്വം വകുപ്പുമന്ത്രി

# ചാരിതാർത്ഥ്യജനകമായ നേട്ടങ്ങൾ

മനുഷ്യന്റെ കാലഗണനയുടെ ഒരു ചക്രംകൂടി തിരിഞ്ഞുമാറി പുതുവർഷത്തിലേക്ക് നാം കടക്കുകയാണ്. 2008-ൽ എന്റെ വകുപ്പുകൾ കർമനിരതമായിരുന്നു. ആസുരമായ ആഗോളവത്കരണ കിടമത്സരങ്ങളുടെ ഭാഗമായി എല്ലാ മൂല്യങ്ങളും 'റൊക്കം പണത്തിന്' വിൽക്കപ്പെടുന്ന കാലം. 'ആഗോളവത്കരണത്തിന് ബദലില്ല' എന്ന പ്രചാരണം. ഇതിനെല്ലാമിടയിൽ ഭൂമിയുടെ ഒരറ്റത്തുള്ള ചെറിയ സംസ്ഥാനത്ത് ആഗോളവത്കരണനയങ്ങൾക്കെതിരായ സാർത്ഥകമായ ബദൽ തേടുന്ന ഒരു സർക്കാരിലെ അംഗമെന്ന നിലയിൽ എന്റെ വകുപ്പിൽ ചാരിതാർത്ഥ്യജനകമായ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു.

കേരളീയ ജീവിതത്തിലെ സർവ്വതലസ്പർശിയായ സഹകരണമേഖലയെ എങ്ങനെ കൂടുതൽ ജനാധിപത്യവത്കരിക്കാം, അഴിമതി വിമുക്തമാക്കാം, പുത്തൻ മേഖലകളിലേക്ക് എവിടെയെല്ലാം കടന്നുചെല്ലാം... ഈ ശ്രമങ്ങളുടെ ഭാഗമായി സൈദ്ധാന്തികവത്കരണത്തിന് പകരം പ്രായോഗികപ്രവർത്തനങ്ങൾക്കാണ് എന്റെ വകുപ്പിൽ ശ്രമങ്ങൾ നടന്നത്. അതിനാലാണ് വിലക്കയറ്റം ആഗോളപ്രതിഭാസമാണെന്ന് പറഞ്ഞുനിൽക്കാതെ കൺസ്യൂമർഫെഡിനെ മുൻനിർത്തി എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും ആയിരക്കണക്കിന് വിലക്കയറ്റവിരുദ്ധ ചന്തകളും അരിക്കടകളും ഉയർന്നുവന്നത്; സ്വാശ്രയവിദ്യാഭ്യാസത്തിന്റെ തിന്മകൾക്ക് ബദലായി സഹകരണ മെഡിക്കൽ കോളേജും എൻജിനീയറിങ് കോളേജും സഹകരണമേഖലയിൽ ഉയർന്നുവന്നത്; പലിശരഹിത വായ്പയും കുറഞ്ഞ പലിശയ്ക്കുള്ള വായ്പകളുമായി കൃഷി പ്രോത്സാഹിപ്പിക്കാൻ സഹകരണ സ്ഥാപനങ്ങൾ മുന്നിട്ടിറങ്ങിയത്; ആരോഗ്യമേഖലയിൽ വ്യാപകമായി കൈവച്ചത്; ലോകത്തിന് തന്നെ മാതൃകയായ സാഹിത്യപ്രവർത്തക സഹകരണസംഘത്തെ നാശത്തിൽ നിന്ന് കൈപിടിച്ചുയർത്തുന്നതിനുള്ള ശക്തമായ നടപടികളെടുത്തത്; നിരവധി പുസ്തകങ്ങളുടെ പ്രകാശനം; സംസ്ഥാനത്തുടനീളം സഹകരണ ലൈബ്രറികൾ; ദുർബല വിഭാഗങ്ങളുടെ സഹകരണസംഘങ്ങളെ ശക്തമാക്കാൻ നടപടികൾ തുടങ്ങിയവയെല്ലാം കൈക്കൊണ്ടത്.

മഹാഭൂരിപക്ഷവും ഈശ്വരവിശ്വാസികളായ നാട്ടിൽ അവരുടെ നിഷ്കപടമായ ആരാധനകൾക്കുള്ള അവകാശം അംഗീകരിക്കുകയും ഭക്തരുടെ അർച്ചനകളിൽ കൈയിട്ട് വാരുന്ന കപട ഈശ്വരവിശ്വാസികളെ നിലയ്ക്ക് നിർത്തുകയും ചെയ്യാനാണ് ദേവസ്വം വകുപ്പ് ശ്രമിക്കുന്നത്. ദേവസ്വങ്ങൾ അഴിമതിരഹിതമാക്കുന്നതിനുള്ള സർക്കാരിന്റെ ഇടപെടലുകൾക്കും പ്രചാരണങ്ങൾക്കും വലിയതോതിലുള്ള




**സഹകരണ നവരത്ന ഭാഗ്യക്കുറി നറുക്കെടുപ്പ് സഹകരണ ദേവസ്വം മന്ത്രി ജി.സുധാകരൻ നിർവഹിക്കുന്നു.**


ജനപിന്തുണ ലഭിച്ചു. കപടസന്യാസിമാർ ജയിലിലായപ്പോൾ യഥാർത്ഥ സന്യാസിമാരെ വിളിച്ചുവരുത്തി അവരുടെ പ്രശ്നങ്ങൾ സഹിഷ്ണുതയോടെ കേട്ടു. മലബാർ ദേവസ്വം ബോർഡ് സാർത്ഥകമായി. ശബരിമല തീർത്ഥാടനം അവിഘ്നം, അനുസ്യൂതം തുടരുന്നു. യാതൊരു പരാതിയുമില്ലാതെ ഭക്തകോടികൾ സർക്കാർ ഒരുക്കിയ സൗകര്യങ്ങളിൽ വിശ്വാസമർപ്പിച്ച് അവിടേയ്ക്ക് ഒഴുകിയെത്തുന്നു.

കേരളത്തിന്റെ 'ദേശീയ വ്യവസായമായ' കയർ വ്യവസായരംഗത്തെ മെച്ചപ്പെടുത്തുവാനും ശക്തിപ്പെടുത്തുവാനുമുള്ള നടപടികൾ തുടർച്ചയായി സ്വീകരിച്ചു. കയർമേഖലയുടെ സമഗ്രമായ പുനഃസംഘാടനത്തിനായി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചു. ആധുനികവത്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു; കയർപിരി ഉത്പന്ന നിർമ്മാണ മേഖലകളിലെ തൊഴിലാളികളുടെ കൂലി ഗണ്യമായി വർദ്ധിപ്പിച്ചു; ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ചെറുകിട ഉത്പാദകരെ രക്ഷിക്കാൻ ക്രയവില സ്ഥിരതാപദ്ധതി വിജയകരമായി നടപ്പിലാക്കി; പെൻഷൻ അടക്കമുള്ള എല്ലാ ആനുകൂല്യങ്ങളും ഇരട്ടിയും അതിലധികവും വർദ്ധിപ്പിച്ച് നൽകി; ആഭ്യന്തരവിപണി വിപുലീകരിക്കാനുള്ള ശക്തമായ നടപടികൾ വഴി സംസ്ഥാനത്തെ 500 ഓളം പഞ്ചായത്തുകളിൽ സഹകരണസംഘങ്ങളിൽ കയർ പൊതുമേഖലാസ്ഥാപനങ്ങളുടെ വിൽപ്പനശാലകൾ ആരംഭിച്ചു; കയർ ഭൂവസ്ത്രം പ്രചാരണം ശക്തമായി.

ചെയ്തുതീർത്തജോലികളെക്കാളേറെ ചെയ്തുതീർക്കാനുള്ള ജോലികളുടെ വിഹ്വലതയാണ് അനുഭവപ്പെടുന്നത്. പക്ഷേ, **എല്ലാറ്റിനും മുകളിൽ വേതാളമായി തലകീഴായി തൂങ്ങിയാടുന്ന ബ്യൂറോക്രസിയെ ബന്ധിക്കാതെ കേരളീയ സമൂഹത്തിന് പുരോഗമിക്കാനാവില്ല എന്ന തിരിച്ചറിവ് ഓരോ മലയാളിക്കും ഉണ്ടാകണം. അതിനായി പല അപ്രിയസത്യങ്ങളും ഉറക്കെ പറയേണ്ടിവരും. അത് പലരെയും അലോസരപ്പെടുത്തുകയും ചെയ്യും.** പക്ഷേ മഹാനായ റഷ്യൻ കവി അലക്സാണ്ടർ പുഷ്കിന്റെ വരികൾ 2009 ലെ മുന്നേറ്റത്തിന് ഊർജ്ജം പകരും.■

# പൊതുമേഖല കരുത്തറിയിച്ച വർഷം



## എന്റെ വകുപ്പിൽ

**എളമരം കരീം**
വ്യവസായ വകുപ്പു മന്ത്രി

കേരളത്തിന്റെ വ്യവസായവികസന ചരിത്രത്തിൽ ഓർമിക്കപ്പെടുന്ന ഒരു വർഷമാണ് 2008. **ലോക സമ്പദ്‌വ്യവസ്ഥയാകെ തകർന്നടിഞ്ഞപ്പോഴും ഇന്ത്യ തലയുയർത്തി നിന്നത് പൊതുമേഖലയുടെ കരുത്തിലാണെന്ന് മുഴുവൻ വിദഗ്ദ്ധരും സമ്മതിക്കുമ്പോൾ, പൊതുമേഖലാവ്യവസായ രംഗത്ത് കുതിപ്പിന്റെ വിസ്മയം തീർത്ത് കേരളം മുമ്പേ പറക്കുകയായിരുന്നു. ഇനി പ്രതീക്ഷ വേണ്ട, വിറ്റുതുലച്ചേക്കാം എന്ന് അധികൃതർ വിധിക്കുകയും തൊഴിലാളികൾ നിരാശയോടെ സ്വയം പിരിയുകയും ചെയ്തിരുന്ന അവസ്ഥയിൽ നിന്ന് കേരളത്തിലെ പൊതുമേഖല വീണ്ടെടുക്കപ്പെട്ടിരിക്കുന്നു.** ഏറെക്കാലത്തിനു ശേഷം വളർച്ചയും ലാഭവും ലാഭവിഹിതവും ശമ്പളപരിഷ്കരണവും കുടിശിക ശമ്പള വിതരണവും പ്രത്യേക ആനുകൂല്യങ്ങളും ഒക്കെയായി ഈ രംഗം ഉണർന്നിരിക്കുന്നു.

ഈ വർഷം പൊതുമേഖലയിലുണ്ടായത് ചരിത്രവിസ്മയങ്ങളാണ്. വർഷങ്ങളായി നഷ്ടത്തിലായിരുന്ന തിരുവനന്തപുരത്തെ കെൽടെക് കേന്ദ്ര പ്രതിരോധ വകുപ്പിന് കീഴിലെ ബ്രഹ്മോസ് എയ്റോസ്പേസ് ഏറ്റെടുത്തു. കാസർകോഡ് എച്ച്.എ.എല്ലിന്റെ സ്ട്രാറ്റജിക് ഇലക്ട്രോണിക് യൂണിറ്റിനും കളമശ്ശേരി ബി.ഇ.എൽ പ്രൊഡക്ഷൻ സപ്പോർട്ട് സെന്ററിനും തറക്കല്ലിട്ടതും കണ്ണൂർ മാങ്ങാട്ടുപറമ്പിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി (നിഫ്റ്റ്) യുടെ ഇന്ത്യയിലെ ഒൻപതാമത് കേന്ദ്രത്തിന്റെ തുടക്കം കുറിച്ചതും കോഴിക്കോട്ടെ സ്റ്റീൽ കോംപ്ലക്സ് ലാഭത്തിലാക്കിയതും സെയിലുമായി കരാർ ഒപ്പുവച്ചതും കഴിഞ്ഞ വർഷമാണ്. 2006 ലെ 12 ൽ നിന്നും 2008 ൽ 27 പൊതുമേഖലാ സ്ഥാപനങ്ങൾ നമുക്ക് ലാഭത്തിലാക്കാൻ കഴിഞ്ഞു. സംരക്ഷിക്കുക, നിലനിൽക്കുക എന്നതായിരുന്നു 2006-07 ൽ ലക്ഷ്യമെങ്കിൽ 2007 - 08 ൽ പുനരുദ്ധരിക്കുക, ആധുനികവത്കരിക്കുക എന്ന ലക്ഷ്യം വച്ചാണ് പൊതുമേഖലയെ മുന്നോട്ട് നയിച്ചത്. ട്രിവാൻഡ്രം സ്പിന്നിങ് മിൽ തുറന്നതും കെ.എസ്.ഡി.പിയുടെ നവീകരണവുമൊക്കെ കഴിഞ്ഞ വർഷത്തെ നേട്ടങ്ങളാണ്.

പരമ്പരാഗത വ്യവസായ മേഖലയിൽ

കഴിഞ്ഞ വർഷം വൻകുതിപ്പാണ് നടത്തിയത്. കൈത്തറി, ഖാദി, ബാംബു തുടങ്ങി എല്ലാ മേഖലകളിലും ഉത്പാദന-വിപണന വർദ്ധനവുണ്ടായി. യു.ഡി.എഫ് സർക്കാർ നിർത്തലാക്കിയ പ്രൈസ് പ്രിഫറൻസ് പുന:സ്ഥാപിച്ചത് ഈ മേഖലയിൽ മാറ്റമുണ്ടാക്കി. ചെറുകിട വ്യവസായ രംഗത്ത് 16,000-ൽപരം പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള സാദ്ധ്യതകൾ പഠനത്തിലൂടെ കണ്ടെത്തി. ഇവ യാഥാർത്ഥ്യമാക്കാനുള്ള ശ്രമം നടക്കുന്നു. പീഡിതങ്ങളായ ചെറുകിട വ്യവസായങ്ങൾ പുനരുദ്ധരിക്കാൻ സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്ന പദ്ധതിയും മികച്ച വിജയമാണ്. വ്യാപാരമേളകളും ഫെസ്റ്റുകളും വില്പന ത്വരിതപ്പെടുത്തി. ബാംബൂ ഫെസ്റ്റ്, മലബാർ ക്രാഫ്റ്റ് മേള, ബേപ്പൂർ ഫെസ്റ്റ്, ഷോപ്പിങ് ഫെസ്റ്റിവൽ, ബയർ സെല്ലർ മീറ്റ് തുടങ്ങിയവയൊക്കെ ഉദാഹരണങ്ങൾ. ബാംബു കോർപ്പറേഷൻ വയനാട്ടിൽ ബാംബു പ്രോസസിങ് യൂണിറ്റും അങ്കമാലിയിൽ പ്ലാറ്റ്ഫ് ബാംബു ബോർഡ് നിർമാണ യൂണിറ്റും ആരംഭിച്ചു. ചൈനീസ് ടെക്നോളജി ഉപയോഗിച്ച് ബാംബൂ ടൈൽ നിർമിക്കാനുള്ള തീരുമാനം കൈക്കൊണ്ടതും കഴിഞ്ഞ വർഷമാണ്. *കേരളത്തനിമയ്ക്ക് കൈത്തറി* പോലുള്ള പദ്ധതികൾ ലക്ഷ്യം കണ്ടു. പയ്യന്നൂരിൽ ഖാദി സുവർണ ജൂബിലി മന്ദിരത്തിന് തറക്കല്ലിട്ടതും കണ്ണൂരിൽ ദിനേശ് ബീഡി വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ഗാർമെന്റ്സ് യൂണിറ്റ് ആരംഭിച്ചതും 2008 ലെ മികച്ച നേട്ടങ്ങളാണ്. 10000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപത്തിനുള്ള ധാരണ ഉണ്ടായി.

പ്രതികൂല സാഹചര്യങ്ങൾ നിരവധിയുണ്ടെങ്കിലും വ്യവസായ വളർച്ചയുടെ കാര്യത്തിൽ വളരെയധികം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞ വർഷമായിരുന്നു 2008. ഈ സാഹചര്യം വരും വർഷങ്ങളിൽ കൂടുതൽ സഹായകരമാകും എന്നാണ് എന്റെ വിശ്വാസം.■




**സെയിലും സ്റ്റീൽ കോംപ്ലക്സും സംയുക്ത സംരംഭം ആരംഭിക്കുന്നതിന് ഒപ്പിട്ട കരാർ വ്യവസായവകുപ്പുമന്ത്രി എളമരം കരീമിന്റെ സാന്നിദ്ധ്യത്തിൽ കൈമാറുന്നു.**






## എന്റെ വകുപ്പിൽ

**എം. വിജയകുമാർ**
നിയമ-പാർലമെന്ററികാര്യ മന്ത്രി

# കേരളം കുതിക്കുന്നു

സംസ്ഥാനത്തെ നിയമങ്ങൾ പരിഷ്കരിക്കുന്നതിനായി ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ അദ്ധ്യക്ഷനായി നിയമ പരിഷ്കരണ കമ്മിഷൻ രൂപീകരിച്ചു. കോടതി കേസുകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് ഓൺ ലൈൻ മോണിറ്ററിങ് സമ്പ്രദായം നടപ്പിലാക്കി. തിരുവനന്തപുരത്ത് ഫയലിങ് അധികാരത്തോടു കൂടി ഒരു ഹൈക്കോടതി ബഞ്ചിനുവേണ്ടിയുള്ള ശ്രമം ഏതാണ്ട് അവസാന ദിശയിലാണ്. ഭാരതത്തിൽ ആദ്യമായി ബൗദ്ധിക സ്വത്തവകാശ നയരേഖ പ്രസിദ്ധീകരിച്ചത് ഈ സർക്കാരാണ്. പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് പുനഃസംഘടിപ്പിച്ചു പ്രമുഖരായ വ്യക്തികളുടെ സ്മാരക പ്രഭാഷണങ്ങൾ സെമിനാറുകൾ, ലീഗൽ ഡ്രാഫ്റ്റിങ്ങിനുള്ള കോഴ്സുകൾ സാമാജികർക്ക് തുടർ പരിശീലന പരിപാടി എന്നിവ സജീവമായി നടന്നുവരുന്നു.



**രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ ആദ്യബാച്ചിന്റെ സ്റ്റുഡൻസ് ലൈസൻസ് വിതരണം നിയമ-പാർലമെന്ററി കാര്യമന്ത്രി എം. വിജയകുമാർ നിർവഹിക്കുന്നു.**

കായിക കേരളത്തിന്റെ കുതിപ്പിനു സഹായിക്കുന്ന കുറെ പരിപാടികൾ 2008 ൽ ആരംഭിക്കാനായത് ഏറെ ചാരിതാർത്ഥ്യമുണ്ടാക്കുന്ന കാര്യമാണ്. എല്ലാവർക്കും ആരോഗ്യം, എല്ലാവർക്കും കായിക വിദ്യാഭ്യാസം, ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം / നീന്തൽക്കുളം എന്ന ബൃഹദ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഇതിനായി വിവിധ പഞ്ചായത്തുകൾക്ക് 13 കോടിയോളം രൂപ അനുവദിച്ചു. ഇന്ത്യയിൽ ആദ്യമായി സ്പോർട്സ് നിയമം നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. തിരഞ്ഞെടുപ്പിലൂടെ സംസ്ഥാന ജില്ലാ സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിക്കുകയും പഞ്ചായത്തുതലംവരെ കൗൺസിലിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. കായിക താരങ്ങൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് ചേക്കേറുന്നതിനു തടയിടാൻ സ്പോർട്സ് ക്വാട്ടാ നിയമനം 20-ൽ നിന്നും 50 ആക്കി വർദ്ധിപ്പിച്ചു. പൊലീസ് വകുപ്പിൽ സ്പോർട്സ് ക്വാട്ടാ നിയമനം പുനരാരംഭിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾക്കുള്ള നടപടികൾ സ്വീകരിച്ചു. സ്കൂൾ പാഠ്യപദ്ധതിയിൽ സ്പോർട്സ് ഉൾപ്പെടുത്തി. കുട്ടികളെ ഫുട്ബോൾ പഠിപ്പിക്കുവാൻ ആദ്യഘട്ടമായി ഏഴു ജില്ലകളിലെ 56 സ്കൂളുകളിൽ വിഷൻ ഇന്ത്യ പ്രോജക്ട് നടപ്പിലാക്കി. കേരളത്തിലെ യുവാക്കളുടെ വർദ്ധിച്ചുവരുന്ന കായികക്ഷമതയില്ലായ്മയ്ക്ക് ഒരു ബദൽ പരിപാടി എന്ന നിലയിൽ ഫിസിക്കൽ ഫിറ്റ്നസ്സ് പരിപാടി ആരംഭിച്ചു. ഫിസിക്കൽ ഫിറ്റ്നസ്സ് സർവ്വെ 2009 ജനുവരി 31 ന് പൂർത്തിയാക്കും. സ്പോർട്സ് കമ്മീഷനെ നിയമിച്ചു.

1987-ന് ശേഷം ദേശീയ ഗെയിംസിന് ആതിഥ്യമരുളാൻ കേരളത്തിന് അവസരം ലഭിച്ചു. നിരന്തരമായ കൂടിക്കാഴ്ചകളുടെയും സമ്മർദ്ദങ്ങളുടേയും ഫലപ്രാപ്തിയാണ് ഇതിലൂടെ കൈവരിച്ചത്. സംസ്ഥാനത്ത് 1000 കോടി രൂപയുടെ അടിസ്ഥാന വികസനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

തുറമുഖ രംഗത്ത് 630 കി.മീറ്റർ നീളമുള്ള കേരളത്തിന്റെ കടലോരം ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്ത്യയുടെ ചരക്ക് കൈകാര്യം ചെയ്യുന്ന മേജർ ഹബ്ബായി കേരളത്തിനെ മാറ്റുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൊല്ലം (തങ്കശ്ശേരി), ആലപ്പുഴ, പൊന്നാനി, ബേപ്പൂർ, ആഴീക്കൽ എന്നീ തുറമുഖങ്ങൾ വികസിപ്പിക്കൽ നടപടികൾ തുടരുന്നു. അടച്ചുപൂട്ടൽ ഭീഷണി നിലനിന്ന കേരള മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലാഭത്തിലാക്കി; തിരുവനന്തപുരത്തും മഞ്ചേശ്വരത്തും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളായി. സ്വപ്നപദ്ധതിയായ വിഴിഞ്ഞം പ്രോജക്ടിന് കേന്ദ്ര അനുമതി ലഭ്യമാക്കി തുടർ നടപടികളുമായി മുന്നേറുന്നു.

റെയിൽവെ വികസന രംഗത്ത് മറ്റെന്നത്തേക്കാളും ഉണർവ്വ് ഉണ്ടാക്കുവാൻ കഴിഞ്ഞു. പാലക്കാട് കോച്ച് ഫാക്ടറി, ആലപ്പുഴയിലെ വാഗൺ ഫാക്ടറി എന്നിവ കേരളത്തിന് ലഭിച്ചു. കൊല്ലത്ത് ഇ.എം.യു കാർ ഷെഡ്ഡ്, കൊല്ലം - പുനലൂർ ബ്രോഡ്ഗേജ് പാത, പാത ഇരട്ടിപ്പിക്കൽ നടപടികളുടെ ത്വരിതപ്പെടുത്തൽ, പുതിയ ട്രെയിൻ സർവ്വീസുകൾ എന്നിവ നേടിയെടുക്കുവാൻ കഴിഞ്ഞു.

കൊച്ചി മെട്രോ പദ്ധതി ഡൽഹി മെട്രോയുടെ മാതൃകയിൽ നടത്തിയെടുക്കുവാനുള്ള തീവ്ര ശ്രമത്തിലാണ്. വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനങ്ങൾ പുനഃരാരംഭിച്ച് പൈലറ്റ് ട്രെയിനിങ്ങ് ആരംഭിച്ചു കഴിഞ്ഞു.

തിരുവനന്തപുരം എയർപോർട്ടിന്റെ അന്താരാഷ്ട്ര ടെർമിനൽ നാഷണൽ ഹൈവേ ബൈപാസ്സിൽ നിന്നും മീറ്ററുകൾ അകലെ മാറ്റി സ്ഥാപിച്ച് നാല് എയ്റോ ബ്രിഡ്ജുകളോടെ 2009 മാർച്ചിൽ പൂർത്തീകരിക്കുവാനുള്ള പ്രവർത്തനങ്ങളുമായി മുന്നേറുന്നു.

വിനയപുരസ്സരം അഭിമാനപൂർവ്വം പറയട്ടെ കേരളത്തിലെ നിയമ, കായിക, തുറമുഖ അനുബന്ധ വകുപ്പുകൾ അനുസ്യൂതം വളരുകയാണ്; വളർത്തുകയാണ്.■






## എന്റെ വകുപ്പിൽ

**കെ.പി.രാജേന്ദ്രൻ**
റവന്യു വകുപ്പ് മന്ത്രി

# മെച്ചപ്പെട്ട സേവനം, ഭൂരഹിതർക്ക് ഭൂമി

സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, സംസ്ഥാനത്തിന്റെ പൊതുസ്വത്ത് സംരക്ഷിക്കുക എന്നീ ലക്ഷ്യസാക്ഷാത്കരണത്തിന്റെ പാതയിലാണ് റവന്യു വകുപ്പ് ഏർപ്പെട്ടിരിക്കുന്നത്. ഈ ലക്ഷ്യം വെച്ചുകൊണ്ട് കഴിഞ്ഞ ഒരു വർഷം ആരംഭിച്ചതും തുടക്കമിട്ടതുമായ നിരവധി പദ്ധതികളുണ്ട്.

നെൽവയലുകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിനുദ്ദേശിച്ചുകൊണ്ടുള്ള നിയമം നടപ്പാക്കി. **കയ്യേറ്റഭൂമികൾ വീണ്ടെടുക്കുന്നതിനായി എല്ലാ ജില്ലകളിലും രൂപീകരിച്ച ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം ശക്തമായി തുടരുകയും പുതിയതായി അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് 1000-ത്തോളം ഏക്കർ ഭൂമി ഏറ്റെടുക്കുകയും ചെയ്തു.** 6000-ത്തോളം ഏക്കർ ഭൂമി കൂടി ഒഴിപ്പിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസ്ഥകൾ ലംഘിച്ച് സർക്കാർ ഭൂമിയിൽ പ്രവർത്തിക്കുന്ന വൻകിട ക്ലബ്ബുകളുടെ സ്ഥലം തിരിച്ചെടുക്കുന്നതിന് തീരുമാനിക്കുകയും ഇതിന്റെ ഭാഗമായി തിരുവനന്തപുരം ഗോൾഫ് ക്ലബ്, തൃശൂർ ബാനർജി ക്ലബ്ബുകൾ എന്നിവക്കെതിരെ നടപടി ആരംഭിച്ചു. പൊതുമുതലായ സർക്കാർ ഭൂമിയുടെ സംരക്ഷണാർത്ഥം ആരംഭിച്ച പുതിയൊരു സംരംഭമായ കേരള സംസ്ഥാന ലാന്റ് ബാങ്കിൽ വിവിധ ജില്ലകളിൽ നിന്ന് കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത ഭൂമിയുടെ



**ഭൂസംരക്ഷണദിനം ഉദ്ഘാടനം റവന്യുമന്ത്രി കെ.പി.രാജേന്ദ്രൻ നിർവഹിക്കുന്നു.**

വിശദാംശങ്ങൾ ഉൾപ്പെടുത്തുന്ന നടപടി പുരോഗമിക്കുകയാണ്.

വരുന്ന മൂന്നു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് റീ സർവേ നടപടികൾ പൂർത്തിയാക്കുന്നതിന് ഭൂമികേരളം പദ്ധതി ആവിഷ്കരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. പൈലറ്റ് പ്രോജക്ടായി ഏറ്റെടുത്ത തിരുവനന്തപുരം തൈക്കാട് വില്ലേജിലെ റീ സർവേ വിജയകരമായി പൂർത്തിയാക്കി. സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി 4500 വീടുകളുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും പൂർത്തിയായ 249 വീടുകൾ ഗുണഭോക്താക്കൾക്ക് കൈമാറുകയും ചെയ്തു. മിച്ചഭൂമി കേസുകൾ കൈകാര്യം ചെയ്യുന്നതിനുദ്ദേശിച്ചുകൊണ്ട് രൂപീകരിച്ച ലാന്റ് ബോർഡുകൾ പുനഃസംഘടിപ്പിക്കുകയും കൃത്യമായി സിറ്റിങ് നടത്തുന്നതിനും കേസുകൾ തീർപ്പ് കൽപ്പിക്കുന്നതിനും നടപടികളെടുക്കുകയും ചെയ്തു. ഇതേ തുടർന്ന് ചില കേസുകൾ തീർപ്പു കൽപ്പിച്ച് 950-ഓളം ഏക്കർ മിച്ചഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുകയും സംസ്ഥാനത്തെ 12 ജില്ലകളിലായി നടത്തിയ ഭൂമി വിതരണമേളയിലൂടെ 4800-ലധികം ഭൂരഹിതർക്ക് വിതരണം ചെയ്യുകയും ചെയ്തു. ഭൂപരിഷ്കരണ നിയമത്തിൽ വിഭാവനം ചെയ്ത ലാന്റ് റിവ്യു ബോർഡ് രൂപീകരിച്ചു. അവശേഷിക്കുന്ന മിച്ച ഭൂമി കേസുകൾ എത്രയും വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് ഈ ബോർഡിന്റെ രൂപീകരണംവഴി സാധിക്കുമെന്നാണ് കരുതുന്നത്. സംസ്ഥാന ഭൂനയത്തിന് രൂപം നൽകുകയും അതിന്റെ കരട് സമഗ്രമായ ചർച്ചകൾക്കും അഭിപ്രായങ്ങൾക്കുമായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനും സർക്കാർ ഭൂമിയുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭൂസംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പാസ്സാക്കി. ഭൂമി കയ്യേറുന്നവർക്കും കയ്യേറ്റത്തിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കും തടവും പിഴയും ശിക്ഷ നൽകാനുള്ള വ്യവസ്ഥകളുൾപ്പെടുന്നതാണ് ഭേദഗതി ഓർഡിനൻസ്. നദീസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രധാന നദികളുടെ സംരക്ഷണത്തിനുവേണ്ടി 150 കോടി രൂപയുടെ ബൃഹദ് പദ്ധതിക്ക് രൂപം നൽകി. റവന്യു ഓഫീസുകളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് മികച്ച ഓഫീസുകൾക്ക് അവാർഡുകൾ ഏർപ്പെടുത്തുകയും ചെയ്തു. ജീവനക്കാരുടെ കലാ-കായിക അഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിന് റവന്യൂ കലാ-കായിക മേളകൾ ആരംഭിച്ചു. ഭൂമി സംരക്ഷണം മുഖ്യ അജണ്ടയായി ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിൽ കേരളപ്പിറവി ദിനമായ നവംബർ-1 ഭൂസംരക്ഷണ ദിനമായി ആചരിച്ചുതുടങ്ങി. വിവിധ റവന്യൂ ഓഫീസുകളിലെ പരാതികൾ പരിഹരിക്കുന്നതിന് താലൂക്ക് തലങ്ങളിൽ ജനകീയ അദാലത്തുകളും വില്ലേജ് തലത്തിൽ ജനകീയ സഭകളും ഈ വർഷം ആരംഭിച്ചു.■





## എന്റെ വകുപ്പിൽ

**മുല്ലക്കര രത്നാകരൻ**
കൃഷി വകുപ്പ് മന്ത്രി

# കാർഷിക മുന്നേറ്റം

ലോകത്താകെ വലിയ മാറ്റങ്ങൾ വന്ന വർഷമാണല്ലോ 2008. കാർഷിക മേഖലയിലും ഇത്തരം മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. വികസിത രാജ്യങ്ങളിൽ ഭക്ഷ്യ-ധാന്യകൃഷി കുറച്ച് ബയോ ഡീസലിനായ് എണ്ണക്കുരുക്കളുടെ ഉത്പാദനം കൂട്ടിയതും അഗ്രി ബിസിനസ്സ് കമ്പനികൾ വിപണി താത്പര്യങ്ങളാൽ മൂന്നാംലോക രാജ്യങ്ങളിലെ കൃഷിയെ കൂടുതൽ വരുതിയിൽ ആക്കുന്നതും 2008-ൽ നാം കണ്ടു. ആഗോളവും ദേശീയ തലത്തിലുമുള്ള മാറ്റങ്ങളോടു പ്രതികരിച്ചുകൊണ്ട് നമ്മുടെ നാട്ടിലെ കൃഷിയെയും കർഷകനെയും സംരക്ഷിക്കാനാണ് ഞങ്ങൾ 2008-ൽ മുഖ്യമായും ശ്രമിച്ചത്. അധികാരത്തിൽ വന്നതു മുതൽ കൃഷിക്കും കർഷകർക്കുമായ് ഒട്ടേറെ നടപടികൾ കൈക്കൊണ്ടിരുന്നു. ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിത്തള്ളൽ, കർഷക കടാശ്വാസ പദ്ധതി, കർഷകർക്കുള്ള ഇൻഷുറൻസ് കിസാൻശ്രീ പദ്ധതി എന്നിവയെല്ലാം അതിന്റെ ഭാഗമായിരുന്നു. കാർഷികമേഖലയിലെ പ്രതിസന്ധി ഒഴിവാക്കി വളർച്ചയിലേയ്ക്ക് കൊണ്ടുവരുവാൻ ഇതെല്ലാം വഴിയൊരുക്കി. അവിടെ നിന്നുള്ള മുന്നോട്ടുപോക്കിനാണ് 2008-ൽ ഞങ്ങൾ ശ്രമിച്ചത്. ഭക്ഷ്യ-ധാന്യ കൃഷി കുറയുന്നതിനെപ്പറ്റി മുൻപ് പറഞ്ഞല്ലോ ഇതു നമ്മുടെ ഭക്ഷ്യ സുരക്ഷയെ തന്നെ ബാധിക്കുന്ന പ്രശ്നമായിരുന്നു. അത് മുൻകൂട്ടിക്കണ്ട് വിപുലമായ ഒരു ഭക്ഷ്യസുരക്ഷാ പദ്ധതിക്ക് രൂപം നല്കാൻ കഴിഞ്ഞത് 2008-ലെ ഏറ്റവും വലിയ നേട്ടമായി ഞാൻ കരുതുന്നു. 2.76 ലക്ഷം ഹെക്ടറായി നെൽകൃഷി കുറഞ്ഞിരുന്നു. അത് വലിയ തോതിൽ വർധിപ്പിച്ച് **നമ്മുടെ ഭക്ഷ്യസുരക്ഷയെയും പരിസ്ഥിതിയെയും സംരക്ഷിക്കാനുള്ള ശ്രമങ്ങൾ ഒരു ജനകീയ യജ്ഞമായി ആരംഭിച്ചിരിക്കുകയാണ്. അതിന്റെ ഫലങ്ങൾ കണ്ടുതുടങ്ങി. 77533 ഹെക്ടറിൽ നിന്നു വിരിപ്പു കൃഷി 103191 ഹെക്ടർ ആയി വർധിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നെല്ല് മാത്രമല്ല പച്ചക്കറിയും കിഴങ്ങുവർഗങ്ങളും പാലും മുട്ടയും മത്സ്യവുമൊക്കെ വലിയതോതിൽ ഉത്പാദിപ്പിക്കുവാനുള്ള സമഗ്ര പദ്ധതി വിവിധ വകുപ്പുകൾ ചേർന്ന് ആവിഷ്കരിച്ച് ജനകീയ യജ്ഞമായി മുന്നോട്ടു നീക്കുവാനാണ് ശ്രമം.** ആയിരം ഗ്രാമങ്ങളിൽ പച്ചക്കറി കൃഷി ആരംഭിച്ചിരിക്കുകയാണ്. കൃഷിക്കാരന് ന്യായവിലയും ഉപഭോക്താവിന് വിലക്കുറവിൽ സാധനങ്ങൾ കിട്ടുന്നതും ഇതിന്റെ ലക്ഷ്യമാണ്. മൂന്ന് ലക്ഷം പച്ചക്കറി കിറ്റുകൾ 18 രൂപയ്ക്ക് വില്ക്കാൻ കഴിഞ്ഞത് അതിന്റെ ഭാഗമാണ്.

കർഷകരുടെ ഒരു സ്വാതന്ത്ര്യ പ്രഖ്യാപനംപോലെ അവരുടെ കൈയിൽ എത്തിയ ഗ്രീൻകാർഡ്, പലിശരഹിതവായ്പ, ഇൻഷുറൻസ് പരിരക്ഷ, പാഡി ബോർഡ് രൂപീകരണം, ഉയർന്ന വിലയ്ക്കുള്ള നെല്ല് സംഭരണം, നെൽകർഷകർക്കുള്ള കിസാൻ അഭിമാൻ പെൻഷൻ പദ്ധതി, റൈസ് മില്ലുകളുടെ പ്രവർത്തനം എന്നിവയെല്ലാം 2008-ൽ സർക്കാർ നടപ്പാക്കിയ കാര്യങ്ങളാണ്.

അഭിമാനപൂർവം പറയട്ടെ, തളർന്നുപോയ കാർഷികമേഖല ഉണരുകയാണ്; കേരള സമൂഹം കൃഷിയിലേയ്ക്ക് മടങ്ങുകയാണ്.■




**ഹോർട്ടികൾച്ചറൽ മിഷൻ സംഘടിപ്പിച്ച തേൻമാമ്പഴോത്സവത്തിനനുബന്ധിച്ചുള്ള പ്രദർശനം മന്ത്രി സന്ദർശിച്ചപ്പോൾ**

# ഇനി സമ്പൂർണ കായികക്ഷമത

കായികക്ഷമതയുടെയും വ്യായാമത്തിന്റെയും കുറവും തെറ്റായ ജീവിത ശൈലിയും കേരളീയരിൽ ജീവിത ശൈലീ രോഗങ്ങൾ വർദ്ധിപ്പിക്കുകയാണ്. കായികക്ഷമത പ്രാവർത്തികമാക്കുന്നതിന് കേരള സർക്കാർ നടപ്പാക്കുന്ന പദ്ധതിയാണ് സമ്പൂർണ കായികക്ഷമതാ പദ്ധതി.


കേരളീയരിൽ ഹൃദ്രോഗവും രക്തസമ്മർദവും ഉൾപ്പെടെയുള്ള ജീവിതശൈലീരോഗങ്ങൾ വർധിക്കുകയാണോ? അതേയെന്നാണ് വിദഗ്ദ്ധർ നൽകുന്ന ഉത്തരം. കാരണങ്ങൾ നിരവധിയാവും. പക്ഷേ അവഗണിക്കാനാവാത്ത ഒന്ന് കായികക്ഷമതയുടെയും വ്യായാമത്തിന്റെയും കുറവും. തെറ്റായ ജീവിതശൈലിയും ആണ്. കുട്ടിക്കാലത്തെ ക്രിയാത്മക ജീവിതചര്യകൾ തീർച്ചയായും മനുഷ്യന്റെ യുവത്വ, വാർദ്ധക്യ ദശകളിലൂടെയുള്ള സഞ്ചാരത്തിന് ഏറെ ബലം നൽകും. വേഗതയാർന്ന ജീവിതക്രമത്തിന് ആധാരമായാണ് ഇന്ന് ഭൂരിഭാഗം വരുന്ന ജനങ്ങളും ദൈനംദിന ജീവിതരീതികളിൽ ഏർപ്പെടുന്നത്. ഈ പ്രത്യേക സംസ്കാരം ശാരീരിക പ്രവർത്തനങ്ങളുടെ തോതും, തീവ്രതയും നന്നെ കുറയ്ക്കുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഇവയുടെ ഫലമായുണ്ടാകുന്ന അലസത മൂലം പൊണ്ണത്തടിയും അനുബന്ധ രോഗങ്ങളും മൂർദ്ധന്യാവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു.



ഈ നിഗമനങ്ങളെ ശരി വയ്ക്കുന്ന ഒട്ടേറെ ഗവേഷണ ഫലങ്ങൾ ഇന്ന് പുറത്ത് വന്നിട്ടുണ്ട്. ഒരു വ്യക്തിയ്ക്ക് ഹൃദ്രോഗമുണ്ടാവാൻ സാധ്യതയുള്ള ശരാശരി വയസ്സ് 40 ൽ നിന്ന് 30 ആയി ഇന്ന് കുറഞ്ഞിരിക്കുന്നു. പാശ്ചാത്യ രാജ്യങ്ങളുടേതുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ യുവത്വത്തിന്റെ ഹൃദ്രോഗ സാധ്യതാനിരക്ക് ഇരട്ടിയാണ്. കൊഴുപ്പ് അമിതമായി കലർന്ന ഭക്ഷണസാധനങ്ങളുടെ ഉപയോഗം, വ്യായാമക്കുറവ്, ഉയർന്ന മാനസിക സമ്മർദവും അമിതമായ പുകവലിയും മദ്യപാനവും എന്നിവയാണ് ഇതിന് കാരണം.

ഈ കണക്കുകളും ഗവേഷണ ഫലങ്ങളും സൂചിപ്പിക്കുന്നത് നമ്മുടെ ആരോഗ്യസ്ഥിതിയുടെ ഭീകരതയാണ്. വിദ്യാസമ്പന്നരായ രക്ഷിതാക്കൾ പോലും കുട്ടികളെ വ്യായാമം ചെയ്യാനും കളിയ്ക്കാനും പ്രോത്സാഹിപ്പിയ്ക്കുന്നില്ല. പഠിക്കാനുള്ള സമയം മാത്രമാണ് കുട്ടികളുടെ മുൻപിൽ ഉള്ളത്. രാവിലെ 7 മണിയ്ക്ക് വീട്ടിൽ നിന്നും ട്യൂഷന് വേണ്ടി പുറപ്പെടുന്നു. പിന്നീട് സ്കൂളിൽ. വൈകിട്ട് വീണ്ടും ട്യൂഷൻ. രാത്രി 7 മണിയോടെ വീട്ടിലേയ്ക്ക്. വീണ്ടും പഠിത്തം. ഇതാണ് കുട്ടികളുടെ ഒരു ദിവസം. സ്കൂളുകളിലെ അസംബ്ലിയിൽ പങ്കെടുക്കുന്നതിന് പോലും പല രക്ഷിതാക്കളും എതിർപ്പ് പ്രകടിപ്പിച്ച് തുടങ്ങിയിരിക്കുന്നു. കുട്ടികൾ വെയിലുകൊള്ളുന്നു എന്നുള്ളതാണ് ഇതിന് കാരണം. ഇതുപോലുള്ള നമ്മുടെ സമീപനത്തിനൊരു മാറ്റം ആവശ്യമാണ്. സ്കൂളുകളിൽ നിന്നുതന്നെ ഇത് തുടങ്ങേണ്ടിയിരിക്കുന്നു.

കായികക്ഷമത പദ്ധതി പ്രാവർത്തികമാക്കുന്നതിന്റെ തുടർപ്രവർത്തനത്തിന്റെ ഭാഗമായാണ് കേരള സർക്കാർ തത്വത്തിൽ അംഗീകരിച്ച "ആരോഗ്യ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽപ്പെടുത്തുക" എന്ന കാര്യം. ഇതനുസരിച്ചുള്ള സിലബസ് തയ്യാറാക്കി വ്യായാമവും കളികളും കായിക പരിശീലനവുമൊക്കെ കുട്ടികളെ പഠിപ്പിയ്ക്കാനും പരിശീലിപ്പിയ്ക്കാനും പോകുകയാണ്. സംസ്ഥാന സ്പോർട്സ് കൗൺസിലും ഡിപ്പാർട്ട്മെന്റ് ഓഫ് സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സും





ചേർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്പോർട്സ് കൗൺസിലുകൾ വഴിയാണ് ഇത് നടപ്പിലാക്കുന്നത്. തദ്ദേസ്വയംഭരണസ്ഥാപനങ്ങൾ അവരുടെ പരിധിയിലുള്ള 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസുവരെയുള്ള സ്കൂളുകൾ കേന്ദ്രീകരിച്ചാണ് ഈ പദ്ധതി നടക്കുന്നത്. കേരള കായിക രംഗത്തിന്റെ അടിസ്ഥാനപരമായ ഒരു മാറ്റത്തിന് നാന്ദിക്കുറിക്കുകയാണ്.

## ആരോഗ്യ സംബന്ധിയായ കായികക്ഷമത വികസിപ്പിയ്ക്കേണ്ടതിന്റെ ആവശ്യകത

കായിക വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം കായിക ക്ഷമത കൈവരിയ്ക്കലും സ്ഥിരമായി വ്യായാമത്തിൽ ഏർപ്പെടുവാൻ പാകത്തിനുള്ള മന:സ്ഥിതിയുടെ രൂപീകരണവുമാണ്. ഇതിനായി നന്നെ ചെറുപ്പത്തിൽ തന്നെ ശാസ്ത്രീയമായി വ്യായാമം എങ്ങനെ ചെയ്യാമെന്നതിനെ കുറിച്ചും, കളികളിൽ ഏർപ്പെടുന്നതിനെ കുറിച്ചും, കുട്ടികളെ ബോധവൽക്കരിക്കേണ്ടതുണ്ട്. അതിനായി ജീവിതാന്ത്യം വരെ തുടർന്ന് പോകത്തക്ക വിധത്തിൽ കായിക പ്രവർത്തനങ്ങൾ അഭ്യസിയ്ക്കുന്നതിനുള്ള അവസരം ഉണ്ടാക്കുകയും വ്യായാമത്തിനോട് ഗുണപരമായ സമീപനം വളർത്തിയെടുക്കുകയും ചെയ്യേണ്ടത് സ്കൂളിന്റെ ചുറ്റുമതിലുകകൾക്കുള്ളിലാണ്.

വൈദഗ്ധ്യം കുറഞ്ഞ കുട്ടികളെ പൂർണമായും പുറംതള്ളുംവിധം സ്പോർട്സിനും മറ്റ് കായിക പ്രവർത്തനങ്ങൾക്കും അമിത പ്രാധാന്യം നൽകുന്നതാകരുത് സ്കൂൾ പാഠ്യപദ്ധതി. നേരെമറിച്ച് വ്യായാമത്തിന്റെ ഗുണങ്ങൾ, ആരോഗ്യകരമായ ജീവിത ശൈലി വികസിപ്പിച്ചെടുക്കേണ്ടതിന്റെയും നിലനിർത്തേണ്ടതിന്റെയും ആവശ്യകത ജീവിതത്തിലുടനീളം പ്രയോജനപ്പെടുമാറ് വ്യായാമത്തോട് പുലർത്തുന്ന ക്രിയാത്മക മനോഭാവം എന്നിവയെല്ലാം സ്കൂൾതലത്തിൽ പ്രോത്സാഹിപ്പിക്കപ്പെടേണ്ടതാണ്.

## ആരോഗ്യസംബന്ധിയായ കായികക്ഷമതയുടെ ഘടകങ്ങൾ

എല്ലാ പ്രായത്തിലുമുള്ള മനുഷ്യരിലും കായികക്ഷമതയുള്ള ആരോഗ്യം ലക്ഷ്യമായിരിയ്ക്കേ, എല്ലാവരുടേയും ആരോഗ്യ സംബന്ധമായ കായികക്ഷമതാ ഘടകങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്ന് ശാസ്ത്രജ്ഞർ പറയുന്നു. ശരീരത്തിൽ കുറഞ്ഞ കൊഴുപ്പ് നില, കൂടിയ ശ്വാസകോശ ഹൃദയ പ്രവർത്തന നില, ആവശ്യമായ പേശീ പ്രവർത്തന ശക്തി, പേശീക്ഷമത, ഇടുപ്പ്, തുട, മുതുക് ഭാഗങ്ങളിലെ പ്രവർത്തനക്ഷമത എന്നിവ പരിശോധിയ്ക്കേണ്ടതുണ്ട്. നല്ല ആരോഗ്യത്തിന് അഞ്ച് അടിസ്ഥാന കായികക്ഷമതാ ഘടകങ്ങളാണ് പ്രധാനം. (1) ഹൃദയ ശ്വസന സ്ഥിരത, (2) പേശീ ശക്തി, (3) പേശീ സ്ഥിരത, (4) ശരീരത്തിന്റെ അയവ്, (5) ശരീരത്തിന്റെ നിർമിതി. ഈ ഘടകങ്ങളിൽ അനുകൂലമായൊരു സ്വാധീനം ഉണ്ട് എന്നതാണ് ആരോഗ്യവുമായി ബന്ധപ്പെട്ട കായികക്ഷമതയുടെ അടിസ്ഥാന സ്വഭാവം.

ഹൃദയത്തിന് ആവശ്യമായ തോതിലുള്ള വ്യായാമം കിട്ടുന്നതിന് ആഴ്ചയിൽ കുറഞ്ഞത് 3 ദിവസം എങ്കിലും അരമണിക്കൂറിൽ കുറയാതെ വ്യായാമത്തിൽ ഏർപ്പെടേണ്ടതുണ്ട്. ഗവേഷണ ഫലങ്ങൾ കാണിയ്ക്കുന്നത് ദിവസം അര മണിക്കൂർ എങ്കിലും കുട്ടികൾ വ്യായാമത്തിൽ ഏർപ്പെടണമെന്നും അതിൽ 3 ദിവസമെങ്കിലും ഹൃദയമിടിപ്പ് 15 മിനിറ്റ് നേരമെങ്കിലും 140 -180 നും ഇടയ്ക്ക് എത്തുന്ന വിധത്തിൽ കഠിനമായ വ്യായാമത്തിൽ ഏർപ്പെടണമെന്നുമാണ്.

## കുടുംബത്തിനും സമൂഹത്തിനുമുള്ള പങ്ക്

ഒരു പുതിയ പരിശോധന പദ്ധതി തുടങ്ങുന്നതിന് മുൻപായി അത് എന്തിന് വേണ്ടിയാണെന്നും അവയുടെ ഗുണദോഷ ഫലങ്ങൾ എന്തൊക്കെയാണെന്നും രക്ഷിതാക്കളേയും കുട്ടികളേയും സമൂഹത്തിനേയും നമുക്ക് ബോധ്യപ്പെടുത്തേണ്ടതായിട്ടുണ്ട്.

പരിപാടിയെ കുറിച്ചുള്ള ശരിയായ ബോധവൽക്കരണം ഈ പരിപാടികളിൽ മാതാപിതാക്കളുടേയും സമൂഹത്തിന്റെയും സഹകരണം ലഭിക്കുവാനും അവരുടെ കുട്ടികൾ എന്താണ് ചെയ്യുന്നത്, എന്തിനാണ് ഈ വ്യായാമങ്ങൾ ചെയ്യുന്നത് എന്നതിനെ കുറിച്ച് യാഥാർഥ്യ ബോധത്തോടെ നേരിട്ട് കാര്യങ്ങൾ കണ്ട് മനസ്സിലാക്കാനും കുട്ടികൾക്ക് നല്ല പ്രചോദനത്തോടുകൂടി വ്യായാമമുറകളിൽ പങ്കെടുക്കുവാനും ഉപകരിക്കും.

ഇക്കാര്യത്തിൽ രക്ഷിതാക്കളുടെ ശ്രദ്ധയും അത്യന്താപേക്ഷിതമാണ്. കുട്ടികളുടെ ഒഴിവ് സമയം കൂടുതലും ടെലിവിഷൻ പരിപാടികൾ കാണുന്നതിനും കായികാദ്ധ്വാനം കുറവായ ഇരുന്നു കൊണ്ടുള്ള കളികളിൽ ഏർപ്പെടാനും ആണ് ചെലവഴിക്കുന്നതെങ്കിൽ രക്ഷിതാക്കൾ ഇടപെട്ട്

**സമ്പൂർണ കായിക ക്ഷമതാ പദ്ധതിയിലെ പരിശോധനാ ഇനങ്ങൾ**

| ടെസ്റ്റ് ഇനങ്ങൾ (Test Items) | ക്ഷമതാ മാനത്തിന്റെ അളവുകൾ (Criterion Measures) |
|---|---|
| വളർച്ച : ഉയരം (മീ). ഭാരം (കി) | ശരീരപിണ്ഡ സൂചിക (BMI) |
| സിറ്റ് അപ്സ് (60 സെ.) | ഉദരപേശികളുടെ കരുത്ത്/സ്ഥിരത |
| (സിറ്റ് & റീച്ച്) (സെ.മീ) | അയവ്, മുതുകിന്റെ കീഴറ്റത്തെ പേശീ-അസ്ഥി പ്രവർത്തനം |
| മോഡിഫൈഡ് പുൾ അപ് (പൂർത്തീകരിച്ച എണ്ണം) | ശരീരത്തിന്റെ മുകൾ ഭാഗത്തിന്റെ ശക്തിയും സ്ഥിരതയും |
| 1 മൈൽ (1600 മീ) ഓട്ടം/ നടത്തം (മി.സെ) | ഹൃദയ-ശ്വസന സ്ഥിരത |
| ആരോഗ്യ പരിശോധന | ശരീരത്തിലെ നില (Posture)/പോഷണതോത് (മെഡി. ഓഫീസറാൽ) |

കുട്ടികളെ ചലനാത്മകമായ ഒരു ജീവിത രീതി സ്വായത്തമാക്കുന്നതിന് പ്രോത്സാഹിപ്പിക്കണം.

ഇന്നത്തെ കുട്ടികൾ നാളത്തെ പൗരൻമാരാണ്. രാഷ്ട്രനിർമിതിയ്ക്കാവശ്യമായ അഭിഭാജ്യ ഘടകങ്ങൾ. തീർച്ചയായും ആരോഗ്യസസമ്പൂർണമായ ഭാവി ജനതയെ വാർത്തെടുക്കുന്നതിന് ഇന്നത്തെ ഭരണാധികാരികൾക്ക് ഗണ്യമായ പങ്ക് വഹിക്കുവാനുണ്ട്. മാത്രവുമല്ല ജനകീയ പങ്കാളിത്തം പദ്ധതിയുടെ സമഗ്രവിജയത്തിന് അനിവാര്യവുമാണ്.

### പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

- അനുയോജ്യമായ കായിക പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഹൃദയ-ശ്വസന ക്ഷമതാ പരിപാടികളിൽ പങ്കെടുക്കുന്ന 9നും 17 നും ഇടയ്ക്ക് പ്രായമുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം 90%ൽ അധികമാക്കുക.
- ദിവസേനയുള്ള കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന 9നും 17നും ഇടയ്ക്കു പ്രായമുള്ള കുട്ടികളുടെയും കൗമാരക്കാരുടെയും അനുപാതം 60%ത്തിലധികമായി ഉയർത്തുക.
- കുട്ടികളുടെയും കൗമാരപ്രായക്കാരുടെയും ആരോഗ്യസംബന്ധമായ കായികക്ഷമത ശാസ്ത്രീയമായും വ്യവസ്ഥാപിതമായും വിലയിരുത്തുന്നതിനുള്ള പഠനക്രമം സ്ഥാപിക്കുക. 9നും 17 നും ഇടയ്ക്ക് പ്രായമുള്ള 100% കുട്ടികളും ഇത്തരം പരിശോധനാ പരിപാടിയിൽ പങ്കെടുക്കുന്നു എന്നുറപ്പുവരുത്തുക.
- കുട്ടികളുടെ കായിക ക്ഷമത തിട്ടപ്പെടുത്തുക.
- കുട്ടികളുടെ കായിക ക്ഷമതയുടെ കുറവുകൾ കണ്ടെത്തുക.
- ശരാശരി നിലവാരമുള്ളവരെ വിവിധ വ്യായാമ മുറകളിലൂടെ ഉയർന്ന നിലവാരത്തിലെത്തിക്കുക.
- ശരാശരിയിൽ കുറഞ്ഞ നിലവാരമുള്ള കുട്ടികൾക്ക് കായിക ക്ഷമതയുടെ ഏത് ഘടകമാണ് കുറവുള്ളതെന്ന് ബോദ്ധ്യപ്പെടുത്തുക. ആ കുറവ് പരിഹരിക്കുന്നതിനുള്ള വ്യായാമക്രമങ്ങൾ നിർദേശിക്കുക.
- ഈ പദ്ധതി മെച്ചപ്പെട്ട കായിക പ്രകടനത്തിന്റെ പുതിയ ഉറവിടവും കായികപ്രവർത്തനത്തിനുള്ള അവസരങ്ങൾ വർധിപ്പിക്കുന്നതിനുമുതകും.
- ഇതുവരെ കണ്ടുപിടിക്കാതെ പോയ മികവുറ്റവരെ കണ്ടെത്താനുള്ള ഉപാധിയായി പരിണമിക്കാവുന്നതാണ്.
- ഈ പദ്ധതി കുട്ടികളിൽ അവരുടെ ആരോഗ്യത്തിന്റെ ആവശ്യകതയെപ്പറ്റി ബോധവാനാക്കി, അനാരോഗ്യ ശീലങ്ങൾ ഒഴിവാക്കാൻ സഹായിക്കും.





സമ്പൂർണ കായികക്ഷമതാ പദ്ധതി നിർദിഷ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

### കായികക്ഷമത പരിശോധന പദ്ധതിയുടെ നേട്ടങ്ങൾ

പദ്ധതിയുടെ ഫലങ്ങൾ മറ്റുപല നേട്ടങ്ങളിലേയ്ക്കും വഴി തെളിയ്ക്കും. അതിനാൽ ഈ ഫലങ്ങൾ പദ്ധതിയുടെ പരിസമാപ്തിയായി കരുതിക്കൂട. ഈ പദ്ധതി പ്രകാരമുള്ള പരിശോധനകളുടെ ഫലം കായിക ക്ഷമത ആർജിയ്ക്കുന്നതിലേയ്ക്കായുള്ള കൂടുതൽ അഭ്യാസങ്ങൾ നിർദേശിക്കുന്നു. പരിശോധന ഫലങ്ങളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗങ്ങളാണ് ചുവടെ.

(1) കുട്ടിയുടെ ആരോഗ്യസംബന്ധിയായ കായികക്ഷമത തിട്ടപ്പെടുത്തുന്നതിന്

(2) ആവശ്യമായ കായിക ക്ഷമത ആർജിയ്ക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്യുന്നതിന്

(3) കുട്ടിയുടെ കായിക ബലവും ബലഹീനതയും കണ്ടുപിടിച്ച് വ്യക്തിപരമായ ചികിത്സാ പദ്ധതി ആവിഷ്കരിക്കുന്നതിന്

(4) കായിക വിദ്യാഭ്യാസ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചിട്ടപ്പെടുത്തുന്നതിന്

(5) കുട്ടികളുടെ കായിക ക്ഷമതാ നിലവാരമനുസരിച്ച് പ്രത്യേകം തരംതിരിച്ച് പരിശീലനം നൽകുന്നതിന്

(6) ആരോഗ്യ സംബന്ധമായ താൽപ്പര്യങ്ങൾ കണക്കിലെടുത്ത് കുട്ടികൾക്ക് പ്രത്യേകം പ്രോത്സാഹനം നൽകുന്നതിന്.

(7) മാതാപിതാക്കളിൽ കുട്ടികളുടെ കായിക ക്ഷമതാ ഘടകങ്ങളുടെ ആവശ്യകതയെ പറ്റി ബോധവൽക്കരണം നടത്തുന്നതിന്.

(8) ഒരു കുട്ടിയുടെ കായിക പ്രകടനത്തിലും അഭ്യാസത്തിലുമുള്ള ഭാവി പരിപാടി ആസൂത്രണം ചെയ്യുന്നതിന്.

(9) കുട്ടികളിൽ കായികാഭ്യാസ മേഖലകളിലുണ്ടായിരിക്കേണ്ട ഉദ്ദേശ ലക്ഷ്യങ്ങളെ പറ്റി അവബോധം ഉണ്ടാക്കുന്നതിന്.

(10) സ്വയം കായിക ക്ഷമതാ പരിശോധന നടത്തുന്നതിനുള്ള കഴിവുണ്ടാക്കുന്നതിലേയ്ക്ക്

(11) കായിക വിദ്യാഭ്യാസ പരിപാടികളുടെ നടത്തിപ്പിലുള്ള പ്രയോജനവും അവയുടെ താരതമ്യ പഠനവും നടത്തി പ്രയോജനകരമായ പുതിയ രൂപരേഖകൾ ഉണ്ടാക്കുന്നതിന്.

### പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ

പദ്ധതി നിർദിഷ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടിയാണ് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവ അവരുടെ അധികാരപരിധിയിൽ വരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ നടത്തുന്ന പരിശോധന പദ്ധതിയുടെ മേൽനോട്ടം വഹിക്കും.

പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, സെക്രട്ടറി, സ്കൂൾ പ്രദേശത്തെ വാർഡ് മെമ്പർമാർ, നിർദേശിയ്ക്കുന്ന രണ്ട് കായികാധ്യാപകർ, പ്രാഥമിക ആരോഗ്യ കേന്ദ്രം മേധാവി, പി.ടി.എ പ്രസിഡന്റ്, സെക്രട്ടറി, അംഗീകൃത ക്ലബ്ബ് പ്രതിനിധികൾ, പഞ്ചായത്ത് സ്പോർട്സ് കൗൺസിൽ ഭാരവാഹികൾ, സ്കൂൾ ഹെഡ്മാസ്റ്റർമാർ എന്നിവരടങ്ങിയ കമ്മിറ്റിയ്ക്കായിരിക്കും പദ്ധതി നടത്തിപ്പിന്റെ ചുമതല.

ഓരോ സ്കൂളിലെയും ഹെഡ്മാസ്റ്റർ, കായികാധ്യാപകർ, താൽപ്പര്യമുള്ള മറ്റധ്യാ

പകർ (കുറഞ്ഞത് 3 പേർ) എന്നിവരടങ്ങിയ കോർ ഗ്രൂപ്പിനായിരിക്കും സ്കൂളിൽ പദ്ധതി നടത്തിപ്പിന്റെ ചുമതല. ഇവർ പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച പരിശീലനം നേടേണ്ടതായുണ്ട്. സ്കൂൾ തലത്തിൽ പദ്ധതിയുടടെ നടത്തിപ്പിന് കോർ ഗ്രൂപ്പ് പി.ടി.ഐയുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കണം.

റവന്യൂ ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ കോ-ഓർഡിനേറ്റർ കൺവീനറുമായ സമിതി പദ്ധതി നടത്തിപ്പിന്റെ അവലോകനം നടത്തണം. രക്ഷാധികാരിയായി ജില്ലയ്ക്ക് ചുതലയുള്ള മന്ത്രിയും ഉണ്ടാകേണ്ടതാണ്.

ജില്ലയിലെ എല്ലാ വകുപ്പ് തലമേധാവിമാരും ഈ കമ്മിറ്റിയിൽ അംഗങ്ങൾ ആവണം. ജില്ലാ പഞ്ചായത്ത് ഭാരവാഹികൾ, എം.പി.മാർ, എം.എൽ.എമാർ എന്നിവരും അംഗങ്ങളാവണം. കോർപ്പറേഷൻ/മുനിസിപ്പൽ ചെയർമാൻമാരേയും ഉൾപ്പെടുത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പിനെ സഹായിക്കുന്നതിന് വേണ്ടി ജില്ലാ അടിസ്ഥാനത്തിൽ ഒരു ചീഫ് കോ-ഓർഡിനേറ്ററും 5 -കോ-ഓർഡിനേറ്റർമാരേയും ഹോണററി അടിസ്ഥാനത്തിൽ നിയമിക്കുന്നതാണ്.

നിശ്ചിത കായികക്ഷമത നിലവാരം നേടിയിട്ടുണ്ടെന്ന് സ്വന്തം പ്രകടനത്തിലൂടെ തെളിയിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അംഗീകാരമെന്ന നിലയ്ക്ക് മെറിറ്റ് സർട്ടിഫിക്കറ്റുകളും മെഡലുകളും സമ്മാനിക്കും. കേരള സംസ്ഥാനത്തെ വിദ്യാർഥികളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് നിശ്ചിത മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുള്ളത്.

## പരിശോധനാ സമ്പ്രദായത്തിന്റെ മാനദണ്ഡങ്ങൾ

കുറഞ്ഞ യോഗ്യതയ്ക്കുവേണ്ടത് (ഇ ഗ്രേഡ്) (കുറഞ്ഞ പക്ഷം 4 ടെസ്റ്റിലും ഇ ഗ്രേഡ്)

ഡി ഗ്രേഡിനുവേണ്ടത് (കുറഞ്ഞ പക്ഷം 4 ടെസ്റ്റിലും ഡി ഗ്രേഡും, BMI ശുപാർശ ചെയ്യുന്ന സ്കോറിനിടയ്ക്കുള്ള പോയിന്റും.)

സി ഗ്രേഡിനു വേണ്ടത് (കുറഞ്ഞ പക്ഷം 4 ടെസ്റ്റിലും സി ഗ്രേഡും, BMI ശുപാർശ ചെയ്യുന്ന സ്കോറിനിടയ്ക്കുള്ള പോയിന്റും.)

ബി ഗ്രേഡിനു വേണ്ടത് (കുറഞ്ഞ പക്ഷം 4 ടെസ്റ്റിലും ബി ഗ്രേഡും, BMI ശുപാർശ ചെയ്യുന്ന സ്കോറിനിടയ്ക്കുള്ള പോയിന്റും.)

എ ഗ്രേഡിനു വേണ്ടത് (കുറഞ്ഞ പക്ഷം 4 ടെസ്റ്റിലും എ ഗ്രേഡും, BMI ശുപാർശ ചെയ്യുന്ന സ്കോറിനിടയ്ക്കുള്ള പോയിന്റും.)

യോഗ്യത പരാമർശിക്കുന്നിടത്ത് രണ്ട് വ്യവസ്ഥകൾ ആവശ്യപ്പെടുമ്പോൾ രണ്ടിലേതെങ്കിലും എന്ന് തെറ്റായി വ്യാഖ്യാനിക്കരുത്. 4 ടെസ്റ്റുകളിൽ (SitUps, Sit & Reach, Modified Pullups & 1 mile Run) മൂന്നിലും എ ഗ്രേഡ് കിട്ടിയാലും നാലാമത്തേതിന് സി ആണ് ഗ്രേഡ് എങ്കിൽ അയാൾ ഓവർ ഓൾ സി ഗ്രേഡിനേ യോഗ്യത നേടുന്നുള്ളൂ. 3-4 മാസത്തിനുശേഷം അയാൾക്ക് പുന:പരിശോധനയ്ക്കു വിധേയനാവാം.

## പരിഹാരം കാണൽ പരിപാടി

കായികക്ഷമതാ പരിശോധനയിൽ ഗ്രേഡ് ഇ അർഹത നേടാത്ത എല്ലാ വിദ്യാർഥികളും ഒരു "പരിഹാരം കാണൽ" പരിപാടിക്ക് വിധേയരാകേണ്ടതുണ്ട്. അത്തരം ഓരോ വിദ്യാർഥിയ്ക്കും പ്രത്യേകം വ്യായാമങ്ങൾ ശുപാർശ ചെയ്യും. മെഡിക്കൽ ഓഫീസറുമായി ചർച്ച ചെയ്ത് പ്രസ്തുത വിദ്യാർഥിയുടെ അപര്യാപ്തതയ്ക്കനുസരിച്ച് കായികക്ഷമത മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളായിരിക്കും നിർദേശിക്കുക. അതിൽ അനുയോജ്യമായ പ്രവർത്തനരീതികളും അടുത്തതവണ 'ഗ്രേഡ് ഡി' എങ്കിലും നേടുന്നതിന് വിദ്യാർഥികളെ പ്രേരിപ്പിക്കുന്നതിനാവശ്യമായ നിർദേശങ്ങളും ഉണ്ടായിരിക്കും. വിദ്യാർഥികളെ സഹായിക്കാൻ ബന്ധപ്പെട്ട കായികാധ്യാപകർക്ക് ആവശ്യമായ പരിശീലനവും മറ്റ് സാമഗ്രികളും നൽകും.

## ഫോളോ അപ് പരിപാടി: അഭിരുചി തിരിച്ചറിഞ്ഞ് വികസിപ്പിക്കുക

ഈ പരിപാടിയുടെ ഒഴിവാക്കാനാവാത്ത ഭാഗമാണ് വിദ്യാർഥികളിലെ പ്രതിഭ കണ്ടറിഞ്ഞ് അതിനെ വികസിപ്പിച്ചെടുക്കാനാവശ്യമായ തുടർനടപടികളടങ്ങുന്ന ഫോളോ അപ് പ്രോഗ്രാം. ബന്ധപ്പെട്ട സ്കൂളുകളിലെ കായികാധ്യാപകർക്ക് ആവശ്യമായ നിർദേശങ്ങളും കുട്ടികളുടെ പ്രതികരണങ്ങളും നൽകി, സംസ്ഥാന കായികക്ഷമതാ ജേതാക്കളായ കുട്ടികൾക്ക് പരിശീലനവും പ്രത്യേക ശ്രദ്ധയും ലഭ്യമാക്കുന്നു. ഏത് സ്പോർട്സ് ശാഖയിലാണ് ഓരോ കുട്ടിക്കും ശോഭിക്കാനാവുകയെന്ന് കണ്ടെത്തുന്നതിന് അവരെ സഹായിക്കാൻ കായികാധ്യാപകർക്കാവും. വേനലവധിക്കാലത്ത് കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടടെ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ റ്റി.പി.എഫ്.പി ജേതാക്കൾക്കായി പ്രത്യേക ക്യാമ്പ് നടത്തുന്നതാണ്.■

■ എൽ.ആർ. മധുജൻ



കുട്ടികളുടെ കുസൃതി, തിരുവനന്തപുരം ഭാഷയിൽ പറഞ്ഞാൽ 'കുണ്ടണി' ആസ്വദിക്കാത്തവരായി ആരുമുണ്ടാവില്ല. കൊച്ചു കിന്നാരങ്ങൾക്കൊപ്പം കയ്യിൽക്കിട്ടിയതൊക്കെ വാരിയെടുത്തും കുണുങ്ങിയോടിയും ശുണ്ഠിപിടിപ്പിച്ചാലും ആ കുസൃതികൾ വീടിനുൽസവം തന്നെയാണ്. പക്ഷെ അതിരുവിട്ട കുസൃതി അസ്വസ്ഥതകളാണ് സൃഷ്ടിക്കുന്നതെങ്കിലോ? ഒരുനേരം പോലു മടങ്ങിയിരിക്കാതെ കൈയിൽ കിട്ടിയതൊക്കെ വലിച്ചെടുത്തും ഇഴഞ്ഞു കയറിയും തുരന്നുചെന്നും പറ്റിപിടിച്ചുകയറിയും മറ്റുള്ളവർക്ക് ഒരു സ്വസ്ഥതയും കൊടുക്കാത്ത കുട്ടികൾ നിങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? എങ്കിൽ അത് വെറും കുസൃതിയാണെന്നും വളരുമ്പോൾ മാറിക്കൊള്ളുമെന്നും വിചാരിക്കരുത്. വളരെയേറെ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതായ ഒരു മാനസിക പ്രശ്നമാണത്. അറ്റൻഷൻ ഡെഫിസിറ്റ് ഹൈപ്പർ ആക് ടീവ് ഡിസോർഡർ അഥവാ എ.ഡി.എച്ച്.ഡി എന്നാണ് ഈ മാനസിക പ്രശ്നം അറിയപ്പെടുന്നത്.

തുടർച്ചയായി ആറു തവണ പല സ്കൂളുകളിൽ നിന്നും റ്റി.സി.വാങ്ങേണ്ടി വന്ന സജീഷും പഠനം മതിയാക്കിയ വിനായകുമൊക്കെ ഈ രോഗത്തിന്റെ ഇരകൾ തന്നെയാണ്. മകനെക്കൊണ്ടുള്ള ബുദ്ധിമുട്ടുനിമിത്തം ആത്മഹത്യചെയ്യാനൊരുങ്ങിയ കുടുംബങ്ങൾ വരെയുണ്ട്. വീട്ടിലുള്ളവർക്കുമാത്രമല്ല, അയൽവാസികൾക്കും അധ്യാപകർക്കുമൊക്കെ മകനെക്കൊണ്ട് ശല്യമാകുന്ന അവസ്ഥ നിസ്സാരമല്ല.

ഒരു കാര്യത്തിലും ചിട്ടയും ക്രമവും പുലർത്താൻ ഇത്തരത്തിലുള്ള കുട്ടികൾക്കു കഴിയില്ല. ഏകാഗ്രതയോടെ ഒരു കാര്യം ചെയ്യാനോ പഠനത്തിൽ മുന്നേറാനോ സാധിക്കാതെ വരും. എന്തെങ്കിലുമൊരുകാര്യം വേണമെന്നുതോന്നിയാൽ വാശിപിടിക്കുകയും കിട്ടാതെവന്നാൽ കയ്യിൽകിട്ടിയത് വലിച്ചെറിഞ്ഞുടച്ചും അടിച്ചുപൊട്ടിച്ചും വയലന്റാകുന്ന അവസ്ഥ അപൂർവമായെങ്കിലും കൊലപാതകത്തിൽ വരെ ചിലപ്പോൾ കലാശിച്ചു എന്നുവരാം. ബന്ധു



# കുസൃതി അപകടമാകുമ്പോൾ

**വീട്ടിലെന്നല്ല, എവിടെച്ചെന്നാലും ഏതു സാധനവുമെടുത്ത് പരിശോധിച്ചും അലങ്കോലപ്പെടുത്തിയും ആകെ പ്രശ്നമയമാക്കുന്ന 'കുരുത്തംകെട്ട' കുട്ടികളെ നിലയ്ക്ക് നിർത്താൻ ചൂരൽക്കഷായം അരുതേ. അത്തരം കുട്ടികളുടെ അച്ഛനമ്മമാർ ഒരു നിമിഷം ഈ ലേഖനമൊന്ന് വായിക്കുക.**

വീട്ടിലെന്നല്ല, എവിടെച്ചെന്നാലും ഏതു സാധനവുമെടുത്ത് പരിശോധിച്ചും അലങ്കോലപ്പെടുത്തിയും ആകെ പ്രശ്നമയമാക്കുന്ന ഇത്തരം കുട്ടികൾ ട്യൂഷൻ ക്ലാസിലും തിയേറ്ററിലും അമ്പലത്തിലും പള്ളിയിലുമെന്നല്ല ഡോക്ടറുടെ മുറിയിലും ഡ്യൂട്ടി റൂമിലുമൊന്നും വെറുതെയിരിക്കില്ല. അസ്വസ്ഥതയുടെ വിത്തുകൾ മറ്റുള്ളവരുടെ മനസ്സിൽ വാരിവിതറിക്കൊണ്ട് എല്ലാവരുടെ പഴിയും ശാപവുമേറ്റ് ജീവിക്കേണ്ടിവരുന്ന ഇത്തരക്കാരോട് ശിക്ഷകളുടെ ചൂരൽ പ്രയോഗങ്ങളോ മർദനമുറകളോ അല്ല വേണ്ടത്. പകരം അനുകമ്പാപൂർവമായ സ്നേഹസാമീപ്യങ്ങളാണ് കുടുംബാംഗങ്ങളുടെയും സമൂഹത്തിന്റെയും ഭാഗത്തുനിന്നുണ്ടാകേണ്ടത്. ശാസ്ത്രീയമായ സമീപനരീതി രോഗത്തിന്റെ തീവ്രത കുറയ്ക്കാൻ സഹായിക്കും. രോഗിയെ പ്രകോപിപ്പിക്കുവാനേ പാടില്ല. എന്നുവച്ച് ചോദിക്കുന്നതെന്തും വാങ്ങിക്കൊടുക്കണമെന്നോ ആവശ്യപ്പെടുന്നതെന്നും നടപ്പിലാക്കിക്കൊടുക്കണമെന്നോ അല്ല. നയപരവും മയപ്പെടുത്തുന്നതുമായ അന്തരീക്ഷം വീടിനുള്ളിലുണ്ടാക്കിയെടുക്കാൻ കഴിയണം. പിതാവിന്റെ മദ്യപാനം, മാതാപിതാക്കൾ തമ്മിലുള്ള വഴക്ക് തുടങ്ങി അനേകം ഘടകങ്ങൾ രോഗത്തെ പെരുപ്പിക്കുമെന്നതിന് തെളിവുകളുണ്ട്.

രോഗം എ.ഡി.എച്ച്.ഡിയാണെന്ന് നിർണയിക്കുന്നത് വളരെ പ്രധാനമാണ്. എളുപ്പത്തിൽ പരിഹരിക്കാവുന്ന ഒരു പ്രശ്നമല്ല എ.ഡി.എച്ച്.ഡി. വളരെയേറെ കരുതലുകളും സൂക്ഷ്മതകളും ഇക്കാര്യത്തിലുണ്ടാകണം. ദുർഗുണപരിഹാരപാഠശാലകളിലയച്ചതുകൊണ്ടോ ബന്ധുവീടുകളിൽ മാറ്റിത്താമസിപ്പിച്ചതുകൊണ്ടോ ഇത് പരിഹരിക്കപ്പെടില്ല. മസ്തിഷ്കത്തിലുണ്ടാകുന്ന ചില പ്രശ്നങ്ങളാണ് ഈ രോഗത്തിന് കാരണമെന്ന് വൈദ്യശാസ്ത്രം തെളിയിച്ചിട്ടുണ്ട്. മസ്തിഷ്കത്തിലെ ടെംപറൽ, ഫ്രണ്ടൽ ഭാഗങ്ങളുടെ പ്രവർത്തനങ്ങളിലെ ഏകോപനത്തിലും നിയന്ത്രണത്തിലുമുണ്ടാകുന്ന മന്ദതയാണ് എ.ഡി.എച്ച്.ഡിയുടെ പ്രധാനകാരണം. ഈ മാന്ദ്യം ആൺകുട്ടികളിലാണ് കൂടുതൽ കാണപ്പെടുന്നത് എന്നതുകൊണ്ടാവണം എ.ഡി.എച്ച്.ഡിയുടെ ഇരകളിൽ ഭൂരിപക്ഷവും ആൺകുട്ടികളായിരിക്കുന്നത്. മസ്തിഷ്കവുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നമായതുകൊണ്ടുതന്നെ കൗൺസലിങ് കൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്ന ഒന്നല്ല ഇത്. ഔഷധചികിൽസയും ബിഹേവിയർ തെറാപ്പിയും സൈക്കോതെറാപ്പിയും സമന്വയിച്ചുകൊണ്ടുള്ള ചികിൽസാസംമ്പ്രദായമാണ് ഇതിന് അഭികാമ്യം.

രോഗിയുടെ രക്ഷാകർത്താക്കൾക്ക് കൗൺസലിങ് നൽകുക ഈ ചികിൽസയിൽ ഒഴിവാക്കാനാകാത്ത ഒന്നാണ്. സ്കൂളുകളിലും എ.ഡി.എച്ച്.ഡിയെ സംബന്ധിച്ച സെമിനാറുകൾ സംഘടിപ്പിക്കുന്നത് പഠന വൈകല്യം, ബിഹേവിയർ ഡിസോർഡർ, എ.ഡി.എച്ച്.ഡി. എന്നിവ തമ്മിലുള്ള വ്യത്യാസം അധ്യാപകർക്കും സഹപാഠികൾക്കും രക്ഷിതാക്കൾക്കും മനസ്സിലാക്കിക്കൊടുക്കാൻ സഹായിക്കും.

ഇപ്രകാരം അടിസ്ഥാനപരമായി സംഘടിപ്പിക്കാവുന്ന ബോധവത്കരണത്തോടൊപ്പം ശാസ്ത്രീയമായ ചികിത്സാവിധികൾ കഴിയുന്നത്ര നേരത്തേ ആരംഭിച്ചാൽ എ.ഡി.എച്ച്.ഡി ബാധിച്ച കുട്ടികളെ ഒരു പരിധവരെ രക്ഷിച്ചെടുക്കാൻ കഴിയുമെന്നതിൽ സംശയമില്ല. അതിന് സമന്വയാധിഷ്ഠിതവും ശാസ്ത്രീയവുമായ കാഴ്ചപ്പാടുകളാണ് ഉണ്ടാവേണ്ടത്.■

*കൺസൾട്ടന്റ് സൈക്കോളജിസ്റ്റാണ് ലേഖകൻ*

■ ആർ.ഹേലി

# എങ്ങും പരക്കുന്ന രാമച്ചപ്പെരുമ

## കർണാടകത്തിലെ തെക്കൻ ഗ്രാമത്തിൽ നിന്ന് ഉയിർക്കൊണ്ട രാമച്ചത്തിന്റെ വൈശിഷ്ട്യങ്ങൾ ലോകം മുഴുവൻ അംഗീകരിക്കപ്പെട്ടിരിക്കുന്നു

രാമായണത്തിലെ സുന്ദരകാണ്ഡം മുതൽ അമേരിക്കൻ ശാസ്ത്ര അക്കാദമി നോബൽ സമ്മാനം നേടിയ ലോകത്തിലെ ഏക കൃഷിശാസ്ത്രജ്ഞനായ നോർബൻ ബോർഗേഗ് അധ്യക്ഷനായി തയ്യാറാക്കിയ കമ്മിറ്റി റിപ്പോർട്ടുവരെ വ്യാപിച്ചു നിൽക്കുകയാണ് 'രാമച്ചമാഹാത്മ്യം'. അഗസ്ത്യ മഹർഷി രൂപം നൽകിയ അഷ്ടാംഗഹൃദയം തൊട്ടുള്ള ഗ്രന്ഥങ്ങളിൽ ഇതിന്റെ വൈശിഷ്ട്യം പ്രകീർത്തിക്കപ്പെട്ടിരിക്കുന്നു. ശ്രീരാമന്റെയും രാവണന്റെയും പ്രിയം ഒരേ സമയം നേടിയതാണ് എന്നുകൂടി ഓർക്കുമ്പോൾ രാമച്ചത്തെക്കുറിച്ചറിയാൻ ആരാണ് ആഗ്രഹിക്കാത്തത്? ഇപ്പോൾ രാമച്ചമാഹാത്മ്യം ഏറ്റവും കൂടുതൽ പ്രചരിപ്പിക്കാൻ ആഹ്വാനം ചെയ്യുന്നത് കേരളത്തിലെ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ തന്നെയാണെന്ന് കൂടി അറിയുമ്പോൾ കേരളീയർക്ക് പ്രത്യേക താത്പര്യവും ഉണ്ടാകും. ലോകബാങ്കിന്റെ പ്രത്യേക താത്പര്യ വിളയായും രാമച്ചം ഉയർന്നിരിക്കുന്നു. ഇന്ത്യയാണ് രാമച്ചത്തിന്റെ ജൻമദേശമെന്ന കാര്യത്തിൽ ഏകാഭിപ്രായമാണ്. അതും കർണാടകത്തിലെ തെക്കൻ ഗ്രാമങ്ങളിൽ നിന്നത്രെ ഇതിന്റെ മാഹാത്മ്യം ലോകം മുഴുവനും വ്യാപിച്ചത്. രാമായണ കാലപാരമ്പര്യം രാമച്ചത്തിനുണ്ടെങ്കിലും അതിന് ആഗോളപ്രശസ്തി നേടിക്കൊടുത്തത് 'ലോകബാങ്ക്'ത്രെ! ശാസ്ത്രം പുരോഗമിക്കുമ്പോൾ ലഭ്യമായ ഒരു സവിശേഷതയാണത്. നമുക്കുചുറ്റിലും ശ്രദ്ധിക്കപ്പെടാതെ വളരുന്ന പല സസ്യങ്ങൾക്കും അത്ഭുതകരമായ പുതുമഹത്വങ്ങളുടെ 'പെരുമഴ' വരാൻ തുടങ്ങും. അതിന്റെ ഒരു ഉത്തമ ഉദാഹരണമാണ് രാമച്ചം.

ഔഷധസസ്യമായിട്ടാണ് കൃഷി ശാസ്ത്രലോകം രാമച്ചത്തിനെ ഉൾപ്പെടുത്തിയിരിക്കുന്നത്. വേരുകളിൽ നിന്നു വാറ്റി എടുക്കുന്ന സുഗന്ധതൈലമായിരുന്നു മഹത്വരഹസ്യം! എന്നാൽ ഉപയോഗിക്കാൻ പുതിയതായി പിറന്നപ്പോൾ 110 രാഷ്ട്രങ്ങളിൽ ഇപ്പോൾ ഇത് വളർത്തപ്പെടുന്നു. ഓരോ രാജ്യത്തിലും അതിന് പല പേരുകളുണ്ട്. ഇന്ത്യയിൽ എല്ലാ ഭാഷകളിലും ഇതിന് വെവ്വേറെ നാമങ്ങളുണ്ട്. തമിഴിൽ 'വെട്ടിവേർ' എന്നും ഹിന്ദിയിൽ 'ഖസ്' എന്നു വിളിക്കുന്നു. ഇന്ത്യയിലും മ്യാൻമാറിലും ശ്രീലങ്കയിലും പണ്ടേ വൻതോതിൽ രാമച്ചം വളരുന്നുണ്ട്. രാജസ്ഥാനിലും ഉത്തർപ്രദേശിലും പഞ്ചാബിലും വ്യാവസായികാടിസ്ഥാനത്തിൽ കൃഷിയുണ്ട്. അവരുടെ രാമച്ചതൈലമാണ് ഗുണത്തിലും വിലയിലും മെച്ചം.

- രാമച്ചത്തിന്റെ വിശിഷ്ടഗുണങ്ങൾ അന്തംവിട്ടുപോകും വിധം നീണ്ടതാണ്. അഗസ്ത്യമുനിയുടെ അഷ്ടാംഗഹൃദയപാരമ്പര്യമാണ് തുടക്കം.
- സുഗന്ധദ്രവ്യങ്ങൾ, സൗന്ദര്യകുഴമ്പുകൾ ഇവയിൽ രാമച്ചതൈലം അവിഭാജ്യഘടകം.
- രാവണന്റെ 'ഉഷ്ണശമനിക്ക്' രാമച്ചം ഉപകരിച്ചിരുന്നു!
- പിത്തം, കഫം ഇവയുടെ ആധിക്യം കുറയ്ക്കും.
- ദഹനശക്തി കൂട്ടി വിശപ്പ് വർധിപ്പിക്കാം.
- അമിത വിയർപ്പ് ഇല്ലാതാക്കും. വിയർപ്പിന്റെ ദുർഗന്ധം അകറ്റും.





കേരളത്തിൽ വർഷം തോറും 90 ലക്ഷം ടൺ മണ്ണ് ഒലിച്ചുപോകുന്നു! ഇതാണ് നിലയെങ്കിൽ ഹരിതവിപ്ലവം ആരംഭിക്കേണ്ടതും ഭക്ഷ്യസുരക്ഷായത്നം തുടങ്ങേണ്ടതും മണ്ണുസംരക്ഷണത്തിന്റെ രംഗത്തുനിന്നുമാണ്. രാമച്ചത്തിന്റെ വില നാം അറിയാത്തമട്ടാണ്.

- ശരീരത്തിന് സുഗന്ധവും മനസ്സിന് സുഖവും പകരും.
- ത്വക് രോഗം മാറ്റും. രക്തസ്രാവം ഇല്ലാതാക്കും.
- മസ്തിഷ്കരോഗങ്ങൾ, ചുമ, ഉഷ്ണരോഗങ്ങൾ, ക്യാൻസർ, അൾസർ ഇവയ്ക്കുള്ള മരുന്നുകളിൽ രാമച്ചതൈലത്തിന് മാന്യസ്ഥാനമുണ്ട്.
- പാമ്പുവിഷത്തിന് പ്രതിവിധിയാണത്രെ!
- ചർദ്ദിക്കും അതിസാരത്തിനും രാമച്ചമിട്ട് നല്ലപോലെ ചൂടാക്കി തണുപ്പിച്ച വെള്ളം നല്ലതാണ്. വേഗം ആശ്വാസം തരും.
- രാമച്ചവേരിട്ട് കാച്ചിയ എണ്ണ തേച്ചാൽ മുടികൊഴിച്ചിൽ നിൽക്കും!
- രക്തം ശുദ്ധീകരിക്കാനുള്ള ശക്തി രാമച്ചത്തിനുണ്ട്.
- വെള്ളം ശുദ്ധീകരിക്കാം.

ഇങ്ങനെ പോകുന്നു രാമച്ചവൈശിഷ്ട്യത്തിന്റെ നീണ്ട പട്ടിക.

പക്ഷെ രാമച്ചത്തിന്റെ ആധുനിക മഹത്വം അതിന്റെ മണ്ണൊലിപ്പ് തടയാനുള്ള സിദ്ധിയിൽ നിന്നുടലെടുത്തതാണ്. ലോക കൃഷിരംഗത്തെ ഒരു മഹാപ്രശ്നം മണ്ണൊലിപ്പ് തടയലാണ്. മേൽമണ്ണ് ഒലിച്ചുപോയാൽ പിന്നെ വിളപരിപാലനം അസാധ്യം. അന്നൊക്കെ പഴമക്കാർ നമ്മോട് പറഞ്ഞു തന്നത് 'മൺതരി പൊൻതരി' എന്ന്. ഇന്ത്യയിലെ കാര്യം മാത്രമെടുത്താൽ മതി മണ്ണൊലിപ്പിന്റെ കെടുതി അറിയാൻ. പ്രതിവർഷം 8 ലക്ഷം ചതുരശ്ര കിലോമീറ്റർ ഭൂമിയാണ് ഇവിടെ മണ്ണൊലിപ്പിന് വിധേയമാകുന്നത്. കേരളത്തിൽ വർഷം തോറും 90 ലക്ഷം ടൺ മണ്ണ് ഒലിച്ചുപോകുന്നു! ഇതാണ് നിലയെങ്കിൽ ഹരിതവിപ്ലവം ആരംഭിക്കേണ്ടതും ഭക്ഷ്യസുരക്ഷയത്നം തുടങ്ങേണ്ടതും മണ്ണുസംരക്ഷണത്തിന്റെ രംഗത്തുനിന്നുമാണ്. രാമച്ചത്തിന്റെ 'വില' നാം അറിയാത്തമട്ടാണ്.

ലോകത്തിലെ മിക്ക രാജ്യങ്ങളിലും ഇതൊരു വലിയ പ്രശ്നമാണെങ്കിലും വലിയ ചെലവേറിയ ഒരു പണിയായിട്ടാണ് അനുഭവപ്പെടുന്നത്. മണ്ണൊലിപ്പ് തടയാനുള്ള ചെലവ് കുറഞ്ഞതും അതീവ ഫലപ്രദവും കൃഷിക്കാർക്ക് പരസഹായം ഇല്ലാതെ ചെയ്യാവുന്നതുമായ ഒരു മാർഗം തേടിയുള്ള പഠനത്തിലാണ് രാമച്ചത്തിന്റെ മണ്ണൊലിപ്പ് തടയാനുള്ള മഹാ കഴിവിനെ ലോകം കണ്ടെത്തിയത്. അതും കർണാടകത്തിലെ ഗ്രാമങ്ങളിൽ വളരെ പുരാതന കാലം മുതലും ഇപ്പോഴും മണ്ണൊലിപ്പുതടയാൻ രാമച്ചം വളർത്തുന്ന ഇന്ത്യൻ അനുഭവമാണ് ലോകം മുഴുവനും ലോകബാങ്ക് പഠിപ്പിച്ചത്. ആഗോള പ്രാധാന്യമുള്ള ഒരു കൃഷിവികസനയത്നമായി മണ്ണുസംരക്ഷണത്തിന് വേണ്ടി രാമച്ചം കൃഷി ചെയ്യുന്നത് വരും കാലങ്ങളിൽ വളർന്ന് വികസിക്കുമെന്ന് തീർച്ച. രാമച്ച സവിശേഷതകൾ ഇനി പറയുന്നവയാണ്.

- രാമച്ചവേരുപടലം താഴോട്ട് വളർന്നിറങ്ങി മൂന്ന് മീറ്റർ ആഴത്തിൽ മണ്ണിനെ ബന്ധിച്ചുനിറുത്തും. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ ഇവ തടയാൻ ഇത് വളരെ സഹായിക്കും.
- അടുപ്പിച്ചു വളർത്തിയാൽ കുതിച്ചുവരുന്ന വെള്ളപ്പാച്ചിലിനെ തടഞ്ഞ് മണ്ണൊലിപ്പിനെ തടയാം.
- മൂർച്ചയുള്ള ഇലയും സുഗന്ധവുമുള്ള വേരുകളും ഉള്ളതിനാൽ ഇതിന്റെ സാന്നിധ്യം പാമ്പ്, ക്ഷുദ്രജീവികൾ, കീടങ്ങൾ ഇവയെ അകറ്റും.
- ഇളം പുല്ല് കാലിതീറ്റയാണ്. കണ്ണാടക ഇനമാണ് ഇതിന് മെച്ചം.
- വരൾച്ചയെയും വെള്ളക്കെട്ടിനെയും ഒരുപോലെ തടുക്കാൻ കഴിവുണ്ട്.
- മലിനജലം ശുദ്ധീകരിക്കാൻ കഴിയും
- ഏതു തരം മണ്ണിലും വളർത്താം.

കേരളത്തിലും കർണാടകത്തിലും ആയിരക്കണക്കിന് ഏക്കർ തീരപ്രദേശത്ത് രാമച്ചം വളരുന്നു. തൃശൂർ, മലപ്പുറം ജില്ലകളിൽ കടൽഭിത്തിക്ക് പകരം രാമച്ചം വളർത്താമെന്ന് പല ശുപാർശകളും ഉണ്ട്. പക്ഷെ, രാമച്ചത്തിന് 'ലോബി' ഇല്ല. കൊച്ചിയിൽ ഇന്ത്യൻ രാമച്ച നെറ്റ് വർക്കിന്റെ ഒരു സെമിനാർ ലോകബാങ്കിന്റെയും റ്റാറ്റാ റ്റീയുടെയും സഹകരണത്തിൽ ഈ വർഷം നടത്തിയിരുന്നു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഒട്ടനവധി വിദഗ്ധർ പങ്കെടുത്ത സെമിനാർ കേരള ഗവർണറാണ് ഉദ്ഘാടനം ചെയ്തത്. ടൂറിസം മന്ത്രി കോടിയേരി ബാലകൃഷ്ണൻ തുടങ്ങിയ നേതാക്കൻമാരും കാർഷിക സർവകലാശാല വൈസ്ചാൻസിലർ വിശ്വംഭരൻ, പ്രൊഫ. എം.കെ.പ്രസാദ് തുടങ്ങിയ ശാസ്ത്രജ്ഞരും പങ്കെടുത്തിരുന്നു.

അതിനോട് അനുബന്ധമായി നടത്തിയ പ്രദർശനത്തിൽ കർണാടകത്തിലും ഗുരുവായൂരിലും മറ്റും രാമച്ചത്തിൽ നിന്നുണ്ടാക്കുന്ന വിവിധ ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. അമേരിക്കയിലേക്കും യൂറോപ്പിലേക്കും ഈ വിഭവങ്ങൾ മെത്ത, ചെരുപ്പ്, കർട്ടൻ, തൊപ്പി തുടങ്ങിയവ കയറ്റി അയയ്ക്കുന്ന കേരളത്തിലെ പ്രധാനപ്പെട്ട കച്ചവടക്കാരെ കണ്ടു. ശ്രീലക്ഷ്മി ഹാൻഡിക്രാഫ്റ്റ് പാലക്കാട്, ചാലക്കുടിയിലെ ശ്രീശ്രീ പ്രോഡ്കട്സ് തുടങ്ങിയവ എന്തുവലിയ സേവനമാണ് നടത്തുന്നത് എന്ന് അവരുടെ അനുഭവ വിവരണം കേട്ടപ്പോൾ തോന്നിപ്പോയി. അത്ര മനോഹരമാണ് ഉത്പന്നങ്ങൾ. രാമച്ചം, തൈലം, സോപ്പ്, ചെരിപ്പ്, ഷൂസ് സോൾ, വിശറി, മെത്ത, യോഗമാറ്റ്, നിസ്കാരപായ്, തൊപ്പികൾ, വിൻഡൊ കർട്ടൻ, കൗതുകവസ്തുക്കൾ കാറിന്റെ സീറ്റ് തുടങ്ങി എത്ര എത്ര വിഭവങ്ങൾ, ഇതിന്റെ ചെരുപ്പിട്ടാൽ വേദനയും സമ്മർദവും ഒക്കെ മാറുമത്രേ! രാമച്ചം മെത്തയിൽ കിടന്നാൽ നടുവേദനയ്ക്കും ഡിസ്ക് തെറ്റലുകാർക്കും ആശ്വാസം! പ്രമേഹം, കുടവയറ്, ആർത്തവ തകരാറ് ഇവയിൽ നിന്ന് ആശ്വാസം കിട്ടാനുള്ള പല മരുന്നുകളും ഉണ്ടാക്കുന്നുവെന്ന് പറയപ്പെടുന്നു. സത്യം പറഞ്ഞാൽ അവരെ നാം അവഗണിക്കുകയാണ്.

ഇത്തരം ഉത്പന്നങ്ങൾക്ക് ആവശ്യം വർധിക്കുന്നു എന്നാണ് ഈ വിഭവങ്ങൾ എല്ലാം വാങ്ങി വിതരണം ചെയ്യുന്ന

കോട്ടയം മണർകാട് 'ചെറിയാൻ ഹൊളി സ്റ്റിക്കൽ സെന്റർ' എന്ന സന്നദ്ധ സംഘട നയുടെ തലവൻ ജോൺ വ്യക്തമാക്കുന്നത്. രാമച്ചകൃഷി വളരെ ചെലവ് കുറഞ്ഞ ഒരു കൃഷിയാണ്. ഇത് വളർത്തി മാസങ്ങൾക്കുള്ളിൽ കോടീശ്വരൻ ആകാമെന്ന് വിചാരിക്കരുത്! പക്ഷെ, മണ്ണൊലിപ്പ് തടയാനും കടൽ ഭിത്തി കെട്ടാനും ഇന്നിപ്പോൾ ചെലവാക്കുന്ന തുകയുടെ ഒരുഭാഗം ഈ ജൈവയത്നത്തിന് നൽകണം. കേരളത്തിന്റെ ജൈവനയത്തിൽ ഇതിന് മാന്യമായ ഒരു സ്ഥാനം നൽകണം. ഓടക്കാലിയിലെ ഇനത്തിന് കുവൈറ്റിൽ ആരാധകരുണ്ട്. പക്ഷെ, കേരളത്തിലും അത് എല്ലാവരും അറിയണം. ഓടക്കാലി കേന്ദ്രത്തിന്റെ അധിപരായ കാർഷിക സർവകലാശാല രാമച്ചത്തിനെക്കുറിച്ച് ബോധവത്കരണയത്നത്തിന് മുൻകൈ എടുക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഓടക്കാലി ഗവേഷണകേന്ദ്രത്തിൽ



കഴിഞ്ഞ പല പതിറ്റാണ്ടുകളായി ഇതിന്റെ ഗവേഷണം നടക്കുന്നുണ്ട്. അമേരിക്കയിലെ പഠനങ്ങളിൽ നിന്ന് വ്യക്തമായത് ചിതലിനെ നശിപ്പിക്കാനുള്ള കഴിവ് രാമച്ചത്തിന് ഉണ്ട്. ഡൽഹിയിലെ ഇന്ത്യൻ കാർഷിക ഗവേഷണകേന്ദ്രം ലഖ്നൗവിലെ ദേശീയ സസ്യശാസ്ത്രസ്ഥാപനം മിക്കവാറും എല്ലാ കാർഷിക സർവകലാശാലകളിലും രാമച്ചം പഠന ഗവേഷണം വിഷയമാണ്.1988 ൽ മാത്രം കൃഷി തുടങ്ങിയ ചൈനയിൽ മണ്ണ് സംരക്ഷണത്തിന് മാത്രമല്ല പല കൈത്തൊഴിലുകൾക്കും രാമച്ചം ഉപയോഗിക്കുന്നു. റയിൽ പാളങ്ങൾ ഇടുന്ന പാതയോരങ്ങളെ മണ്ണൊലിപ്പിൽ നിന്നു രക്ഷിക്കുന്നതിനാണ് രാമച്ചത്തിന്റെ കൃഷി പ്രധാനമായും ചൈനയിൽ നടക്കുന്നത്. രാമച്ചം കൊണ്ട് വിവിധ ഉത്പന്നങ്ങൾ ഉണ്ടാക്കാനുള്ള ഒന്നാമത്തെ അന്താരാഷ്ട്ര സമ്മേളനം ചൈനയിലാണ് നടത്തിയത്. ആസ്ട്രേലിയ രാമച്ചം വളർത്തി മലിനജലം മാറ്റി എടുക്കാനുള്ള യത്നത്തിൽ വമ്പിച്ച വിജയം നേടിയിരിക്കുന്നു. ഒട്ടേറെ രാഷ്ട്രങ്ങൾ ഇത് ഇപ്പോൾ അനുകരിക്കുന്നുണ്ട്. ഇന്ത്യയിൽ ഇതിന് വളരെ വിപുലമായ സാധ്യതയുണ്ട്.

ചൈനയിൽ നടകത്തിയ പഠനങ്ങളിൽ കടലോരങ്ങളെ സംരക്ഷിക്കാൻ രാമച്ചം വളർത്തൽ വളരെ ഫലപ്രദമാണെന്ന് തെളിഞ്ഞിരിക്കുന്നു. ഓടക്കാലിയിൽ നിന്നും രാമച്ചം 'കുവൈറ്റിൽ' കൊണ്ടുപോയി വിജയകരമായി കൃഷി ചെയ്ത് കടലോരം സംരക്ഷിക്കുന്ന റിപ്പോർട്ടുകൾ അന്താരാഷ്ട്ര സമ്മേളനങ്ങളിൽ വായിക്കുന്നുണ്ട്. ആരും ഇത് ശ്രദ്ധിക്കാത്തത് വേദനാജനകമാണ്. രാമച്ചത്തിന്റെ വേര്, ഇല ഇവ ഉപയോഗിച്ച് മനോഹരമായിട്ടുള്ള കൗതുക സാധനങ്ങൾ ഉണ്ടാക്കുന്ന രാജ്യമാണ് തായ്‌ലണ്ട്. ഇക്കാര്യത്തിലുള്ള അവരുടെ വൈദഗ്ധ്യം അന്താരാഷ്ട്ര അംഗീകാരം നേടിയിട്ടുണ്ട്.

വൈദ്യശാസ്ത്രത്തിന്റെ നിഘണ്ടുവായ അഷ്ടാംഗഹൃദയത്തിലെ ഒരു ഭാഗം ഉദ്ധരിച്ചാണ് കേരളത്തിലെ ഒരു വ്യവസായി രാമച്ചവിഭവങ്ങളെ ലോകത്തിന് പരിചയപ്പെടുത്തുന്നത്.

"ഉശിരം ലോചനം ശീതംസ്തംഭനം ലഘുപിത്തകം

മധുരം ജ്വരഹൃദ്‌വാന്തി മദജത്

കഫപിത്ത ഹൃദ് തൃഷ്ണാസത്ര

വിഷ വിസർപ്പ് ദാഹ കൃഛം വ്രണാപഹം"

ലേഖനത്തിന്റെ തുടക്കത്തിൽ പറഞ്ഞിരിക്കുന്നത് ഇതിന്റെ ചുരുക്കമാണ്. ഇത്രയും വൈശിഷ്ട്യമുള്ള രാമച്ചത്തിന്റെ പുതിയ ഉപയോഗമായ മണ്ണൊലിപ്പ് നിവാരണ സാധ്യത ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആവശ്യമായ ഭൂവിഭാഗമാണ് കേരളം. മണ്ണില്ലെങ്കിൽ കൃഷിയില്ലെങ്കിൽ, മണ്ണും കൃഷിയും ഇല്ലെങ്കിൽ കേരളമില്ല! അതിനാൽ രാമച്ചത്തെ ഉപയോഗിക്കുന്ന കാര്യത്തിൽ കൃഷി, ജലസേചനം, പൊതുമരാമത്ത്, ആരോഗ്യം വകുപ്പുകളും കാർഷിക സർവകലാശാലയും ഒരുമിച്ചാൽ ചൈനയേക്കാൾ നമുക്ക് മുന്നിലെത്താം. കേരളമാണല്ലോ രാമച്ചത്തിന്റെ ജൻമദേശമെന്ന് പലരും അവകാശപ്പെടുന്നത്!!

കൃഷിരീതി, നടീൽ വസ്തുക്കൾ ഇവയ്ക്ക് -കാർഷികഗേവഷണകേന്ദ്രം, കേരള കാർഷിക സർവകലാശാല, ഓടക്കാലി, എറണാകുളം ജില്ല.

നഴ്സറി- എസ്.എൽ.പുരം, ആലപ്പുഴ

രാമച്ചം കൊണ്ടുള്ള ചെരുപ്പ്, മെത്ത, തൊപ്പി, കളിസാധനങ്ങൾ, തൈലം ഇവയ്ക്ക് - ചെറിയാൻ ആശ്രമം, ഹോളിസ്റ്റിക്കൽ സെന്റർ, മണർകാട് പി.ഒ., കോട്ടയം

ഈ വിഭാഗങ്ങളിൽ ബന്ധപ്പെടാം. പുറമെ മലപ്പുറത്തും തൃശൂരുമുള്ള പല നഴ്സറികളിലും നടീൽ വസ്തു ലഭിക്കും.■

■ പി.വി. പുരുഷോത്തമൻ

> കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ സാമൂഹിക നീതിക്കും ഗുണമേന്മാ വർധനക്കുമുള്ള വ്യക്തമായ നിർദേശങ്ങളുമായാണ് തിരുവനന്തപുരത്തു നടന്ന അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനം സമാപിച്ചത്

ഫ്യൂഡൽ സാമൂഹ്യവ്യവസ്ഥയുടെയും ജാതിവേർതിരിവുകളുടെയും കൊളോണിയൽ വിധേയത്വത്തിന്റെയും നുകങ്ങൾ പേറുന്ന ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും എന്തുകൊണ്ടും വ്യത്യസ്തമാണ് കേരളം എന്നു നമുക്കറിയാം. ജാതിവിരുദ്ധ പോരാട്ടങ്ങളുടെയും തൊഴിലാളി കർഷക സമരങ്ങളുടെയും ഉജ്ജ്വലമായ പാരമ്പര്യമാണ് ഇതിനു പിറകിലെന്നും പൊതുവിൽ കരുതപ്പെടുന്നു. ഒപ്പം, വിദ്യാഭ്യാസരംഗത്ത് വിഭിന്ന ശ്രേണികളിൽപ്പെട്ടവരിൽ നിന്നുമുണ്ടായ ഇടപെടലുകളും മികവിന്റെ കാരണമായി ചൂണ്ടിക്കാട്ടപ്പെടുന്നു.

മിഷണറിമാരും സമുദായപരിഷ്കരണ പ്രസ്ഥാനങ്ങളും മറ്റും തുടങ്ങിവെച്ച ആ വിദ്യാഭ്യാസ പരിവർത്തനത്തെ ദേശീയ പ്രസ്ഥാനവും തുടർന്ന്, ആദ്യത്തെ ജനകീയ ഗവൺമെന്റും സധൈര്യം മുന്നോട്ടുകൊണ്ടുപോയപ്പോൾ അത് വികസനത്തിന്റെ സൂചകങ്ങളെ ഒന്നൊന്നായി ഉത്തേജിപ്പിച്ചുവെന്ന് വിദഗ്ധൻമാർ പറയുന്നു. എന്നാൽ കാര്യങ്ങൾ ഇന്നും നമ്മുടെ പിടിയിൽ തന്നെയോ? അങ്ങേയറ്റത്തെ ശുഭാപ്തിവിശ്വാസിക്ക്പോലും ഇന്ന് അങ്ങനെ കരുതുക വയ്യ. എപ്പോൾ വേണമെങ്കിലും തകർന്നു വീഴാവുന്ന ഒരു ആശ്രിത സമ്പദ്വ്യവസ്ഥയുടെ മുകളിലായിരുന്നു ഉദ്ഘോഷിക്കപ്പെട്ട ആ നേട്ടങ്ങളെന്ന് ഇന്ന് ഒരു ഞെട്ടലോടെ നാം തിരിച്ചറിയുന്നു. അതുകൊണ്ട് എല്ലാ മേഖലകളിലും ഇത്, പുനഃ

# കേരള വിദ്യാഭ്യാസം
# ഭാവി സൂചകങ്ങൾക്കായുള്ള ഒരന്വേഷണം



കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസിൽ സംഘടിപ്പിച്ച അന്തർദേശീയ വിദ്യാഭ്യാസ സെമിനാർ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

പരിശോധനയുടെയും പുനരന്വേഷണത്തിന്റെയും കാലമായി തീർന്നിരിക്കുന്നു. പ്രത്യേകിച്ചും ആഗോളവത്കരണത്തിന്റെ ഗതിവേഗവും സാങ്കേതികരംഗത്തെ കുതിച്ചുചാട്ടങ്ങളും സാമ്പത്തികരംഗത്തെ അസ്ഥിരതയും ഉത്പാദനരംഗത്തെ മാന്ദ്യവും കൂടിക്കുഴയുന്ന ഈ പുതിയ നൂറ്റാണ്ടിൽ.

നമ്മുടെ നാട്ടുനൻമകളെയും സാംസ്കാരികത്തനിമകളെയും നിലനിർത്തിക്കൊണ്ടുതന്നെ വികസനത്തിന്റെ പുതിയ സമസ്യകളെ നമുക്ക് എങ്ങനെയാണ് പൂരിപ്പിക്കാനാവുക? അടിച്ചമർത്തപ്പെടുന്നവരുടെയും നിരന്തരം ദരിദ്രവത്കരിക്കപ്പെടുന്നവരുടെയും മാറ്റിനിർത്തപ്പെടുന്നവരുടെയും ആവശ്യങ്ങളോട് നീതിപുലർത്തിക്കൊണ്ട് നാം എങ്ങനെയാണ് ഈ വെല്ലുവിളികളെ ഏറ്റെടുക്കുക? ജനാധിപത്യത്തെയും മതനിരപേക്ഷതയെയും ഉയർത്തിപ്പിടിച്ചുകൊണ്ട് വികസിക്കുന്ന ഒരു സമൂഹത്തിന്റെ അടിസ്ഥാനശിലയാവേണ്ട ഭാവിവിദ്യാഭ്യാസ മാതൃകയെ നാം എങ്ങനെയാണ് കരുപിടിപ്പിക്കുക? വിദ്യാഭ്യാസരംഗത്ത് കേരളം നടത്തിവരുന്ന ഇടപെടലുകളെ ലോകമാകെ നടന്നുവരുന്ന പ്രതിരോധ പ്രവർത്തനങ്ങളുടെ പശ്ഛാത്തലത്തിൽ

> മിഷണറിമാരും സമുദായപരിഷ്കരണ പ്രസ്ഥാനങ്ങളും മറ്റും തുടങ്ങിവെച്ച ആ വിദ്യാഭ്യാസ പരിവർത്തനത്തെ ദേശീയ പ്രസ്ഥാനവും തുടർന്ന്, ആദ്യത്തെ ജനകീയ ഗവൺമെന്റും സധൈര്യം മുന്നോട്ടു കൊണ്ടുപോയപ്പോൾ അത് വികസനത്തിന്റെ സൂചകങ്ങളെ ഒന്നൊന്നായി ഉത്തേജിപ്പിച്ചുവെന്ന് വിദഗ്ധൻമാർ പറയുന്നു.

പണ്ഡിതലോകം എങ്ങനെയാവും വിലയിരുത്തുക? വിദ്യാഭ്യാസരംഗത്ത് നമ്മുടെ അടിയന്തിര പരിഗണനകളും ഇടപെടലുകളുടെ സ്വഭാവവും എന്താവണം?

വാസ്തവത്തിൽ, ഇത്തരം ചോദ്യങ്ങൾക്ക് ഉത്തരം തേടുന്നതിനുള്ള, ദീർഘവും ഗൗരവതരവുമായ നമ്മുടെ പ്രക്രിയകളെ ആഴത്തിൽ സ്വാധീനിക്കാൻപോന്ന ഒരു അന്തർദേശീയ വിദ്യാഭ്യാസ സെമിനാറിനാണ് ഇക്കഴിഞ്ഞ ഡിസംബർ 4, 5, 6 തീയതികളിൽ കാര്യവട്ടം യൂണിവേഴ്സിറ്റി കാമ്പസ് സാക്ഷ്യം വഹിച്ചത്. ലോകാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ, വിദഗ്ധരിൽ നിന്നും ഇന്ത്യയുടെയും വിശേഷിച്ച് കേരളത്തിന്റെയും ഭാവി വിദ്യാഭ്യാസമാതൃകയുടെ രൂപരേഖ വരച്ചെടുക്കാനാണ് വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനസർക്കാർ ഈ സമ്മേളനത്തിലൂടെ ശ്രമിച്ചത്. മതനിരപേക്ഷ-ജനാധിപത്യ വിദ്യാഭ്യാസത്തിനായി നടത്തിയ ഇത്തരമൊരന്വേഷണം കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ സമാനതകളില്ലാത്ത ഒരു സംഭവമായിരുന്നു എന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. വിദ്യാഭ്യാസത്തിന്റെ കച്ചവട സാധ്യതയല്ല ഇവിടെ അന്വേഷിക്കപ്പെട്ടത് എന്നും മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനായി ലോകമാകെ പൊരുതുന്ന പണ്ഡിതരും പ്രവർത്തകരുമാണ് ഇവിടെ കൂടിച്ചേർന്നത് എന്നതും പ്രത്യേകം സ്മരണീയമാണ്.

## പല രീതികളിൽ ശ്രദ്ധേയമായ സെമിനാർ

അന്തർദേശീയരംഗത്തും ദേശീയതലത്തിലും അറിയപ്പെടുന്ന അനേകം വിദ്യാഭ്യാസ പണ്ഡിതൻമാരെയും ആക്ടിവിസ്റ്റുകളെയും പ്രത്യേകിച്ചും വിമർശനാത്മക ബോധനശാസ്ത്രത്തിന് ഇന്ന് ലോകമാകെ ദിശാവെളിച്ചം നൽകിവരുന്ന വിദ്യാഭ്യാസപണ്ഡിതൻ മൈക്കിൾ ആപ്പിൾ, സ്ത്രീവിദ്യാഭ്യാസ പ്രവർത്തക മെഡലിൻ ആർനോട്ട്, വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞൻ ജോൺ ഹാരീസ് തുടങ്ങിയവരുടെ പങ്കാളിത്തം കൊച്ചുകേരളത്തെ സംബന്ധിച്ച് അഭിമാനാർഹമായി.

രണ്ട് പ്രത്യേക പ്രഭാഷണങ്ങൾ, അഞ്ച് തീമാറ്റിക് സെഷനുകൾ, 22 സമാന്തര സെഷനുകൾ എന്നിവയിലായി 100-ലേറെ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു എന്നത് വിഷയവൈപുല്യത്തിന്റെ സൂചകമായി.

ഗവേഷക വിദ്യാർഥികൾ, യൂണിവേഴ്സിറ്റി-കോളേജ്- അധ്യാപകപരിശീലന കേന്ദ്രങ്ങളിലെ ഫാക്കൽട്ടികൾ, സ്കൂൾ അധ്യാപകർ, രക്ഷകർത്താക്കൾ എന്നിങ്ങനെ വിദ്യാഭ്യാസത്തെ ഗൗരവത്തിൽ സമീപിക്കുന്ന 3000-ഓളം ഡെലിഗേറ്റുകൾ സമ്മേളനങ്ങളിൽ മൂന്നുദിവസം പങ്കുകൊണ്ടു.

സമ്മേളനത്തിന്റെ ഒടുവിൽ 'മതനിരപേക്ഷവും ജനാധിപത്യപരവുമായ വിദ്യാഭ്യാസത്തെ കുറിച്ചുള്ള തിരുവനന്തപുരം പ്രഖ്യാപനം' എന്ന പേരിൽ ഭാവിവിദ്യാഭ്യാസത്തിന് ചൂണ്ടുപലകയാവുന്ന കാഴ്ചപ്പാടുകൾ അടങ്ങിയ ഒരു രേഖ മുന്നോട്ടു വെക്കുവാനും അതിൽ വിദഗ്ധരുടെ അഭിപ്രായം തേടുവാനും സാധിച്ചു.

### പ്രൗഢഗംഭീരമായ ഉദ്ഘാടനം

മൂന്നു ദിവസത്തെ സമ്മേളനം കേരള മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസരംഗത്ത് കേരളം നേടിയ മികവുകളും അതിനു പിറകിലെ ഊർജപ്രവാഹങ്ങളും വിശകലനം ചെയ്ത മുഖ്യമന്ത്രി, കേരള വിദ്യാഭ്യാസരംഗത്തിന് പരപ്പു ഉണ്ടെങ്കിലും ആഴം ഇനിയും വർധിപ്പിക്കേണ്ടതുണ്ടെന്ന വസ്തുത എടുത്തുകാട്ടി. അതാകട്ടെ മൂലധനശക്തികൾക്ക് കീഴ്പെടാതെയും നമ്മുടെ മണ്ണിന്റെയും മാതൃഭാഷയുടെയും സംസ്കാരത്തിന്റെയും തനിമ നിലനിർത്തിയും വേണം നേടിയെടുക്കാൻ. 'ഫണ്ടിനുയോജിച്ച പ്രവർത്തനമല്ല, പ്രവർത്തനത്തിനു വേണ്ട ഫണ്ടാണ് കണ്ടെത്തേണ്ടത്...കുട്ടികളെ കംപ്യൂട്ടറിന്റെ അടിമയാക്കുകയല്ല മറിച്ച് കംപ്യൂട്ടറിനെ കുട്ടികളുടെ അടിമയാക്കുകയാണ് വേണ്ടത്.' അദ്ദേഹം ഓർമിപ്പിച്ചു.

ശാസ്ത്ര സാങ്കേതിക വിഷയങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ തന്നെ മാനവികവിഷയങ്ങളുടെ പ്രസക്തി നാം തിരിച്ചറിയുകയും ചെയ്യണമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

കാര്യവട്ടം ക്യാമ്പസിലെ ഗോൾഡൻ ജൂബിലി ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ വിദ്യാഭ്യാസമന്ത്രി എം.എ. ബേബി അധ്യക്ഷത വഹിച്ചു. വിദ്യാഭ്യാസരംഗത്ത് കേരളത്തിന്റെ ഇതപര്യന്തമുള്ള നേട്ടങ്ങളെ നിലനിർത്തിക്കൊണ്ടുതന്നെ ഗുണനിലവാരവും അവസരതുല്യതയും ഉറപ്പുവരുത്തുന്ന പുതിയ ഒരു കേരള മാതൃകയിലേക്ക് ഈ ചർച്ചകൾ വഴിതുറക്കുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.

തുടർന്ന് സംസാരിച്ച പ്രശസ്ത സാമൂഹികപ്രവർത്തകനും വേൾഡ് കൗൺസിൽ ഓഫ് ആര്യസമാജത്തിന്റെ പ്രസിഡന്റുമായ സ്വാമി അഗ്നിവേശിന്റെ സാന്നിദ്ധ്യം വ്യത്യസ്തമായ അനുഭവമായി. ഒരു കുട്ടി 18 വയസ്സ് പൂർത്തിയാവുന്നതുവരെ ഒരു മതത്തിന്റെയും അടയാളങ്ങൾ കുട്ടിയിൽ പതിപ്പിക്കുന്നത് ശരിയല്ലെന്ന് അദ്ദേഹം പറഞ്ഞു. 'സംശയിക്കുക (doubt), സംവദിക്കുക (debate), വിയോജിക്കുക (dissent)' എന്ന സമീപനം കുട്ടികളിൽ വളർത്തിയെടുക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഭക്ഷ്യമന്ത്രി സി.ദിവാകരൻ, ഡോ: കെ.എൻ പണിക്കർ, പ്രൊഫസർ റിമ ആപ്പിൾ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

### ചർച്ചകളിലേക്ക്

ആദ്യത്തെ തീമാറ്റിക് സെഷൻ 'ഭരണകൂടവും വിദ്യാഭ്യാസവും' എന്നതിനെ കേന്ദ്രീകരിച്ചായിരുന്നു. പ്രൊഫസർ മൈക്കേൽ അപ്പിൾ അധ്യക്ഷത വഹിച്ച ഈ സെഷനിൽ എൻ.സി.ഇ.ആർ.ടി. ഡയറക്ടർ പ്രൊഫ: കെ.കെ. കൃഷ്ണകുമാർ, ഹെൽസിങ്കി യൂണിവേഴ്സിറ്റിയിലെ സോഷ്യൽ പോളിസി വകുപ്പിലെ പ്രൊഫ: ജെ.പി. റൂസ് എന്നിവർക്കൊപ്പം മൈക്കേൽ ആപ്പിളും വിഷയാവതരണം നടത്തി. ഇന്ത്യയിൽ 14 വയസ്സിനു മുമ്പുതന്നെ 25% പെൺകുട്ടികളും വിവാഹിതരാവുന്ന സവിശേഷ സാഹചര്യമാണുള്ളതെന്ന് പ്രൊഫ: കൃഷ്ണകുമാർ ചൂണ്ടിക്കാട്ടി. ശിശുകേന്ദ്രീകൃതം എന്നതിനെക്കാൾ കുട്ടികളെ പ്രചോദിതമാക്കുന്ന വിദ്യാഭ്യാസമാണ് നമുക്കു വേണ്ടത്. 'വലിയ' അറിവിനായി വാദിക്കുന്ന 'നവപാരമ്പര്യവാദം' തന്റെ രാജ്യത്തും ശക്തിപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് അമേരിക്കയിലെ വിസ്കോൺസിൻ സർവകലാശാലയിൽ നിന്നെത്തിയ ആപ്പിൾ വിശദീകരിച്ചു. നമുക്ക് വിദ്യാഭ്യാസത്തെയും അറിവിനെയും ജനാധിപത്യവൽക്കരിക്കണം. എന്നാൽ ആ ജനാധിപത്യം സൂപ്പർമാർക്കറ്റിൽ നിന്നും തെരഞ്ഞെടുക്കാവുന്ന ഒന്നായിരിക്കില്ല. മറിച്ച് പ്രാന്തവത്കരിക്കപ്പെട്ടവന്റെ ശബ്ദത്തിന് ചെവിയോർക്കുന്ന വിമർശനാത്മക വിദ്യാഭ്യാസത്തിന്റെ രീതിശാസ്ത്രമായിരിക്കും.

സ്കാൻഡിനേവിയൻ വിദ്യാഭ്യാസമാതൃകയുടെ വിജയഗാഥയായിരുന്നു റൂൾസിന്റെ പ്രബന്ധത്തിൽ നിറയെ. സ്പെഷൽ ഫീസ് ചുമത്താതെ, സ്കൂളുകൾ തമ്മിലുള്ള താരതമ്യം അനുവദിക്കാത്ത ദേശീയ ഭാഷയും സംസ്കാരവും സംരക്ഷിച്ചുകൊണ്ടുള്ള വിദ്യാഭ്യാസരീതി വികസിപ്പിച്ച രാജ്യമാണത്. ഉയർന്ന ദേശീയനിക്ഷേപവും ക്ഷേമപ്രവർത്തനങ്ങളും വഴി എല്ലാവർക്കും മികച്ച വിദ്യാഭ്യാസം ലഭ്യമാക്കുന്ന കാര്യത്തിൽ സ്വീഡൻ, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങൾ അമേരിക്കയെയും ബ്രിട്ടനെയും മറികടന്നിരിക്കുന്നുവെന്ന് കണക്കുകളുടെ പിൻബലത്തോടെ അദ്ദേഹം സമർഥിച്ചു. കേരളത്തിന് തീർച്ചയായും ഇതിൽ നിന്നും പാഠങ്ങൾ പഠിക്കാനുണ്ട്.

ഒന്നാം ദിവസം വൈകുന്നേരം നടന്ന സ്പെഷൽ ലക്ചർ നടത്തിയത് ഡൽഹി ജെ.എൻ.യു.വിലെ എമിരിറ്റസ് പ്രൊഫസറായ അമിത് ബാദുരി ആയിരുന്നു. 70% പേർ ദാരിദ്ര്യത്തിൽ അമർന്നുകിടക്കുന്ന ഇന്ത്യയിൽ എന്താണ് വിദ്യാഭ്യാസത്തിലൂടെ ഉത്പാദിപ്പിക്കേണ്ടത് എന്ന് തീരുമാനം മാർക്കറ്റിന് വിടരുതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ധനമന്ത്രി തോമസ് ഐസക് ആയിരുന്നു അധ്യക്ഷൻ.

രണ്ടാം ദിവസം രാവിലെ നടന്ന 'വിദ്യാഭ്യാസവും സാമൂഹ്യവിവേചനവും' എന്ന തീമാറ്റിക് സെഷനിൽ കേംബ്രിഡ്ജ് സർവകലാശാലയിലെ മഡ്ലെയിൻ ആർനോട്ട് അധ്യക്ഷസ്ഥാനമേറ്റെടുത്ത് വിഷയാവതരണം നടത്തി. പുരുഷമേധാവിത്ത സമൂഹത്തിൽ സ്ത്രീകളുടെ വിദ്യാഭ്യാസം ലോകമാകെ പിന്തള്ളപ്പെട്ട നിലയിലാണെന്ന് അവർ സൂചിപ്പിച്ചു. ഈ സെക്ഷനിൽ തുടർന്നു സംസാരിച്ച പ്രശസ്ത വിദ്യാഭ്യാസ വിദഗ്ധൻ ജെ.ബി.തിലക്, സാമ്പത്തികവും സാങ്കേതികവും രാഷ്ട്രീയവും സാമൂഹ്യവും ജ്ഞാനപരവുമായി മൂലധനത്തിന്റെ പ്രവർത്തനം പണ്ടും ഇന്നും എങ്ങനെയാണ് അധികാരത്താൽ നിയന്ത്രിക്കപ്പെടുന്നതെന്ന് വിശകലനം ചെയ്തു.

അടുത്ത തീമാറ്റിക് സെഷനിൽ ആഗോളവത്കരണത്തിന്റെ സ്വാധീനം വിദ്യാഭ്യാസത്തിന്റെ സ്വഭാവത്തിൽ വരുത്തുന്ന മാറ്റമാണ് ചർച്ച ചെയ്തത്. ഇതിൽ അധ്യക്ഷം വഹിച്ചുകൊണ്ട് വിഷയാവതരണം നടത്തിയ സംസ്ഥാന പ്ലാനിങ് ബോർഡ് വൈസ് ചെയർമാൻ ഡോ: പ്രഭാവ് പട്നായിക് പുതിയ കാലത്ത് അടിച്ചമർത്തപ്പെ

ടുന്നവർക്കുവേണ്ടി ഉയർന്നുവരേണ്ട 'ജൈവബുദ്ധിജീവി'കളെ കുറിച്ച് സൂചിപ്പിച്ചു. കൊളോണിയൽ ഭരണത്തിനെതിരെയുള്ള സമരത്തിൽ ഗാന്ധിജി അത്തരമൊരു പങ്കായിരുന്നു വഹിച്ചിരുന്നത്. അസമത്വം കൊടികുത്തി വാഴുന്ന പുതിയ ലോകസമൂഹത്തിൽ യൂണിവേഴ്സിറ്റികളെ തമ്മിൽ താരതമ്യം ചെയ്ത് ചിലത് മികച്ചത് എന്ന് പറയുന്നത് നിരർഥകമാണെന്നും അദ്ദേഹം സൂചിപ്പിച്ചു.

തുടർന്ന് സംസാരിച്ച നാക്മൻ ചെയർമാൻ ജ്ഞാനം സ്വകാര്യസ്ഥാപനങ്ങളുടെ മികവിനെയും പങ്കാളിത്തത്തെയും അമിതമായി ഉയർത്തിപ്പറഞ്ഞത് ചർച്ചകളെ ചൂടുപിടിപ്പിച്ചു. അമിയ കുമാർ ബാഗ്ചി ഉൾപ്പെടെയുള്ളവരും വേദിയിൽ തന്നെയുണ്ടായിരുന്ന ജയതി ഘോഷും ജ്ഞാനത്തിന്റെ വാദങ്ങളെ ചോദ്യം ചെയ്തു. 'ഐഡിയ'യുടെ പരസ്യത്തിൽ കാണിക്കുന്ന മാതൃകയാണ് സ്വകാര്യവത്കരണത്തിന്റെ വക്താക്കൾ വാഗ്ദാനം ചെയ്യുന്നതെന്നും പൊതുമേഖലയിൽ പോലും സമാന്തരസംവിധാനങ്ങൾ പാടില്ലെന്നും ജെ.എൻ.യു.വിലെ പ്രൊഫസറായ ജയതി ഘോഷ് വാദിച്ചു. ഇതേ സെഷനിൽ പങ്കെടുത്ത ലണ്ടൻ കിങ്സ് കോളേജിലെ പ്രൊഫ: ക്രിസ്റ്റഫർവിഞ്ച് ഭരണകൂടം വിദ്യാഭ്യാസമേഖലയിൽ സാർഥമായി ഇടപെടേണ്ട ആവശ്യകത ചൂണ്ടികാട്ടി.

കേരളത്തിലെ വിദ്യാഭ്യാസനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടത്തിവരുന്ന നിരന്തരവും സജീവവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിൽ എന്തുകൊണ്ടും വ്യത്യസ്തവും ദീർഘകാലത്തേക്ക് സ്വാധീനം ചെലുത്തുന്നതുമായ ഒരു സംരംഭമായി സെമിനാർ വിലയിരുത്തപ്പെടും.

രണ്ടാം ദിവസം വൈകുന്നേരം നടന്ന സ്പെഷൽ ലക്ചർ നിർവഹിച്ചത് ലണ്ടൻ സ്കൂൾ ഓഫ് എക്കണോമിക്സിലെ മുൻ പ്രൊഫസറും വിഖ്യാത സാമ്പത്തിക ശാസ്ത്രജ്ഞനുമായ ജോൺ ഹാരിസായിരുന്നു. രാജസ്ഥാനിലെയും മറ്റും ഉദാഹരണങ്ങൾ വിശകലനം ചെയ്തുകൊണ്ട് വിദ്യാഭ്യാസം എങ്ങനെയാണ് വികസനത്തെ ത്വരിതപ്പെടുത്തുന്നതെന്ന് അദ്ദേഹം വിശദമാക്കി. അതേസമയം വർഗഘടനയെ പുനരുത്പാദിപ്പിക്കുന്ന സംവിധാനമായി വിദ്യാഭ്യാസം പ്രവർത്തിപ്പിക്കുന്നുണ്ടെന്ന വസ്തുതയും കാണണമെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. വിദ്യാഭ്യാസം കൊണ്ടുമാത്രം സാമൂഹിക പരിവർത്തനം പൂർത്തിയാവില്ല; അതിന് രാഷ്ട്രീയരംഗത്തെ മാറ്റങ്ങളും ആവശ്യമാണ്

മൂന്നാം ദിവസം രാവിലെ നടന്ന തീമാറ്റിക് സെഷൻ വിവരസാങ്കേതികവിദ്യയും ജ്ഞാനസമൂഹവും എന്ന വിഷയത്തെ കേന്ദ്രീകരിച്ചായിരുന്നു. വിഷയാവതരണം നടത്തിയ മൈക്കേൾ ആപ്പിൾ വിദ്യാഭ്യാസത്തിലൂടെ കേവലം തൊഴിലിന് ആളുകളെ പ്രാപ്തരാക്കാൻ മാത്രമല്ല ലക്ഷ്യമിടേണ്ടതെന്ന് സൂചിപ്പിച്ചു. അറിവ് ഒരു ഉത്പന്നം മാത്രമല്ലെന്നും അതൊരു പ്രക്രിയയാണെന്നും കാണണം. വേണ്ടത്ര സൗകര്യമോ പിന്തുണയോ ഇല്ലാതെ നടത്തുന്ന സ്കൂൾതല ഐ.ടി. പദ്ധതികൾ നിലവിലുള്ള അസമത്വം വർധിക്കാൻ ഇടയാക്കുമെന്നും അദ്ദേഹം ഓർമിപ്പിച്ചു.

'പുതിയ വിചാരമാതൃകയ്ക്കായുള്ള അന്വേഷണം' എന്ന തീമാറ്റിക് സെഷനിൽ ലണ്ടൻ യൂണിവേഴ്സിറ്റിയിലെ ജെഫ്രി ജെയിംസ് വിറ്റി അധ്യക്ഷം വഹിച്ച് വിഷയാവതരണം നടത്തി. ഉത്തരാധുനികതയുടെ പ്രശ്നങ്ങളെ ആധുനികതയുടെ ഉപകരണങ്ങൾ വഴി പരിഹരിക്കാമെന്നത് വ്യാമോഹമാണെന്ന അഭിപ്രായം അദ്ദേഹം മുന്നോട്ടുവെച്ചു. തുടർന്ന് സംസാരിച്ച വിനോദ് റെയ്ന ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ അടിത്തറയായി വർത്തിക്കേണ്ടത് മതനിരപേക്ഷതയും ജനാധിപത്യവും തന്നെയായിരിക്കണമെന്ന് ഊന്നിപ്പറഞ്ഞു. പാർലമെന്റിൽ അവതരിപ്പിക്കപ്പെടാൻ പോവുന്ന പുതിയ 'വിദ്യാഭ്യാസ അവകാശനിയമം' ജനങ്ങളിൽ നിന്നും മറച്ചുവെയ്ക്കുന്നത് എന്തിനാണെന്ന് അദ്ദേഹം ചോദിച്ചു. ഇന്ത്യൻ പാലർലമെന്റിലെ 22% എം.പിമാരും സ്വകാര്യവിദ്യാലയങ്ങൾ നടത്തുന്നവരാകയാൽ പൊതുവിദ്യാഭ്യാസത്തിനായി അവരിൽ എത്രപേർ നിലപാടെടുക്കും എന്നത് സംശയാസ്പദമാണ്.

സ്പെഷൽ സെഷനിൽ പങ്കെടുത്തുകൊണ്ട് ഫ്രീ സോഫ്റ്റ്വെയർ ഫൗണ്ടേഷൻ പ്രസിഡന്റ് റിച്ചാർഡ് മാത്യു സ്റ്റാൾമാൻ എന്തുകൊണ്ടു സ്വതന്ത്ര സോഫ്റ്റ്വെയറിനെ മുന്നോട്ട് പോകണമെന്ന് വിശദമാക്കി. സാങ്കേതികവിദ്യയെ വില്പനച്ചരക്കാക്കുന്ന ആഗോള കുത്തകയ്ക്കെതിരെ കൊച്ചുകേരളം നടത്തുന്ന ചെറുത്തുനില്പിനെ അദ്ദേഹം അഭിനന്ദിച്ചു.

ആദ്യത്തെ രണ്ടുദിവസങ്ങളിൽ നടന്ന സമാന്തരസെഷനുകളിൽ 22 വിഷയങ്ങളിലായി വിദഗ്ധർ വിഷയാവതരണം നടത്തി. സി.ടി.കുര്യൻ, എൻ.ആർ. മാധവമേനോൻ, സുബിമൽ സെൻ, നെവൽ.എ.വാസൽ, സിയാ ലിപിങ്, രോഹിത് ധൻകർ, അനിത റാംപാൽ, ധ്രുവ് റെയ്ന, എൻ.വി. വർഗീസ്, റോജർ ഡെയ്ൽ, വില്യം ഗുലാം നൈനൻ കോശി, രാജൻ ഗുരുക്കൾ, ബാലമോഹൻ തമ്പി, ആർ.വി.ജി.മേനോൻ എന്നിങ്ങനെ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള നൂറിലേറെപ്പേർ ഇതിൽ പങ്കെടുത്തു. ഓരോ സ്ഥലത്തും ശ്രോതാക്കളുടെ ഭാഗത്തു നിന്നും ശക്തമായ ഇടപെടലുകളും മറ്റു വാദങ്ങളും ഉയർന്നത് ഒരേസമയം പ്രത്യയശാസ്ത്രപരവും ധൈഷണികവുമായ ഉയർന്ന മണ്ഡലത്തിലേക്ക് സെമിനാറിനെ ഉയർത്തി.

സംഘാടകസമിതി വൈസ് ചെയർമാൻ ഡോ.കെ.എൻ.പണിക്കർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ഡോ.എം.എ.ഖാദർ എന്നിവരുടെ പൂർണമായ നേതൃത്വം സമ്മേളനത്തിന് സഹായകമായി.

ഒന്നാം ദിവസം വൈകുന്നേരം ഇരിക്കൂറിൽ പിഞ്ചുകുട്ടികൾ വാഹനാപകടത്തിൽ മരണപ്പെട്ട വാർത്ത എത്തിയതിനെതുടർന്ന് സമ്മേളനഹാൾ ശോകമൂകമായി. പ്രതിനിധികൾ ഒരു മിനിട്ട് മൗനമാചരിച്ചു. ശവസംസ്കാരച്ചടങ്ങിൽ പങ്കെടുക്കേണ്ടിയിരുന്നതിനാൽ വിദ്യാഭ്യാസമന്ത്രി എം.എ.ബേബിക്ക് രണ്ടാംദിവസം സെമിനാറിൽ നിന്ന് വിട്ടുനിൽക്കേണ്ടിവന്നു.

സമ്മേളനം അംഗീകരിച്ച പ്രമേയം വ്യത്യസ്തതകളെ ആഘോഷിക്കാനും എല്ലാവർക്കും പ്രവേശനവും തുല്യതയും മികവും ഉറപ്പുവരുത്താനും ആഹ്വാനം ചെയ്തു. ജനാധിപത്യത്തിലും മതേതരത്വത്തിലും വിമർശനാത്മക ചിന്തയിലും അധിഷ്ഠിതവും കാലഘട്ടത്തിന്റെ വെല്ലുവിളികളെ ഉൾക്കൊള്ളുന്നതും പിന്നാക്കവിഭാഗങ്ങളോട് നീതി പുലർത്തുന്നതുമായ ഒരു ഭാവിവിദ്യാഭ്യാസ വ്യവസ്ഥ കെട്ടിപ്പടുക്കാനുള്ള പ്രതിജ്ഞാബദ്ധത പ്രമേയം ഏറ്റുപറഞ്ഞു. സംസ്ഥാനങ്ങൾക്ക് കൂടുതൽ സഹായം നൽകാനും അൺഎയിഡഡ് സ്ഥാപനങ്ങളെ നിയന്ത്രിക്കാനും ന്യൂനപക്ഷാവകാശങ്ങളെ കൃത്യമായി നിർവചിക്കാനും വിദ്യാഭ്യാസഅവകാശനിയമം പാർലമെന്റിന്റെ ഈ സെഷനിൽ തന്നെ പാസ്സാക്കിയെടുക്കാനും കേന്ദ്രസർക്കാർ മുന്നോട്ടുവരണമെന്നും ആവശ്യപ്പെട്ടു. പതിനൊന്നാം ധനകാര്യ കമ്മീഷൻ നിർദേശിച്ച സ്വകാര്യ-പൊതുപങ്കാളിത്ത മാതൃകയോടുള്ള വിമർശനവും സെമിനാർ രേഖപ്പെടുത്തി.

ഏതായാലും കേരളത്തിലെ വിദ്യാഭ്യാസനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിലുള്ള സർക്കാർ നടത്തിവരുന്ന നിരന്തരവും സജീവവും ക്രിയാത്മകവുമായ പ്രവർത്തനങ്ങളിൽ എന്തുകൊണ്ടും വ്യത്യസ്തവും ദീർഘകാലത്തേക്ക് സ്വാധീനം ചെലുത്തുന്നതുമായ ഒരു സംരംഭമായി സെമിനാർ വിലയിരുത്തപ്പെടും. ഒപ്പം ഇത്രയും മുന്നേറിയ ഈ സംസ്ഥാനത്ത് സ്ത്രീപീഡനവും വർഗീയ അസ്വസ്ഥതകളും മറ്റും എന്തുകൊണ്ട് വർധിച്ചുവരുന്നുവെന്ന പ്രൊഫസർ കൃഷ്ണകുമാറിന്റെ ആവർത്തിച്ചുള്ള ചോദ്യങ്ങൾ നമ്മുടെ വിദ്യാഭ്യാസപ്രക്രിയയുടെ ആഴങ്ങളിൽ നടത്തേണ്ട ഗൗരവതരമായ അഴിച്ചുപണികളെക്കുറിച്ച് നമ്മെ നിരന്തരം ഓർമപ്പെടുത്തുകയും ചെയ്യും.■

■ കെ.കെ. രമേഷ്കുമാർ

# മഞ്ഞുകൂടാരത്തിലെ വിരുന്നുകാർ

നഗരം കണ്ടുമടുത്ത കണ്ണുകൾക്ക് ഈ കാഴ്ചകൾ
കൗതുകം തോന്നിക്കുന്നുവോ...
ഇതാ ഇവിടേക്ക് വരൂ.....
ഇവിടെ ഗ്രാമ്യതയുടെ വശ്യതയും
കാനനക്കുളിരും നിങ്ങളെ കാത്തിരിക്കുന്നു...

കോടമഞ്ഞുപുതയുന്ന വനാതിർത്തിയിൽ ഏറുമാടങ്ങൾക്കെല്ലാം വശ്യചാരുത. പച്ചപ്പുനിറഞ്ഞ നെൽപ്പാടങ്ങൾക്ക് നടുവിലായി മാനത്തേക്ക് ശിഖരം നീട്ടിനിൽക്കുന്ന മുത്തച്ഛൻ മരങ്ങൾ. മരങ്ങളിലെല്ലാം മുളകൊണ്ട് ഭംഗിയായി വരിഞ്ഞുകെട്ടിയ ഒന്നിലധികം മാടങ്ങളുണ്ട്. പാടങ്ങൾക്ക് അരികിലായി ചെറിയ ചെറിയ ഗ്രാമീണ സങ്കേതങ്ങൾ. പാതയോരങ്ങളിൽ മനം കുളിർപ്പിക്കുന്ന മഞ്ഞുകാലത്തെ ഓർമിപ്പിച്ചുകൊണ്ട് പച്ചപ്പ് നിറഞ്ഞ നിബിഡവനങ്ങൾ. നഗരം കണ്ടുമടുത്ത കണ്ണുകൾക്ക് ഈ കാഴ്ചകൾ കൗതുകം തോന്നിക്കുന്നുവോ... എങ്കിൽ നിങ്ങൾക്ക് വയനാട്ടിലേക്ക് സ്വാഗതം.


ഉഷ്ണക്കാറ്റുവീശുന്ന കർണാടകയിൽ നിന്നും മുളങ്കൂട്ടങ്ങൾ വേർതിരിക്കുന്ന അതിർത്തിപിന്നിട്ടാൽ ബേഗൂർ എന്ന വനഗ്രാമമായി. ഗ്രാമീണതയുടെ തനിപ്പകർപ്പുമായി കാഴ്ചകളുടെ വിരുന്നൊരുക്കി ഈ ഗ്രാമം സഞ്ചാരികളുടെ മനം കുളിർപ്പിക്കും. കർണാടക വഴി വയനാട്ടിലേക്ക് എത്തുന്ന സഞ്ചാരികൾക്ക് മറക്കാനാവാത്ത അനുഭവം പകരുന്ന തിരക്കിലാണ് ഇന്ന് ഈ ഗ്രാമം.യന്ത്രവത്കൃതമായ അമ്യൂസ്മെന്റ് പാർക്കിലെ കൃത്രിമമായ വിനോദസഞ്ചാരം സഞ്ചാരികൾക്ക് മടുത്തിരിക്കുന്നു. ഗ്രാമത്തിന്റെ വശ്യമുഖം കാണാൻ... കാട്ടരുവിയുടെ കല്ലുകളിൽ ഇത്തിരിനേരമിരിക്കാൻ....കാടിന്റെ കുളിരുനുകരാൻ ഇന്ന് വയനാട്ടിലേക്ക് സഞ്ചാരികൾ ഓടിയെത്തുന്നു. ഒരുകാലത്ത് ആരുമറിയാതെ ഒതുങ്ങിനിന്ന വയനാട്ടിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെല്ലാം സീസണായതോടെ വിനോദസഞ്ചാരികളുടെ ബഹളമായി. മലനിരകൾ മുഖം നോക്കുന്ന ജലാശയങ്ങളും ഗിരിപർവതങ്ങൾ അതിരിടുന്ന താഴ്‌വാരങ്ങളും സഞ്ചാരികളുടെ പ്രിയപ്പെട്ട ഇടമായി മാറിയിരിക്കുന്നു. വിദേശസഞ്ചാരികളും ആഭ്യന്തരവിനോദസഞ്ചാരികളും ഒന്നായി വയനാട്ടിലേക്ക് ചുരം കയറിയെത്തിയതോടെ കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ വയലുകളുടെ നാടിന് പരിഗണനയും ലഭിച്ചു.

വയനാട്ടിലേക്കുള്ള ചുരം യാത്ര തന്നെ അവാച്യമായ അനുഭൂതിയാണ് ഏവർക്കും സമ്മാനിക്കുന്നത്. വളഞ്ഞും പുളഞ്ഞും വിദൂരകാഴ്ചകളിലേക്ക് വാതിൽ തുറന്നും ആഴങ്ങളുടെ ഭീകരതകാട്ടിയും ചുരം ആരെയും വിസ്മയിപ്പിക്കും. ഗിരിശൃംഗങ്ങളെ വളഞ്ഞ് വയനാട്ടിലേക്ക് ലക്കിടിയുടെ കവാടമെത്തുമ്പോൾ തന്നെ തണുത്തകാറ്റ് സഞ്ചാരികൾക്ക് സ്വാഗതമരുളും. പച്ചപ്പട്ടുപുതച്ച തേയിലത്തോട്ടങ്ങൾക്കിടയിലൂടെ അൽപ്പം മുന്നോട്ടുപോകുമ്പോൾ പൂക്കോട് തടാകമായി. മൂന്ന് കുന്നുകൾക്ക് നടുവിലായുള്ള പ്രകൃതിദത്ത തടാകം വയനാട്ടിലെ പ്രധാനപ്പെട്ട വിനോദസഞ്ചാരകേന്ദ്രമായി വിശേഷിപ്പിക്കാം. ഈ ഓളപ്പരപ്പിൽ ബോട്ടുയാത്രചെയ്യാൻ വർഷത്തിൽ രണ്ടു ലക്ഷത്തിലധികം ആളുകൾ എത്തുന്നതിൽ അതിശയോക്തിയില്ല.

ചരിത്രസ്മാരകങ്ങളായ എടക്കൽഗുഹ, പഴശ്ശി ശവകുടീരം, ജൈനക്ഷേത്രങ്ങൾ എന്നിവയും വെള്ളച്ചാട്ടങ്ങളും അണക്കെട്ടുകളും വന്യജീവിസങ്കേതങ്ങളും വയനാട്ടിലുണ്ട്. സഞ്ചാരികളുടെ ഇഷ്ടംപോലെ ഓരോ കേന്ദ്രങ്ങളിലേക്കും യാത്രയാകാം. വർഷങ്ങളുടെ കാത്തിരിപ്പിനുശേഷം ബാണാസുരസാഗർ ഹൈഡൽ വിനോദസഞ്ചാരത്തിന്റെ അനന്ത സാധ്യതകളിലേക്ക് വഴിതുറന്നിരിക്കുകയാണ്. ഏഷ്യയിലെ ഏറ്റവും വലിയ എർത്ത്ഡാം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ബാണാസുരസാഗർ സഞ്ചാരികളുടെ പറുദീസയായി മാറുകയാണ്. താഴ്‌വാരങ്ങളും കാനനകാഴ്ചകളും അടുത്തറിഞ്ഞുകൊണ്ടുള്ള ബോട്ടുസവാരി വയനാടിലെ സഞ്ചാരഅനുഭവങ്ങളിൽ മറക്കാനാകാത്തതാകും. കാട്ടുപോത്തുകളും കാട്ടാനാകളും വിഹരിക്കുന്ന കുന്നിൻ ചെരുവുകളും ജലവിതാനവും തേക്കടിക്ക് സമാനമായ വയനാടൻ ചിത്രങ്ങളാണ്



എടക്കൽ ഗുഹാലിഖിതങ്ങൾ



എടക്കൽ ഗുഹ

സഞ്ചാരികൾക്ക് മുന്നിൽ തുറക്കുക. ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്ത് സംസ്ഥാനത്ത് നടപ്പിൽവരുത്തുന്ന അഞ്ച് ഹൈഡൽ പ്രോജക്ടിൽ ഒന്നായി ബാണാസുരസാഗറിനെ പരിഗണിക്കുകയായിരുന്നു. 2006 സെപ്റ്റംബറിൽ തുടങ്ങിയ ഹൈഡൽ വിനോദകേന്ദ്രത്തിലേക്ക് പ്രതീക്ഷിച്ചതിലധികം സഞ്ചാരികളുടെ ഒഴുക്കുണ്ടായി. മൂന്ന് ലക്ഷത്തോളം സഞ്ചാരികൾ ഇതിനകം ഇവിടം സന്ദർശിച്ചുമടങ്ങി. അഞ്ചു ലക്ഷത്തോളം രൂപ സർക്കാറിന് വിനോദസഞ്ചാരംവഴി ഈ പദ്ധതി നേടിക്കൊടുത്തു. ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഏറ്റവും കൂടുതൽ സഞ്ചാരികൾ ഇവിടേക്ക് എത്തുന്നത്. രണ്ട് പെഡൽ ബോട്ടുകളും രണ്ട് സ്പീഡ് ബോട്ടുകളും ഇവിടെ ഒരുക്കിയിട്ടുണ്ട്. സ്പീഡ് ബോട്ട് നിശ്ചിത സമയത്തിനുള്ളിൽ പതിനഞ്ച് കിലോമീറ്ററോളം കുന്നുകളെ വലംവെച്ച് തിരികെയെത്തും. ഓളപ്പരപ്പിലൂടെ വെള്ളിനുരയുമായി തെന്നിമാറുന്ന ഈ ബോട്ടുയാത്ര ആരെയും ഉല്ലസിപ്പിക്കും. ബാണാസുരസാഗർ അണക്കെട്ടിൽ സംസ്ഥാനസർക്കാർ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തുവരികയാണ്. ദ്വീപുകളിൽ പരിസ്ഥിതിക്ക് കോട്ടംതട്ടാതെ കോട്ടേജുകൾ, വെള്ളച്ചാട്ടത്തിലെ സ്നാനഘട്ടുകൾ, ഡ്രിഫ്റ്റിങ് കോഫിഷോപ്പുകൾ എന്നിവയും ആലോചനയിലുണ്ട്.

ഇന്ത്യയിലെ ആൾപാർപ്പില്ലാത്ത ഏറ്റവും വലിയ ദ്വീപ് എന്ന വിശേഷണം വയനാട്ടിലെ കുറുവദ്വീപിന് സ്വന്തമാണ്. കബനീ നദി പതഞ്ഞൊഴുകുന്ന ഈ ദ്വീപ് 900 ഏക്കറോളം വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്നു. നൂറിലധികം ചെറുദ്വീപുകൾ ഈ ദ്വീപിനകത്തുണ്ട്. പുഷ്പിക്കുന്ന അനേകം കാട്ടുമരങ്ങളും ഇലപൊഴിക്കാത്ത മരങ്ങളും ഇവിടെ ജൈവികത നിലനിർത്തുന്നു. ദേശാടനക്കിളികളുടെ ആഗമനംകൊണ്ട് ഈ ദ്വീപ് ശ്രദ്ധിക്കപ്പെടുന്നു. കബനിയുടെ കൈവഴികൾ കടന്നാൽ കുറുവയിലേക്ക് പ്രവേശിക്കാം. മുളകൊണ്ട് ഉണ്ടാക്കിയ ചങ്ങാടവും ഇപ്പോൾ ബോട്ടുസർവീസും ഇതിനായി ഇവിടെയുണ്ട്. പ്രകൃതിദത്തമായി രൂപംകൊണ്ട കുറുവ വിനോദസഞ്ചാരികൾക്കായി തുറന്നുകൊടുക്കുന്നത് മഴമാറുന്ന സീസൺ മുതലാണ്. വർഷംതോറും ആയിരക്കണക്കിന് സഞ്ചാരികൾ ഇവിടം സന്ദർശിക്കുന്നു.

തീർഥാടക ടൂറിസം പദ്ധതിയിൽ വയനാട്ടിലെ ഏറ്റവും പ്രധാനകേന്ദ്രമാണ് തിരുനെല്ലി അമ്പലം. ബ്രഹ്മഗിരിയുടെ മടിത്തട്ടിൽ പുണ്യംനേടാൻ പതിനായിരങ്ങളെത്തുന്നു. കാടിന്റെ നീലിമയിൽ പാപനാശിനിയിൽ ബലിതർപ്പണം നടത്താൻ വർഷം



പഴശ്ശി ശവകുടീരം

തോറും വിശ്വാസികൾ കൂടുതലായി എത്തുന്നു. കാടിന്റെ ഗർഭത്തിൽ നിന്നും ഉറവയെടുക്കുന്ന കാളിന്ദിയും ഏവർക്കും പ്രിയപ്പെട്ടതാണ്. തിരുനെല്ലി അമ്പലത്തിൽ നിന്നും ഏതാനും കിലോമീറ്റർ അകലെയുള്ള പക്ഷിപാതാളം സാഹസികസഞ്ചാരികളുടെ പ്രിയ കേന്ദ്രമാണ്. അത്യന്തം ക്ലേശകരമായ മലയിടുക്കുകൾ കയറിവേണം ഇവിടെയെത്താൻ. പാറയിടുക്കുകളിലെ ഇരുട്ടുമൂടിയ ഗുഹയാണ് പക്ഷിപാതാളം എന്ന പേരിൽ അറിയപ്പെടുന്നത്. നരിച്ചീറുകളുടെ പ്രധാന വാസസ്ഥലമാണ് ഇത്. ഏത് ചുട്ടുപൊള്ളുന്ന വേനലിലും കനത്ത കുളിർ തങ്ങിനിൽക്കുന്ന ഗുഹ ഇന്നും സഞ്ചാരികൾക്ക് നിഗൂഢതകൾ സമ്മാനിക്കുന്നു.

വയനാടിന്റെ തിലകക്കുറിയായി രണ്ട് വന്യജീവി സങ്കേതങ്ങളുമുണ്ട്. ആന, കാട്ടി, മാൻ തുടങ്ങിയ വന്യജീവികളാൽ ഇവ സമ്പന്നമാണ്. തമിഴ്നാട്, കർണാടക അതിർത്തിയിലുള്ള മുത്തങ്ങ, തോൽപ്പെട്ടി വന്യമൃഗസങ്കേതം കാണാൻ വൻതിരക്ക് അനുഭവപ്പെടുന്നു. കർണാടക തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വരുന്ന ഐ.ടി വിദ്യാർഥികളാണ് ഇവിടെയെത്തുന്നതിൽ ഭൂരിഭാഗവും. പുലികളുടെ വംശപ്പെരുപ്പത്തിൽ തോൽപ്പെട്ടി വന്യജീവിസങ്കേതം പ്രസിദ്ധമാണ്. വനം വന്യജീവികളെ അടുത്ത് കാണാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്. അഞ്ഞൂറും അതിലധികവുമുള്ള മാൻകൂട്ടങ്ങൾ ഇവിടുത്തെ പതിവുകാഴ്ചയാണ്.

ട്രക്കിങ്ങ്, റിവർ റാഫ്റ്റിങ്, റോക്ക് ക്ലൈംബിങ്ങ് എന്നിവയ്ക്കും വയനാട്ടിൽ സൗകര്യമുണ്ട്. എടക്കൽ ഗുഹ, ബാണാസുരമല, കടുവാക്കുഴി, ചെമ്പ്രമല, ചീങ്ങേരിപ്പാറ എന്നിവിടങ്ങൾ ഇതിനു യോജിച്ചതാണ്. മഴയൊഴിയുന്നതോടെ ഈ കേന്ദ്രങ്ങൾ ഉണരുകയായി. ഇത്തവണ മൺസൂൺടൂറിസം എന്ന പേരിലും ധാരാളം വിദേശ സഞ്ചാരികൾ വയനാട്ടിലെത്തി. ചെറുഞ്ഞു പെയ്യുന്ന മഴ നനഞ്ഞ് മലകൾ കയറി ഈ മഴക്കാലം അവർ ആഘോഷത്തിന്റേതാക്കി. റെയിൻഹട്ട്, റെയിൻഫുട്ട്പ്പാത്ത് എന്ന പേരിൽ വിദേശത്ത് നിലവിലുള്ള പദ്ധതികൾ ഇവിടെ സ്വീകാര്യമാണെന്ന് വിദേശികൾ അഭിപ്രായപ്പെടുന്നു. മഴക്കാലങ്ങളിൽ കുത്തിയൊഴുകുന്ന പുഴയിലൂടെ റിവർ റാഫ്റ്റിങ്ങ് വിനോദസഞ്ചാരത്തിന് സാഹസിക മുഖം നൽകുന്നു. റിസോർട്ടുകളുടെ ഇടുങ്ങിയ മുറികൾക്ക് പകരം കാടുകളിലും പാറക്കെട്ടുകളിലും ടെന്റു കെട്ടി ഒരുദിവസം വയനാടിന്റെ കുളിർ നുകർന്നു തിരിച്ചുപോകാനും ധാരാളം സഞ്ചാരികൾ തയ്യാറായി വരുന്നുണ്ട്.

എത്തിനിക് ടൂറിസം എന്ന പേരിലും ഉത്തരവാദിത്വടൂറിസം ഫാം ടൂറിസം എന്ന പേരിലും പദ്ധതികൾ സർക്കാർ തലത്തിൽ ഇവിടെ നടപ്പിലാവാൻ ഇനി കാലതാമസമില്ല. ഒരു കാലത്ത് കാർഷികജീവിതം മാത്രം സ്വപ്നംകണ്ട വയനാട്ടുകാർക്ക് ടൂറിസം മറ്റൊരു പ്രതീക്ഷനൽകുന്നു. അനുദിനം വളരുന്ന വിനോദസഞ്ചാര സാധ്യതകളിൽ പുതിയ വഴി തുറക്കാൻ ഏറെ വൈകില്ല എന്നത് ശുഭവാർത്തയാണ്. മഞ്ഞു കൂടാരത്തിനുള്ളിൽ വിരുന്നൊരുക്കി ഒരിക്കൽകൂടി വയനാട് സഞ്ചാരികൾക്ക് സ്വാഗതമരുളുകയാണ്.■

■ പി.കെ.ലാൽ

# കേരളത്തിന് വെള്ളിത്തിളക്കം

കുളിരു കോരിത്തുടങ്ങുന്ന നവംബറിൽ ഡൽഹിയെ അലോസരപ്പെടുത്തുന്നത് ഇടയ്ക്കിടെ വീശുന്ന പൊടിക്കാറ്റു മാത്രമാണ്. നവംബറിന്റെ രണ്ടാം വാരം ഡൽഹിയുടെ വീഥികളെല്ലാം തന്നെ ഒരു രാജ്യാന്തരമേളയുടെ വർണരാജിയിൽ തിളങ്ങിത്തുടങ്ങും. ഡൽഹി നിവാസികൾക്ക് തുടർന്നുള്ള ദിനരാത്രങ്ങൾ പ്രഗതി മൈതാനിയിലെ ഉത്സവത്തിരക്കിൽ അലിഞ്ഞു ചേരാനാണ് താത്പര്യം. ഈ നിമിഷങ്ങൾ അവർക്ക് ആഹ്ലാദത്തിന്റേതാണ്. യുദ്ധത്തിന്റെയും ബോംബ് സ്ഫോടനങ്ങളുടെയും ഭീകരതകളെപ്പറ്റി അപ്പോൾ അവർ ഓർക്കാറേയില്ല.

ഈ വർഷത്തെ ഭാരത അന്താരാഷ്ട്ര വ്യാപാരമേളയിൽ കേരളം വീണ്ടും വെന്നിക്കൊടി പാറിച്ചു- വെള്ളിപ്പതക്കത്തിന്റെ തിളക്കവുമായി. കഴിഞ്ഞ രണ്ടു വർഷങ്ങളിലെപ്പോലെ സ്വർണമണിഞ്ഞ് ഹാട്രിക്കിനായി സ്വപ്നം കണ്ടുനിന്ന സംസ്ഥാനത്തിന് നേരിയ വ്യത്യാസത്തിലാണ് ഇക്കുറി അതു നഷ്ടപ്പെട്ടത്. എങ്കിലും ആ വെള്ളിക്ക് സ്വർണത്തിന്റെ മാറ്റുണ്ടെന്നാണ് പവലിയൻ സന്ദർശിച്ചവരുടെ പ്രതികരണങ്ങളിൽ നിന്നു മനസ്സിലാവുന്നത്.

പ്രഗതി മൈതാനിയിൽ നവംബർ 14 മുതൽ 27 വരെ നടന്ന മേളയുടെ വിഷയം "അടിസ്ഥാനസൗകര്യ വികസനവും സ്ത്രീശാക്തീകരണവും" എന്നതായിരുന്നു. വിദ്യാഭ്യാസത്തിലും തൊഴിലിലും തുല്യതയിലുമൊക്കെ സ്ത്രീ ശാക്തീകരണം ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ പ്രകടമാക്കാൻ ഓരോ സംസ്ഥാനവും മത്സരിക്കുന്ന കാഴ്ചയാണ് മേളയിൽ വ്യക്തമായത്. അടിസ്ഥാനസൗകര്യവികസനത്തിൽ വൈദ്യുതി, ടെലികോം, റോഡ്, ദേശീയപാത, റെയിൽവേ, വ്യോമഗതാഗതം, തുറമുഖം, ബാങ്കിങ്, ഗ്രാമീണ റോഡുകൾ, ഐ.റ്റി. എന്നീ മേഖലകളിലെ വളർച്ച ദൃശ്യവത്കരിക്കുന്ന മുഹൂർത്തങ്ങളായിരുന്നു മിക്കവയുടേതും.

## ഫോക്കസ് മേഖലയും പാർട്ണർ രാജ്യവും

ഫോക്കസ് മേഖലയായി അംഗീകരിച്ചത് ഏഷ്യയെയാണ്. തായ്‌ലന്റ്, ഇന്തോനേഷ്യ, മലേഷ്യ, മ്യാൻമാർ, വിയറ്റ്നാം, ഫിലിപ്പൈൻസ്, ബ്രൂണെ, കമ്പോഡിയ, ലാവോസ് തുടങ്ങി ഒൻപത് ഏഷ്യൻ രാജ്യങ്ങൾ മേളയിൽ പങ്കെടുത്തത് അന്തർദേശീയതലത്തിൽ മേളയ്ക്കുള്ള അംഗീകാരം കൂടിയായി കണക്കാക്കാം. പാകിസ്ഥാനുമായി മെച്ചപ്പെട്ടുവരുന്ന വാണിജ്യ-സാമ്പത്തിക ബന്ധങ്ങളെ സ്മരിച്ചുകൊണ്ട് മേളയുടെ പാർട്ണർ രാജ്യമായി പാകിസ്ഥാനെ അംഗീകരിച്ചു. 80 പാക് സ്റ്റാളുകൾ മേളയിൽ അണിനിരന്നു.

## പാർട്ണർ സ്റ്റേറ്റും ഫോക്കസ് സ്റ്റേറ്റും

വിസ്തൃതിയിൽ ഒൻപതാമതും ജനസംഖ്യയിൽ 11-ാമതും സ്ഥാനത്തുള്ള ഒറീസ ആയിരുന്നു മേളയുടെ പാർട്ട്ണർ സ്റ്റേറ്റ്. വ്യാവസായിക പുരോഗതിക്കുവേണ്ടി അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ചാരുതയാർന്ന ദൃശ്യങ്ങളുമായാണ് ഒറീസ പവലിയൻ ഒരുക്കിയത്.

കേരളമായിരുന്നു മേളയിലെ ഫോക്കസ് സ്റ്റേറ്റ്. സംസ്ഥാനത്തിന്റെ പ്രകൃതി സൗന്ദര്യവും വിനോദസഞ്ചാര-വ്യാവസായിക വികസനവും അടിസ്ഥാന സൗകര്യങ്ങളും രാജ്യത്തിനാകെ മാതൃകയായ കുടുംബശ്രീ ശാക്തീകരണ പ്രവർത്തനങ്ങളുമായിരുന്നു നമ്മുടെ പവലിയനിൽ നിറഞ്ഞു നിന്നത്. ഭാവി സാധ്യതകളും വികസന പന്ഥാവിൽ അടിസ്ഥാന സൗകര്യങ്ങളുടെ ഒട്ടും കുറയാത്ത പ്രാധാന്യവും സാമൂഹിക വളർച്ചയിൽ സ്ത്രീകൾക്കുള്ള അതിപ്രധാനമായ പങ്കും സ്ഫുടതയോടെ വെളിപ്പെടുത്തുവാൻ കഴിയുന്ന ദൃശ്യപ്രപഞ്ചമായിരുന്നു അവ. നിർദിഷ്ട വിഴിഞ്ഞം തുറമുഖം, മെട്രോ റെയിൽ, കീർത്തിയാർജിച്ച നെടുമ്പാശ്ശേരി വിമാനത്താവളം, കൊച്ചിയിലെ സ്മാർട്ട് സിറ്റി, പാലക്കാട്ടെ കാറ്റാടി വൈദ്യുതിയന്ത്രം, ഹൗസ് ബോട്ടുകൾ എന്നിവയുടെ ത്രിമാന ദൃശ്യങ്ങളടങ്ങിയ പ്രവേശന കവാടം കടന്ന് വലിയ ഒരു വൃക്ഷത്തണലിലൂടെ അകത്തെത്തുമ്പോൾ വരവേൽക്കുന്നത് സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമായ ശില്പമാണ്. ഒരു കൈയ്യിൽ അഗ്നിയും മറുകൈയ്യിൽ ജലവും വഹിച്ച് നീതിദേവതയെപ്പോലെ കണ്ണുകളടച്ച് ഏവരെയും എതിരേൽക്കുന്ന ഈ രൂപം സെൻട്രൽ തീം ഏരിയായിൽ ഒരു ശക്തിയായി പ്രോജ്ജ്വലിച്ചു നിന്നു. കുടുംബശ്രീയുടെ പ്രവർത്തന ദൃശ്യങ്ങളും സംസ്ഥാനത്തിന്റെ ശാസ്ത്ര സാങ്കേതിക പുരോഗതി ദൃശ്യവത്കരിച്ചുകൊണ്ട് ശാസ്ത്രസാങ്കേതിക സമിതി ഒരുക്കിയ സ്റ്റാളും വ്യവസായ വളർച്ച വെളിവാക്കുന്ന വ്യവസായ വകുപ്പിന്റെ പവലിയനും ടൂറിസം, വനം, റബ്ബർ ബോർഡ് എന്നിവയുടെ സ്റ്റാളുകളും സെൻട്രൽ തീം ഏരിയായിൽ തന്നെ സജ്ജീകരിച്ചിരുന്നു. തുടർന്ന് പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉൾപ്പെട്ട 55 സ്റ്റാളുകൾ കേരളത്തിന്റെ നാടൻ വിഭവങ്ങളും വികസന സംരംഭങ്ങളും സുവ്യക്തമായി കാഴ്ചക്കാർക്ക് പകർന്നുകൊടുക്കാൻ പോന്നതായിരുന്നു. ഹാൻഡ്‌ലൂം-കയർ ഡയറക്ടറേറ്റുകൾ, ഫാം ഇൻഫർമേഷൻ ബ്യൂറോ, മൃഗസംരക്ഷണ വകുപ്പ്, ആർക്കിയോളജി, മാർക്കറ്റ്ഫെഡ്, കൺസ്യൂമർ ഫെഡ്, ഔഷധി, ഹോർട്ടികോർപ്പ്, കാഷ്യു കോർപ്പറേഷൻ, പട്ടികജാതി-പട്ടികവർഗ വികസന വകുപ്പുകൾ, ഖാദി ബോർഡ്, ഹാൻവീവ്, കൈരളി, ഹാന്റക്സ്, കയർഫെഡ്, കുടുംബശ്രീ, കിർട്ടാഡ്സ് എന്നിങ്ങനെ സർക്കാർ അർധ-സർക്കാർ-പൊതുമേഖലാസ്ഥാപനങ്ങൾ ഉത്സാഹഭരിതരായാണ് മേളയിൽ പങ്കെടുത്തത്. വിവിധ സംസ്ഥാനങ്ങൾക്ക് 300 കോടിയിൽപ്പരം രൂപയുടെ വ്യാപാര ഓഫറുകൾ മേളയിൽ വച്ചുതന്നെ ലഭിക്കുകയുണ്ടായി.

രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വിവിധ ഏഷ്യൻ രാജ്യങ്ങളിൽ നിന്നും മറ്റ് ലോകരാഷ്ട്രങ്ങളിൽ നിന്നും ആകാംഷയോടെ എത്തുന്ന കാണികൾക്കുമുന്നിൽ നമ്മുടെ വിഭവങ്ങൾ നിരത്തിക്കാണിക്കാനുള്ള ഏറ്റവും നല്ല അവസരമാണ് മേള. മേളയിൽ 13 തവണ സ്വർണപ്പതക്കവും ആറു തവണ വെള്ളിപ്പതക്കവും നേടി ചരിത്രം സൃഷ്ടിച്ചിട്ടുള്ള നമുക്ക് ഇത്തവണ ഫോക്കസ്സ് പദവിയോടെ മേളയിൽ നിറഞ്ഞു നിൽക്കുവാനും കഴിഞ്ഞു. സംസ്ഥാന മുഖ്യമന്ത്രി ശ്രീ.വി.എസ്.അച്യുതാനന്ദൻ പ്രഗതി മൈതാനിയിലെ പ്രൗഢഗംഭീരമായ ഉദ്ഘാടന സദസ്സിനെ അഭിസംബോധന ചെയ്തത് മലയാളികൾക്ക് അഭിമാനമായി.

തണുത്തുതുടങ്ങുന്ന നവംബറിന്റെ അവസാന ദിനങ്ങളിൽ കേരള പവലിയൻ ഒരുക്കിയ ഇൻഫർമേഷൻ പബ്ളിക് റിലേഷൻസ് വകുപ്പും ആർട്ടിസ്റ്റ് ജിനനും കൂട്ടരും കാഴ്ച്ക്കാരുടെ സിരകളിൽ ചൂടു നിറയ്ക്കുകയായിരുന്നു. സമാപന ചടങ്ങിൽ സംസ്ഥാന ഇൻഫർമേഷൻ സെക്രട്ടറി ഷീലാ തോമസ് കേന്ദ്ര മന്ത്രി ജയറാം രമേശിൽ നിന്നും കേരള പവലിയനുള്ള വെള്ളിമെഡൽഏറ്റുവാങ്ങി.

*വിവരപൊതുജനസമ്പർക്കവകുപ്പ് ഡയറക്ടർ ഇൻചാർജാണ് ലേഖകൻ*



**ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറി ഷീലാ തോമസിനൊപ്പം (ഇടതുനിന്ന്) ഇൻഫർമേഷൻ ഓഫീസർ ഇ.സജീവ്,ഐ ആന്റ് പി.ആർ.ഡി ഡയറക്ടർ ഇൻ ചാർജ് പി.കെ.ലാൽ, ആർട്ടിസ്റ്റ് ജിനൻ, അഡീഷണൽ റസിഡന്റ് കമ്മീഷണർ ഡി.കെ.സിങ്, ഐ ആന്റ് പി.ആർ.ഡി ഡെപ്യൂട്ടി ഡയറക്ടർ എ.ഫിറോസ് എന്നിവർ**

# നോക്കാതെ കൂലി വാങ്ങുന്നവർ

ഒരു സർക്കാർ വകുപ്പിന്റെയോ ഓഫീസിന്റെയോ പ്രവർത്തനത്തെ ജനങ്ങൾ ഒത്തുചേർന്ന് വിലയിരുത്തുക എന്നത് നമ്മുടെ ഭരണവ്യവസ്ഥയെ സംബന്ധിച്ചിടത്തോളം അത്ര പരിചിതമല്ലാത്ത ഒന്നാണ്. സംസ്ഥാനതലം മുതൽ സബ്ട്രഷറി തലം വരെ ട്രഷറിവകുപ്പിൽ നടക്കുന്ന സോഷ്യൽ ഓഡിറ്റ് അതുകൊണ്ടുതന്നെ സവിശേഷ ശ്രദ്ധേയർഹിക്കുന്നു.അതിന്റെ ഭാഗമായി നിയമസഭാ സബ്ട്രഷറിയിലെ സോഷ്യൽ ഓഡിറ്റ് ഉദ്ഘാടനം ചെയ്യവേ നിയമസഭാ സ്പീക്കർ ശ്രീ കെ.രാധാകൃഷ്ണൻ സൂചിപ്പിച്ച ചില അനുഭവങ്ങൾ ഏറെ പ്രസക്തങ്ങളാണ്. തിരുവനന്തപുരത്തെ ശ്രീചിത്രാമെഡിക്കൽ സെന്ററിൽ ചികിത്സയിൽ കഴിയുന്ന അമ്മയ്ക്ക് ആനുകൂല്യം കിട്ടുന്നതിനായി വരുമാന സർട്ടിഫിക്കറ്റിന് തൃശൂർ ജില്ലയിലെ ഒരു വില്ലേജാഫീസിൽ അപേക്ഷ നൽകിയ സ്ത്രീക്ക് അപേക്ഷയുടെ ഒരു വശത്ത് 9000 രൂപ വാർഷികവരുമാനം രേഖപ്പെടുത്തി നൽകി തിരിച്ചയച്ചു; ഓഫീസ് സീലുപോലും പതിക്കാതെ. തിരുവനന്തപുരത്തെത്തിയ ദരിദ്രയായ അവർ ശരിയായ സർട്ടിഫിക്കറ്റിനായി അമ്മയെ തനിച്ചാക്കി വീണ്ടും തൃശൂരേക്കു പോകേണ്ടിവന്നു. പട്ടികജാതിക്കാർക്കുള്ള ചികിത്സാനുകൂല്യത്തിന് വരുമാനസർട്ടിഫിക്കറ്റിനായി മറ്റൊരു ഓഫീസിൽ എത്തിയ സ്ത്രീക്ക് നാലു ദിവസം നടക്കേണ്ടിവന്നു. നാലു ദിവസത്തെ കൂലി 600 ഉൾപ്പെടെ 800 രൂപയോളം ചെലവാക്കിയപ്പോൾ കിട്ടുന്നത് 2000 രൂപ. ഈ അനുഭവങ്ങൾ വിവരിച്ചിട്ട് അദ്ദേഹം തുടർന്നു; "ചുമട്ടുതൊഴിലാളികൾ നോക്കുകൂലി വാങ്ങുന്നതിനെക്കുറിച്ചാണ് എല്ലാവർക്കും പരാതി. പല ചുമട്ടുതൊഴിലാളികളും ദുരിതപൂർണമായ തൊഴിൽ സാഹചര്യത്തിൽപ്പെട്ട് രോഗിസകളായി അകാലത്തിൽ മരണമടയുന്നവരാണ്. എങ്കിലും നോക്കുകൂലി തെറ്റാണ്. പക്ഷേ ഇവിടെ നോക്കാതെ കൂലി വാങ്ങുന്നവരെക്കുറിച്ച് നാം വേണ്ടത്ര പ്രതികരിക്കുന്നുണ്ടോ? അവരോട് നാം സമരസപ്പെടുന്നുണ്ടോ? ഈ അവസ്ഥ മാറിയാലേ നാട് മുന്നേറൂ."

പച്ചയായ ചില യാഥാർഥ്യങ്ങളാണ് ആദരണീയനായ സ്പീക്കർ സൂചിപ്പിച്ചത്. സർക്കാർ ഓഫീസുകളിൽ സാധാരണക്കാർക്ക് പല ബുദ്ധിമുട്ടുകളും നേരിടുന്നു. നിയമങ്ങളുടെയും ചട്ടങ്ങളുടെയും ഭൗതിക സാഹചര്യങ്ങളുടെയും പരിമിതികൾ ഈ അവസ്ഥയ്ക്കു കാരണമാകാം. അർപ്പണബോധത്തോടെ തൊഴിലെടുക്കുന്ന ജീവനക്കാർ ധാരാളമുണ്ടെങ്കിലും, പലപ്പോഴും ഉദ്യോഗസ്ഥരുടെ മനോഭാവവും പ്രതിബദ്ധതയില്ലായ്മയുമാണ് കുടുതൽ പ്രശ്നങ്ങളുണ്ടാക്കുന്നതെന്ന വിമർശനം ശക്തമാണ്.

നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുക, അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുക, ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, സുതാര്യത വർധിപ്പിക്കുക തുടങ്ങിയ നടപടികളിലൂടെ നമ്മുടെ ഭരണസംവിധാനത്തെ ആധുനീകരിക്കാനും കാര്യക്ഷമമാക്കാനും ശ്രമിക്കുകയാണ് സർക്കാർ. അതിന്റെ ഫലം പല ഓഫീസുകളിലും പ്രതിഫലിക്കുന്നുണ്ട്. ഓരോ വകുപ്പും ജനങ്ങൾക്കു നൽകുന്ന സേവനങ്ങൾ സംബന്ധിച്ച പൗരാവകാശ രേഖ തയ്യാറാക്കി പ്രസിദ്ധീകരിച്ചു വരുന്നതും കാര്യക്ഷമതയ്ക്കുള്ള നടപടികളെടുക്കുന്നതും ഇതിന്റെ ഭാഗമാണ്.

എങ്കിലും ജനകീയ ശ്രദ്ധയും ഇടപെടലും ഉണ്ടാവുക എന്നതാണ് ഈ പ്രശ്നത്തിന് ഏറ്റവും വലിയ പരിഹാരം. അതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമാണ് സോഷ്യൽ ഓഡിറ്റ് ട്രഷറിവകുപ്പിൽ സംസ്ഥാന ജില്ലാതലങ്ങളിൽ 500-1000 പേർ വീതവും സബ്ട്രഷറിതലത്തിൽ 100-150 പേർ വീതവും സോഷ്യൽ ഓഡിറ്റിൽ പങ്കെടുത്തു. പരിണത പ്രജ്ഞരായ ജൂറി അംഗങ്ങളുടെ സാന്നിധ്യത്തിൽ അവർ ട്രഷറികളുടെ പ്രവർത്തനത്തെ വിലയിരുത്തി. ട്രഷറിവകുപ്പിനെ കാര്യക്ഷമമാക്കുന്നതിനുള്ള നിരവധി നിർദേശങ്ങളും ഉയർന്നുവന്നു. കാര്യക്ഷമതാ വർദ്ധനവിനും മനോഭാവമാറ്റത്തിനും ജീവനക്കാരിൽ ആത്മവിശ്വാസം വളർത്തുന്നതിനും ഇതു വഴിയൊരുക്കിയിട്ടുണ്ടെന്നാണ് പ്രാഥമിക വിലയിരുത്തൽ.


എന്റെ നാട്ടിലെ ഉദ്യോഗസ്ഥരും ഭരണാധികാരികളും അരാഷ്ട്രീയ ബുദ്ധിജീവികളും ജനങ്ങളാൽ ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലം വരുമെന്ന് ലാറ്റിനമേരിക്കൻ കവി ബ്രഹ്തോൾഡ് ബ്രഹ്ത് പാടിയിട്ടുണ്ട്. അതിവിടെ സാക്ഷാത്കരിക്കപ്പെടുകയാണ്. ജനാധിപത്യത്തെ കൂടുതൽ സർഗാത്മകമാക്കുന്നു ഈ സംരംഭം.

വിവരാവകാശനിയമവും സോഷ്യൽ ഓഡിറ്റും ജനാധിപത്യത്തിന്റെ ശക്തമായ ആയുധങ്ങളാണ്. അവ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ നാം ഏവരും തയ്യാറായാൽ നാടു കൂടുതൽ മുന്നേറും.





# വരവേല്ക്കാം, ശാസ്ത്ര വർഷത്തെ!



ഗലീലിയോ ദൂരദർശിനിയിലൂടെ ആകാശം നോക്കിയിട്ട് 400 വർഷം തികയുന്ന 2009 അന്താരാഷ്ട്ര ജ്യോതി ശാസ്ത്ര വർഷമായി ആചരിക്കാൻ യുനെസ്കോ തീരുമാനിച്ചിരിക്കുന്നു. ചാൾസ്ഡാർവിൻ തന്റെ പരിണാമ സിദ്ധാത്തിനു രൂപം നൽകിയതിന്റെ 15-ാം വാർഷികവും അദ്ദേഹം ജനിച്ചട്ട് 200 വർഷം തികയുനന്നതും 2009-ൽ തന്നെ. ഇവയെല്ലാം കണക്കിലെടുത്ത് 2009-നെ ശാസ്ത്രവർഷമായി ആചരിക്കാൻ കേരളസർക്കാർ തീരുമാനിച്ചിരിക്കുന്നു. യുക്തിബോധവും ശാസ്ത്രബോധവുമുള്ള ഒരു വിദ്യാർഥിസമൂഹമായി മാറുന്നതിന് കൂട്ടുകാർക്ക് ഈ വർഷം എന്തൊക്കെ ചെയ്യാം? ആലോചിക്കൂ.

## ആകാശഗംഗയുടെ തീരത്ത്

നാം ജീവിക്കുന്ന ഭൂമി സൗരയുഥത്തിലെ ഒരു ഗ്രഹമാണല്ലോ. സൂര്യനാകട്ടെ ആകാശഗംഗ (Milky way) എന്ന ഗാലക്സി (നക്ഷത്രക്കൂട്ടം)യുടെ ഭാഗവും. അതിനുമപ്പുറമോ? അതിനുമപ്പുറം പല വലിപ്പത്തിലും ആകൃതിയിലുമുള്ള അനേകായിരം ഗാലക്സികൾ വേറെയും. അനന്തമായ പ്രപഞ്ചം.

"അനന്തമജ്ഞാതമവർണനീയം
ഈ ലോകഗോളം തിരിയുന്ന മാർഗം
അതിങ്കലെങ്ങാണ്ടൊരിടത്തിരുന്നു
നോക്കുന്ന മർത്യൻ കഥയെന്തു കാൺമൂ" എന്നു കവി പാടിയെങ്കിലും പ്രപഞ്ചരഹസ്യങ്ങൾ കൂടുതൽ കൂടുതൽ അറിഞ്ഞുവരികയാണു മനുഷ്യൻ.

ആകാശഗംഗയുടെ ഭാഗമായ സൗരയുഥവും അതിലൊരു കുഞ്ഞുഭൂമിയും അതിലൊരു ഭാരതവും കേരളവും. അവിടെ ജീവിക്കുന്ന നിങ്ങൾ. പ്രപഞ്ചത്തിന്റെ വിദൂരതയിലൊരിടത്ത് ഒരു ഗാലക്സിയിൽ ജീവനുണ്ടെന്നും അവിടെയുള്ള ഒരു ജീവി നിങ്ങൾക്ക് ഒരു കത്ത് അയയ്ക്കുന്നുവെന്നും സങ്കല്പിക്കുക (സങ്കല്പമാണേ!) എന്താകും നിങ്ങളുടെ വിലാസം.

പേര്/വീട്ടു പേര്/പോസ്റ്റ് ഓഫീസ്/ജില്ല

കേരള സംസ്ഥാനം/ഇന്ത്യാരാജ്യം

ഭൂമി/സൗരയൂഥം/ആകാശഗംഗ.

ഊഹാതീതമായ വലിപ്പമുള്ള ഈ പ്രപഞ്ചത്തിൽ നാം എത്ര ചെറുത്! എങ്കിലും നമുക്കും ഇവിടെയൊരു ഇടമുണ്ട്. ഒരു വിലാസവും.

## പാർസെക്

ഗ്രഹങ്ങളുടെയും നക്ഷത്രങ്ങളുടെയും ദൂരം സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന യൂണിറ്റ് ഏതാണെന്നറിയാമല്ലോ. പ്രകാശവർഷം. ഒരു വർഷം കൊണ്ട് പ്രകാശം സഞ്ചരിക്കുന്ന ദൂരമാണത്. 300000 X 60 X 60 X 24 = 9.5 X $10^{12}$= (9.5 ലക്ഷം കോടി) കി.മീ ആണ് ഒരു പ്രകാശവർഷം. സൂര്യൻ കഴിഞ്ഞാൽ ഭൂമിയോട് ഏറ്റവും അടുത്ത നക്ഷത്രമാണ് പ്രോക്സിമാ സെന്റോറി. നാലു പ്രകാശവർഷത്തിലും അൽപ്പം ദൂരെയാണത്. എന്നാൽ നഗ്നനേത്രങ്ങൾകൊണ്ട് കാണാവുന്ന (വലുപ്പം കൂടുതലാകയാൽ) ഏറ്റവും അടുത്ത നക്ഷത്രം ആൽഫാസെന്റോറിയാണ്. അത് അതിലും അൽപ്പം കൂടുതൽ ദൂ[illegible]യാണ്. ഇന്നു നാം കാണുന്ന ആൽഫാ[illegible] സെന്റോറി നക്ഷത്രം നാലു വർഷം മുൻപ് അവിടെയുണ്ടായിരുന്നതാണെ[illegible] ചുരുക്കം.

നക്ഷത്ര ദൂരം അളക്കാൻ കൂടുതൽ വലിയ ഒരു യൂണിറ്റു കൂടിയുണ്ട്- പാർസെക്. 3.26 പ്രകാശവർഷമാണ് [illegible] പാർസെക്.

### മാതൃകാ സ്കൂൾ പ്രവർത്തനം

## ഞാറ്റുപാട്ടിന്റെ ഈണവുമായ് കുഞ്ഞുകർഷകർ

പാളത്തൊപ്പിയണിഞ്ഞ് കൈലിമുണ്ട് മടക്കിക്കുത്തി ഞാറ്റുപാട്ടുപാടി കുട്ടിക്കർഷകർ വയലിലേക്കിറങ്ങിയപ്പോൾ കാഴ്ചക്കാരായി കരയ്ക്കുനിന്ന മുചുകുന്ന് നോർത്ത് യു.പി.സ്കൂൾ വിദ്യാർഥികൾ ആഹ്ലാദാരവം മുഴക്കി.

സ്കൂൾ പരിസ്ഥിതി ക്ലബ്ബും മൂടാടി കൃഷിഭവനും ചേർന്നാണ് ഞാറ് നടീൽ ഉത്സവം നടത്തിയത്. സ്കൂൾ പറമ്പ് നെൽവയൽ ആയി. 12 ദിവസം മുൻപ് വിതച്ച 'വർഷ' എന്ന ഒറ്റ ഞാർ നെൽവിത്താണ് ഇവിടെ ഇറക്കിയത്. ജൈവവളം മാത്രമേ പ്രയോഗിക്കൂ.



ഞാറ് നടീൽ മൂടാടി ഗ്രാമപഞ്ചായത്തംഗം പി.കെ.ഗോപാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കൃഷി അസിസ്റ്റന്റ് പി.അശോകൻ വളപ്രയോഗത്തെക്കുറിച്ചും മറ്റും വിശദീകരിച്ചു. പ്രധാനാധ്യാപകൻ കെ.കെ.ശിവൻ, പി.ടി.എ.പ്രസിഡന്റ് എൻ.സുരേഷ് എന്നിവർ സംസാരിച്ചു.

**വിനീഷ്.വി.എം.**
കൺവീനർ, പരിസ്ഥിതി ക്ലബ്ബ്, മുചുകുന്ന് നോർത്ത് യു.പി എസ്.

ആക്ടിവിറ്റി



## ആറുമണി ചന്ദ്രനും പന്ത്രണ്ടുമണി ചന്ദ്രനും

വെളുത്ത വാവുകളിൽ ഉദിക്കുന്ന ചന്ദ്രനെ ശ്രദ്ധിച്ചിട്ടുണ്ടോ? നല്ല വലിപ്പമില്ലേ? എന്നാൽ അർധരാത്രിയിൽ നോക്കിയാലോ? വലിപ്പം കുറഞ്ഞും അല്ലേ? പക്ഷേ യഥാർഥത്തിൽ ചന്ദ്രൻ ചെറുതാവുന്നുണ്ടോ? ഒന്നു നോക്കൂ ഒരു കട്ടിക്കടലാസിൽ ഏതാണ്ട് അഞ്ചു മില്ലി മീറ്റർ വ്യാസത്തിൽ ഒരു ദ്വാരമിടുക. വെളുത്ത വാവുനാൾ ഈ ദ്വാരത്തിലൂടെ ഉദിക്കുന്ന സമയത്ത് ചന്ദ്രൻ കൃത്യം ദ്വാരത്തിൽ നിറയുമാറ് ഉയർത്തിപ്പിടിച്ച് കണ്ണിൽ നിന്നും ദ്വാരത്തിലേക്കുള്ള ദൂരം അളക്കുക. (സുഹൃത്തിന്റെ സഹായം തേടാം). ഉയർന്നു പൊങ്ങിയതിനു ശേഷം ഇതാവർത്തിക്കുക. ദൂരം ഒന്നല്ലേ? അതായത് ചന്ദ്രന് വലിപ്പവ്യത്യാസമുണ്ടാകുന്നില്ല.



## തേൻതുള്ളി




### എസ്.എം.എസ്

മരണവീട്ടിൽ ചെന്ന പരമു
മരിച്ചയാളുടെ ബന്ധുവിനോട്
ചോദിച്ചു:
ശവം എപ്പോൾ എടുക്കും?
അപ്പോൾ ആരോ പറയുകയുണ്ടായി
എട്ടരയുടെ റിയാലിറ്റിഷോയിലേക്ക്
ഒരു എസ്.എം.എസ് കൂടി അയച്ചിട്ടേ
ശവം എടുക്കുകയുള്ളൂ!

**വിഷ്ണു.പി**
ജി.യു.പി.എസ്, പത്തപ്പിരിയം

# ഗലീലിയോ



പതിനാറ് - പതിനേഴാം നൂറ്റാണ്ടുകളിൽ നവോത്ഥാന ചിന്തകൾക്ക് തീപിടിപ്പിച്ച ശാസ്ത്രജ്ഞനാണ് ഗലീലിയോ ഗലീലി (1564-1642). ആദ്യമായി ഒരു ദൂരദർശിനിയിലൂടെ ആകാശത്തേക്കു നോക്കിയ ശാസ്ത്രജ്ഞനാണ് അദ്ദേഹം -1609 ൽ. ഇറ്റലിയിലെ പിസ നഗരത്തിൽ ജനിച്ച ഗലീലിയോ പിസയിലെ മെഡിക്കൽ പഠനമുപേക്ഷിച്ച് ഗണിതം പഠിച്ച് 25-ാം വയസ്സിൽ പിസ യൂണിവേഴ്സിറ്റി ഗണിത ശാസ്ത്രാധ്യാപകനായി. പിന്നീട് പാദുവ സർവകലാശാലയിൽ 18 വർഷം ഗണിതാധ്യാപകനായിരുന്നു.

ആകാശഗോളങ്ങളെ ഭൂമിക്കുചുറ്റും ചില സ്ഫടിക ഗോളങ്ങളിൽ ഘടിപ്പിച്ചതുകൊണ്ടാണ് അവ താഴെ വീഴാത്തതെന്നായിരുന്നു അക്കാലത്തെ വിശ്വാസം. അതു തെറ്റാണെന്ന് ദൂരദർശിനി ഉപയോഗിച്ച് അദ്ദേഹം തെളിയിച്ചു. ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്നും സൂര്യനെ ചുറ്റുന്ന ഗ്രഹങ്ങളിൽ ഒന്നുമാത്രമാണെന്നുമുള്ള കോപ്പർനിക്കസിന്റെ സൗരയൂഥ സിദ്ധാന്തം ശരിയാണെന്നും അദ്ദേഹം തെളിയിച്ചു. അതുവരെ നിലനിന്ന വിശ്വാസങ്ങൾക്കെതിരായ ഈ നിരീക്ഷണങ്ങൾ സഭയുമായുള്ള ആശയ സംഘർഷത്തിലാണ് കലാശിച്ചത്. ഇതിനെത്തുടർന്ന് അദ്ദേഹം വീട്ടുതടങ്കലിലായി. 1642-ൽ അന്തരിച്ചു. അടുത്തകാലത്ത് സഭ അദ്ദേഹത്തെ കുറ്റവിമുക്തനാക്കി.

ഗലീലിയോവിന്റെ രണ്ടു പരീക്ഷണങ്ങൾ ശ്രദ്ധേയമാണ്. രണ്ടുവസ്തുക്കൾ ഒരേ ഉയരത്തിൽ നിന്നും തറയിലിട്ടാൽ ഭാരം കൂടിയവ വേഗം വീഴുമെന്നായിരുന്നു അതുവരെയുള്ള വിശ്വാസം. ഇതിനെ ചോദ്യം ചെയ്ത ഗലീലിയോ പിസാഗോപുരത്തിന്റെ മുകളിൽനിന്നും ഒരു വലിയ ലോഹ ഉണ്ടയും ചെറിയ ലോഹഉണ്ടയും ഒരേസമയം താഴെയിട്ടു. രണ്ടും ഒരുമിച്ച് ഭൂമിയിലെത്തി.

ഗലീലിയോ പെൻഡുലത്തിന്റെ തത്വം കണ്ടുപിടിച്ചതും ഇതു പോലൊരു പരീക്ഷണത്തിൽ നിന്നായിരുന്നു. പള്ളിയിലെ തൂക്കുവിളക്കുകൾ ആടുന്നതു നിരീക്ഷിച്ച അദ്ദേഹത്തിന്റെ മനസ്സിൽ ഒരു സംശയമുദിച്ചു. കൂടുതൽ ദൂരത്തേക്ക് ആടിയാലും കുറഞ്ഞ ദൂരത്തേക്ക് ആടിയാലും ഒരു ആട്ടത്തിനു വേണ്ട സമയം തുല്യമാണോ? സ്വന്തം നാടിമിടിപ്പ് പരിശോധിച്ച് അളന്നു നോക്കിയ അദ്ദേഹത്തിന് പെൻഡുലത്തിന്റെ നീളവും ദോലന സമയവും തമ്മിൽ ബന്ധമുണ്ടെന്നു ബോധ്യമായി. തുടർന്നുള്ള പരീക്ഷണങ്ങളിലൂടെ അദ്ദേഹമത് കണ്ടെത്തുകയും ചെയ്തു.

ചിന്തിക്കുക, സംശയിക്കുക, നിരീക്ഷണ പരീക്ഷണങ്ങൾ നടത്തുക, അങ്ങനെ വസ്തുതകളും പുതിയ അറിവുകളും കണ്ടെത്തുക എന്ന ശാസ്ത്രത്തിന്റെ രീതി ഉൾക്കൊണ്ട മഹാനായ ശാസ്ത്രജ്ഞനാണ് അദ്ദേഹം. ഗലീലിയോവിൽ നിന്ന് നാം പഠിക്കേണ്ട ഒന്നാം പാഠവും അതുതന്നെ.

അറിയാൻ

## മത്സ്യബന്ധന യാനങ്ങൾ രേഖകൾ സൂക്ഷിക്കണം

എല്ലാ മത്സ്യബന്ധനയാനങ്ങളിലും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, മത്സ്യബന്ധന ലൈസൻസ് എന്നിവ നിർബന്ധമായും സൂക്ഷിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ അറിയിച്ചു.

മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നൽകിയിട്ടുള്ള പാസ്സ് ബുക്കിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും കൈവശം സൂക്ഷിക്കണം. ബന്ധപ്പെട്ട അധികാരികൾ പരിശോധിക്കുന്ന സമയത്ത് ഇവ കാണിക്കണം. ഇതിൽ വീഴ്ച വരുത്തുകയോ രജിസ്ട്രേഷൻ രേഖകളും ലൈസൻസും ഇല്ലാതെ മത്സ്യബന്ധനം നടത്തുകയോ ചെയ്താൽ യാനങ്ങൾ കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള കർശന നിയമനടപടി സ്വീകരിക്കും.

മത്സ്യബന്ധന യാനങ്ങൾ വിധ്വംസക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നതിനുള്ള സാധ്യത ഇന്ത്യൻ നേവി, തീരസംരക്ഷണ സേന, ഫിഷറീസ് വകുപ്പ് എന്നിവയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുരക്ഷാകാരണങ്ങളാൽ കടൽ പട്രോളിങ് ശക്തമാക്കാൻ കേന്ദ്രസർക്കാർ നിർദേശിച്ചതിനെ തുടർന്നാണിത്.

## മത്സ്യത്തൊഴിലാളി കടങ്ങൾ: മോറട്ടോറിയം ആറ് മാസത്തേക്ക് നീട്ടി

സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും മത്സ്യത്തൊഴിലാളികൾ നേടിയിട്ടുള്ള വായ്പകളിൻമേലുള്ള ജപ്തി ഉൾപ്പെടെയുള്ള റിക്കവറി നടപടികൾക്ക് പ്രഖ്യാപിച്ചിട്ടുള്ള മോറട്ടോറിയം നവംബർ രണ്ട് മുതൽ ആറ് മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായി. തുടങ്ങിവച്ചതോ തുടർന്നുവരുന്നതോ ആയ നടപടികൾക്ക് ഇത് ബാധകമാണ്.

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ പ്രവർത്തനം ആരംഭിക്കുന്നതിന്റെ കാലതാമസം കണക്കിലെടുത്താണ് തീരുമാനം.

## കരാറുകാരുടെ കുടിശ്ശിക തീരുന്നു

ഈ വർഷം സെപ്റ്റംബർ വരെയുള്ള ബില്ലുകൾക്ക് തുക അനുവദിച്ചതോടെ പൊതുമരാമത്ത് കരാർ കുടിശ്ശിക മുഴുവൻ തീരുന്നതായി സർക്കാർ അറിയിച്ചു. റോഡുകൾക്കും പാലങ്ങൾക്കുമായി 171.72 കോടിയും കെട്ടിടങ്ങൾക്കായി 21.53 കോടിയും രൂപയാണ് അനുവദിച്ചത്. കഴിഞ്ഞ 22 വർഷത്തിനിടയിൽ ഇതാദ്യമായാണ് കരാറുകാർക്ക് കുടിശ്ശിക തീർത്ത് നൽകുന്നതെന്ന് ധനകാര്യ മന്ത്രി ഡോ.ടി.എം.തോമസ് ഐസക്ക് അറിയിച്ചു. ഇതോടെ ബില്ല് സമർപ്പിച്ചാലുടൻ തുക നൽകുവാൻ കഴിയുന്ന നിലയായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 27 മാസത്തെ കുടുശ്ശികയാണ് കരാറുകാർക്ക് നൽകുവാനുണ്ടായിരുന്നത്. 2006-07 ൽ 382.16 കോടി രൂപയും 2007-08 ൽ 1092.59 കോടി രൂപയും 2008-09ൽ ഇതു വരെയായി 893.87 കോടി രൂപയും ഉൾപ്പെടെ 2368.62 കോടി രൂപ കുടിശ്ശികയിനത്തിൽ നൽകി. കുടിശ്ശിക ഇല്ലാതാകുന്നതിനാൽ നിർമാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുമെന്നും ഷെഡ്യൂളിനേക്കാൾ കുറഞ്ഞ നിരക്കിൽ പ്രവൃത്തികൾക്ക് ടെണ്ടർ നൽകാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നതായി മന്ത്രി അറിയിച്ചു.

## പണിമുടക്ക് ദിവസം ക്രമീകരിക്കൽ

സർക്കാർ ജീവനക്കാരുടെ പണിമുടക്ക് ദിവസങ്ങൾ ക്രമീകരിക്കാനും ശമ്പളത്തെപ്പറ്റി തീരുമാനമെടുക്കാനുമുള്ള അധികാരം സർക്കാരിന് മാത്രമാണെന്ന് ഗവൺമെന്റ് സർക്കുലറിൽ വ്യക്തമാക്കി. പണിമുടക്ക് ദിവസങ്ങൾ എങ്ങനെ ക്രമീകരിക്കണമെന്ന സർക്കാർ തീരുമാനം വരുന്നതിനുമുൻപ് ചില വകുപ്പ് മേധാവികൾ സ്വയം തീരുമാനമെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണിത്. സർക്കാർ തീരുമാനത്തിനനുസൃതമായി മാത്രമേ വകുപ്പ് മേധാവികൾ ഇക്കാര്യത്തിൽ തീരുമാനമെടുക്കാവൂ.

## രജിസ്ട്രേഷൻ സീനിയോറിറ്റി പുനഃസ്ഥാപിക്കുന്നു

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷൻ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർഥികൾക്ക് സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകാൻ സർക്കാർ ഉത്തരവായി. 1990 ജനുവരി ഒന്നുമുതൽ 2008 ജൂൺ 30 വരെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതിരുന്നവർക്കും ഇതിനാൽ സീനിയോറിറ്റി നഷ്ടപ്പെട്ട് വീണ്ടും രജിസ്റ്റർ ചെയ്തവർക്കും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി ലഭിച്ച ജോലിയിൽ നിന്ന് പിരിഞ്ഞ് വിടുതൽ സർട്ടിഫിക്കറ്റ് 90 ദിവസത്തിനകം ചേർക്കാൻ കഴിയാതിരുന്നവർക്കുമാണ് സീനിയോറിറ്റി പുനഃസ്ഥാപിച്ചു നൽകുന്നത്.

സീനിയോറിറ്റി പുനഃസ്ഥാപിച്ച് നൽകുന്നതിന് രജിസ്ട്രേഷൻ നിലവിലുണ്ടായിരുന്ന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ കാർഡും അസൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് അപേക്ഷിക്കണം. അവസാന തീയതി 2009 ജനുവരി 31.

## ജാതി സർട്ടിഫിക്കറ്റ്: നിർദേശങ്ങൾ പാലിക്കണം

ദമ്പതികളിലൊരാൾ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾക്കുള്ള ജാതി സർട്ടിഫിക്കറ്റ് നൽകുമ്പോൾ അപേക്ഷകൻ സാമൂഹികമായി പിന്നോക്കാവസ്ഥയിലാണെന്നും സമുദായത്തിന്റെ പാരമ്പര്യവും ആചാരാനുഷ്ഠാനങ്ങളും പാലിക്കുന്നുവെന്നും ഉറപ്പുവരുത്തണമെന്ന് നിർദേശിച്ച് സർക്കാർ ഉത്തരവായി.

ജാതി സർട്ടിഫിക്കറ്റ് നൽകുന്ന അധികാരി നിലവിലെ സാഹചര്യങ്ങളും വസ്തുതകളും ഓരോ കേസിലും പ്രത്യേകമായി പരിശോധിക്കണം. അവകാശവാദമുന്നയിക്കുമ്പോൾ സാമൂഹിക-സാമ്പത്തിക -വിദ്യാഭ്യാസ പിന്നോക്കാവസ്ഥ അനുഭവിക്കുന്നുവെന്ന് പരിശോധിച്ച് ബോധ്യപ്പെടണം. സമുദായം ആ വ്യക്തിയെ പൂർണമായി ഉൾക്കൊണ്ടുവെന്നും ഉറപ്പുവരുത്തണമെന്ന് നിർദേശിച്ചിട്ടുണ്ട്.

## സംസ്ഥാനത്ത് 55,167 എച്ച്.ഐ.വി അണുബാധിതർ

കേരളത്തിൽ എച്ച്.ഐ.വി അണുബാധിതരായി 55,167 പേർ ഉണ്ടെന്നു സർവെയിൽ കണ്ടെത്തി. ദേശീയ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷൻ പുറത്തുവിട്ട 2007 ലെ കണക്കാണിത്. ഇന്ത്യയിലൊട്ടാകെ 2.31 ദശലക്ഷം എച്ച്.ഐ.വി അണുബാധിതരുണ്ടെന്നാണ് പുതിയ കണക്ക്.

മുതിർന്നവർക്കിടയിൽ കേരളത്തിൽ 0.26 ശതമാനമാണ് എച്ച്.ഐ.വി അണുബാധ. രാജ്യത്തൊട്ടാകെ ഇത് 0.34 ശതമാനമാണ്.

പഴയ രീതി അനുസരിച്ച് 2006 ൽ കേരളത്തിൽ 0.13 ശതമാനം മാത്രമാണ് എച്ച്.ഐ.വി അണുബാധ. എന്നാൽ പുതുക്കിയ മാനദണ്ഡങ്ങൾ ഉപയോഗിച്ച് 2006 ലെ സർവെ ഫലം വിലയിരുത്തിയപ്പോൾ അണുബാധാസാന്ദ്രത 0.30 ശതമാനമായി മാറി. 2007 ൽ 0.26 ശതമാനമാണ് എച്ച്.ഐ.വി അണുബാധാ സാന്ദ്രത.

## കുട്ടനാട്ടിൽ കൂലിനിരക്ക് പുതുക്കി

കുട്ടനാട് മേഖലയിലെ കൂലി നിരക്ക് പുരുഷ തൊഴിലാളികൾക്ക് 225 രൂപയും സ്ത്രീ തൊഴിലാളികൾക്ക് 125 രൂപയുമായി പുതുക്കി നിശ്ചയിച്ചു.

വിത, വളമിടീൽ ജോലികൾക്ക് ഏക്കറിന് 145 രൂപയാണ് കൂലി. മരുന്ന് ഒരു കുറ്റി/ടാങ്ക് തളിക്കുന്നതിന് നടിച്ചിലിനുമുൻപ് 15 രൂപ, നടിച്ചിലിന് ശേഷം 18 രൂപ. ഏക്കർ അടിസ്ഥാനത്തിൽ മരുന്നു തളിക്കുന്നിടങ്ങളിൽ നടിച്ചിലിന് മുൻപ് ഏക്കറിന് 120 രൂപ, നടിച്ചിലിന് ശേഷം 145 രൂപ. കളങ്ങളിലെ നെല്ല് ചുമടിന് ഒരു ക്വിന്റലിന് 24 രൂപ എന്ന നിരക്കിലായിരിക്കും.

## സി.ഡി.എസ്. രൂപീകരണം മാർഗരേഖയായി

അമ്പതിൽ അധികം എ.ഡി.എസുകൾ ഉള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഒന്നിൽ കൂടുതൽ സി.ഡി.എസുകൾ രൂപീകരിക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ നടപടികൾ സംബന്ധിച്ച് മാർഗനിർദേശം പുറപ്പെടുവിച്ചു.

വിഭജനഫലമായി രൂപീകരിക്കുന്ന രണ്ട് സി.ഡി.എസുകളിൽ ഒന്നിന് പഴയ രജിസ്ട്രേഷനിൽ തുടരാം. നഗരസഭാ കാര്യാലയം ഉൾക്കൊള്ളുന്ന സി.ഡി.എസ് പ്രദേശത്തെ ഒന്നാമത്തെ സി.ഡി.എസ് ആയി പരിഗണിക്കേണ്ടതും പഴയ രജിസ്ട്രേഷൻ നമ്പരിൽ തുടരേണ്ടതുമാണ്. ഇതിനനുസൃതമായി സി.ഡി.എസ് അംഗീകരിച്ച പുതിയ ബൈലോ ജില്ലാ രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണം. രണ്ടാമത്തെ സി.ഡി.എസ്. പുതിയ സി.ഡി.എസ് ആയി പരിഗണിച്ച് ജില്ലാ രജിസ്ട്രാർ ഓഫീസിൽ പുതിയ രജിസ്ട്രേഷൻ നേടേണ്ടതാണ്. ഓരോ സി.ഡി.എസിന്റെയും പ്രവർത്തന പരിധിയിൽ വരുന്ന എ.ഡി.എസ് പ്രദേശം ബൈലോയിൽ ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യണം.

ഈ സി.ഡി.എസുകളുടെ ഓരോന്നിന്റേയും പ്രവർത്തനപ്രദേശം സംസ്ഥാന ദാരിദ്ര്യനിർമാർജന മിഷന്റെ നിർദേശാനുസരണം പ്രത്യേകമായി നിർണയിച്ച് രേഖപ്പെടുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

## ഉപേക്ഷിക്കപ്പെട്ട കുഞ്ഞുങ്ങളുടെ ജനനം രജിസ്റ്റർ ചെയ്യൽ

അനാഥരും ഉപേക്ഷിക്കപ്പെട്ടവരും നിരാലംബരുമായ കുട്ടികളുടെ ജനനം രജിസ്റ്റർ ചെയ്യുന്നതിന് പുതിയ മാർഗനിർദേശം പുറപ്പെടുവിച്ചതായി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി അറിയിച്ചു. അംഗീകൃത അഡോപ്ഷൻ പ്ലേസ്മെന്റ് ഏജൻസികൾ മുഖേന കുട്ടിയെ ദത്തെടുക്കുന്ന കേസുകളിൽ ജനനം രജിസ്റ്റർ ചെയ്യുന്നതിനായി ഏജൻസി സ്ഥിതിചെയ്യുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അപേക്ഷിക്കണം. ദത്തെടുക്കൽ അനുവദിക്കുന്ന കോടതി ഉത്തരവിൽ പറയുന്ന ജനന തീയതി രജിസ്ട്രാർ അംഗീകരിച്ച് ജനന സർട്ടിഫിക്കറ്റ് നൽകണം. ഇത്തരം കേസുകളിൽ ഡി.എം.ഒയുടെ സർട്ടിഫിക്കറ്റ് ആവശ്യമില്ല. ജുഡീഷ്യൽ കോടതി ഉത്തരവ് ഉള്ളതിനാൽ ആർ.ഡി.ഒയുടെ അനുവാദവും ആവശ്യമില്ല.

കുഞ്ഞുങ്ങളെ ലഭ്യമായാൽ ഉടനെ സ്ഥാപനങ്ങളുടെ നടത്തിപ്പ് ചുമതലക്കാർ ജനനം രജിസ്റ്റർ ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. ജനന തീയതി സംബന്ധിച്ച സത്യവാങ്മൂലം നോട്ടറിയോ ഗസറ്റഡ് ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ജനനം രജിസ്റ്റർ ചെയ്ത് നൽകണം.

സർക്കാർ അംഗീകൃത സ്ഥാപനത്തിൽ ലഭിക്കുന്ന കുട്ടികളുടെ രക്ഷിതാവായി സ്ഥാപനത്തിന്റെ പേര് റിമാർക്സ് കോളത്തിൽ രേഖപ്പെടുത്താം. മാതാപിതാക്കളുടെ പേരും വിലാസവും രേഖപ്പെടുത്തേണ്ട.

കുട്ടിയെ ദത്തെടുത്തശേഷം ജനന രജിസ്റ്ററിൽ ദത്തെടുത്ത മാതാപിതാക്കളുടെ പേര് ചേർത്തും ആവശ്യമില്ലെങ്കിൽ അപേക്ഷ പ്രകാരം കുട്ടിയുടെ പേരിൽ മാറ്റം വരുത്തിയും ജനന സർട്ടിഫിക്കറ്റ് നൽകണം.

ജനന സർട്ടിഫിക്കറ്റിന് അപേക്ഷ ലഭിച്ച് 10 ദിവസത്തിനകം ബന്ധപ്പെട്ട രജിസ്ട്രാർ സർട്ടിഫിക്കറ്റ് നൽകണം. ഉത്തരവിലെ നിർദേശങ്ങൾ എല്ലാ രജിസ്ട്രാർമാരും കർശനമായി പാലിക്കണം.

## പ്ലാസ്റ്റിക് നിരോധനം കട പരിശോധന ഊർജിതമാക്കി

പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തിയശേഷം ഒക്ടോബർ വരെ നഗരസഭകളിൽ 1,57,681 കടകൾ പരിശോധിച്ച് 36460 കിലോഗ്രാം നിരോധിച്ച പ്ലാസ്റ്റിക് പിടിച്ചെടുത്തതായി തദ്ദേശഭരണവകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു. 11,78,165 രൂപ പിഴ ചുമത്തിയിട്ടുണ്ട്. കടകൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തു.

കടപരിശോധന ശക്തമാക്കാൻ എല്ലാ നഗരസഭകൾക്കും ഗവൺമെന്റ് നിർദേശം നൽകിയതായി മന്ത്രി അറിയിച്ചു.

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ

സർക്കാർ സർവീസുമായി ബന്ധപ്പെട്ട കേസുകൾ കൈകാര്യം ചെയ്യുന്നതിന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിച്ച് ഉത്തരവായി.

1985 ലെ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ആക്ടനുസരിച്ച് കേന്ദ്ര മാതൃകയിലുള്ള ട്രൈബ്യൂണലിന്റെ ആസ്ഥാനം തിരുവനന്തപുരമായിരിക്കും. ഇതിനാവശ്യമായ കരട് നിയമാവലി തയ്യാറാക്കുന്നതിന് പി.ആന്റ്.എ.ആർ. വകുപ്പിനെ ചുമതലപ്പെടുത്തി.

സർവീസ് സംബന്ധമായ കേസുകൾ വേഗത്തിൽ പരിഹരിക്കുന്നതിന് ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതിയുടെ നിർദേശപ്രകാരമാണ് നടപടി.

## 2324 പേർക്ക് കൂടി കാർഷിക കടാശ്വാസം

സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷനിൽ അപേക്ഷിച്ച് 2008 മാർച്ച് 31 ന് മുൻപ് പാസാക്കിയ 2324 വ്യക്തിഗത അപേക്ഷകളിൽ കടാശ്വാസം അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായി. എന്നാൽ കാർഷിക കടം എഴുതിത്തള്ളിയ കേന്ദ്രസർക്കാർ പദ്ധതിയിലും വയനാട് സ്കീമിലും ഇവ ഉൾപ്പെട്ടിട്ടില്ലെന്ന് സഹകരണ സംഘം രജിസ്ട്രാർ ഉറപ്പാക്കണം.

ഇതനുസരിച്ച് കടാശ്വാസം അനുവദിക്കുന്നതിന് 21,42,717 രൂപ അനുവദിച്ചു. തിരുവനന്തപുരം ജില്ലയിലെ ബാങ്കുകൾക്ക് 2,61,250 രൂപയും കോട്ടയത്തിന് 1,00,000 രൂപയും ഇടുക്കിക്ക് 3,00,000 രൂപയും കോഴിക്കോടിന് 7,48,526 രൂപയും വയനാടിന് 3,47,760 രൂപയും മലപ്പുറത്തിന് 2,54,590 രൂപയും കാസർകോട് ജില്ലയ്ക്ക് 1,30,591 രൂപയും ലഭിക്കും.

## സ്പ്രേയറുകൾ വാങ്ങാൻ ധനസഹായം

റബ്ബർ ഉത്പാദനം വർധിപ്പിക്കാനുതകുന്ന സ്പ്രേയറുകളും ഡസ്റ്ററുകളും വാങ്ങാൻ റബ്ബറുത്പാദകസംഘങ്ങൾ, റബ്ബർബോർഡിന്റെയും സംഘങ്ങളുടെയും കൂട്ടുടമസ്തയിലുള്ള കമ്പനികൾ, റബ്ബർസ്വാശ്രയസംഘങ്ങൾ തുടങ്ങിയവയ്ക്ക് റബ്ബർബോർഡ് ധനസഹായം നൽകുന്നു.

ഡസ്റ്ററോടുകൂടിയ സ്പ്രേയറിന് പരമാവധി ധനസഹായം 30500/- രൂപയും ഡസ്റ്ററില്ലാത്ത സ്പ്രേയറിന് 27000 രൂപയുമാണ്. ഇപ്പോൾ സ്പ്രേയർ സ്വന്തമായുള്ള സംഘങ്ങൾക്ക്, കമ്പനികൾക്ക് ഡസ്റ്റർ അറ്റാച്ചുമെന്റ് വാങ്ങാൻ 6300 രൂപ സഹായധനമായി നൽകും. പതിനൊന്നാംപദ്ധതിക്കാലത്ത് ഉത്പാദകസംഘങ്ങൾക്ക് ഒന്നുവീതവും കമ്പനികൾക്ക് രണ്ടുവീതവും സ്പ്രേയറുകൾ വാങ്ങുന്നതിനാണ് ധനസഹായം നൽകുക. അമേരിക്കൻ സ്പ്രിങ്സ് ആന്റ് പ്രസ്സിങ് വർക്സ് നിർമിക്കുന്ന ആസ്പീടർബ്ളോ മിസ്റ്റ്ബ്ളോവർ, ഡസ്റ്റിങ് അറ്റാച്ചുമെന്റ്, ഉപ്പൂട്ടിൽ ഏജൻസീസ് ആന്റ് എസ്റ്റേറ്റ് സപ്ളയേഴ്സ് നിർമിക്കുന്ന മൈക്രോ സ്പ്രേഔവ്വർ 400, ഡസ്റ്റിങ് അറ്റാച്ചുമെന്റ് എന്നിവ വാങ്ങുന്നതിന് യഥാർഥവിലയുടെ പകുതിയാണ് ധനസഹായം നൽകുന്നത്.

# നഷ്ടപ്രതാപം വീണ്ടെടുത്ത ചന്ദ്രഗിരികോട്ട



പുനരുദ്ധരിച്ച ചന്ദ്രഗിരികോട്ട സാംസ്കാരികവകുപ്പ് മന്ത്രി എം.ബേബി സന്ദർശിക്കുന്നു.

**നിരവധി** പടയോട്ടങ്ങൾക്കും പടവെട്ടിനും ഒളിപ്പോരിനും സാക്ഷ്യംവഹിച്ച് ചരിത്രത്തിന്റെ തിരുശേഷിപ്പായി മാറിയ കാസർകോട്ടെ ചന്ദ്രഗിരികോട്ടയ്ക്ക് പുതുജീവൻ. സംസ്ഥാന ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ പുരാവസ്തു വകുപ്പ് പുനരുദ്ധരിച്ച കോട്ട വിദ്യാഭ്യാസ/സാംസ്കാരിക വകുപ്പ് മന്ത്രി എം.എ.ബേബി നാടിന് സമർപ്പിച്ചു. കാസർകോട്ടെ കളനാട് ഗ്രാമത്തിലാണ് കോട്ട സ്ഥിതിചെയ്യുന്നത്.

കോട്ടയുടെ നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ ഉദ്ദേശിച്ചാണ് പുരാവസ്തുവകുപ്പും ടൂറിസംവകുപ്പും കോട്ട സംരക്ഷണത്തിന് നടപടി തുടങ്ങിയത്. സ്ഥലം കൈയ്യേറ്റവും, മണ്ണെടുപ്പും മൂലം നാശത്തിന്റെ വക്കിലായിരുന്നു കോട്ട.

പുരാവസ്തു വകുപ്പ് കോട്ടയിലേക്ക് റോഡ് നിർമിച്ചു. ഇളകിയ കല്ലുകളുടെ സ്ഥാനത്ത് ചെങ്കല്ല് നിരത്തി മതിൽകെട്ടി. സന്ദർശകർക്ക് വിവരങ്ങൾ നൽകാൻ കൗണ്ടർ സ്ഥാപിച്ചു. ചെമ്മനാട് പഞ്ചായത്തിന്റെ സഹകരണത്തോടെ ഡി.ടി.പി.സി. കോട്ടയിൽ സൗകര്യങ്ങളേർപ്പെടുത്തി. ഇരിപ്പിടങ്ങൾ, ദൂരദർശിനിക്കുഴൽ, സിമന്റ് കുടകൾ എന്നിവ നിർമിച്ചു. മൂന്നു ഘട്ടങ്ങളിലായി അൻപതുലക്ഷം രൂപ വിനിയോഗിച്ചാണ് കോട്ടയുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾ നടത്തിയത്. ജില്ലയിലെ കോട്ടകളെ ബന്ധിപ്പിച്ച് ടൂറിസ്റ്റ് ബസ്സ് ആരംഭിക്കുമെന്ന് കോട്ട നാടിന് സമർപ്പിച്ച് മന്ത്രി പറഞ്ഞു.

ചരിത്രസ്മാരകങ്ങളായ നിരവധി കോട്ടകൾ വടക്കെ മലബാറിലുണ്ട്. ഇതിൽ എട്ടു കോട്ടകൾ കാസർകോട് ജില്ലയിലാണ്. എന്നാൽ ഇവയുടെ ചരിത്രവും മഹിമയും പലരും അറിയുന്നില്ല. പല കോട്ടകളും നശിക്കുകയാണ്. കോട്ടകൾ പുനരുദ്ധരിച്ച് വിനോദകേന്ദ്രങ്ങളാക്കി മാറ്റും. ബേക്കൽ കോട്ടയെപ്പോലെ ചന്ദ്രഗിരി കോട്ടയെയും വികസിപ്പിക്കുന്നത് സംബന്ധിച്ച് സാംസ്കാരിക വകുപ്പ് ടൂറിസം വകുപ്പുമായി ചർച്ച നടത്തും.

കോലത്തിരി രാജവംശം നീലേശ്വരം ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്നപ്പോഴാണ് നീലേശ്വരത്തിന് വടക്കുള്ള ഭാഗങ്ങൾ വിജയനഗരസാമ്രാജ്യം ആക്രമിച്ചത്. പതിനാലാം നൂറ്റാണ്ടിൽ വിജയനഗര സാമ്രാജ്യം ക്ഷയിച്ചപ്പോൾ ഈ പ്രദേശത്തിന്റെ ഭരണം ഇക്കേരി നായ്ക്കൻമാരിൽ നിക്ഷിപ്തമായി. 1645-ൽ ശിവപ്പ നായ്ക്ക് ഭരണം ഏറ്റെടുക്കുകയും തലസ്ഥാനം ബധനൂരിലേക്ക് മാറ്റുകയും ചെയ്തു. അങ്ങിനെ അവർ ബധനൂർ നായ്ക്കൻമാർ എന്ന് അറിയപ്പെട്ടുതുടങ്ങി. ശിവപ്പനായക്ക്, വിശ്വപ്പ നായ്ക്ക് എന്നിവർ നിർമിച്ച എട്ടുകോട്ടകൾ കാസർകോട് ജില്ലയിലാണ്. ചന്ദ്രഗിരി, പൊവ്വൽ, ബേക്കൽ, കുമ്പള, ബന്തടുക്ക, കുണ്ടംകുഴി, കാസർകോട്, ഹോസ്ദുർഗ് എന്നിവയാണത്.

**കെ.അബ്ദു റഹിമാൻ**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ,
കാസർകോട്.



**'ഒരുവന്** മത്സ്യംകൊടുത്താൽ അവന് ഇന്നത്തെ ആഹാരമാകും... അവനെ മത്സ്യം പിടിക്കാൻ പഠിപ്പിച്ചാൽ അവനത് എന്നത്തേയും ആഹാരമാവും' എന്ന ചൈനീസ് പഴമൊഴി സംസ്ഥാനസർക്കാർ നടപ്പാക്കുന്ന 'മത്സ്യകേരളം' പദ്ധതിയിലൂടെ അന്വർഥമാകുന്നു. കുറഞ്ഞ ചെലവിൽ ലഭ്യമാക്കാവുന്ന സുരക്ഷിതമായ മാംസ്യമെന്ന നിലയിൽ ഭക്ഷ്യോൽപ്പാദന വർധനവിന് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തുടക്കം കുറിച്ചു സംസ്ഥാനതല ദ്വിദിനശിൽപ്പശാലയിലെ ചർച്ചകളും അനുഭവം പങ്കുവയ്ക്കലുമാണ് പഴഞ്ചൊല്ലിൽ പതിരില്ലെന്ന് അടിവരയിട്ടുകൊണ്ട് പാലക്കാട് ജില്ലയിലെ പൊൽപ്പുള്ളിയിൽ നടന്നത്.

അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും പ്രദാനം ചെയ്ത അവസരം പ്രയോജനപ്പെടുത്തി ഭക്ഷ്യോൽപ്പാദനമേഖലയിൽ മാതൃകാപരമായ ഇടപെടലുകൾ നടത്തിയ തദ്ദേശഭരണസ്ഥാപനങ്ങളുടെ അനുഭവങ്ങൾ ഇതര പഞ്ചായത്തുകൾക്ക് പകർന്നു നല്കുന്നതിന് കില ആരംഭിച്ച പങ്കാളിത്ത പഠന പരമ്പരയുടെ ഭാഗമായാണ് മത്സ്യമേഖലയെ സംബന്ധിച്ച ശിൽപ്പശാല നടന്നത്. മത്സ്യവകുപ്പിന്റെ സഹകരണത്തോടെ സംഘടിപ്പിച്ച ശിൽപ്പശാലയിൽ സംസ്ഥാനത്തെ നൂറ് ഗ്രാമപഞ്ചായ

## വീട്ടിലൊരു ഫലവൃക്ഷം പദ്ധതിക്ക് തുടക്കമായി

വീട്ടുവളപ്പിലെ ഫലവൃക്ഷങ്ങൾ മുറിച്ചുകളഞ്ഞ് മുറ്റം പോലും തറിശാക്കി കോൺക്രീറ്റ് ചെയ്ത് അത്യുഷ്ണത്തിൽ കഴിയുന്ന പുതുതലമുറയ്ക്ക് ഫലവൃക്ഷങ്ങളുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനുള്ള ഒരു വീട് ഒരു ഫലവൃക്ഷം പദ്ധതിക്ക് തുടക്കമായി. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇടുക്കി ജില്ലയിൽ കാന്തല്ലൂർ സേക്രട്ട് ഹാർട്ട് ഹൈസ്കൂൾ അങ്കണത്തിൽ കൃഷിവകുപ്പ് മന്ത്രി മുല്ലക്കര രത്നാകരൻ നിർവഹിച്ചു.

കാന്തല്ലൂർ, മറയൂർ, വട്ടവട പ്രദേശങ്ങളിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന പഴം, പച്ചക്കറി വിഭവങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള സംവിധാനം മെച്ചപ്പെടുത്തണമെന്നും കൃഷി സ്ഥലത്തുവച്ചു തന്നെ അവ വാക്വം പാക്കിങ്ങിലാക്കി കയറ്റുമതി ചെയ്യണമെന്നും അദ്ദേഹം നിർദേശിച്ചു. അധികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന വിഭവങ്ങൾ സംസ്കാരിച്ച് എയർപോർട്ട് വഴി മറുനാട്ടിൽ വിപണനം ചെയ്യാൻ കർഷകർ തയ്യാറാകണം. അവർക്ക് മെച്ചപ്പെട്ട വില ലഭിക്കും.

സംസ്ഥാനത്തെ ആയിരത്തിൽപ്പരം കൃഷിഭവനുകളിലൂടെ അത്യുൽപ്പാദനശേഷിയുള്ള മാവ്, പ്ലാവ്, സപ്പോട്ട, നെല്ലി, മാംഗോസ്റ്റീൻ, ലിച്ചി,



# പഴഞ്ചൊല്ലിൽ പതിരില്ലെന്ന് തെളിയിക്കാൻ ഗ്രാമപഞ്ചായത്തുകൾ തയ്യാറെടുക്കുന്നു...



**പൊൽപുള്ളിയിലെ മത്സ്യവിത്തുൽപ്പാദന കേന്ദ്രം ശിൽപ്പശാലയിൽ പങ്കെടുത്തവർ സന്ദർശിക്കുന്നു.**

ത്തുകളിൽ നിന്നുള്ള ജനപ്രതിനിധികളും മത്സ്യകർഷകരും ഉൾപ്പെടെ 350 പേരാണ് പങ്കെടുത്തത്.

സംസ്ഥാനത്ത് മത്സ്യകൃഷിക്ക് അനുയോജ്യമായ 24000 ഹെക്ടർ കുളങ്ങളും 4000 ഹെക്ടർ ജലസംഭരണികളും 65000 ഹെക്ടർ കാരുജലാംശയങ്ങളും 1,25000 പൊക്കാളിനിലങ്ങളും ഉണ്ടെന്നാണ് കണക്ക്. തദ്ദേശ സ്ഥാപനങ്ങളുടെ അധീനതയിൽ ധാരാളം പൊതുജലാശയങ്ങളുമുണ്ട്. കർഷകർ, മത്സ്യതൊഴിലാളികൾ, പാടശേഖരസമിതികൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെ ഈ ജലാശയങ്ങളിൽ മത്സ്യകൃഷിയിറക്കി ഭക്ഷ്യോൽപ്പാദന വർധനവിന് പ്രയോജനപ്പെടുത്തുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി നടത്തിയ പ്രഥമ ശിൽപ്പശാലയാണ് കഴിഞ്ഞ രണ്ടുദിവസങ്ങളിലായി പാലക്കാട്-പൊൽപ്പുള്ളി കെ.വി.എം.യു.പി സ്കൂളിൽ നടന്നത്. മത്സ്യവിത്തുൽപ്പാദനം മുതൽ വിപണനം വരെയുള്ള എല്ലാഘട്ടങ്ങളും ചർച്ച ചെയ്തു.

ശിൽപ്പശാലയുടെ ഉദ്ഘാടനം ഫിഷറീസ് വകുപ്പ് മന്ത്രി.എസ്. ശർമയാണ് നിർവഹിച്ചു. എൻ.എൻ.കൃഷ്ണദാസ് എം.പി.അധ്യക്ഷനായിരുന്നു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സുബൈദ ഇസ്ഹാക്ക് വൈ.പ്രസിഡന്റ് ആർ. ചിന്തക്കുട്ടൻ ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാസെക്രട്ടറി ഡി. സദാശിവൻ, കില ഡയറക്ടർ പ്രൊഫ. എൻ രമാകാന്തൻ എന്നിവർ സംസാരിച്ചു.

**ടി.സി.ജോസഫ്,**
ജില്ലാ ഇൻഫർമേഷൻ ആഫീസർ,
പാലക്കാട്

---

ചെറി തുടങ്ങിയ നടീൽവസ്തുക്കൾ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

നാഷണൽ ഹോർട്ടികൾച്ചർ മിഷൻ മാർഗരേഖയുടെ മലയാള പതിപ്പിന്റെ പ്രകാശനവും മന്ത്രി നിർവഹിച്ചു. ചടങ്ങിനെത്തിയ മന്ത്രിയേയും വിശിഷ്ടാതിഥികളെയും പൂച്ചെണ്ടിനുപകരം കാന്തല്ലൂരിൽ വിളയുന്ന എല്ലാ പഴങ്ങളുമടങ്ങിയ താമ്പൂലം നൽകി വരവേറ്റത് ഏറെ ആകർഷകമായി.

എസ്.രാജേന്ദ്രൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കെ. ഫ്രാൻസിസ് ജോർജ് എം.പി. മുഖ്യപ്രഭാഷണം നടത്തി. ജില്ലാ പഞ്ചായത്ത് സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പി.പഴനിവേൽ, കാന്തല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീതമ്മ സത്യശീലൻ, ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ഡോ:കെ. പ്രതാപൻ, കൃഷി ഡയറക്ടർ ഇൻ ചാർജ് കെ.കെ. രാമകൃഷ്ണൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ കെ.കെ. ചന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

**ഉണ്ണിക്കൃഷ്ണൻ ഉളിയക്കോവിൽ**
ജില്ലാഇൻഫർമേഷൻ ഓഫീസർ
ഇടുക്കി



---




# നെല്ലുത്പാദനത്തിന്റെ പാലക്കാടൻ മാതൃക

സംസ്ഥാനത്തെ ആകെ ഉത്പാദനത്തിന്റെ അഞ്ചിൽ രണ്ട് ഭാഗം നെല്ല് ഉൽപ്പാദിപ്പിച്ച് നെല്ലറ എന്ന സ്ഥാനപ്പേര് നിലനിർത്തുന്നുണ്ടെങ്കിലും മൊത്തം ഉൽപ്പാദനത്തിൽ പാലക്കാട് ജില്ലയും പുറകിൽ തന്നെ. എന്നാൽ കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ ഉൽപ്പാദന വർധനവിനുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്നതിൽ ജില്ലയിലെ തദ്ദേശഭരണസ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും ഇതിന് നേതൃത്വം നൽകുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളും പുത്തൻ ഇച്ഛാശക്തി പ്രകടമാക്കി. ഒലവക്കോട് എം.ഇ.എസ്.ഹയർസെക്കണ്ടറി സ്കൂളിൽ നടക്കുന്ന മേഖലാ മൃഗസംരക്ഷണ മേള-ഉണർവിനോടനുബന്ധിച്ച് ജില്ലാ ഇൻഫർമേഷൻ ഓഫീസ് ഒരുക്കിയ സ്റ്റാളിലാണ് നെല്ലറ പറയാൻ ബാക്കിവച്ചത് എന്ന പേരിൽ ഈ ദിശയിലുള്ള ജില്ലയുടെ കാൽവെയ്പ് പ്രതിപാദിക്കപ്പെട്ടത്. കാഴ്ചപ്രദർശന പരമ്പരയുടെ ഭാഗമായാണ് പ്രദർശനം തയ്യാറാക്കിയത്.

പാലക്കാട് ജില്ലാസഹകരണ ബാങ്ക് കഴിഞ്ഞ വർഷം ജില്ലയിൽ നടപ്പാക്കിയ നെൽകൃഷിയ്ക്കുള്ള പലിശരഹിത വായ്പാ പദ്ധതി സംസ്ഥാനത്താകെ നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിലാണ് പ്രദർശനം സംഘടിപ്പിച്ചത്.

കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ ജില്ലയിൽ തദ്ദേശഭരണങ്ങളുടെ നേതൃത്വത്തിൽ നടന്ന ആസൂത്രണ പ്രക്രിയയിൽ ഉണ്ടായ വികസന-വികാസ പരിണാമങ്ങളുടെ ഫലമാണ് പലിശരഹിത വായ്പാപദ്ധതിയെന്നും ഭക്ഷ്യസുരക്ഷാ പദ്ധതിപോലെയുള്ള പരിപാടികൾ നടക്കുന്ന വർത്തമാന സാഹചര്യത്തിൽ നെല്ലറയിൽ രൂപംകൊണ്ട ഈ മാതൃക നമ്മുടെ നെൽകൃഷിമേഖലയുടെ പുനരുജ്ജീവനത്തിന് വഴിമരുന്നിടുമെന്നും പ്രദർശനം അടിവരയിട്ടു. പലിശരഹിത വായ്പയെപ്പറ്റിയുള്ള കർഷക സംഘടനാനേതാക്കളായ സി.കെ.രാജേന്ദ്രൻ, എ.എസ്.ശിവദാസം, പൊൽപ്പുള്ളി വാസുദേവൻ, പ്രമുഖസഹകാരിയും കർഷകനുമായ സി.വി.രാമചന്ദ്രൻ, കർഷകശ്രീ കുര്യാക്കോസ് എന്നിവരുടെ പ്രതികരണങ്ങളും പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഒപ്പം സർക്കാർ കഴിഞ്ഞ വർഷം ആരംഭിച്ച വിവിധ പദ്ധതികളെപ്പറ്റിയുള്ള പ്രതികരണങ്ങൾ കൂടി ഉൾപ്പെടുത്തിയാണ് പ്രദർശനം ക്രമീകരിച്ചത്.

**പി.വി.കവിത**
അസി.ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്.

## ലോകത്തിലെ ഏറ്റവും വലിയ ക്രിസ്റ്റൽ ശേഖരം കണ്ടെത്തി



ലോകത്തിൽ വച്ച് ഏറ്റവും വലിയ ക്രിസ്റ്റൽ ശേഖരം മെക്സികോയിലെ ചിഹുവാഹാൻ എന്നറിയപ്പെടുന്ന മരുഭൂമിയിലെ നൈക്കാ പർവതനിരകളിൽ നിന്നും കണ്ടെത്തി. ഏകദേശം 1000 അടി താഴ്ചയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. മുപ്പത്തിആറ് അടി നീളവും 55 ടൺ ഭാരവുമുള്ള ഈ ക്രിസ്റ്റൽ ശേഖരം മെക്സികോയിലെ കേവ് ഓഫ് ക്രിസ്റ്റൽസ് എന്നറിയപ്പെടുന്ന ഗുഹകളിലാണ് സ്ഥിതി ചെയ്യുന്നത്. ഈ ഗുഹകളിൽ മറ്റനവധി ക്രിസ്റ്റൽ ശേഖരങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഈ ക്രിസ്റ്റൽ ശേഖരത്തിന് ഏകദേശം 500000 വർഷങ്ങൾ പഴക്കമുണ്ട്. ഒരു മനുഷ്യന് താങ്ങാവുന്നതിനേക്കാൾ ഏറെയാണ് ഇതിൽ നിന്നും പ്രവഹിക്കുന്ന താപം (58°C). ജലത്തിൽ അടങ്ങിയിരിക്കുന്ന ധാതുശേഖരമാണ് ഇതിനെ ഇത്രയും ഭീമാകാരനാക്കാൻ സഹായിച്ചത്. മൈനിങ് ജോലിക്കിടയിലാണ് ഈ ശേഖരം കണ്ടെത്തിയത്.

## പുതിയ നൂറ്റാണ്ടിലെ പ്ലേഗ് കണ്ടെത്തി




കാലങ്ങളോളം മനുഷ്യനെ മരണഭീതിയിലാഴ്ത്തിയ പ്ലേഗിനെപ്പോലെ ഹൃദ്രോഗകാരിയായ മാരക ബാക്ടീരിയ എലികളിലൂടെ ലോകത്ത് പടരുന്നതായി കണ്ടെത്തൽ. 'ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ പ്ലേഗെ'ന്ന് വിശേഷിപ്പിക്കുന്ന ഈ വിപത്തിനെതിരെ ജാഗ്രത പാലിക്കണമെന്ന് ഗവേഷകർ മുന്നറിയിപ്പ് നൽകി. ഹൃദ്രോഗം മുതൽ പ്ലീഹ, സിരാവ്യൂഹം എന്നിവയിലെ അണുബാധയ്ക്കുവരെ കാരണമായേക്കാവുന്ന ഈ രോഗമാണു എലിച്ചെള്ളുകളിലൂടെയാണ് വ്യാപിക്കുന്നത്.

ബാർട്ടൊനെല്ല വിഭാഗത്തിൽപ്പെട്ട ബാക്ടീരിയയാണ് ഇവ. മറ്റു ജീവികളിൽ നിന്ന് മനുഷ്യരിലെത്തുന്ന രോഗാണുക്കളുടെ ഗണത്തിലാണ് ഇവയുടെ സ്ഥാനം. 1990-കളുടെ തുടക്കം മുതൽ ഇരുപതിലേറെയിനം ബാർട്ടൊനെല്ല ബാക്ടീരിയകളെ ഗവേഷകർ കണ്ടെത്തിയിട്ടുണ്ടെന്ന് 'ജേണൽ ഓഫ് മെഡിക്കൽ മൈക്രോബയോളജി' ഡിസംബർ ലക്കം പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു.

## അമിത ടെലിവിഷൻ ആപത്ത്

കൂടുതൽ നേരം ടെലിവിഷൻ കാണുന്ന കൗമാരപ്രായക്കാർക്ക് പൊണ്ണത്തടി, പുകവലി ശീലം, മയക്കുമരുന്ന്, മദ്യ ഉപഭോഗം, ലൈംഗികാഭിമുഖ്യം മുതലായ രോഗങ്ങൾ കൂടുതൽ കണ്ടുവരുന്നതായി പഠന റിപ്പോർട്ട്. അമേരിക്കൻ ഗവേഷകർ, അമേരിക്കൻ ദേശീയ ആരോഗ്യ ഇൻസ്റ്റിറ്റ്യൂട്ട്, കാലിഫോർണിയ പസഫിക് മെഡിക്കൽ സെന്റർ, യേൽ യൂണിവേഴ്സിറ്റി എന്നിവ വിദ്യാർഥികളിൽ 1980 മുതൽ നടത്തിയ പഠനങ്ങളിലാണ് പുതിയ കണ്ടെത്തൽ. ദീർഘനേരം ടെലിവിഷൻ കാണുന്ന വിദ്യാർഥികൾ പഠനത്തിൽ പിന്നോക്കം പോകുന്നു. അമേരിക്കയിൽ കുട്ടികളുടെ പൊണ്ണത്തടി വർധിക്കാൻ കാരണം ഏറെ നേരം ടി.വി കാണുന്നതാണെന്നും പഠനം വ്യക്തമാക്കുന്നു.



## ഇനി സിന്തറ്റിക് ത്വക്കും

പൊള്ളലേറ്റ ശരീര ഭാഗത്തു തുന്നിച്ചേർക്കാവുന്നതും എന്നാൽ യഥാർഥ തൊലിയോടു സാമ്യമുള്ളതുമായ 'സിന്തറ്റിക് ത്വക്ക്' നിർമാണ പദ്ധതിക്ക് തീരുമാനമായി. വൈദ്യശാസ്ത്രത്തിനു അനന്ത സാധ്യതകൾ തുറന്നുകൊടുക്കുന്ന ഈ പദ്ധതിക്ക് മുൻകൈയെടുക്കുന്നത് ജർമൻ ശാസ്ത്രജ്ഞരാണ്. ശരീരത്തിൽ ലയിച്ചുചേരുന്ന സിന്തറ്റിക് തൊലി യന്ത്രസഹായത്തോടെ വൻതോതിൽ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന സാങ്കേതിക വിദ്യയാണിത്.

ടിഷ്യൂ എൻജിനീയറിങ്ങിന്റെ സഹായത്തോടെ കോശങ്ങൾ ബയോളജിക്കൽ ലാബുകളിൽ വികസിപ്പിച്ചെടുക്കാറുണ്ടെങ്കിലും ഇതാദ്യമായാണ് പൂർണമായും യന്ത്രവൽകൃത കോശങ്ങൾ വികസിപ്പിക്കുന്നത്. ആദ്യമായി ശരീരത്തിൽ നിന്നു നീക്കം ചെയ്യുന്ന കോശത്തിന്റെ ഉപയുക്തത പരിശോധിക്കും. തുടർന്ന് കോശം യന്ത്രഭാഗങ്ങൾക്കു നൽകും. ഇങ്ങനെ നിർമിക്കുന്ന ത്വക്കിന്റെ ആവരണങ്ങൾ ഒടുവിൽ ശരീരത്തിലെ മാംസവുമായി കൂട്ടിയോജിപ്പിക്കും. കോശങ്ങൾ പിന്നീടുള്ള ഉപയോഗത്തിനായി സൂക്ഷിച്ചു വയ്ക്കുകയുമാവാം.




## ഉറക്കക്കുറവുള്ളവർ സൂക്ഷിക്കുക

ചിട്ടയായ വ്യായാമമുണ്ടെങ്കിലും സ്ത്രീകളിൽ ഉറക്കക്കുറവ് അർബുദമുണ്ടാകാനുള്ള സാധ്യത കൂടുതലാണെന്ന് അമേരിക്കൻ ഗവേഷകർ വ്യക്തമാക്കുന്നു. രാത്രിയിലെ ഉറക്കം ഏഴ് മണിക്കൂറിൽ കുറഞ്ഞ സ്ത്രീകളിൽ ബാക്കിയുള്ളവരെ അപേക്ഷിച്ച് അർബുദത്തിനുള്ള സാധ്യത 47 ശതമാനം കൂടുതലാണെന്ന് അമേരിക്കൻ അസോസിയേഷൻ ഫോർ കാൻസർ റിസർച്ചിന്റെ വക്താക്കൾ റിപ്പോർട്ട് ചെയ്യുന്നു. മാരിലാന്റിലെ 5,968 സ്ത്രീകളിൽ നടത്തിയ പഠനത്തിൽ അർബുദരോഗത്തെ തടയുന്നതിൽ കൃത്യമായ വ്യായാമത്തിനുള്ള പങ്ക് കണ്ടെത്തിയിരുന്നു. എന്നാൽ 18-നും 65-നും ഇടയിൽ പ്രായമുള്ള സ്ത്രീകളിൽ വ്യായാമത്തിനു പുറമേ ഉറക്കക്കുറവും അർബുദത്തിന് പ്രധാനകാരണമാണെന്ന് പിന്നീടുള്ള പഠനങ്ങൾ തെളിയിച്ചു.


ഷീലാദീക്ഷിത്


അശോക് ഗെലോട്ട്


ലാൽ തൻഹാവ്‌ല


ശിവരാജ്സിങ് ചൗഹാൻ


രമൺ സിങ്

## അഞ്ച് സംസ്ഥാനങ്ങളിൽ പുതിയ മുഖ്യമന്ത്രിമാർ

തെരഞ്ഞെടുപ്പുനടന്ന അഞ്ച് സംസ്ഥാനങ്ങളിൽ പുതിയ മുഖ്യമന്ത്രിമാരെ തെരഞ്ഞെടുത്തു. ഡൽഹിയിൽ തുടർച്ചയായ മൂന്നാം തവണ ഷീലാദീക്ഷിതും രാജസ്ഥാനിൽ അശോക് ഗെലോട്ടും മിസോറാമിൽ ലാൽ തൻഹാവ്‌ലും മധ്യപ്രദേശിൽ ശിവരാജ് സിങ് ചൗഹാനും ഛത്തീസ്ഗഡിൽ രമൺ സിങും ആണ് പുതിയ മുഖ്യമന്ത്രിമാർ.



## പാർവതി ഏഷ്യാപസഫിക് സൗന്ദര്യറാണി

ലോകസൗന്ദര്യമത്സരത്തിൽ രണ്ടാംസ്ഥാനംകൊണ്ട് തൃപ്തിപ്പെടേണ്ടിവന്നെങ്കിലും ഏഷ്യാപസഫിക് സൗന്ദര്യറാണിപ്പട്ടം മലയാളിയായ പാർവതി ഓമനക്കുട്ടന് ലഭിച്ചു. ലോകസുന്ദരി മത്സരത്തിൽ മുൻ നിരയിലെത്തുന്നവർക്ക് അവരുടെ രാജ്യത്തിന്റെ മേഖല മുൻനിർത്തി നൽകുന്ന ആശ്വാസ സമ്മാനങ്ങളിലൊന്നാണ് ഇത്.



## സെനിയ സുഖിനോവ ലോക സുന്ദരി

58-ാം ലോകസുന്ദരി കിരീടം മിസ് റഷ്യ സെനിയ സുഖിനോവ സ്വന്തമാക്കി. ജൊഹാനസ്ബർഗിൽ നടന്ന മത്സരത്തിൽ 111 രാജ്യങ്ങളിൽ നിന്നുള്ള സുന്ദരിമാരെ പിന്തള്ളിയാണ് സുഖിനോവ കിരീടം ചൂടിയത്. മലയാളിയായ മിസ് ഇന്ത്യ പാർവതി ഓമനക്കുട്ടനാണ് രണ്ടാം സ്ഥാനം. ട്രിനിഡാഡ് ആൻഡ് ടുണ്ടഗോയുടെ ഗബ്രിയേല വാൽകോട്ട് മൂന്നാം സ്ഥാനവും നേടി.

## മൈക്കൽ ഫെൽപ്സ് സ്പോർട്സ് മാൻ ഓഫ് ദ ഇയർ

ബെയ്ജിങ് ഒളിമ്പിക്സിൽ എട്ട് സ്വർണം നേടി ചരിത്രം തിരുത്തിക്കുറിച്ച അമേരിക്കൻ നീന്തൽ താരം മൈക്കൽ ഫെൽപ്സിനെ സ്പോർട്സ് മാൻ ഓഫ് ദ ഇയർ ആയി തെരഞ്ഞെടുത്തു. ഇതാദ്യമായാണ് ഒരു നീന്തൽ താരത്തിന് ഈ ബഹുമതി ലഭിക്കുന്നത്. ബെയ്ജിങിൽ കാഴ്ചവച്ച പ്രകടനം തന്നെയാണ് തന്നെ ഈ നേട്ടത്തിന് അർഹനാക്കിയതെന്നും ഇനിയും മികച്ച പ്രകടനങ്ങൾ കാഴ്ചവയ്ക്കാൻ ഈ അവാർഡ് പ്രചോദനം നൽകുമെന്നും ഫെൽപ്സ് പറഞ്ഞു.



## പത്മപ്രഭാ പുരസ്കാരം യു.എ.ഖാദറിന്

ഈ വർഷത്തെ പത്മപ്രഭാ സാഹിത്യ പുരസ്കാരത്തിന് യു.എ. ഖാദർ അർഹനായി. 55,000 രൂപയും പത്മരാഗകല്ലുപതിച്ച ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. ദേശത്തെ എഴുതുക എന്ന സർഗപ്രക്രിയയ്ക്ക് മലയാളത്തിലെ ഏറ്റവും മൗലികവും നവീനവുമായ മാതൃക സൃഷ്ടിച്ച ഖാദറിന്റെ സമഗ്രസംഭാവന മുൻനിർത്തിയാണ് പുരസ്കാരം.



## ക്ലൂജ് പുരസ്കാരം റൊമിലാഥാപർക്ക്

മാനവിക പഠനത്തിനുള്ള അന്താരാഷ്ട്ര പുരസ്കാരമായ ക്ലൂജ് അവാർഡ് പ്രസിദ്ധ ഇന്ത്യൻ ചരിത്രകാരി റൊമിലാഥാപർക്ക് ലഭിക്കും. 10 ലക്ഷം യു.എസ്. ഡോളർ സമ്മാനതുകയുള്ള ഈ അവാർഡ് ഐറിഷ് ചരിത്രകാരനായ പീറ്റർ റോബർട്ട് ലാമെന്റ് ബ്രൗണിനൊപ്പം റൊമിലാഥാപർ പങ്കിടുകയായിരുന്നു. മാനവിക ശാസ്ത്രപഠനരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള ഈ പുരസ്കാരം അമേരിക്കയുടെ ദേശീയ ഗ്രന്ഥശാലയായ ലൈബ്രറി ഓഫ് കോൺഗ്രസ്സ് ആണ് നൽകുന്നത്.





## സുവർണമയൂരം 'തുൽപന്'

ഭാരതത്തിന്റെ മുപ്പത്തൊൻപതാമത് രാജ്യാന്തര ചലച്ചിത്രമേളയിലെ ഏറ്റവും മികച്ച ചിത്രമായി കസഖ്സ്ഥാനിൽ നിന്നുള്ള തുൽപൻ തിരഞ്ഞെടുക്കപ്പെട്ടു. നാൽപ്പതുലക്ഷം രൂപയും സുവർണമയൂരവുമാണ് പുരസ്കാരം. തുൽപൻ സംവിധാനം ചെയ്ത സെർജിവോർട്സെവോയിക്ക് സംവിധായകനുള്ള രജതമയൂരവും ലഭിച്ചും. 15 ലക്ഷം രൂപയും സർട്ടിഫിക്കറ്റുമാണ് അവാർഡ്. 15 ലക്ഷം രൂപ സമ്മാനതുകയുള്ള ജൂറി പുരസ്കാരം ശ്രീലങ്കൻ ചിത്രമായ ആകാശകുസുമത്തിലെ അഭിനയത്തിന് മാലിനി ഫെൻസേക കരസ്ഥമാക്കി.

## അക്കിത്തത്തിനു മാതൃഭൂമി പുരസ്കാരം

ഈ വർഷത്തെ മാതൃഭൂമി സാഹിത്യ പുരസ്കാരത്തിന് മഹാകവി അക്കിത്തം അർഹനായി. മലയാളത്തിലെ ഏറ്റവും വലിയ സാഹിത്യ പുരസ്കാരമായ മാതൃഭൂമി പുരസ്കാരം രണ്ട് ലക്ഷം രൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്നതാണ്. കാരുണ്യത്തിന്റെ ഉറവയും മനസ്സിനെയും പ്രകൃതിയെയും കൂട്ടിയിണക്കുന്ന ഉജ്ജ്വലമായ ഭാഷാപ്രവാഹമാണ് അക്കിത്തത്തിന്റെ കവിതകൾ എന്ന് വിധിനിർണയ സമിതി വിലയിരുത്തി. അക്കിത്തത്തിന്റെ കവിതയിലെ മാനവിക ജാഗ്രതയ്ക്കുള്ള ജനകീയ അംഗീകാരമായിട്ടാണ് മാതൃഭൂമി സാഹിത്യ പുരസ്കാരം അദ്ദേഹത്തിന് നൽകുന്നത്.

## പാർക്ക് വിയക്ക് സുവർണചകോരം

നാലു ചുവരുകൾക്കുള്ളിൽ ജീവിതം തളച്ചിട്ട ബെറ്റോയുടെ കഥ പറഞ്ഞ എൻറിക് റിവേറോയുടെ മെക്സിക്കൻ ചിത്രം പാർക്ക് വിയ പതിമൂന്നാമത് കേരളാ രാജ്യാന്തര ചലച്ചിത്രമേളയിൽ മികച്ച ചിത്രത്തിനുള്ള സുവർണചകോരം കരസ്ഥമാക്കി. പോസ്റ്റ്കാർഡ്സ് ഫ്രം ലെനിൻ ഗ്രാഡ് എന്ന വെനസ്വേലൻ ചിത്രത്തിലൂടെ മരിയാന റോൺഡൺ മികച്ച സംവിധാനത്തിനുള്ള രജതചകോരവും മികച്ച ചിത്രത്തിനുള്ള ഫിപ്രസ്കി പുരസ്കാരവും കരസ്ഥമാക്കി. മികച്ച മലയാള ചിത്രത്തിനുള്ള ഫിപ്രസ്കി പുരസ്കാരവും നവാഗത സംവിധായക മികവിനുള്ള ഹസ്സൻകുട്ടി പുരസ്കാരവും അഞ്ജലി മേനോന്റെ മഞ്ചാടികുരുവിനാണ്. നെറ്റ്പാക്ക് പുരസ്കാരം എം.ജി.ശശിയുടെ അടയാളങ്ങൾക്കും ലഭിച്ചു. നവാഗത സംവിധായകനുള്ള രജത ചകോരം മൈമാർലൺ ആൻഡ് ബ്രാൻഡോ എന്ന തുർക്കി ചിത്രം സംവിധാനം ചെയ്ത ഹുസൈൻകാരബിക്കാണ്. ഉബർട്ടോ പസോളിനി സംവിധാനം ചെയ്ത ശ്രീലങ്കൻ ചിത്രം മച്ചാൻ മികച്ച ചിത്രത്തിനുള്ള പ്രേക്ഷക പുരസ്കാരം നേടി. ഇന്ത്യൻ ചിത്രമായ ഫിറാക്ക് ഒരുക്കിയ നന്ദിതാദാസ്, അൽജീരിയൻ സംവിധായകൻ അമോർ പാക്കറിന്റെ ദ യെല്ലോ ഹൗസ് എന്നിവ പ്രത്യേക ജൂറി പുരസ്കാരത്തിന് അർഹമായി.

